KOTTAYAM PUBLIC LIBRARY

Call No 900 RET-A Acc. No 11692

Author രത്നസ്വാമി. എം

Title ഉർവ്വിയുടെ ചരിത്രം

1185

No. 11692

# ഏഷ്യയുടെ ചരിത്രം

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

സാഹിത്യനിലയം പബ്ലിഷിംഗ് ഹൗസ്
കലൂർ, എറണാകുളം

(Malayalam)

# A Panoramic History of Asia

by PROF. M. RUTHNASWAMY

Translated by
K. P. ALEX BASIL M. A.
Sahithya Nilayam,
Kaloor, Ernakulam

First Published March 1960

Printed at
SAHITHYA NILAYAM RESS, KALOOR

Price Rs. 1.25

Publishers:
SAHITHYA NILAYAM PUBLISHING HOUSE
KALOOR, ERNAKULAM

M 9vo

No. 11692

# ഏഷ്യയുടെ ചരിത്രം

പ്രൊഫസ്സർ എം. രത്നസ്വാമി

KOTTAYAM PUBLIC L...
KOTTAYAM

വിവർത്തകൻ:
**കെ. പി. അലക്സ് ബേസിൽ** എം. എ.

പ്രസാധകന്മാർ:
**സാഹിത്യനിലയം പബ്ലിഷിംഗ് ഹൗസ്**
കലൂർ, എറണാകുളം

വില ക. 1.25

First Impression March 1960
Copies 5000

Published under the auspices of the
Southern Languages Book Trust

# ആമുഖം

വായനക്കാർക്ക് ഉത്തമഗ്രന്ഥങ്ങളിലുള്ള അഭിരുചിയേപ്പററി ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ പ്രഥമഗ്രന്ഥപരമ്പരയുടെ പ്രസാധനത്തിൽനിന്നു് നേടിയ പരിചയത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമതൊരു ഗ്രന്ഥസമുച്ചയം ദ്രാവിഡഭാഷയിൽ അവതരിപ്പിക്കുകയാണു്. വളരെ ശ്രദ്ധയോടുകൂടിയാണു് ഈ പുസ്തകങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതു്. വിവിധ വിഷയങ്ങളെ പുരസ്കരിച്ചുള്ള പുസ്തകങ്ങൾ 'ടസ്റ്റ്' തെരഞ്ഞെടുക്കുകയെന്നതു് സ്വാഭാവികം മാത്രമാണല്ലൊ. ഭാരതീയനേതാക്കന്മാരെപ്പററി പ്രതിപാദിക്കുന്ന ഒരു വിഭാഗവും പദ്ധതിയിലുണ്ടു്. നാടിന്റെ മഹത്വത്തിനും നാട്ടുകാരുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി വിലയേറിയ സേവനംചെയ്ത ഈ മഹാന്മാരെപ്പററി ഭാവിതലമുറകൾ അറിഞ്ഞിരിക്കുക എന്നതു യുക്തം മാത്രമാണു്.

തത്വജ്ഞാനം, മതം, ശാസ്ത്രം, ക്ലാസിക്കുകൾ, ധനതത്വശാസ്ത്രം മുതലായവയ്ക്കെല്ലാം ഈ പരിപാടിയിൽ സ്ഥാനംകൊടുത്തിട്ടുണ്ടു്. ദൃശ്യകലകൾ, ശില്പശാസ്ത്രം, പുരാണവസ്തുഗവേഷണം, അനശ്വരകലാസൃഷ്ടികളായ ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ മുതലായവയും പ്രതിപാദ്യവിഷയങ്ങളിലുൾപ്പെടുന്നു. ഭിന്നരുചികളായ വായനക്കാർക്കു വേണ്ട വൈവിദ്ധ്യം ഈ പദ്ധതിയിലുണ്ടെന്നും, അതു് അനേകരെ പുസ്തകപാരായണത്തിലേയ്ക്കാകർഷിക്കുമെന്നും എനിക്കുറപ്പുണ്ടു്.

ദക്ഷിണേന്ത്യൻഭാഷകൾ തമ്മിലുള്ള സാഹിത്യകൈമാററമാണു് ഈ പരിപാടിയുടെ ഒരു സവിശേഷത. ഇതിന്റെ പുരോഗതിയോടുകൂടി ഉത്തമസാഹിത്യത്തിൽ താൽപര്യമുള്ളവരുടെ എണ്ണം വളരെ വദ്ധിക്കുന്നതാണു്. ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിനു് അതിന്റെ ഉൽകൃഷ്ടലക്ഷ്യങ്ങൾ അചിരേണ നിറവേററാൻ കഴിയുമെന്നു് ഞാൻ ആശിക്കുന്നു.

ഡോ: ഏ. എൽ. മുതലിയാർ

വൈസ് ചാൻസലർ,

മദിരാശി സർവ്വകലാശാല

# പ്രസാധകക്കുറിപ്പ്

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൽനിന്നു് ഇംഗ്ലീഷിൽ പ്രത്യേകം തയ്യാറാക്കിച്ച ഒരു പുസ്തകത്തിന്റെ പരിഭാഷയാണിതു്. ഒരു പരിണതപണ്ഡിതനായ പ്രൊഫസ്സർ എം. രത്നസ്വാമി അവർകളെക്കൊണ്ടു്, ഇങ്ങനെ സംക്ഷിപ്തവും എന്നാൽ വിജ്ഞാനനിക്ഷിപ്തവുമായ രൂപത്തിൽ ഏഷ്യയുടെ ഒരു ചരിത്രം രചിപ്പിച്ചതിൽ പ്രസ്തുത ഗ്രന്ഥമണ്ഡലത്തിന്റെ ഭാരവാഹികൾ കാണിച്ച ഔചിത്യത്തെ ആരും അഭിനന്ദിക്കും.

ഏഷ്യ ഇന്നു് ലോകസമക്ഷം സമുന്നതമായ ഒരു സ്ഥാനത്തേയ്ക്കുതിച്ചുയരുകയാണു്. ഇതൊരു പുതിയ നേട്ടമാണെന്നു പറയാനില്ല; നഷ്ടപ്പെട്ടുപോയ പഴയ പ്രശസ്തിയിലേയ്ക്കുള്ള പുനരാഗമനമെന്നേ കരുതാനുള്ളു. അപ്പോൾ ആ പൂർവ്വപ്രശസ്തിയുടേയും, അതു നഷ്ടപ്പെടുവാനുണ്ടായ ഹേതുക്കളുടേയും ചരിത്രം അനുസ്മരിക്കേണ്ടതായി വരുന്നു. അതാണു് ഏഷ്യയേക്കുറിച്ചുള്ള ചരിത്രപഠനത്തിനു് ഇന്നുള്ള സവിശേഷമായ പ്രാധാന്യവും ആവശ്യവും.

കാലോചിതമായ ഈ ഗ്രന്ഥത്തിന്റെ വിവർത്തനവും പ്രസാധനവും കൈയേല്ക്കാൻ ഭാഷാഗ്രന്ഥമണ്ഡലത്തിൽനിന്നു് 'സാഹിത്യനിലയ'ത്തിനു നല്കിയ അനുമതിക്കു് ഞങ്ങൾ പ്രത്യേകം നന്ദിപറയുന്നു. ഈ ചാലിൽത്തന്നെ സാമാന്യം വിപുലമായ തോതിൽ ഒരു ഗ്രന്ഥസഞ്ചിക തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഞങ്ങൾക്കു് ഇതു വിശേഷിച്ചും ഒരു പ്രോത്സാഹനമത്രേ.

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൽനിന്നു് ടൈപ്പുചെയ്യിച്ചു് ഞങ്ങളെ ഏല്പിച്ച ഇംഗ്ലീഷ്മാററർ കഴിയുന്നത്ര ലളിതവും സുഗ്രഹവുമായ രീതിയിൽ മലയാളത്തിലേയ്ക്കു് അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. പുസ്തകത്തിന്റെ ഒടുവിൽ പ്രത്യേകം തയ്യാറാക്കിച്ചേർത്തിട്ടുള്ള 'സൂചിക' ഈ ലഘുകൃതിയുടെ കനവും ഗുണവും ഒരു കണ്ണാടിയിലെന്നോണം തെളിച്ചുകാണിക്കുന്നതാണു്. ഏഷ്യയുടെ ചരിത്രം എന്ന പേരിൽ മലയാളത്തിൽ ആദ്യമായി വരുന്ന ഈ പുസ്തകത്തിനു് മഹാജനങ്ങൾ സ്വാഗതമരുളുമെന്നാശിക്കട്ടെ.

# വിഷയവിവരം


| | | | | |
|---|---|---|---|---|
| I | ഭൂപ്രകൃതി | ... | ... | 1 |
| II | ആദിമകാലഘട്ടം | | | |
| | (ബി. സി. 3000–1000) | | | |
| | മെസൊപ്പൊട്ടേമിയാ | | ... | 16 |
| | ഇന്ത്യാ | ... | ... | 21 |
| | ചൈന | ... | ... | 23 |
| III | സഞ്ചാരിവർഗ്ഗങ്ങളുടെ വരവു് | | | |
| | (ബി. സി. 1000–325) | | ... | 27 |
| | ഇന്ത്യയിലേയ്ക്കു് | ... | ... | 35 |
| | ചൈനയിലേയ്ക്കു് | ... | ... | 40 |
| IV | പ്രത്യാക്രമണങ്ങളും കുടിയേററവും | | | |
| | (ബി. സി. 325–1000 എ. ഡി.) | | ... | 44 |
| | ഇന്ത്യയിൽ | ... | ... | 47 |
| | ചൈനയിൽ | ... | ... | 49 |
| | ഇന്ത്യയിലെ വികാസങ്ങറം | | ... | 54 |
| | തുക്കികറം ചൈനയിലേയ്ക്കു് | | ... | 56 |
| V | നീണ്ടുനിന്ന പടനീക്കങ്ങറം | | | |
| | (എ. ഡി. 632–1800) | | | |
| | ഇസ്ലാം മതത്തിൻെറ ഉദയം | | ... | 59 |
| | ഇന്ത്യയിൽ മുസ്ലിംഭരണം | | ... | 66 |
| | മംഗോളിയർ ചൈനയിലേയ്ക്കു് | | ... | 67 |
| | ചെങ്കിസ്ഖാൻ | ... | ... | 69 |
| | സെൽജ്ജുക്ക്വംശക്കാരും ഓട്ടോമൻ | | | |
| | തുക്കികളും | ... | ... | 76 |
| | ചൈനയിലെ മററുചില രാജവംശങ്ങറം | | | 82 |

VI ഒററപ്പെട്ടുകിടക്കുന്ന ഏഷ്യൻവിഭാഗങ്ങൾ
ജപ്പാൻ ... ... 85
തെക്കുകിഴക്കൻ ഏഷ്യ ... 91
VII യൂറോപ്പ് ഏഷ്യയിലേയ്ക്കു്
പോർത്തുഗീസുകാർ ... ... 98
ഫ്രഞ്ചുകാർ ... ... 102
ഇംഗ്ലീഷുകാർ ... ... 103
VIII ഏഷ്യയുടെ തിരിച്ചടി
(1860–1945) ... ... 109
IX ഏഷ്യയും യൂറോപ്പും ... ... 112
ഇനിയത്തെ കർത്തവ്യം ... 114

# മുഖവുര

പല ശതാബ്ദങ്ങളോളം യൂറോപ്പിൻെറ ദാസിയായിക്കഴിഞ്ഞിരുന്ന ഏഷ്യ, ചരിത്രത്തിൻെറ ആരംഭത്തിൽ അവൾക്കുണ്ടായിരുന്ന സമുന്നതസ്ഥാനം ഇപ്പോൾ വീണ്ടും കരസ്ഥമാക്കിയിരിക്കയാണ്. രാഷ്ട്രങ്ങളുടേയും, നാഗരികതയുടേയും, സംസ്കാരത്തിൻേറയും ജനനിയായിരുന്ന ഏഷ്യ ഏറെക്കാലത്തേയ്ക്കു് യൂറോപ്യൻരാജ്യങ്ങളുടെ രാഷ്ട്രീയവും വാണിജ്യപരവും വ്യവസായസംബന്ധവുമായ വിഹാരത്തിനുള്ള ഒരു രംഗമായിത്തീർന്നിരുന്നുവെന്നതു വാസ്തവംതന്നെ. കലകളിലും തത്വശാസ്ത്രത്തിലും എന്നുവേണ്ടാ മതത്തിലും യൂറോപ്പിനു് ആദ്യപാഠങ്ങൾ ചൊല്ലിക്കൊടുത്ത ഏഷ്യയേപ്പിടിച്ചു് പള്ളിക്കൂടത്തിലിരുത്തിപ്പഠിപ്പിക്കുവാനായിരുന്നു, കഴിഞ്ഞ അഞ്ചു ശതാബ്ദങ്ങളായിട്ടു് യൂറോപ്പിൻെറ പരിശ്രമം. ഏഷ്യ എങ്ങനെയാണ് ലോകത്തിൻെറ നായികയും ഗുരുനാഥയുമായിത്തീർന്നതെന്നും, ആ നേതൃത്വവും സ്ഥാനവുമെല്ലാം പിന്നീടു് എങ്ങനെയാണ് നഷ്ടപ്പെട്ടതെന്നുമുള്ള കഥ നാം അറിയുകയും അതിൽനിന്നുള്ള പാഠങ്ങൾ ഗ്രഹിക്കുകയും ചെയ്തിരിക്കേണ്ടതു് ആവശ്യമാണ്. ആ കഥയൊന്നുപറഞ്ഞുവയ്ക്കാനുള്ള ശ്രമമാണ് ഈ പുസ്തകം മുഖേന ചെയ്തിരിക്കുന്നതു്. ജനങ്ങൾ വലിയ ജോലിത്തിരക്കിൽ കഴിയുന്ന ഇക്കാലത്തു് അതു് കഴിയുന്നത്ര ചുരുക്കിപ്പറയേണ്ടതും ഒരാവശ്യമാണല്ലൊ. അതുകൊണ്ടാണ് ഏഷ്യയുടെ ചരിത്രത്തിലെ ചില പ്രധാന കാര്യങ്ങൾ മാത്രം ഇതിൽ ഉൾക്കൊള്ളിക്കാൻ നിശ്ചയിച്ചതു്. എന്നാൽ ഏഷ്യയെ ചവിട്ടിക്കടന്നു പോയവയും ഒടുവിൽ ഏഷ്യൻജനതകളെ ഏകീകരിക്കാനുപകരിച്ചവയുമായ രാഷ്ട്രീയവും സാംസ്കാരികവും മതാത്മകവുമായുള്ള പ്രധാന കാര്യങ്ങൾക്കു് ഇതിൽ പ്രാമുഖ്യം നല്കിയിട്ടുണ്ടുതാനും. ഏഷ്യയിലെ വിവിധരാജ്യങ്ങളുടെ ചരിത്രമൊന്നും വിസ്മരിക്കാതെതന്നെ അതിൻെറ പ്രധാന ഘടക

ങ്ങാം മാത്രം എടുത്തുകാണിക്കുവാൻ ശ്രമിച്ചുവെന്നേയുള്ളു. വൃക്ഷങ്ങളോരൊന്നും വേർതിരിച്ചു കാണുന്നതിനു പകരം, വനത്തെ മൊത്തത്തിലൊന്നു വീക്ഷിക്കുക— അതാണ് വായനക്കാരന് ഈ പുസ്തകത്തിൻെറ കാര്യത്തിലുണ്ടായിരിക്കേണ്ടുന്ന കാഴ്ചപ്പാട്. ഏഷ്യയുടെ ചരിത്രത്തിലേയ്ക്കുള്ള ഒരു പീഠികയായിട്ടുമാത്രം ഇതിനെ കരുതിയാൽ മതി.

എം. രത്നസ്വാമി

# ഏഷ്യയുടെ ചരിത്രം

## I

## ഭൂപ്രകൃതി

മനുഷ്യൻെറ മറേറതു പ്രവൎത്തനവും പോലെ, ലോകചരിത്രവും സമാരംഭിച്ചതു് ഏഷ്യയിലാണു്. (സൂൎയ്യോദയം എന്നൎത്ഥം വരുന്ന Asu (അസു) എന്ന പദത്തിൽനിന്നാണു് ഏഷ്യ അഥവാ ആസ്യ എന്ന പേരിൻെറ ആഗമം) സൂൎയ്യൻ കിഴക്കുനിന്നുദിക്കുന്നതുപോലെ, ലോകചരിത്രം ഉൾപ്പെടേയുള്ള മാനവജീവിതത്തിൻെറ ഏതേതു രൂപവും ഉദയംകൊണ്ടതു് കിഴക്കുനിന്നത്രെ.

ഏഷ്യയുടെ ചരിത്രം മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനു് ആ രാജ്യത്തിൻെറ കിടപ്പും പ്രകൃതിയും ആദ്യംതന്നെ അറിഞ്ഞിരിക്കണം. ഒരു നാടകത്തിൻെറ കഥാഗതിയും രചനയും നടന്മാരുടെ അഭിനയരീതിയും, ആ കഥ നടന്ന സ്ഥലത്തിൻേറയോ സ്ഥലങ്ങളുടേയോ പ്രകൃതിയെയാണു് പൂൎണ്ണമായിട്ടല്ലെങ്കിലും ഒട്ടേറെ ആശ്രയിച്ചിരിക്കുക. നാടകവേദിയേക്കുറിച്ചു പറഞ്ഞ ഈ സംഗതി ചരിത്രവേദിയെ സംബന്ധിച്ചും പറയാവുന്നതാണു്. ഇംഗ്ലണ്ടു്, ഫ്രാൻസ്, റഷ്യ, അമേരിക്കൻ ഐക്യ സംസ്ഥാനങ്ങൾ എന്നിവയുടെയെന്നു വേണ്ടാ, ലോകത്തിലെ ഏതു് രാജ്യത്തിൻേറയും ചരിത്രം മുഖ്യമായി വ്യാഖ്യാനിക്കപ്പെടുന്നതു് അതിൻെറ ഭൂപ്രകൃതി മുഖേനയാണു്.

ഒരു വൻകര എന്ന നിലയിൽ ഏഷ്യയ്ക്കുള്ള അപാരമായ വിസ്തീൎണ്ണവും, പൎവ്വതപംക്തികളാലും കൊടുങ്കാടുകളാലും അതു് തെക്കുവടക്കുടനീളം വിഭജിക്കപ്പെട്ടിരിക്കുന്ന സ്ഥിതിവിശേഷവും, അതിലുള്ള നദികളുടെ ഗതിയുമെല്ലാം ആ രാജ്യത്തിൻെറ ചരിത്രത്തിനു് ഏറെക്കുറെ നിദൎശനങ്ങളായി നിലകൊള്ളു

ന്നു. അതുകൊണ്ടാണ് ഏഷ്യയുടെ ചരിത്രം വ്യക്തമായും പ്രയോജനകരമായും പഠിക്കണമെങ്കിൽ ഏഷ്യയുടെ ഭൂപ്രകൃതി നാം ആദ്യമേ മനസ്സിലാക്കിയിരിക്കണമെന്നു് സൂചിപ്പിച്ചതും.

ഒരു ഭൂപടം നോക്കുമ്പോൾ ഏഷ്യയുടെ വിസ്തീർണ്ണം നമ്മെ അത്ഭുതപ്പെടുത്തുന്നു. ഭൂമിശാസ്ത്രഗ്രന്ഥങ്ങളിൽ യൂറോപ്പും ഒരു വൻകരയെന്നാണ് പറയപ്പെടുന്നതെങ്കിലും, ഏഷ്യയുടെ മുമ്പിൽ അതിൻെറ വലിപ്പം എത്രയോ നിസ്സാരം. വീതിയിലും നീളത്തിലും ഏതാണ്ട് സമവലിപ്പമുള്ള ഏഷ്യ പരപ്പേറിയ ഒരു വൻകര തന്നെയാണ്. അതിൻെറ അതിരുകളെ കടലുകൾ തലോടുന്നുണ്ടെങ്കിലും, സമുദ്രത്താൽ സർവ്വത്ര ആവൃതമായിരിക്കുന്ന യൂറോപ്പുമായി തുലനം ചെയ്യുമ്പോൾ, കരകൊണ്ടുതന്നെ മുററിനില്ക്കുന്ന ഒരു ഭൂവിഭാഗമാണ് ഏഷ്യയെന്നു കാണാം. ഏഷ്യയുടെ വിസ്തീർണ്ണം 430 ലക്ഷം ചതുരശ്രമൈലാണെങ്കിൽ, യൂറോപ്പിൻേറതു് 110 ലക്ഷം മാത്രമാകുന്നു. പർവ്വതപംക്തികളാൽ ഏഷ്യാവൻകര രണ്ടു ഖണ്ഡങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുകയാണ്. പടിഞ്ഞാറ് കൗക്കാസ് മുതല്ക്കു് കാരക്കോരം, ഹിന്ദുക്കുഷ്, ഹിമാലയം, സിൻലിംഗ് എന്നിങ്ങനെ കിഴക്കോട്ടു് നീണ്ടുകിടക്കുന്ന ആ പർവ്വതപംക്തികളുടെ കൂട്ടത്തിൽ, ഹിമാലയം ലോകത്തിൽവെച്ച് ഏററവും ഉയരം കൂടിയ പർവ്വതമത്രെ; എവറസ്റ്റ് അതിൻെറ ഏററവും ഉയന്ന കൊടുമുടിയും. ഈ പർവ്വതപംക്തികളുടെ മദ്ധ്യത്തിലായി കിടക്കുന്ന പാമീറും, തിബത്തും ലോകത്തിലെ ഏററവും ഉയന്ന പീഠഭൂമികളുമാണ്.

കരയാണ് ഏഷ്യയിൽ മുന്തിനില്ക്കുന്നതെങ്കിലും, അതിൻെറ തീരങ്ങളിൽ പലേ കടലുകളുടേയും അലതല്ലൽ നടക്കുന്നുണ്ടു്. പേഴ്സ്യൻഉൾക്കടൽ, അറബിക്കടൽ, ബങ്കാൾഉൾക്കടൽ, സയാം-ടോംകചിൻ ഉൾക്കടലുകൾ എന്നിവയുൾപ്പെടുന്ന ഇന്ത്യാസമുദ്രം തെക്കുഭാഗത്തും, പെയ്ററ്ചിലി ഉൾക്കടൽ, ജപ്പാൻ കടൽ, ഒക്കോട്ടുഷ് ഉൾക്കടൽ, ബഹറിംഗ് കടലുകൾ എന്നിവ ഉൾപ്പെടുന്ന ശാന്തസമുദ്രം ഏഷ്യയുടെ കിഴക്കുഭാഗത്തുമായി

വ്യാപിച്ചുകിടക്കുന്നു. വടക്കുഭാഗത്തുള്ള സമുദ്രം ഹിമസമാവൃതമത്രേ.

ഏഷ്യയുടെ കര ഇങ്ങനെ രണ്ടു ഖണ്ഡങ്ങളായിത്തിരിഞ്ഞും, അവയിൽ ദക്ഷിണഖണ്ഡം കടലിനാലും, ഉത്തരഖണ്ഡം പൎവ്വതനിരകളാലും ചുററപ്പെട്ടും കിടക്കുന്ന സ്ഥിതിവിശേഷമില്ലേ, അതാണ് ഈ രാജ്യത്തിന്റെ ചരിത്രത്തിന്നു രൂപം കൊടുത്തിട്ടുള്ള ഒരു ഘടകം; കരയുടെ രണ്ടു ഖണ്ഡങ്ങളിലും കാണുന്ന ഭിന്നമായ പ്രകൃതിവിശേഷമാണ് വേറൊരു ഘടകം. വടക്കേഖണ്ഡം സ്റ്റെപ്പീസ് എന്ന പേരിൽ അറിയപ്പെടുന്ന പുൽപ്രദേശമാകുന്നു; ഉത്തരഭാഗം പായൽ പിടിച്ചു കിടക്കുന്നതിനാൽ തുന്ദ്രാപ്രദേശമെന്നാണ് പറയപ്പെടുക. സ്റ്റെപ്പീസ്പ്രദേശം വൃക്ഷശൂന്യങ്ങളായി കിടക്കുന്ന മൈതാനങ്ങളാണ്; തൃണസസ്യാദികൾ മാത്രമാണ് അവിടെ വളരുന്നതു്. ആ മൈതാനങ്ങൾ മുഴുവൻ സമനിരപ്പാണെന്നു പറഞ്ഞുകൂടാ; തെക്കോട്ടുവരുമ്പോൾ പൎവ്വതപ്രാന്തങ്ങൾ മൂലമുള്ള മുഴപ്പു കാണാം. ഇങ്ങനെ ഏഷ്യയുടെ വടക്കേഖണ്ഡത്തിന്റെ ഒരു ഭാഗം സാമാന്യേന നാലായിരം മുതൽ അയ്യായിരം അടിവരെ ഉയരമുള്ള പീഠഭൂമികളായിട്ടും, മറെറാരു ഭാഗം സമനിരപ്പുള്ള മൈതാനങ്ങളായിട്ടുമാണ് നിലകൊള്ളുന്നതു്. ഈ സ്റ്റെപ്പീസ്പ്രദേശം ഏഷ്യയിൽപ്പെട്ടുകിടക്കുന്ന റഷ്യൻ ഭൂവിഭാഗം മുതൽ ചൈനയുടെ അതിരുകൾവരെ അതിവിശാലമായി വ്യാപിച്ചുകിടക്കുന്നു. ഇതിന്റെ വടക്കുഭാഗത്തായിട്ട് ഇടയ്ക്കിടെ വിപുലമായ വനഭൂമികളോടുകൂടിയാണ് തുന്ദ്രാപ്രദേശത്തിന്റെ കിടപ്പ്; ഉത്തര ഏഷ്യയുടെ ഭൂപ്രകൃതിയെ കുറിക്കുന്നതിൽ ഈ പ്രദേശത്തിന്നും ഒരു പ്രത്യേക സ്ഥാനമുണ്ട്. ഉത്തരധ്രുവപരിധിയിൽപ്പെട്ടു കിടക്കുന്ന ഈ തുന്ദ്രാപ്രദേശത്തു് കൊടിയ ശൈത്യം മൂലം ഒരുതരം പായലല്ലാതെ മററു സസ്യാദികളൊന്നും വളരുന്നില്ല.

ഇങ്ങനെ കിഴക്കു പടിഞ്ഞാറുടനീളം പൎവ്വതനിരകളാൽ വിഭജിക്കപ്പെട്ടിരിക്കുന്ന ഏഷ്യയുടെ രണ്ടു ഖണ്ഡങ്ങളുടേയും ഭൂപ്രകൃതി വ്യത്യാസത്തെ വ്യഞ്ജിപ്പിക്കാൻ അവ രണ്ടിന്നും വേറെയു്


ചില സംജ്ഞകഠം പറയാറുണ്ടു്. ഉത്തരഖണ്ഡത്തിനു് മരുഭൂമിയായ ഏഷ്യ അഥവാ ഉണക്കപിടിച്ച ഏഷ്യ എന്നും, ദക്ഷിണഖണ്ഡത്തിനു് കാലവഷ്ക്കാററുകളുടെ ഏഷ്യ അഥവാ നനവുള്ള ഏഷ്യ എന്നും പേർ നല്കാം. ഈ ഒടുവിൽ പറഞ്ഞ ഖണ്ഡത്തിനു ആ പേരുണ്ടായതു്, ഇന്ത്യാസമുദ്രത്തിൻെറ തെക്കും പടിഞ്ഞാറും വടക്കും കിഴക്കും ഭാഗങ്ങളിൽനിന്നു വീശുന്ന കാലവഷ്ക്കാററുകഠം മുഖേനയാണു്. ഈ കാലവഷ്ക്കാററുകഠം ഇന്ത്യാ, ബമ്മ, മലയാ, ഇൻഡോചൈന, ആച്ചിപിലഗോ, ജപ്പാൻ എന്നീ രാജ്യങ്ങളിലെല്ലാം മഴ പെയ്യിക്കുകയുംചെയ്യുന്നു. വഷപാതമേല്ക്കുന്നതിനാൽ നനവുള്ളതെന്നു് പറയപ്പെടുന്ന ഏഷ്യൻമേഖലയ്ക്കപ്പുറത്തു കിടക്കുന്ന വടക്കെ ഇറാൻ, ടക്കിസ്താൻ, മംഗോളിയാ എന്നിവിടങ്ങളിൽ വരണ്ട കാലാവസ്ഥയാണു്; ഇടയ്ക്കിടെ കാണുന്ന മരുപ്പച്ചകളും ഒററപ്പെട്ട ചില പട്ടണങ്ങളും ഒഴിച്ചാൽ ആ പ്രദേശമത്രയും ഏതാണ്ടൊരു മരുഭൂമിയായിത്തന്നെ കിടക്കുന്നു.


ഏഷ്യയുടെ ഇപ്പറഞ്ഞ രണ്ടു ഖണ്ഡങ്ങഠംക്കു് ചരിത്രകാരന്മാർ വേറെയും രണ്ടു പേരുകഠം നൽകിയിട്ടുണ്ടു്. ഓരോ ഖണ്ഡത്തിലേയും ജനവാസത്തിൻെറ സ്വഭാവത്തെ അടിസ്ഥാനമാക്കിയാണു് ഈ നാമകരണം. ജനങ്ങഠം സ്ഥിരമായി പാക്കാറുള്ള ദക്ഷിണഖണ്ഡത്തിനു് Settled Asia എന്നും, ദേശാന്തര സഞ്ചാരികളായ വഗ്ഗക്കാർ വന്നും പോയും കൊണ്ടിരുന്ന ഉത്തരഖണ്ഡത്തിനു് Nomadic Asia എന്നുമാണു് ചരിത്രകാരന്മാർ നല്കിയിരിക്കുന്ന സംജ്ഞകഠം.


ഇങ്ങനെ ഏഷ്യയെ രണ്ടു ഖണ്ഡങ്ങളായി തിരിച്ചിരിക്കുന്നതിൽ ദക്ഷിണഖണ്ഡമാണു് സംഭവബഹുലതമൂലം ഏഷ്യയുടെ ചരിത്രത്തിൻെറ പിള്ളത്തൊട്ടി എന്ന പേർ സമാജ്ജിച്ചതെന്നു് ഇവിടെ എടുത്തു പറഞ്ഞുകൊള്ളട്ടെ.

കടലാണു് എന്നും എവിടെയും ജനങ്ങളുടെ സംസ്കാരത്തിനു് ഉറവിടമായിത്തീന്നിട്ടുള്ളതു്. സമുദ്രസാമീപ്യംകൊണ്ടു തന്നെ ജനങ്ങഠംക്കു് ഒരു ഉണർവും ഉന്മേഷവും ഉണ്ടാകുന്നു.

കടൽ അതിന്നടുത്തുള്ള കരയിലെ ശീതോഷ്ണങ്ങളെ മയപ്പെടുത്തി അനുകൂലമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുന്നു. ഏഷ്യയുടെ ഉത്തരഖണ്ഡത്തിൽ ആത്യന്തികമായ ചൂടും തണുപ്പും അനുഭവപ്പെടുന്നതു്, സമുദ്രസാമീപ്യം ഇല്ലായ്കയാലാണു്. ദക്ഷിണഖണ്ഡത്തിലാകട്ടെ, കടലിന്റെ അടുപ്പം മൂലം കാലാവസ്ഥ മനുഷ്യവാസത്തിനു് കൂടുതൽ അനുകൂലമായിത്തീരുന്നു. ഒരു രാജ്യത്തിനു് കടൽ മുഖേന മഴയും, മഴ മുഖേന നദികളും ലഭിച്ചിട്ടാണു് അവിടെ ജീവിതം സുഖകരമായിത്തീരുന്നതെന്നോർക്കണം. ഏതു ഭൂഖണ്ഡത്തിലും മാനവസംസ്കാരം ആദ്യമായി മുളയെടുക്കുന്നതു്, കടലിന്നടുത്തും നദികളാൽ ചുററപ്പെട്ടും കിടക്കുന്ന പ്രദേശങ്ങളിലാണു്. അവിടെത്തന്നെയാണു് മനുഷ്യചരിത്രം ഉടലെടുക്കുന്നതും. ഏഷ്യയെ സംബന്ധിച്ചും ഇതെത്രയും വാസ്തവമാകുന്നു.







## II

# ആദിമകാലഘട്ടം

(ബി. സി. 3000 - 1000)

## മെസൊപ്പൊട്ടേമിയാ

ഏഷ്യയിലെ പ്രാചീനസംസ്കാരകേന്ദ്രങ്ങളിൽ ഒന്നാണ് മെസൊപ്പൊട്ടേമിയാ. യൂഫ്രറ്റിസ്, ടൈഗ്രീസ് എന്നീ നദികളുടെ ക്ഷാളനമേററകൊണ്ടാണ് അതിൻെറ കിടപ്പ്. മെസൊപ്പൊട്ടേമിയാ' എന്ന പദത്തിൻെറ അത്ഥംതന്നെ രണ്ടു നദികഠംക്കിടയിലുള്ള പ്രദേശം എന്നാകുന്നു; ഗ്രീക്കുകാരാണ് ആ പ്രദേശത്തിന് ഈ പേരു് നൽകിയതു്. മെസൊപ്പൊട്ടേമിയായുടെ ചരിത്രം അന്വേഷിച്ച് നാം ശിലായുഗം വരെ പിന്നോട്ടു പോകേണ്ടതില്ല; കാരണം, ആ രാജ്യത്തിൻെറ ചരിത്രം ആരംഭിക്കുന്നതു് ഏതെങ്കിലും രൂപത്തിലുള്ള അക്ഷരങ്ങഠം ഉപയോഗിച്ചു തുടങ്ങിയതോടു കൂടിത്തന്നെയാണ്. ബി. സി. 3000-ാമാണ്ടിനിടയ്ക്കു് ഇഷ്ടികക്കഷണങ്ങളിന്മേൽ അമ്പിൻമുനയുടെ ആകൃതിയിൽ വിരചിച്ചിട്ടുള്ള ഒരുതരം ലിപികളിൽനിന്നു് മെസൊപ്പൊട്ടേമിയായെക്കുറിച്ചുള്ള പല വിവരങ്ങളും നമുക്കു ലഭിക്കുന്നുണ്ടു്. പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭത്തിൽ ചരിത്രഗവേഷകന്മാർ അത്തരം ഇഷ്ടികക്കഷണങ്ങഠം ആയിരക്കണക്കിന് കണ്ടെടുക്കുകയും, അവയിലുള്ള ലിഖിതങ്ങളിൽനിന്നു് മെസൊപ്പൊട്ടേമിയായുടെ ചരിത്രം ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു.

മെസൊപ്പൊട്ടേമിയായ്ക്കു സുമേരിയാ എന്നുകൂടി ഒരു പേരുണ്ടു്; സുമേരിയൻഗോത്രക്കാർ അവിടെ അധിവസിച്ചിരുന്നതു് കൊണ്ടാണ് ഈ പേരുണ്ടായതു്. ഒന്നാമത്തെ സുമേരിയൻരാജവംശം ബി. സി. 2990 മുതൽ 2775 വരെ വാഴ്ച നടത്തിയിരുന്നു; ഉർ എന്ന നഗരമായിരുന്നു അവരുടെ തലസ്ഥാനം. സുമേ

രിയാതന്നെ പലേ നഗരങ്ങളായി വിഭജിക്കപ്പെട്ടു് പല നാട്ടുവാഴികളുടെ കീഴിലാണു് കഴിഞ്ഞിരുന്നതു്. അവരിൽ ഒരുവനായ ലൂഗാൽസാഗസി എന്ന നാട്ടുവാഴി, ബി. സി. 2990–നും 2775–നും ഇടയ്ക്കു്, പേഴ്സ്യൻ ഉൾക്കടൽ മുതൽ മദ്ധ്യധരണ്യാഴിവരെ തൻെറ ഭരണസീമ വികസിപ്പിക്കുകയുണ്ടായി. ഉർക്കു് എന്ന നഗരമായിരുന്നു അദ്ദേഹത്തിൻെറ തലസ്ഥാനം. അക്കേഡിയന്മാർ എന്നറിയപ്പെടുന്ന വേറൊരു മെസൊപ്പൊട്ടേമിയൻ ജനവിഭാഗം, സാർഗൺ എന്ന നാട്ടുവാഴിയുടെ നേതൃത്വത്തിൽ, മേല്പറഞ്ഞ ആധിപത്യം പിന്നീടു് (2584—2530 ബി. സി.) തകർത്തുകളഞ്ഞതായും കാണുന്നു. ഈ അക്കേഡിയന്മാർ സുമേരിയയുടെ വടക്കുഭാഗത്തു് താമസിച്ചിരുന്ന സുമേരിയന്മാരിൽനിന്നു് ഭിന്നമായ സെമിററിക്‌വർഗ്ഗക്കാരായിരുന്നുവെന്നാണു് ചരിത്രം പറയുന്നതു്. സുമേരിയന്മാരും അക്കേഡിയന്മാരും അനേകം നൂററാണ്ടുകളോളം മെസൊപ്പൊട്ടേമിയായെ രണ്ടായി വിഭജിച്ചു ഭരിക്കുകയും, രണ്ടു കൂട്ടരുംകൂടി ഒരു സങ്കരസംസ്കാരം കൈവളർത്തിപ്പോരുകയും ചെയ്തു.

ആ സംസ്കാരത്തിനു് സുമേരി–അക്കേഡിയൻസംസ്കാരമെന്നു പേർ പറയാം. ഇഷ്ടികക്കട്ടകളിൽ അമ്പിൻമുനകൾ പോലുള്ള അക്ഷരങ്ങൾ രേഖപ്പെടുത്തുന്നതിനു പുറമെ വേറെയും പല പ്രത്യേകതകൾ ഉൾക്കൊണ്ടതായിരുന്നു ആ സംസ്കാരം. കല്ലിൻെറ സ്ഥാനത്തു് ചെമ്പുകൊണ്ടു് പാത്രങ്ങളും പണിക്കോപ്പുകളും ഉണ്ടാക്കുന്ന പരിഷ്കാരം അന്നേയ്ക്കു നടപ്പായിക്കഴിഞ്ഞിരുന്നു. ചുട്ട ഇഷ്ടികകൊണ്ടു് ക്ഷേത്രങ്ങൾ കെട്ടുക, രാജാക്കന്മാരുടെ പാർപ്പിനു് കൊട്ടാരങ്ങൾ നിർമ്മിക്കുക, ജനങ്ങൾ ഇഷ്ടികപ്പുരകളിൽ പാർക്കുക, കഴുതകളേയോ കാളകളേയോ കൊണ്ടു വലിപ്പിക്കുന്ന ഇരട്ടച്ചക്രമുള്ള വണ്ടികൾ നിർമ്മിക്കുക–എന്നിങ്ങനെ പലതും അന്നത്തെ പരിഷ്കാരങ്ങളിൽപ്പെടും. കഴുതകളേയും കാളകളേയും കുറിച്ചല്ലാതെ കുതിരകളേപ്പററി സുമേരിയയുടെ ആദിമചരിത്രത്തിൽ ഒന്നും പറഞ്ഞുകാണുന്നില്ല. ചെറിയ ബോട്ടുകൾ ഉപയോഗിച്ചു

ള്ള നാവികസഞ്ചാരവും അന്നു അവിടെ നടപ്പായിരുന്നു. നഗരപരിഷ്കാരമെന്നും നാടൻപരിഷ്കാരമെന്നും പരിഷ്കാരത്തെ രണ്ടായി തിരിക്കാവുന്നതിൽ, നഗരപരിഷ്കാരം എന്ന സ്ഥാനമാണു് അന്നത്തെ പരിഷ്കാരത്തിനു് നൽകേണ്ടതു്. പ്രകൃതിയോടു് താദാത്മ്യം പ്രാപിച്ചിരുന്ന സുമേരിയൻകലകൾ യഥാതഥസ്വഭാവത്തോടുകൂടിയവയായിരുന്നുവെന്നു പറയാം. ഗിൽഗമേഷു് എന്ന വീരകവനമായിരുന്നു, സുമേരിയൻസംസ്കാരത്തിൻെറ സാഹിത്യരൂപത്തിലുള്ള ഒന്നാമത്തെ കലാസൃഷ്ടി. ഗിൽഗമേഷു് എന്ന ഇതിഹാസപുരുഷൻ സൗഭാഗ്യദ്വീപിലേയ്ക്കു നടത്തിയ ഒരു സാഹസികയാത്രയാണു് ഈ വീരകവനത്തിൻെറ വിഷയം. പ്രാകൃതാവസ്ഥയിൽനിന്നു് പരിഷ്കാരത്തിലേയ്ക്കുള്ള മെസൊപ്പൊട്ടേമിയാരാജ്യത്തിൻെറ പുരോഗതിയുടെ പരിണാമം ഇതിൽ കഥാരൂപേണ ആവിഷ്കരിച്ചിരിക്കുന്നു.

സുമേരിയാക്കാരെ കീഴടക്കിയ അക്കേഡിയന്മാരെ പിന്നീടു് അമോറിയൻ എന്ന മറ്റൊരു സെമിററിക്‌വർഗ്ഗക്കാർ തന്നെ കീഴടക്കി; ഇവരുടെ കേന്ദ്രം ഇന്നു് സിറിയ എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശമായിരുന്നു. ബി. സി. 2100-ാമാണ്ടിനിടയ്ക്കു് മേല്പറഞ്ഞ അമോറിയക്കാർ ബാബിലോൺ എന്ന ഒരു പുതിയ നഗരത്തെ ആസ്ഥാനമാക്കി ഒരു രാജവംശം സ്ഥാപിക്കുകയും, ആ നഗരം മെസൊപ്പൊട്ടേമിയായുടെ തലസ്ഥാനപുരിയായിത്തീരുകയും ചെയ്തു. ഈ രാജവംശത്തിലെ ഏററവും പ്രബലനായ നാടുവാഴി ഹമ്മുറബി എന്ന ദേഹമായിരുന്നു,—ലോകചരിത്രത്തിൽ സ്മരണീയമായ ഒരു നാമധേയംതന്നെയാണതു്. ബി. സി. 1900-ാമാണ്ടോടുകൂടി, ഹമ്മുറബി സുമേരിയായിലേയും അക്കാഡിലേയും നഗരങ്ങളുടെ മേൽ ഒരു കേന്ദ്രീകൃതഭരണം സ്ഥാപിച്ചു. അദ്ദേഹം മാർഡൂക്കു് എന്ന ദേവൻെറ അധിഷ്ഠാനത്തിൽ രാഷ്ട്രത്തിന്നാകെ ഒരു പൊതുമതവും ആരാധനാസമ്പ്രദായവും ഏർപ്പെടുത്തി. അതുപോലെതന്നെ, അദ്ദേഹം ഒരു നിയമസംഹിതയും നടപ്പിൽ കൊണ്ടുവന്നു. ഇതു് 'ഹമ്മുറബിയുടെ നി

യമസംഹിത' എന്ന പേരിൽ ചാരിത്രത്തിൽ പ്രസിദ്ധമായിത്തീന്നിരിക്കയാണു്. ആ നിയമങ്ങാം മുഖേന നടപ്പായ ചില പരിഷ്കാരങ്ങളും വ്യവസ്ഥകളും ഇവിടെ സൂചിപ്പിക്കാം.

കുടുംബസംവിധാനത്തെ സംബന്ധിച്ചിടത്തോളം, വെപ്പാട്ടിയേയും ഭാൎയ്യയേയും വെവ്വേറെയായിത്തന്നെ പരിഗണിക്കണമെന്നു് ഹമ്മുറബിയുടെ ആ നിയമങ്ങാം അനുശാസിച്ചു; അമ്മയ്ക്കു് നിയമദൃഷ്ട്യാ കൂടുതൽ അവകാശങ്ങാം അനുവദിച്ചു; അച്ഛനു് മക്കളുടെ മേലുള്ള അധികാരവും നിയന്ത്രണവും വ്യവസ്ഥപ്പെടുത്തി; ജനസമുദായത്തെ സ്വതന്ത്രരെന്നും അടിമകളെന്നും രണ്ടായിത്തിരിച്ചു; ദത്തെടുക്കുന്ന സമ്പ്രദായം അംഗീകരിച്ചു; ജനങ്ങളുടെ സഞ്ചാരസൗകര്യത്തിനുവേണ്ടി നദികളിലും കായലുകളിലും ധാരാളം കടത്തുകാം ഏൎപ്പെടുത്തി; മൃഗചികിത്സയ്ക്കുള്ള സങ്കേതങ്ങളും, യാത്രക്കാരുടെ സൗകൎയ്യത്തിനുള്ള സത്രങ്ങളും നാട്ടിൽ നടപ്പാക്കി; കപ്പലുകാംക്കും മററും യാത്രാമദ്ധ്യേ കേടുസംഭവിച്ചാൽ അതിനുള്ള ഉത്തരവാദിത്വം കപ്പൽനിൎമ്മാതാക്കളുടേയും ബന്ധപ്പെട്ട മററു ശില്പികളുടേയും മേൽ ചുമത്തി; രാജ്യത്തുള്ള തോടുകളും നീച്ചാലുകളും ഏതേതു ഭൂവുടമകളുടെ സ്ഥലങ്ങളിൽ കൂടിപ്പോകുന്നുവോ, ആ ഭൂവുടമകാംതന്നെ അവയുടെ സംരക്ഷണം വഹിച്ചുകൊള്ളണമെന്നു് വ്യവസ്ഥചെയ്തു. കുററവാളികളെ വെള്ളത്തിൽ മുക്കിക്കൊല്ലുക, ജീവനോടെ ദഹിപ്പിക്കുക, ക്രൂശിക്കുക, കൊരടാവുകൊണ്ടടിക്കുക മുതലായ പല ദണ്ഡനീതികാം ഏൎപ്പെടുത്തി; സാധനങ്ങളുടെ വിലയ്ക്കും ജോലിക്കാരുടെ കൂലിക്കും ക്ലിപ്തമായ നിലവാരങ്ങാം നിശ്ചയിച്ചു; വ്യാപാരവികസനത്തിന്നായി കച്ചവടസംഘങ്ങാം രൂപീകരിച്ചു; പണം കടംകൊടുക്കുന്ന സമ്പ്രദായവും അതിനുള്ള പലിശനിരക്കും വ്യവസ്ഥപ്പെടുത്തി; കടധനപ്പത്രങ്ങളും, കരാറുസമ്പ്രദായങ്ങളും നടപ്പാക്കി; സ്വകാൎയ്യസ്വത്തുടമ, വ്യക്തികാംക്കു് വ്യവസായം നടത്തുവാനുള്ള അവകാശം എന്നിവ അംഗീകരിക്കുകയും ചെയ്തു— ഇങ്ങനെ പലതും 'ഹമ്മുറബിയുടെ നിയമസംഹിത'യിൽ കാണാം.

സുമേരിയൻ–അക്കേഡിയൻജനതയുടെ ജീവിതത്തിൽ മതം ഒരു കേന്ദ്രശക്തിതന്നെയായിരുന്നു. നഗരങ്ങളുടെ സാക്ഷാൽ ഭരണകർത്താക്കൾതന്നെ ദേവന്മാരും ദേവികളുമാണെന്നായിരുന്നു സങ്കല്പം. ഓരോ നഗരത്തിന്നും അതിൻേറതായ ദേവതകളുണ്ടായിരുന്നു; ഉദാഹരണത്തിനു്, കിഷ്നഗരത്തിനു് എൻലിൽ എന്ന ദേവതയും, ലഗാഷ്നഗരത്തിനു് എൻറിമീനാ എന്ന ദേവിയും. രാജ്യത്തിൻെറ ഭരണകർത്താക്കളായി സങ്കല്പിക്കപ്പെട്ടിരുന്ന ഇമ്മാതിരി ദേവന്മാരുടേയും ദേവികളുടേയും പുരോഹിതൻ എന്ന സ്ഥാനമാണു് ഓരോ രാജാവിന്നുമുണ്ടായിരുന്നതു്. രാജ്യഭരണത്തെസ്സംബന്ധിച്ചെന്നുവേണ്ടാ, കൃഷികാര്യ്യാദികളിൽപ്പോലും ദൈവങ്ങൾക്കു് അഗ്രിമസ്ഥാനം നല്കപ്പെട്ടിരുന്നു. അമ്മദൈവത്തെ ഫലസമൃദ്ധിയുടെ ദേവിയായിട്ടാണു് കൃഷിക്കാർ കരുതിപ്പോന്നിരുന്നതു്; നിലത്തു വിതച്ച ഒരു വിത്തു് മുളച്ചു ഫലമരുളുന്നതു് അമ്മദൈവത്തിൻെറ അത്ഭുതശക്തിയാലാണെന്നു് അവർ വിശ്വസിച്ചു. ചുരുക്കിപ്പറഞ്ഞാൽ, മതവും ക്ഷേത്രവുമാണു് പ്രാചീന മെസൊപ്പൊട്ടേമിയാക്കാരുടെ ജീവിതത്തിലുടനീളം സ്വാധീനംചെലുത്തിപ്പോന്നിരുന്ന ശക്തിവിശേഷം.

ഹമ്മുറബിയുടെ സാമ്രാജ്യത്തിൽ സുമേരിയൻഭാഷയ്ക്കു് വലിയ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ല; അക്കേഡിയൻഭാഷയായിരുന്നു അവിടത്തെ രാഷ്ട്രഭാഷ. ഹമ്മുറബിയുടെ സാമ്രാജ്യം കലപ്പില്ലാത്ത ഒരു തനി സെമിററിക്‌സാമ്രാജ്യമായിരുന്നുവെന്നു പറയാം. സാങ്കേതികവും ചമല്ക്കാരപരവുമായ നിലയിൽ ബാബിലോണിയൻകലകൾക്കു് വലിയ വികാസം ലഭിക്കുകയും ചെയ്തിരുന്നു.

സുമേരിയാ, അക്കാഡു്, ബാബിലോൺ എന്നിവിടങ്ങളിലെ സംസ്കാരം മേല്പറഞ്ഞ വിധത്തിലിരിക്കെ, അവയുടെ വടക്കുഭാഗത്തു് സ്ഥിതിചെയ്യുന്ന ടയർ, സിഡൺ എന്നീ നഗരങ്ങളെ അധിവസിച്ചിരുന്ന ഫിനീഷ്യക്കാർ കുറേക്കൂടി പുരോഗതിയിലേയ്ക്കു നീങ്ങുന്നുണ്ടായിരുന്നു: അവർ വമ്പിച്ച വാണിജ്യ

സംരംഭങ്ങറം ആരംഭിക്കുകയും, മെസൊപ്പൊട്ടേമിയാക്കാർ ഉപയോഗിച്ചിരുന്ന അമ്പിൻമുനയുടെ രൂപത്തിലുള്ള അക്ഷരങ്ങളെ പരിഷ്കരിച്ചു് ശരിയായ ഒരു അക്ഷരമാല നിർമ്മിക്കുകയും ചെയ്തു. ഫിനീഷ്യക്കാർ അന്നു് അങ്ങനെ രൂപംകൊടുത്ത അക്ഷരമാലയാണു്, പിന്നീടു് മിക്ക പരിഷ്കൃതരാജ്യങ്ങളുടേയും അക്ഷരമാലകറംക്കു് അവലംബമായിത്തീന്നതു്.

## ഇന്ത്യാ

മെസൊപ്പൊട്ടേമിയായിലെ നദീതടങ്ങളിൽ ഉത്ഭവിച്ച നഗരരാഷ്ട്രങ്ങളെപ്പോലെതന്നെ, ഇന്ത്യയിലും രണ്ടു നഗരരാഷ്ട്രങ്ങറം തലയുയത്തിയിരുന്നു; ഒന്നു്, സിന്ധുനദീതീരത്തുള്ള മോഹൻജോദാരോയും, മറെറാന്നു് റാവിനദിയുടെ തീരത്തുള്ള ഹാരപ്പയും. അവയുടെ ആരംഭവും ഏതാണ്ടു് ബി. സി. 3000-ാമാണ്ടിനടുത്തായിരുന്നു. മൺമറഞ്ഞുപോയ ആ മഹാനഗരങ്ങളുടെ അവശിഷ്ടങ്ങളിൽനിന്നു് ആധുനികഗവേഷകന്മാർ ശേഖരിച്ചിട്ടുള്ള വിവരങ്ങറം പ്രസിദ്ധങ്ങളാണല്ലൊ. ആ പുരാണനഗരങ്ങളിൽ കൊട്ടാരങ്ങറം, ക്ഷേത്രങ്ങറം, പൊതുജനങ്ങളുടെ ഉപയോഗത്തിന്നായിപ്പണിയിട്ടുള്ള പെരിയ കുളങ്ങറം, വീടുകളിലെ ഉപയോഗത്തിനു് വെള്ളം എത്തിക്കാനുള്ള സജ്ജീകരണങ്ങറം, അഴുക്കുവെള്ളം ഒഴിഞ്ഞുപോവാനുള്ള ഓടകറം ആദിയായി ഒരു നഗരത്തിനുവേണ്ട പലേ സംവിധാനങ്ങറം ആ പ്രാചീനകാലത്തുതന്നെ ചെയ്യപ്പെട്ടിരുന്നതായിക്കാണാം. ചിത്രങ്ങറം കൊണ്ടുള്ള ഒരു ലിപിസമ്പ്രദായവും അവിടെ നടപ്പുണ്ടായിരുന്നു. ചില മൃഗങ്ങളുടെ പ്രതിമകറം ആ നഗരങ്ങളിൽനിന്നു് കുഴിച്ചെടുത്തിട്ടുള്ളതു് നോക്കിയാൽ, അവയുടെ കലാശില്പത്തിനു് മെസൊപ്പൊട്ടേമിയൻകലകളോടു സാരൂപ്യമുള്ളതായിത്തെളിയും. മോഹൻജോദാരോയിലേയും ഹാരപ്പയിലേയും ജനങ്ങറം വൃക്ഷങ്ങളേയും, മൃഗങ്ങളേയും, ലിംഗപ്രതിരൂപങ്ങളേയും, സപ്പങ്ങളേയും പൂജിച്ചുപോന്നിരുന്നു. സപ്പങ്ങളുടെ പ്രതിമകറം ധാരാളമായിക്കാണുന്ന

 തു് അന്നു നടപ്പുണ്ടായിരുന്ന നാഗാരാധനയ്ക്കു ഒരു തെളിവാകുന്നു. കളിമണ്ണുകൊണ്ടു നിമ്മിച്ചിട്ടുള്ള ഒരു തരം മുദ്രകളിൽ വിരചിച്ചിരിക്കുന്ന രൂപം ദക്ഷിണേന്ത്യയിൽ സാധാരണയായിക്കാണാറുള്ള ശിവപ്രതിമകളോടു് സാദൃശ്യം വഹിക്കുന്നു. മേല്പറഞ്ഞ പുരാതനനഗരങ്ങളിലെ ജനങ്ങൾ അമ്മദൈവത്തിൽ വിശ്വസിച്ചിരുന്നുവെന്നതിനും തെളിവുകളുണ്ടു്.

മോഹൻജോദാരോ, ഹാരപ്പ എന്നീ നഗരരാഷ്ട്രങ്ങൾക്കു് പുറമെ ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ ഭാഗത്തായി ഗോത്രവർഗ്ഗക്കാർ അധികാരം നടത്തിയിരുന്ന പലേ രാഷ്ട്രങ്ങൾ വേറെയുമുണ്ടായിരുന്നു. ആ രാഷ്ട്രങ്ങൾ സ്ഥാപിച്ചു ഭരിച്ചുപോന്നിരുന്നതു്, ദ്രാവിഡവംശക്കാരാണെന്നു് ഏതാണ്ടു് അനുമാനിക്കാം. പോണ്ടിച്ചേരിക്കടുത്തുള്ള അരിക്കമേഡു മുതലായ സ്ഥലങ്ങളിൽ അടുത്തകാലത്തു നടന്ന ഗവേഷണങ്ങളും, ഇന്ത്യയിൽ അതിപുരാതനകാലം മുതല്ക്കുതന്നെ സംസ്കാരസമ്പന്നരായ ജനങ്ങളുണ്ടായിരുന്നുവെന്നും അവർ റോമാ മുതലായ വിദേശങ്ങളുമായി വ്യാപാരബന്ധം പുലർത്തിപ്പോന്നിരുന്നുവെന്നും തെളിയിക്കുന്നുണ്ടു്. പണ്ടു് ഇന്ത്യയിൽ കുടിയേറിപ്പാർക്കുകയും ഇവിടത്തെ ആദിമനിവാസികളെ കീഴടക്കുകയും ചെയ്തവരുടെ സാഹിത്യകൃതികൾ പരിശോധിച്ചാലും, ഇവിടത്തെ പുരാതനജനങ്ങൾക്കു് രാജാക്കന്മാരും, കൊട്ടാരങ്ങളും, കോട്ടകളും മററും ഉണ്ടായിരുന്നതായി തെളിയുന്നു; ആ പുരാതനജനങ്ങളുടെ കന്നുകാലിസമ്പത്തിനേയും ധാന്യവിഭവങ്ങളേയുംകുറിച്ചെന്നതുപോലെതന്നെ, അവരുടെയിടയിലുണ്ടായിരുന്ന സമരവീരന്മാരെക്കുറിച്ചുള്ള പരാമർശവും പ്രസ്തുത കൃതികളിൽ കാണുന്നുണ്ടു്. 'സാൻമ്പറയിലെ നൂറു കോട്ടകൾ,' 'മനോഹരങ്ങളായ ഗന്ധർവ്വനഗരങ്ങൾ'— എന്നൊക്കെ പ്രാചീനകാലത്തെ സ്ഥിതിവിശേഷങ്ങളേപ്പററി പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതു് കാണുമ്പോൾ, ഇന്ത്യയിലെ ആദിമവാസികളുടെ പ്രാബല്യവും സംസ്കാരപുരോഗതിയും നമുക്കു് ഒട്ടെങ്കിലും ഊഹിക്കുവാൻ കഴിയും.

കാലചക്രത്തിൻെറ നിരവധി ഭ്രമണങ്ങളിൽപ്പെട്ടു് എത്രയെത്ര സംസ്ക്കാരങ്ങളും ജനപദങ്ങളും അസ്തപ്രായങ്ങളും അധഃസ്ഥിതങ്ങളുമായിപ്പോയിരിക്കാം! മദ്ധ്യ ഇന്ത്യയിലെ ബിഹിലരും, മിനാസരും, തമിഴ്നാട്ടിലെ പള്ളിയരും, കേരളത്തിലെ പുലയരുമൊക്കെ ഇന്ത്യയിലെ ആദിമരാജാക്കന്മാരുടെ അനന്തരഗാമികളല്ലെന്നു് ആരു കണ്ടു? രാജാക്കന്മാരുടെ കിരീടധാരണാവസരങ്ങളിലും, ക്ഷേത്രങ്ങളിൽ ഉത്സവവും മററും നടക്കുന്ന ഘട്ടങ്ങളിലും മേല്പറഞ്ഞ വർഗ്ഗക്കാരുടെ പ്രതിനിധികൾ അടുത്തകാലം വരെ മുൻകയ്യെടുത്തു നിർവ്വഹിച്ചു പോന്നിരുന്ന ചില മാമൂലുകൾ ഈ പ്രകൃതത്തിൽ സ്മരണീയങ്ങളത്രെ. ഇന്ത്യയിലെ ആദിമനിവാസികൾ മെസൊപ്പൊട്ടേമിയായിലെപ്പോലെതന്നെ പ്രായേണ കൃഷിക്കരായിരുന്നു. അതുകൊണ്ടുതന്നെയാണു് അവരുടെ ദേവന്മാരും ദേവികളും കൃഷിയുടേയും ഫലസമൃദ്ധിയുടേയും സംരക്ഷകരെന്നു് സങ്കല്പിക്കപ്പെട്ടിരുന്നതും. ശിവനും, മുരുകനും, ദുർഗ്ഗയുമെല്ലാം ഫലസമൃദ്ധിയുടെ ദൈവങ്ങളാണെന്നു അവർ വിശ്വസിച്ചു. അമ്മദൈവത്തേക്കുറിച്ചുള്ള ഭക്തി, മെസോപ്പൊട്ടേമിയായിലെന്നപോലെ ഇന്ത്യയിലെ കൃഷിക്കരുടെയിടയിലും നടപ്പുണ്ടായിരുന്നു. ധാന്യങ്ങൾ മുളയ്ക്കുന്നതും, വളരുന്നതും, വിളയുന്നതുമെല്ലാം ദേവതകളുടെ നിഗൂഢമായ പ്രവർത്തനംകൊണ്ടാണെന്നു് അവർ ധരിക്കുകയും, അതിനാൽ ആ ദേവതകളെ ഭയഭക്തികളോടെ സ്മരിക്കുകയുംചെയ്തിരുന്നതായിക്കാണാം.

## ചൈന

ചൈനയായിരുന്നു പ്രാചീനസംസ്ക്കാരത്തിൻെറ വേറൊരു കേന്ദ്രം. അവിടെ സംസ്ക്കാരം മുളയെടുത്തതു്, നാം മുമ്പു കണ്ടതുപോലുള്ള നഗരരാഷ്ട്രങ്ങൾ മുഖേനയായിരുന്നില്ല. ഹൊങ്ങ്ഹോ എന്നും യാങ്ങ്ടി സിക്കിയാങ്ങ് എന്നും പേരുകളുള്ള രണ്ടു മഹാനദികളാൽ നനയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിശാലങ്ങളായ മൈതാനങ്ങളോടുകൂടിയ ഒരു ഭൂഖണ്ഡമാണു് ചൈന. ഇവയിൽ ഹൊ

ങ്ഹോനദി ചൈനയുടെ ഏതാണ്ട് മദ്ധ്യഭാഗത്തുകൂടിയാണ് ഒഴുകുന്നതു്; ആ പ്രദേശംതന്നെയാണ് വാസ്തവത്തിൽ ചൈനയുടെ ചരിത്രകേന്ദ്രവും. മഞ്ഞനിറത്തിലുള്ള മണ്ണുള്ളതു് മൂലം ഹ്വാങ്ഹോനദിയെ മഞ്ഞനദിയെന്നാണ് സാധാരണ പറയുക. ചൈനയിലെ ജനങ്ങളുടെ നിറവും മഞ്ഞയാണല്ലൊ. അതിനാൽ മഞ്ഞനദിയുമായി ആ നാട്ടുകാക്കു് സവിശേഷമായ ഒരു സാത്മ്യമുണ്ടു്. ഈ നദിയാണ് ചൈനയുടേയും, ചൈനാക്കാരുടേയും ചരിത്രത്തിനു് രൂപംകൊടുത്തതെന്നു് പറയാം. ഹ്വാങ്ഹോനദീതടമാണ് ചൈനയുടെ ചരിത്രത്തിൻെറ ഉറവിടം. ആ ചരിത്രവും ഏതാണ്ട് ബി. സി. 3000-ാമാണ്ടിലാണ് ആരംഭിക്കുന്നതു്. എന്നാൽ ചൈനയിലെ ഐതിഹ്യങ്ങൾ അവിടത്തെ ചരിത്രത്തിനു് കൂടുതൽ പ്രാചീനത്വം അവകാശപ്പെടുന്നുണ്ടു്. "മൂന്നു രാജക്കന്മാരുടെ യുഗം" "അഞ്ചു ചക്രവൎത്തികളുടെ യുഗം" എന്നൊക്കെ ഐതിഹ്യങ്ങൾ ഘോഷിക്കുന്ന കാലഘട്ടങ്ങൾ ബി. സി. 5000-നും 3000-നും മദ്ധ്യേയാവണം. ചൈനയിലെ മനുഷ്യവാസം ഇപ്പറഞ്ഞതിനേക്കാളെല്ലാം പ്രാചീനമാണെന്നു് കാണിക്കുന്ന ഒരു ഗവേഷണഫലത്തേപ്പററി വേറൊരു ഘട്ടത്തിൽ പ്രസ്താവിക്കുന്നതാണ്.

ചൈനയുടെ ചരിത്രം സൃഷ്ടിച്ചതു് പുറത്തുനിന്നു ചെന്നവരാരുമല്ല, അവിടത്തെ ആദിമനിവാസികൾ തന്നെയായിരുന്നു. അവർ അവിടെ സ്ഥിരമായിക്കഴിയുന്ന ഒരു കൃഷികജനതയായിരുന്നെന്നു് ചരിത്രാരംഭം മുതല്ക്കുതന്നെ കാണാം. കൃഷികവൃത്തിയിൽ അവർ സമൎത്ഥരായിരുന്നുവെന്നതിനു്, ജലസേചനവിദ്യയിൽ അവൎക്കുണ്ടായിരുന്ന പരിചയംതന്നെ ഒരു തെളിവാണ്; ചെറുതോടുകൾ തോണ്ടി അടുത്തും അകലത്തുമുള്ള കൃഷിസ്ഥലങ്ങളിൽ നദീജലം എത്തിക്കാനുള്ള വിദ്യ അവൎക്കു് വശമായിരുന്നു. അവർ മുഖ്യമായി നടത്തിയിരുന്നതു് നെൽകൃഷിയാണ്. ചൈനയുടെ വിശാലങ്ങളായ മൈതാനങ്ങളെ അവർ വിലപ്പെട്ട വിളനിലങ്ങളായി മാററി. പട്ടുനൂൽപുഴക്കളെ വളൎത്തി അവയുടെ നൂൽ

 No. 11692

ശേഖരിച്ച് പട്ടുനെയ്യുവാൻ അവർ അന്നേ പഠിച്ചിരുന്നു. കളിമണ്ണുകൊണ്ടുണ്ടാക്കിയ ഇഷ്ടികകൾ ഉപയോഗിച്ചാണ് അവർ വിടുകൾ നിർമ്മിച്ചതു്; പടിഞ്ഞാറുള്ള മലമ്പ്രദേശങ്ങളിൽ മാത്രമേ കല്ലു കിട്ടുമായിരുന്നുള്ളു. കളിമണ്ണുകൊണ്ടു ഇഷ്ടികയുണ്ടാക്കുക മാത്രമല്ല അവർ ചെയ്തിരുന്നതു്; ആ കളിമണ്ണുകൊണ്ടുതന്നെ പാത്രങ്ങളും മററും നിർമ്മിക്കുകയുമുണ്ടായി. പില്ക്കാലത്തു് 'ചൈന' എന്ന പേരിൽത്തന്നെ ഭുവനപ്രസിദ്ധമാവാനിരുന്ന ഒരു സുന്ദരകലാസൃഷ്ടിയുടെ അങ്കുരമാണ് അന്നേ അവരിൽ കണ്ടിരുന്നതെന്നു് പറയാം. ഹോനാൻ, കാൻസൗ എന്നീ സ്ഥലങ്ങളിൽ അടുത്തകാലത്തു നടന്ന ഗവേഷണങ്ങൾ മുഖേന, ബി. സി. 1700-നും 1500-നുംമദ്ധ്യേയുള്ള കാലങ്ങളിൽ നിർമ്മിക്കപ്പെട്ട കമനീയങ്ങളായ മൺപാത്രങ്ങൾ കണ്ടുകിട്ടിയിട്ടുണ്ടു്. പിത്തള, ഇരുമ്പു മുതലായ ലോഹങ്ങളുടെ ഉപയോഗം പില്ക്കാലത്തു മാത്രമേ ചൈനക്കാർ മനസ്സിലാക്കിയുള്ളു. ബി. സി. 1400-ാമാണ്ടോടുകൂടി ചൈനാക്കാർ വെള്ളോടു് ഉപയോഗിച്ചുതുടങ്ങിയതായിക്കരുതാം.

അവരുടെ ലിപിസമ്പ്രദായം 'ഐഡിയോഗ്രാഫ്'രീതിയിലുള്ളതായിരുന്നു. വിവക്ഷിതമായ ഒരു വസ്തുവിനെ ശബ്ദംകൊണ്ടു കുറിക്കുന്നതിനുപകരം ആ വസ്തുവിൻെറ ചിത്രംതന്നെ കുറിക്കുക,—അതാണ് Ideograph എന്ന ലിപിസമ്പ്രദായം. ചരിത്രവസ്തുതകളും ഐതിഹ്യങ്ങളും രേഖപ്പെടുത്തിവയ്ക്കുന്നതിൽ ചൈനാക്കാർക്കു് പ്രാചീനകാലം മുതൽക്കേ ഒരു പ്രത്യേക വാസനയുണ്ടായിരുന്നു. അവരുടെ രാജാക്കന്മാർ സ്വർഗ്ഗത്തിൻെറ പുത്രന്മാരാണെന്നു് അവകാശപ്പെട്ടിരുന്നുവെങ്കിലും, കൃഷിപ്പണിയിലുള്ള താല്പര്യം മൂലം അവർ ഭൂമിയോടു് വളരെ ബന്ധപ്പെട്ടാണ് കഴിഞ്ഞിരുന്നതു്; വിണ്ണിൻെറ പുത്രന്മാർക്കു് മണ്ണിനോടു് വളരെ മമതയുണ്ടായിരുന്നുവെന്നർത്ഥം. ആ രാജാക്കന്മാർ കാർഷികോത്സവങ്ങളിൽ ആദ്ധ്യക്ഷ്യം വഹിച്ചു്, മഴയും കാററും പാകത്തിനുണ്ടാവാനുള്ള പ്രാർത്ഥന നടത്തുക പതിവായിരുന്നു. ഉഴവുകാലത്തു് രാജാക്കന്മാർതന്നെ കലപ്പ പിടിച്ചു നിലത്തിലെ മേൽമണ്ണു് ഇളക്കി

കൊടുക്കുന്ന ഒരു മാമൂൽ ചൈനയിൽ ആഘോഷിക്കപ്പെട്ടിരുന്നതായും കാണുന്നുണ്ടു്. രാജാക്കന്മാരും വൻകിടജന്മികളുംകൂടി ജനങ്ങളെ പൈതൃകമായ വാത്സല്യത്തോടെ ഭരിച്ചുപോരുകയും ചെയ്തിരുന്നു.

## III

# സഞ്ചാരിവർഗ്ഗങ്ങളുടെ വരവ്

## (ബി. സി. 1000 - 325)

**സ്ഥി**രതാമസമുള്ള ഏഷ്യ (Settled Asia) എന്നു നാം ആദ്യമേ പറഞ്ഞുവെച്ച ദക്ഷിണഖണ്ഡത്തിൻെറ ചരിത്രമാണ് ഇതുവരെ പ്രതിപാദിച്ചതു്. അവിടെയുള്ള മഹാനദികളുടെ തടങ്ങളിലും മററുമായി ബി. സി. 3000-ാമാണ്ടുമുതല്ക്ക് ഉടലെടുത്ത സംസ്കാരത്തിൻേറയും, അവിടെ സ്ഥിരതാമസക്കാരായിക്കഴിഞ്ഞിരുന്ന ജനങ്ങളുടേയും ഏതാണ്ടൊരു രൂപം സ്പഷ്ടമായല്ലൊ. ദക്ഷിണേഷ്യയിലെ ആ ജനങ്ങൾ പുറത്തുള്ളവരുമായി വലിയ ബന്ധവും ഇടപെടലും കൂടാതെ ഏകാന്തമായിത്തന്നെ കഴിയുമായിരുന്നു. പക്ഷേ, അവക്ക് എന്നും അങ്ങനെ സ്വൈരമായിരിക്കാൻ സാധിച്ചില്ലെന്നുള്ളതാണ് വസ്തുത. ദക്ഷിണേഷ്യയിലെ മേല്പറഞ്ഞ പ്രദേശങ്ങളെല്ലാം ഏതാണ്ട് ഒരേ കാലഘട്ടത്തിൽ ത്തന്നെ, ഏഷ്യയുടെ വടക്കുഭാഗത്തുള്ള വർഗ്ഗക്കാരുടെ ആക്രമണത്തിനു വിധേയങ്ങളായിത്തീർന്നിരുന്നു. Nomadic Asia എന്ന പേരിൽ അറിയപ്പെടുന്ന വടക്കേഏഷ്യയിലെ ജനങ്ങൾ ഒരിടത്തും സ്ഥിരതാമസമില്ലാതെ ദേശാന്തരസഞ്ചാരികളായിക്കഴിഞ്ഞിരുന്നവരാണെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. സ്റ്റെപ്പീസ് പ്രദേശങ്ങളുടെ ഫലശൂന്യതയും, ഉത്തരപ്രദേശങ്ങളിലെ കഠിനമായ തണുപ്പും, മരുഭൂമികളിലെ കഠോരമായ ചൂടുമാണ് വടക്കെ ഏഷ്യയിലെ ജനങ്ങളെ ദേശാന്തരഗമനത്തിന് പ്രേരിപ്പിച്ചതു്. കൃഷിയും മററും നടത്തി ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ഥിരമായിക്കഴിഞ്ഞുകൂടുന്ന ഒരു ജീവിതരീതി അവലംബിക്കാൻ മേല്പറഞ്ഞ കാരണങ്ങൾ മൂലം അവക്ക് സാധിച്ചില്ല. ആടുമാടുകളെ വളർത്തുക മാത്രം മുഖ്യതൊഴിലായി സ്വീകരിച്ചിരുന്ന ആ കൂട്ടർ തങ്ങളുടെ മൃഗങ്ങളെ പററംപററമായിത്തെളിച്ചുകൊണ്ട് ദേശാന്തര

സഞ്ചാരത്തിന്നിറങ്ങി. ആഹാരത്തിനു് ആ വളർത്തുമൃഗങ്ങളുടെ പാലും മാംസവും ഉപയോഗിക്കുക, മൃഗങ്ങളുടെ രോമംകൊണ്ടു് നെയ്തുണ്ടാക്കിയ വസ്ത്രങ്ങൾ ധരിക്കുക, മൃഗത്തോൽകൊണ്ടുണ്ടാക്കിയ കൂടാരങ്ങളിൽ പാർക്കുക—ഇതായിരുന്നു അവരുടെ ജീവിത സമ്പ്രദായം.

വടക്കേ ഏഷ്യയുടെതന്നെ കിഴക്കും തെക്കും ഭാഗങ്ങളിൽ ഒട്ടൊട്ടു പരിഷ്കൃതരും സ്ഥിരതാമസക്കാരുമായിക്കഴിഞ്ഞിരുന്ന ജനങ്ങളുടെ സ്വത്തുക്കൾ കൊള്ളചെയ്യുന്നതും, ആ നാടോടിവർഗ്ഗക്കാർ ഒരുപജീവനമാർഗ്ഗമായി സ്വീകരിച്ചുപോന്നിരുന്നു. അങ്ങനെ വടക്കുള്ള വിഭവങ്ങളത്രയും കൊള്ളയടിച്ചുകഴിഞ്ഞശേഷം അവർ തെക്കെ ഏഷ്യയിലേയ്ക്കു നുഴഞ്ഞുകയറാൻ തുടങ്ങി. സാമാന്യം സമ്പൽസമൃദ്ധിയോടുകൂടി ദക്ഷിണേഷ്യയിൽ സ്ഥിരമായിക്കഴിഞ്ഞുകൂടിയിരുന്ന ജനസമൂഹങ്ങളുടെ മേൽ ഔത്തരാഹന്മാരായ സഞ്ചാരവർഗ്ഗക്കാർ നടത്തിയ ആദ്യത്തെ ആക്രമണത്തോടുകൂടിയാണു് ഏഷ്യയുടെ ഇനിയത്തെ ചരിത്രഘട്ടം ആരംഭിക്കുന്നതു്. അടുത്തകാലംവരെ എന്നു പറയത്തക്കവണ്ണം അത്രയേറെ നൂററാണ്ടുകളായി നീണ്ടുനിന്നിരുന്ന ആ കയ്യേററങ്ങളും, ആക്രമണങ്ങളും തന്നെയാണു് ഏഷ്യയുടെ ചരിത്രത്തിൻെറ മുഖ്യവിഷയമെന്നു പറയാം.

ഇങ്ങനെ തെക്കെ ഏഷ്യയിലേയ്ക്കു് കടന്നു് ആദ്യം ആക്രമണം നടത്തിയതു് സെമിററിക്‌വർഗ്ഗക്കാരായിരുന്നു; അറേബിയയിലെ മരുപ്രദേശങ്ങളിൽനിന്നായിരുന്നു അവരുടെ വരവു്. കുറച്ചുകൂടി വടക്കുഭാഗത്തായിട്ടു് കാൽഡിയായിലെ ഊർ എന്ന പ്രദേശത്തുനിന്നു് ഹീബ്രുവർഗ്ഗക്കാരുടെ പ്രഥമനേതാവായ അബ്രാഹമിൻെറ നേതൃത്വത്തിൽ വേറൊരുകൂട്ടരും പുറപ്പെട്ടു. ഈ ഒടുവിൽ പറഞ്ഞ വർഗ്ഗക്കാർ ബി. സി. 2100-ാമാണ്ടോടുകൂടി ഈജിപ്തിലേയ്ക്കു കടന്നു. മററു പലേ സഞ്ചാരിവർഗ്ഗങ്ങളേയുംപോലെ, ഹീബ്രുജനതയും ആകാശത്തിലാണു് തങ്ങളുടെ ദൈവങ്ങളെ അന്വേഷിച്ചിരുന്നതു്. ആദ്യമാദ്യം ഇടിയിലും മിന്നലിലുമൊക്കെ

ദൈവശക്തിയെ സങ്കല്പിച്ചുപോന്നിരുന്ന ഹീബ്രുജനത, ഒടുവിൽ, സ്വൎഗ്ഗത്തിൻേറയും ഭൂമിയുടേയും മനുഷ്യൻേറയും സ്രഷ്ടാവായ ഏകദൈവത്തെക്കുറിച്ചുള്ള വിശ്വാസത്തിലെത്തിച്ചേൎന്നു. അവരുടെ ചരിത്രത്തിലെ ഏററവും ശോഭനങ്ങളായ കാലഘട്ടങ്ങൾ, ഡേവിഡിൻേറയും (1029-974 ബി. സി.) സോളമൻേറയും (973-933 ബി. സി.) ഭരണകാലങ്ങളാണു്. ജരുസലെംനഗരം തലസ്ഥാനമാക്കി ഭരണംനടത്തിയിരുന്ന ഡേവിഡ് തൻെറ സാമ്രാജ്യത്തിൻെറ അതിൎത്തി സിറിയയുടെ മദ്ധ്യഭാഗംവരെ വ്യാപിപ്പിച്ചു. ജ്ഞാനിയെന്നു് പ്രകീൎത്തിക്കപ്പെടുന്ന സോളമൻെറ പ്രസിദ്ധിയേപ്പററി പറയേണ്ടതല്ലോ.

ഇപ്പറഞ്ഞ രണ്ടു ഹീബ്രുരാജാക്കന്മാരുടേയും ഭരണകാലത്തുണ്ടായ ശ്രേയസ്സിൻെറ മുഖ്യനിദാനം ഫിനീഷ്യയിലെ ടയർ എന്ന നഗരവുമായി ഹീബ്രുജനതയ്ക്കുണ്ടായിരുന്ന വ്യാപാരബന്ധമാണു്. ഫിനീഷ്യൻരാജാവായ ഹിറാം ഒന്നാമൻെറ (980-936 ബി. സി.) ഭരണഘട്ടം, ഫിനീഷ്യൻവ്യാപാരത്തിൻെറ ഒരു സുവൎണ്ണദശതന്നെയായിരുന്നു. ഫിനീഷ്യക്കാർ സൈപ്രസ്, മാൾട്ടാ എന്നീ തുറമുഖങ്ങളെ തങ്ങളുടെ കച്ചവടത്താവളങ്ങളാക്കിത്തീൎത്തു; വടക്കെ ആഫ്രിക്കയുടെ തീരപ്രദേശത്തുള്ള കാൎത്തേജായിരുന്നു അവരുടെ മറെറാരു കേന്ദ്രം. ഹീബ്രുജനത ദൗർഭാഗ്യവശാൽ പലചേരികളായിത്തിരിഞ്ഞു് പരസ്പരം കലഹിക്കുകയും തന്നിമിത്തം അവരുടെ പ്രാബല്യം ക്രമേണ ക്ഷയിച്ചുതുടങ്ങുകയും ചെയ്തു. ഈ തക്കംപിടിച്ചു് അസ്സീരിയാക്കാർ ഹീബ്രുജനതയെ കീഴടക്കുവാനുള്ള ശ്രമം ആരംഭിച്ചു. ബി. സി. 587-ൽ ഹീബ്രുജനങ്ങളത്രയും ബാബിലോണിലേയ്ക്കു നാടുകടത്തപ്പെട്ടുവെന്നതായിരുന്നു ഈ ആക്രമണത്തിൻെറ ഫലം. 'ബാബിലോണിലെ അടിമത്തം' ചരിത്രപ്രസിദ്ധമാണല്ലോ. ആ അടിമത്തം കഴിഞ്ഞു് ബി. സി. 500-ാമാണ്ടോടുകൂടി യൂദന്മാർ പലസ്തീനായിലേയ്ക്കു് മടങ്ങിയെങ്കിലും, അവർ മററു വൎഗ്ഗക്കാരുടെ ആക്രമണങ്ങൾക്കു് പിന്നെയും വിധേയരായിത്തീരുകയാണുണ്ടായതു്. മാസിഡോ

ണിയാക്കാർ, സിറിയാക്കാർ, റോമാക്കാർ എന്നിവർ ഹീബ്രു ജനതയെ മാറിമാറി കീഴടക്കിക്കളെഞ്ഞു. റോമൻമേധാവിത്വ ത്തിൽനിന്നു മുക്തി നേടുവാൻ യഹൂദന്മാർ നടത്തിയ ഒടുവില ത്തെ വിപ്ലവം, അവരുടെ ജീവനാഡിയായ ജരുസലെംദേവാല യത്തിൻെറ തകർച്ചയിലും സമുദായത്തിൻെറ സമൂലശിഥിലീകര ണത്തിലുമാണു് കലാശിച്ചതു്. അതോടെ ഹീബ്രുജനത ലോകത്തി ൻെറ വിവിധഭാഗങ്ങളിലായി ചിതറിപ്പോയി. പിന്നീടു് ഈ അടുത്തകാലത്തു മാത്രമാണു്, ചില പാശ്ചാത്യരാജ്യങ്ങളുടേയും അമേരിക്കൻഐക്യസംസ്ഥാനങ്ങളുടേയും നയവിശേഷത്തി ൻെറ ഫലമായി, യഹൂദമാർക്കു് സ്വന്തമായി ഒരു രാഷ്ട്രം പുനഃ സ്ഥാപിക്കാനിടവന്നതു്. യഹൂദജനത തരണംചെയ്യേണ്ടിവന്നി ട്ടുള്ള ഭാഗ്യവും ദൗർഭാഗ്യവും എന്തൊക്കെത്തന്നെയായിരുന്നാലും, ഏകദൈവവിശ്വാസത്തിൻെറ നിരന്തര സാക്ഷികളായിട്ടാണു് അവർ ലോകചരിത്രത്തിൽ നിലകൊണ്ടുപോന്നിട്ടുള്ളതെന്നു് സ മ്മതിക്കണം. ലോകത്തിലെ ഒരു മഹാമതത്തിൻെറ സ്ഥാപകനാ യ യേശുക്രിസ്തുവിൻെറ അവതാരവും ആ സമുദായത്തിൽനിന്നാ യിരുന്നുവല്ലൊ.

സെമിററിക്‌വർഗ്ഗങ്ങളിൽത്തന്നെ ഉൾപ്പെടുന്ന അസ്സീരിയാ ക്കാർ, ഇപ്പോൾ മൊസൂൾ എന്നറിയപ്പെടുന്ന സ്ഥലം കേന്ദ്രമാ ക്കിക്കൊണ്ടു്, ബി. സി. 1170–ാമാണ്ടോടുകൂടി മെസൊപ്പൊട്ടേ മിയായിലെ സുമേരിയൻ–അക്കേഡിയൻ സീമകൾ കീഴടക്കി ഭര ണം ആരംഭിക്കുകയും, അതു് ബി. സി. ഏഴാം നൂററാണ്ടുവരെ ദീ ർഘിക്കുകയുമുണ്ടായി. സമരതല്പരതയിലും ക്രൂരതയിലും പ്രാചീന ഏഷ്യയിൽ ഏററവും മുന്തിനിന്നിരുന്ന ഒരു വർഗ്ഗമായിട്ടാണു് അസ്സീരിയാക്കാർ ചരിത്രത്തിൽ അറിയപ്പെടുക. 'ആട്ടിൻകൂട്ട ത്തിൻെറ മേൽ ചാടിവീഴുന്ന ചെന്നായ'യായിട്ടാണു് ഒരു ആം ഗ്ലേയകവി അവരെ വർണ്ണിച്ചിരിക്കുന്നതു്. ആദ്യത്തെ അസ്സീരി യൻജേതാവായ തിഗലത്ത്ഫലാസർ ഒന്നാമൻ (1116–1090 ബി. സി.) മദ്ധ്യധരണ്യാഴിവരെയുള്ള ഭൂപ്രദേശം മുഴുവൻ ആക്ര

മിച്ചു കീഴടക്കി. മററൊരു അസ്സീരിയൻരാജാവായ അസുർബാനിപ്പാൾ രണ്ടാമൻ (884-860 ബി. സി.) ബാബിലോണിയാക്കാരെ തോല്പിച്ചു്, തന്റെ സാമ്രാജ്യത്തിന്റെ അതിർത്തികൾ മെസൊപ്പൊട്ടേമിയായുടെ വടക്കുപടിഞ്ഞാറുഭാഗത്തേയ്ക്കും സിറിയയുടെ ഉത്തരപ്രാന്തങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. സാർഗൺ രണ്ടാമൻ (722-705 ബി. സി.) എന്ന വേറൊരു അസ്സീരിയൻ രാജാവു്, യഹൂദരാഷ്ട്രങ്ങളിൽ ഒന്നായിരുന്ന സമേരിയാ കീഴടക്കുകയും, ആ വിജയത്തിന്റെ സ്മാരകമായി തന്റെ തലസ്ഥാനപുരിയായ നിനെവെയുടെ കിഴക്കു ഭാഗത്തായിട്ടു് ദൗർ ഷറൂക്കി എന്ന പേരിൽ ഒരു കൊട്ടാരം സ്ഥാപിക്കുകയുംചെയ്തു. സെന്നാക്കെറിബു് (705-680 ബി. സി.) എന്ന അസ്സീരിയൻരാജാവു് ബാബിലോണിയായിലെ മറെറാരു നാട്ടുവാഴിയെ ആട്ടിപ്പായിച്ചു. ഹസ്സർഹഡൻ എന്ന മറെറാരു അസ്സീരിയൻരാജാവു് രണ്ടു പ്രാവശ്യം ഈജിപ്തിൽ ആക്രമണം നടത്തി, അവിടെ തന്റെ മേൽക്കോയ്മ ഉറപ്പിച്ചു. അദ്ദേഹത്തിന്റെ പുത്രനായ അസുർബാനിപ്പാൾ (668-626 ബി. സി.) മെസൊപ്പൊട്ടേമിയൻസാമ്രാജ്യത്തിലെ എലം എന്ന രാജ്യവും അതിന്റെ തലസ്ഥാനമായ സൂസാനഗരവും നശിപ്പിച്ചു.

ഈ അസുർബാനിപ്പാളിന്റെ ഭരണകാലത്താണു്, അസ്സീരിയായുടെ പ്രാബല്യം അതിന്റെ പാരമ്യത്തിലെത്തിയതു്. നിനെവെ എന്ന തലസ്ഥാനനഗരംതന്നെ, ഏഷ്യയുടെ പ്രാചീനചരിത്രത്തിന്റെ ഒരു വിജയസ്തംഭമായിരുന്നു. ബാബിലോണിയൻ സംസ്കാരത്തിന്റേയും, സുമേരിയൻ-അക്കേഡിയൻസംസ്കാരത്തിന്റേയും സത്തയത്രയും നിനെവെ നഗരത്തിൽ നിക്ഷിപ്തമായിരുന്നുവെന്നു പറയുന്നതിൽ തെററില്ല. സുമേരിയൻ-അക്കേഡിയൻ സാഹിത്യത്തിലെ സകല പ്രാചീനകൃതികളും അടങ്ങിയ ഒരു ഗ്രന്ഥശാല അവിടെയുണ്ടായിരുന്നു. അവിടത്തെ ശില്പകലാസൃഷ്ടികളും അസ്സീരിയൻസംസ്കാരത്തിന്റെ വിലപ്പെട്ട പ്രതീകങ്ങളത്രെ. യുദ്ധവും നായാട്ടും മററും നടക്കുന്ന രംഗങ്ങൾ മുഴച്ചുകാണ

ത്തക്കവണ്ണം ചിത്രിച്ചിട്ടുള്ള ലോഹപ്രതിമകഠം എത്ര സജീവങ്ങളായിരുന്നെന്നോ? മുറിവേററ സിംഹത്തിന്റെ ക്രൗൎയ്യവും, ശൗൎയ്യവും ആ ലോഹപ്രതിമകളിൽ യഥാതഥം പകൎത്തുവാൻ അന്നത്തെ ശില്പികഠം കാണിച്ചിട്ടുള്ള കഴിവു് എത്രയും പ്രശംസനീയമാണു്.

അസ്സീരിയൻസാമ്രാജ്യത്തിലെ ഭരണനയങ്ങളും മററും സൈന്യബലത്തെയാണു് ആശ്രയിച്ചിരുന്നതു്. സമരങ്ങളിൽ കുതിരപ്പട്ടാളത്തിന്നായിരുന്നു അവിടെ പ്രാധാന്യം. അസ്സീരിയാക്കാർ അവരുടെ ശൂരതയും ക്രൂരതയുംകൊണ്ടാണു് ചരിത്രത്തിൽ മുഖ്യമായി അനുസ്മരിക്കപ്പെടുന്നതു്; അവരുടെ വിജിഗീഷുക്കളായ ഭരണകൎത്താക്കഠം വിശേഷിച്ചും. അസ്സീരിയാക്കാർ ഭൗതികപരിഷ്കാരത്തിൽ മുമ്പന്മാരായിരുന്നുവെങ്കിലും, ധാൎമ്മികനിലവാരത്തിൽ അവർ തങ്ങളുടെ പുരോഗാമികളായ സുമേരിയൻ–അക്കേഡിയന്മാരേയും മററും അപേക്ഷിച്ചു് തുലോം പിന്നിലായിരുന്നു. ക്രൂരതയ്ക്കും മനുഷ്യത്വമില്ലായ്മയ്ക്കും ഒരു പൎയ്യായമായിട്ടാണു് അസ്സീരിയാക്കാരുടെ പേരു് ചരിത്രത്തിൽ ശേഷിക്കുക.

സഞ്ചാരിവൎഗ്ഗങ്ങളിൽപ്പെട്ട മറെറാരു ജനതയുടെ ആക്രമണത്തോടെ അസ്സീരിയാക്കാരും നിലംപതിക്കാൻ തുടങ്ങി. സെമിററിക്വൎഗ്ഗക്കാരിൽനിന്നു് വ്യത്യസ്തരായ ഒരു കൂട്ടരാണു് അപ്പോഠം രംഗപ്രവേശം ചെയ്തതു്; അവക്കു് ഇൻഡോയൂറോപ്യൻ ജനതയെന്നാണു് ചരിത്രം നല്കുന്ന പെരു്. അവരുടെ ഒരു ശാഖ യൂറോപ്പിൽ കടന്നു് രാഷ്ട്രങ്ങഠം സ്ഥാപിച്ചു; മറെറാരു ശാഖ ഇന്ത്യയുംപ്പെടെയുള്ള ഏഷ്യൻരാജ്യങ്ങളിലേയ്ക്കും പ്രവേശിച്ചു. ഇപ്പറഞ്ഞ ഇൻഡോയൂറോപ്യൻ വൎഗ്ഗക്കാരിൽ ആദ്യം പുറപ്പെട്ടതു് സിമ്മേരിയക്കാരാണു്; പിന്നീടു റഷ്യയുടെ വടക്കുഭാഗത്തുള്ള സ്റെറപ്പീസ് പ്രദേശത്തുനിന്നു് സിത്തിയാക്കാർ എന്ന വേറൊരു വിഭാഗക്കാരുടെ വരവായി. മീഡിയാക്കാർ എന്നു പറയപ്പെടുന്ന മറെറാരു ഇൻഡോയൂറോപ്യൻ വിഭാഗമാണു് അതിനുശേഷം പ്രത്യക്ഷപ്പെട്ടതു്. ഈ ഒടുവിൽ പറഞ്ഞ മീഡിയാക്കാരു

ടെ രാജാവായ സൈയാക്സറെസ് എന്ന ദേഹവും, അസ്സീരിയാക്കാരെ എതിർത്തുകൊണ്ടിരുന്ന (626-605 ബി. സി.) ബാബിലോണിയൻരാജാവായ നബോപ്പൊലാസറും ഒരുമിച്ചാണ് ഒടുവിൽ അസ്സീരിയയെ ആക്രമിച്ചതു്. അതിൻെറ ഫലമായി നിനെവെ നഗരം ബി. സി. 612-ൽ നശിപ്പിക്കപ്പെടുകയും, അസ്സീരിയൻ സാമ്രാജ്യത്തിൻെറ പേരും പെരുമയും നിശ്ശേഷം തിരോഭവിക്കുകയുംചെയ്തു.

മേല്പറഞ്ഞ ഇൻഡോയൂറോപ്യൻഗോത്രങ്ങളുടെ കൂട്ടത്തിൽ മീഡിയാക്കാർക്കാണ് സുശക്തമായ ഒരു രാഷ്ട്രം സ്ഥാപിക്കുവാൻ കഴിഞ്ഞതു്. അവർ ആദ്യം അർമേനിയയും, ഏഷ്യാമൈനറിലെ ഹാലിസ്നദിവരേയുള്ള കിഴക്കെ അനറ്റോലിയായും പിടിച്ചടക്കി; അതേസമയംതന്നെ, ഇറാൻെറ പടിഞ്ഞാറു ഭാഗത്തായിട്ടു് മെർമ്നേയ്ഡ്രാജവംശക്കാർ (687-546 ബി. സി.) ലിഡിയാ എന്ന പേരിൽ ഒരു രാഷ്ട്രം സ്ഥാപിക്കുകയുമുണ്ടായി. ലിഡിയായുടെ തലസ്ഥാനമായ സാർഡിസ് അന്നത്തെ ഏററവും ഐശ്വര്യസമൃദ്ധങ്ങളായ നഗരങ്ങളിൽ ഒന്നായിരുന്നു.

ബി. സി. 549-മാണ്ടായപ്പോഴെയ്ക്കു്, ഇൻഡോയൂറോപ്യൻ ഗോത്രത്തിൻെറതന്നെ വേറൊരു ശാഖയായ പേഴ്സ്യാക്കാർ മുൻപറഞ്ഞ മീഡിയാക്കാരുടെ രാഷ്ട്രം ആക്രമിച്ചു. ചരിത്രത്തിൽ അറിയപ്പെടുന്ന പ്രസിദ്ധനായ സൈറസ് എന്ന പേഴ്സ്യൻ രാജാവു് (549-529 ബി. സി,) മീഡിയാക്കാരെ കീഴടക്കിയ ശേഷം മുൻപറഞ്ഞ ലിഡിയാരാജ്യവും കരസ്ഥമാക്കി. അന്നത്തെ ലിഡിയാരാജാവായ ക്രീസൂസ് വമ്പിച്ച സ്വത്തുക്കളുടെ അധിനാഥനായിരുന്നു— "ക്രീസൂസിനെപ്പോലെ സമ്പന്നനായ" എന്നൊരു പഴമൊഴിതന്നെ നടപ്പുണ്ടായിരുന്നു. അത്രയും പ്രതാപശാലിയായിരുന്ന ആ ലിഡിയാരാജാവിനെ സൈറസ് ഒരു തടവുകാരനാക്കിത്തീർത്തു. സൈറസിൻെറ ആക്രമണം അവിടംകൊണ്ടും നിലച്ചില്ല. ബി. സി. 539-ൽ അദ്ദേഹം ബാബിലോണും, പിന്നീടു് കിഴക്കെ ഇറാൻ മുഴുവനും കീഴടക്കി. സൈ

റസിനെ പിന്തുടൎന്ന കാംബിസസ് എന്ന പേഴ്സ്യൻരാജാവു് ബി. സി. 525-ൽ ഈജിപ്തും പിടിച്ചെടുത്തു. ക്രമേണ ഏഷ്യാമൈനർ മുഴുവനിലും പേഴ്സ്യയുടെ ആധിപത്യം വ്യാപിച്ചു. അങ്ങനെ വിസ്തൃതമായിത്തീൎന്ന പേഴ്സ്യൻസാമ്രാജ്യത്തിനു് ഒരു വ്യവസ്ഥിതരൂപം നല്കി ഭരണം ആരംഭിച്ചതു്, പിന്നത്തെ പേഴ്സ്യൻരാജാവായ ഡേരിയസ് ഒന്നാമൻ (521-486 ബി. സി.) ആയിരുന്നു. അദ്ദേഹം സാമ്രാജ്യത്തെ പലേ പ്രോവിൻസുകളായി വിഭജിച്ചു് ഭരണം കാൎയ്യക്ഷമമാക്കിത്തീൎത്തു; ധനകാൎയ്യങ്ങഠം ചിട്ടപ്പെടുത്തി; ഭരണസീമയിൽപ്പെട്ട വിവിധതരക്കാരായ ജനങ്ങളോടു് സഹിഷ്ണുത കാണിക്കുന്ന ഒരു നയം നടപ്പാക്കുകയും ചെയ്തു. മൊത്തത്തിൽ പറഞ്ഞാൽ, പേഴ്സ്യൻരാജാക്കന്മാർ അസ്സീറിയൻ ഭരണകൎത്താക്കളേക്കാഠം ദയാശീലരും ധൎമ്മനിരതരുമായിരുന്നു.

ഡേരിയസും അദ്ദേഹത്തിൻെറ പുത്രനായ സെർക്സസ് രണ്ടാമനും ഗ്രീസിനെ ആക്രമിച്ചതിൽവെച്ചാണു് പേഴ്സ്യൻസാമ്രാജ്യത്തിനു് ചില പരാജയങ്ങഠം അനുഭവപ്പെട്ടുതുടങ്ങിയതു്. ബി. സി. 490-ൽ മാരത്തോണിൽവെച്ചും, ബി. സി. 480-ൽ സലാമിസിൽവെച്ചും പേഴ്സ്യൻസൈന്യങ്ങളെ ഗ്രീക്കുകാർ തോല്പിച്ചു. പക്ഷേ, ഈ പരാജയംകൊണ്ടു് പേഴ്സ്യൻസാമ്രാജ്യത്തിൻെറ ഐശ്വൎയ്യത്തിനു് പറയത്തക്ക കോട്ടമൊന്നും തട്ടിയില്ല. പേഴ്സ്യൻരാജാക്കന്മാരുടെ തലസ്ഥാനനഗരങ്ങളായിരുന്ന പെഴ്സിപ്പൊലിസും, സൂസയും പ്രാചീനപേഴ്സ്യയുടെ സമുന്നതമായ പരിഷ്കാരത്തിനും സംസ്കാരത്തിനും സാക്ഷ്യംവഹിച്ചുകൊണ്ടു് പിന്നെയും പരിശോഭിച്ചു. ബാബിലോൺ, സുമേരിയാ-അക്കാഡ്, ഗ്രീസ് എന്നിവിടങ്ങളിലെയെല്ലാം പാരമ്പൎയ്യങ്ങളാൽ പരിപുഷ്ടമായ പേഴ്സ്യൻസംസ്കാരത്തിൻെറയും കലയുടേയും സ്വാധീനശക്തി ഭാരതഖണ്ഡത്തിലെങ്ങും വ്യാപിക്കുകയുണ്ടായി. പ്രാചീനപേഴ്സ്യയുടെ മതം, അതിൻെറ മൗലികാംശങ്ങളെസ്സംബന്ധിച്ചിടത്തോളം, ഇൻഡോയൂറോപ്യൻജനതയുടേതിൽനിന്നു് വ്യത്യസ്തമായിരുന്നില്ല. പ്രകൃതിശക്തികളെ പല പല ദൈവങ്ങളുടെ

പ്രതിരൂപങ്ങളായി സങ്കല്പിക്കുന്ന പതിവു് പേഴ്സ്യാക്കാൎക്കുമുണ്ടായിരുന്നു. ബി. സി. 700–നും 600–നും മദ്ധ്യേ ജീവിച്ചിരുന്ന സൊറാസ്റ്റർ എന്ന തത്വജ്ഞാനി പേഴ്സ്യൻമതത്തെ പരിഷ്കരിച്ചു് അതിന്നു് ഒരു പുതിയ രൂപം കൊടുത്തു. സോറാസ്ട്രിയൻ മതം എന്ന പേരിലാണു് ഇതു് അറിയപ്പെടുന്നതു്. ഈ മതത്തിന്റെ സിദ്ധാന്തങ്ങൾ വിവരിക്കുന്ന ഗ്രന്ഥമാണു് 'സെൻഡു് അവെസ്ത' (Zend Avesta). ദ്വൈതവാദത്തിന്റെ തത്വങ്ങളും, നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനത്തിന്റെ സ്വഭാവവുമാണു് ഈ മതഗ്രന്ഥത്തിലെ മുഖ്യ പ്രതിപാദ്യം. എ. ഡി. 700–ാമാണ്ടിൽ ഇന്ത്യയിലേയ്ക്കുവന്ന പാഴ്സികൾ മുഖേന ഈ മതം ഇപ്പൊഴും നിലനില്ക്കുന്നുണ്ടു്.

## ഇന്ത്യയിലേയ്ക്കു്

ഇൻഡോയൂറോപ്യൻവൎഗ്ഗക്കാരുടെ ഒരു വിഭാഗം ഇന്ത്യയിലേയ്ക്കും പ്രവേശിച്ചതായി മുമ്പു് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആര്യന്മാർ എന്ന പേരിൽ അറിയപ്പെടുന്ന ആ വിഭാഗം ബി. സി. 1500–ാമാണ്ടോടുകൂടിയാണു് ഇന്ത്യയിലേയ്ക്കു് കാൽവെച്ചതു്. അവർ ഹിന്ദുക്കുഷ്പൎവ്വതനിര കടന്നു്, ഇപ്പോൾ പഞ്ചാബു് എന്ന പേരിൽ അറിയപ്പെടുന്ന പഞ്ചനദീതടങ്ങളിൽ ആദ്യം താവളമടിച്ചു. ആര്യന്മാരുടെ ഭാഷ ഇൻഡോയൂറോപ്യൻ ഗോത്രത്തിൽപ്പെട്ട പേഴ്സ്യൻ, ഗ്രീക്കു്, ലാററിൻ എന്നീ ഭാഷകളോടു് സാമ്യമുള്ള സംസ്കൃതമായിരുന്നു. അവർ ആ ഭാഷയിൽ പ്രാൎത്ഥനകളും ആരാധനക്രമങ്ങളും ഗാനങ്ങളും രചിച്ചു് തങ്ങളുടെ ദൈവങ്ങളായ ഇന്ദ്രൻ, വരുണൻ, സൂൎയ്യൻ, അഗ്നി, രുദ്രൻ മുതലായവരെ കീൎത്തിച്ചു.

ആര്യന്മാർ തങ്ങളുടെ കന്നുകാലിക്കൂട്ടങ്ങളേയും തെളിച്ചുകൊണ്ടു കുതിരപ്പുറത്തും കാൽനടയുമായി കണ്ട കണ്ട ഫലഭൂയിഷ്ഠങ്ങളായ പ്രദേശങ്ങളിലേയ്ക്കെല്ലാം തള്ളിപ്പരന്നു. സിന്ധുനദീതടങ്ങളിലും പരിസരങ്ങളിലുമായുണ്ടായിരുന്ന നഗരരാഷ്ട്രങ്ങളുടേ

യും, ദ്രാവിഡഗോത്രങ്ങളുടേയും ഭദ്രതയെ ഭഞ്ജിച്ചുകൊണ്ടായിരുന്നു ആര്യന്മാരുടെ ഈ മുന്നേററം. സിന്ധുനദീതടങ്ങൾ മാത്രമല്ല ഗംഗാസമതലവും കീഴടക്കി, അവിടെയെല്ലാം അവർ താവളമുറപ്പിച്ചു. പിന്നെയും മുന്നോട്ടുള്ള പോക്കിൽ അവക്ക് ഒരു മാഗ്ഗതടസ്സമുണ്ടായതു് ബ്രഹ്മപുത്രനദിയിലെ വെള്ളപ്പൊക്കം മൂലമായിരുന്നു. അങ്ങനെ വഴി മുട്ടിയപ്പോൾ, അവർ കിഴക്കുഭാഗത്തുള്ള ബങ്കാൾ ഉൾക്കടലിൻെറ തീരം പിടിച്ചു് തെക്കോട്ടു് തിരിച്ചു. മദ്ധ്യഏഷ്യയിൽനിന്നു പുറപ്പെട്ടശേഷം അവർ ആദ്യമായി കടൽ കണ്ടതു് അപ്പോഴായിരുന്നുവത്രെ. കിഴക്കൻതീരത്തുകൂടിയുള്ള ആ യാത്രയിൽ അവിടങ്ങളിലെ ആദിമനിവാസികളായ മുൺഡാ, ഒറോൻ, സാന്തൽ എന്നീ പേരുകളിൽ ഇന്നറിയപ്പെടുന്ന വഗ്ഗക്കാരുടെ പൂവ്വികന്മാരുമായി ആര്യന്മാക്കു ഏററുമുട്ടേണ്ടിവന്നു. ഇന്ത്യയുടെ ആ ഭാഗത്തു് മലകളും വലിയ നദികളുമില്ലാത്തതിനാൽ അവർ നിബ്ബാധം തെക്കോട്ടു നീങ്ങുകയായി. ഒറിയാക്കാർ, ആന്ധ്രാക്കാർ തമിഴർ മുതലായ നാട്ടുകാരുമായിട്ടാണ് പിന്നെ അവർ എതിരിട്ടതു്. ആര്യന്മാരുടെ ഒരു വിഭാഗം ഇങ്ങനെ കിഴക്കൻതീരത്തുടെ മുന്നേറിക്കൊണ്ടിരുന്നപ്പോൾ, മറെറാരു വിഭാഗം ഇന്ത്യയുടെ പടിഞ്ഞാറഭാഗത്തുകൂടി ഡക്കാനിലേയ്ക്കു കടക്കുന്നുണ്ടായിരുന്നു; ആ വഴിക്കു കടന്ന ആര്യന്മാർ ബിഹിലർ, ഗൂർജാരർ, യാദവർ മുതലായ ആദിമനിവാസികളെയാണ് അഭിമുഖീകരിക്കേണ്ടിവന്നതു്.

ആര്യന്മാരുടെ ഈ കുടിയേററത്തോടുകൂടി, അവരുടെ സംസ്കാരവും ഇന്ത്യയിലെ ആദിമനിവാസികളായ ദ്രാവിഡന്മാരുടെ സംസ്കാരവും തമ്മിൽ ഒരു സങ്കലനം നടക്കുന്നുണ്ടായിരുന്നു; അങ്ങനെയുണ്ടായ സങ്കരസംസ്കാരമാണ്, വാസ്തവത്തിൽ ഭാരതീയസംസ്കാരത്തിൻെറ ചരിത്രപരമായ അസ്ഥിവാരം. ആര്യന്മാക്ക് തങ്ങളുടെ സ്വന്തം സംസ്കാരം ഇവിടത്തെ ആദിമനിവാസികളുടെമേൽ അതേപടി അടിച്ചേല്പിക്കാനുള്ള ശക്തിയുണ്ടായിരുന്നില്ലെന്നുള്ളതും ഈ സങ്കരസംസ്കാരത്തെ സഹായിച്ചിരിക്കാം. ഇവിട

ത്തെ ആദിമനിവാസികളിൽനിന്നു് അവർ പലതും, പഠിക്കുകയും സ്വീകരിക്കുകയുമുണ്ടായി. ഉദാഹരണത്തിനു്, കന്നുകാലിവളത്തൽമാത്രം വശമുണ്ടായിരുന്ന ആൎയ്യന്മാർ കൃഷിപ്പണി ശീലിച്ചതുതന്നെ സ്ഥിരതാമസക്കാരായ ഇന്ത്യൻജനതയിൽനിന്നായിരുന്നു. അതുപോലെതന്നെ, ഇന്ത്യയിലെ ആദിമനിവാസികളുടെ പലേ വിശ്വാസാചാരങ്ങളും അവർ സ്വീകരിക്കുകയുമുണ്ടായി. അതിനും ചില ദൃഷ്ടാന്തങ്ങൾ പറയാം: പുനൎജ്ജന്മത്തേക്കുറിച്ചുള്ള വിശ്വാസംതന്നെ ആൎയ്യന്മാർ ദ്രാവിഡവൎഗ്ഗക്കാരിൽനിന്നു് പകൎത്തിയതാണു്; ആൎയ്യന്മാരുടെ ആദിമവേദഗ്രന്ഥങ്ങളിൽ പുനൎജ്ജന്മത്തേക്കുറിച്ചുള്ള പരാമൎശം ഇല്ലെന്നുള്ളതു് ഇപ്പറഞ്ഞതതിനു് ഒരു തെളിവത്രെ. ദ്രാവിഡർ ആരാധിച്ചുപോന്നിരുന്ന ശിവൻ, മുരുകൻ, കാളി എന്നീ ദേവതകൾക്കു് ആൎയ്യന്മാരുടെ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠ ലഭിച്ചതും ഇവിടെ സ്മരണീയമാണു്.

ആര്യപുരോഹിതന്മാരായ ബ്രാഹ്മണർ കൎമ്മസിദ്ധാന്തത്തിനും മററും യുക്തിസഹമായ ചില വ്യാഖ്യാനങ്ങൾ നല്കിയതിനും പുറമെ, ചാതുൎവ്വൎണ്യം ഏൎപ്പെടുത്തുകയുണ്ടായി. ജനങ്ങളെ തൊഴിൽ അനുസരിച്ചു (1) ബ്രാഹ്മണർ (പുരോഹിതർ) (2) ക്ഷത്രിയർ (യോദ്ധാക്കൾ) (3) വൈശ്യർ (വ്യാപാരികൾ) (4) ശൂദ്രർ (ജോലിക്കാർ) എന്നിങ്ങനെ നാലായി അവർ തരംതിരിച്ചു. ജാതിവ്യത്യാസത്തിനു് അടിത്തറ പാകിയ ചാതുൎവ്വൎണ്യസമ്പ്രദായത്തെ അചഞ്ചലമായി നിലനിൎത്താൻപോരുന്ന ആചാരസംഹിതകളും ആ പുരോഹിതവൎഗ്ഗം നടപ്പാക്കി. മിശ്രവിവാഹവും മിശ്രഭോജനവും നിരോധിക്കുക, അയിത്തം ആചരിക്കുക മുതലായവയാണു് ജാതിവ്യത്യാസത്തെ അഭംഗമായി പാലിക്കാൻ പ്രയോഗിക്കപ്പെട്ട ചട്ടങ്ങളും നിയമങ്ങളും. തൊഴിലിനെ അടിസ്ഥാനമാക്കിത്തുടങ്ങിയ ഈ ചാതുൎവ്വൎണ്യസമ്പ്രദായം ക്രമേണ ഇന്ത്യയുടെ രാഷ്ട്രീയഭിന്നതയ്ക്കുതന്നെ ഒരു പ്രധാന കാരണമായിത്തീൎന്നു. ജനങ്ങൾ തമ്മിൽതമ്മിലുള്ള സാമൂഹ്യമായ ഈ വേർതിരിവു് രാഷ്ട്രീയമായ വേർതിരിവിനും ഹേതുവായെന്നൎത്ഥം. ചാതുൎവ്വ

ണ്ണുസൃഷ്ടമായ ഈ ജാതിക്കോട്ടമേൽ തട്ടിയാണു്, ഇന്ത്യയുടെ ഏകീകരണത്തിനുള്ള പല പരിശ്രമങ്ങളും തകൎന്നുപോയതു്.

ഹിന്ദുമതത്തിനു പുറമെ ജൈനമതം, ബുദ്ധമതം എന്നിങ്ങനെ രണ്ടു മതങ്ങൾകൂടി ഇന്ത്യയിൽ ആവിൎഭവിച്ചു. ജൈനമതത്തിന്റെ സ്ഥാപകൻ മഹാവീരൻ (540-465 ബി. സി.) ആയിരുന്നു. ഉഗ്രമായ തപസ്സും അഹിംസാനുഷ്ഠാനവുംകൊണ്ടു് പുനൎജ്ജന്മത്തിൽ നിന്നു് രക്ഷപ്പെടാമെന്നു് ജൈനമതം പഠിപ്പിച്ചു. ഒന്നാലോചിച്ചാൽ, ഹിന്ദുമതത്തിന്റെ കുറവുകളെ പരിഹരിക്കുകയായിരുന്നു ജൈനമതത്തിന്റേയും ബുദ്ധമതത്തിന്റേയും ഉദ്ദേശ്യം. കപിലവസ്തുവിലെ രാജനന്ദനനായി ജനിച്ച ബുദ്ധൻ രാജത്വവും സിംഹാസനവുമെല്ലാം കൈവെടിഞ്ഞു് ഒരു ഭിക്ഷുവായിത്തീൎന്നതു് ശ്രദ്ധാൎഹമായ ഒരു ചരിത്രസംഭവമാണു്. ബഹുജനങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യം, രോഗം, നിസ്സഹായത മുതലായ പീഡകൾ അദ്ദേഹത്തിന്റെ ഹൃദയത്തെ ഗാഢമായി സ്പൎശിച്ചു. പീഡകളിൽനിന്നു മനുഷ്യരാശിയെ മോചിപ്പിക്കുവാനുള്ള മാൎഗ്ഗത്തേപ്പററി ചിന്തിച്ചു് ഉഗ്രതപസ്സിൽ മുഴുകിയ ബുദ്ധൻ, സൎവ്വസംഗപരിത്യാഗിയായ ഒരു മഹൎഷിയും ജീവകാരുണികനുമായിത്തീൎന്നു. മനുഷ്യരെ മാത്രമല്ല സൎവ്വജീവജാലങ്ങളേയും സ്നേഹിക്കുവാനും, ലോകത്തെ നിഷ്കാമമായി സേവിക്കുവാനും അദ്ദേഹം പഠിപ്പിച്ചു. ത്യാഗം, പരസ്നേഹം, ജീവിതനൈൎമ്മല്യം, ലോകസേവനം, അഹിംസ ആദിയായ ഗുണങ്ങളെ അടിസ്ഥാനമാക്കി ബുദ്ധൻ സ്ഥാപിച്ച മതം ലോകത്തിന്റെ സാൎവ്വത്രികമായ ശ്രദ്ധയെ അൎഹിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ജാതിഭേദം നോക്കാതെയാണു് ബുദ്ധൻ തന്റെ ശിഷ്യവൎഗ്ഗത്തെ തിരിഞ്ഞെടുത്തതു്. അദ്ദേഹം ആ ശിഷ്യന്മാൎക്കായി 'വിഹാരങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന ആശ്രമങ്ങൾ സ്ഥാപിച്ചു. ബുദ്ധന്റെ ശിഷ്യന്മാൎക്കു് ഭിക്ഷുക്കളെന്നും ശ്രവണരെന്നും പേർ പറയപ്പെടുന്നു. ബുദ്ധൻ ജീവിച്ചിരുന്ന കാലത്തുതന്നെ ഉത്തരേന്ത്യയിലെ മഗധ, ബെനാറിസ്, ഔഡ് മുതലായ പല സ്ഥലങ്ങളിലും അദ്ദേഹത്തിന്റെ മതം പ്രചരിച്ചു. ദക്ഷിണേന്ത്യയിലേയ്ക്കു്

കടന്നു് ആ മതം സിലോൺവരെ വ്യാപിക്കുകയുണ്ടായി. വടക്കു് പർവ്വതപംക്തികൾ കടന്നു് ഇന്ത്യയ്ക്കുപ്പുറത്തേയ്ക്കും ബുദ്ധമതത്തിന്റെ വെളിച്ചം വീശാതിരുന്നില്ല.

ഇന്ത്യാക്കാരുടെ ജീവിതത്തിലും ചിന്താഗതിയിലും ഒരു പുതിയ ചൈതന്യം പരത്തുവാൻ ബുദ്ധമതത്തിനു സാധിച്ചു. ജാതിവ്യത്യാസം മൂലം ജനതാമദ്ധ്യത്തിലുണ്ടായ വിടവു് നികത്തുവാൻ ആ മതത്തിന്റെ തത്വങ്ങൾ സഹായമായിത്തീർന്നു. വടക്കു ദൽഹി മുതൽ തെക്കു് മൈസൂർവരെ വ്യാപിച്ചു കിടന്നിരുന്ന വിസ്തൃതമായ സാമ്രാജ്യത്തിന്റെ അധിപനായ അശോകൻതന്നെ ബുദ്ധമതത്തിന്റെ ഒരു പ്രേഷിതനായിരുന്നുവെന്നു് പ്രസിദ്ധമാണല്ലൊ. സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും സന്ദേശമാണു് ബുദ്ധൻ നല്കിയതു്. ജാതിവ്യത്യാസം അനുസരിച്ചുള്ള ശുദ്ധാശുദ്ധവിചാരങ്ങളേയും കർമ്മക്രമങ്ങളേയും മററും അവഗണിച്ചു് ബുദ്ധമതം മനുഷ്യന്റെ വ്യക്തിപരമായ വിശുദ്ധിക്കു് പ്രാധാന്യം കല്പിച്ചു. അതിന്റെ ഫലമായി ചരിത്രപുരുഷന്മാരെന്നു് എണ്ണത്തക്കവണ്ണം ഉത്തമരായ പല ഭരണകർത്താക്കളും പ്രബോധകന്മാരും ഇന്ത്യയിൽ ഉദയംകൊള്ളുകയും ചെയ്തു. ഉയർന്നവർക്കും താഴ്ന്നവർക്കും ബുദ്ധമതത്തിൽ ഒന്നുപോലുള്ള സ്ഥാനമാണു് നല്കപ്പെട്ടതു്. ഇന്ത്യയുടെ കലാസമ്പത്തിനേയും ബുദ്ധമതം പലവിധത്തിൽ പരിപോഷിപ്പിച്ചിട്ടുണ്ടു്. ബാർഹട്ടു്, സാഞ്ചി എന്നിവിടങ്ങളിൽ ബി. സി. ഒന്നാം നൂററാണ്ടിൽ ചെയ്യപ്പെട്ട ശില്പവേലകൾ ബുദ്ധമതത്തിന്റെ ജീവകാരുണ്യതത്വങ്ങൾകൂടി പ്രദ്യോതിപ്പിക്കുന്നവയാണെന്നു കാണാം. ആനകളും, മാനുകളും, വൃക്ഷങ്ങളും, ചെടികളുമെല്ലാം ഉൾക്കൊള്ളുന്ന ആ കലാരൂപങ്ങൾ സർവ്വചരാചരങ്ങളേയും ഒന്നുപോലെ സ്നേഹിക്കണമെന്ന ബുദ്ധമതസിദ്ധാന്തത്തിന്റെ പ്രതീകങ്ങളാണെന്നു കരുതുന്നതിൽ തെററില്ല.

ബുദ്ധമതത്തിന്റെ ഔന്നത്യം എന്തൊക്കെയാണെങ്കിലും, അതിന്നെതിരായി ഇന്ത്യയിൽത്തന്നെ നടന്നുകൊണ്ടിരുന്ന സംരംഭങ്ങളെ വെല്ലുവാൻ അതിന്നു സാധിച്ചില്ല. ആ മതത്തിന്റെ

സ്വാധീനം ഇന്ത്യയിൽ ക്രമേണ കുറയുകയാണുണ്ടായതു്. എന്നാൽ ബുദ്ധമതത്തിന്നു് അതിൻെറ ജന്മദേശത്തു് നേരിട്ട ആനഷ്ടം വിദേശങ്ങളിൽ അതിനുണ്ടായ നേട്ടംകൊണ്ടു ഏറെക്കുറെ പരിഹരിക്കപ്പെട്ടുവെന്നു പറയാം. ടിബററു്, ചൈനാ, സയാം, മംഗോളിയാ എന്നിവിടങ്ങളിലെല്ലാം സംസ്കാരത്തിൻെറയും ധാർമ്മികമൂല്യത്തിൻെറയും വെളിച്ചം പരത്തുവാൻ ബുദ്ധമതത്തിനു് കഴിഞ്ഞു.

## ചൈനയിലേയ്ക്കു്

പണ്ടത്തെ സഞ്ചാരിവർഗ്ഗത്തിൽപ്പെട്ടവരുടെ കൈയേററത്തിനും കുടിയേററത്തിനും രംഗമായിത്തീർന്ന വേറൊരു രാജ്യം ചൈനയാണു്. ആ വർഗ്ഗക്കാരുടെ നുഴഞ്ഞുകയററത്തേപ്പററി പറയുംമുമ്പു് ചൈനയുടെ ചരിത്രത്തിലേയ്ക്കു് സ്വല്പംകൂടി വെളിച്ചം വീശിക്കൊള്ളട്ടെ. ചൈനയിൽ വളരെ പ്രാചീനകാലം മുതൽക്കേ മനുഷ്യവാസമുണ്ടായിരുന്നുവെന്നതിനു് ഗവേഷണപരമായ ഒരു തെളിവു് തന്നെ ആദ്യം പറയാം: പെക്കിങ്ങിനു സമീപത്തുനിന്നു് 1929—ൽ കുഴിച്ചെടുത്തതും സൈൻആന്ത്രോപ്പെസ് എന്ന പേരിൽ അറിയപ്പെടുന്നതുമായ മനുഷ്യാസ്ഥിപഞ്ജരത്തിൻെറ പഴക്കം എത്രയാണെന്നോ? 1891-ൽ ജാവയിൽനിന്നു് കുഴിച്ചെടുത്തതും 'പിത്തിക്കാന്ത്രോപ്പെസ്' എന്ന പേരിൽ അറിയപ്പെടുന്നതുമായ ജാവാമനുഷ്യൻെറ അസ്ഥിപഞ്ജരത്തിനു് ഒന്നരലക്ഷം കൊല്ലത്തെ പഴക്കമുണ്ടെന്നു് നേരത്തേ കണക്കാക്കിയിരുന്നതാണു്. എന്നാൽ മേല്പറഞ്ഞ പെക്കിങ്ങ്മനുഷ്യൻെറ കാലം ആ ഒന്നരലക്ഷം വർഷങ്ങൾക്കും വളരെ വളരെ അപ്പുറത്തായിരിക്കണമെന്നാണു് ശാസ്ത്രജ്ഞന്മാരുടെ നിഗമനം. ചൈനയുടെ പ്രാചീനത്വത്തെ സംബന്ധിക്കുന്ന ഇത്തരം ചരിത്രാതീതകാര്യങ്ങളെ വിട്ടുകൊണ്ടു് നമുക്കു ചരിത്രത്തിൻെറ സുജ്ഞാതങ്ങളായ ചില ഘട്ടങ്ങളിലേയ്ക്കു കടക്കാം.

ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ചൈനീസ്‌രാജവംശങ്ങൾ ഹിയ (1989-1558 ബി. സി.) ചാങ്ങ് (1558-

1050 ബി. സി.) എന്നിവയാണ്. പുരാതനരാജാക്കന്മാരുടെ പല ശവകുടീരങ്ങളും ഭൂഖനനം മുഖേന വെളിക്കുവന്നിട്ടുണ്ട്. ആ കുടീരങ്ങളിൽനിന്ന് കമനീയങ്ങളായ പിത്തളപ്പാത്രങ്ങളും, പറക്കുന്ന പാമ്പുകളുടെ പ്രതിമകളും, ചൈനയുടെ ചിത്രലിപിസമ്പ്രദായത്തിൻെറ പ്രാരംഭം സൂചിപ്പിക്കുന്ന ചിഹ്നങ്ങളും കണ്ടെടുത്തിരിക്കുന്നു. അന്നത്തെ രാജവംശങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോഠം രാജാക്കന്മാരും ഇടപ്രഭുക്കളും തമ്മിൽ പല ഏററമുട്ടലുകഠം നടന്നിരുന്നതായി മനസ്സിലാക്കാം. രാജ്യത്തിൻെറ പല ഭാഗങ്ങളും ഇടപ്രഭുക്കഠം പങ്കുവെച്ചെടുത്തിരുന്നതാണ് ഈ സംഘട്ടനത്തിന്നുണ്ടായ കാരണം. ബി. സി. 750 നും 320 നും മദ്ധ്യേയുള്ള കാലഘട്ടത്തിൽ സമരവീരന്മാരായ ചില രാജാക്കന്മാർ പല യുദ്ധങ്ങളും കൂട്ടക്കൊലകളും ഈ കൂട്ടത്തിൽ നടത്തി. ഇടപ്രഭുക്കളുമായുള്ള ഈ സമരങ്ങളുടെ ഫലമായിട്ടാണ് ചൈനയുടെ ദേശീയപ്രബുദ്ധതയ്ക്കും ഐക്യത്തിനും അടിയുറപ്പു സിദ്ധിച്ചു തുടങ്ങിയതു്. ചിൻ എന്ന വംശത്തിലെ സമരവീരനായ ഒരു രാജാവു്, ബി. സി. 220-മാണ്ടായപ്പോഴേയ്ക്കു് സാമന്തരാജാക്കന്മാരുടെ ശക്തി നിശ്ശേഷം തകർത്തു. വാസ്തവത്തിൽ ഈ ചിൻ രാജവംശമാണ്, ചൈനയിൽ സുദൃഢവും വ്യവസ്ഥിതവുമായ ഭരണക്രമം നടപ്പാക്കിയതു്. ബി. സി. 221-ാമാണ്ടു മുതൽ ആരംഭിച്ച ഈ ഭരണക്രമം എ. ഡി. 1912 വരെ—അതായതു് ഇരുപത്തൊന്നു ശതാബ്ദങ്ങളോളം—നിലനില്ക്കുകയുംചെയ്തു. ചിൻ രാജവംശത്തിലെ ഏററവും പ്രബലനായ ഷി-ഹ്വാങ്ടി എന്ന രാജാവിൻെറ നാമധേയം ഈ പ്രകൃതത്തിൽ വിശേഷിച്ചും സ്മരണീയമാണ്. അദ്ദേഹം ചൈനയുടെ സർവ്വതോമുഖമായ ഏകീകരണം സാധിച്ചു്, ഭാവിയിലെ വിപ്ലവങ്ങളേപ്പോലും വെല്ലുവാൻ തക്കവണ്ണം ഭരണത്തിൻെറ കേന്ദ്രശക്തിയെ ഉറപ്പിച്ചു. ചൈനീസ് ഭാഷയുടെ ഭിന്നരൂപങ്ങഠം മൂലമുണ്ടായിരുന്ന ദോഷം പരിഹരിക്കുവാൻ ഒരു പൊതുലിപിസമ്പ്രദായം ഏർപ്പെടുത്തുവാനും അദ്ദേഹം ശ്രദ്ധിക്കുകയുണ്ടായി. ചൈനയെ അതിൻെറ ശോഭനമായ

ചരിത്രഘട്ടത്തിലേയ്ക്കു് ഉയർത്തിയതു് ആ രാജാവായിരുന്നുവെന്നു് പറയാം. ബി. സി. 210-ലായിരുന്ന അദ്ദേഹത്തിൻെറ മരണം.

ഇനി, ചൈനയിലേയ്ക്കു് പ്രവേശിച്ച സഞ്ചാരിവർഗ്ഗങ്ങളേക്കുറിച്ചു് ചില വിവരങ്ങഠം പറയാം. ഹുണന്മാർ എന്ന വർഗ്ഗക്കാരാണു് പ്രാചീനചൈനയെ ആക്രമിച്ചതു്. പില്ക്കാലത്തു് കൂടുതൽ ശക്തിയോടെ ആക്രമണം നടത്തിയ താർത്താരികളുടേയും, മംഗോളിയരുടേയും പൂർവ്വികരായിരുന്നു ഈ ഹുണന്മാർ. കൊടിയ തണുപ്പും ചൂടും കലൻ കാലാവസ്ഥയിലും നിലത്തു പുല്ലുപോലും മുളയ്ക്കാത്ത ശൂന്യസ്ഥിതിയിലുംപെട്ടു് സ്വദേശത്തു് വളരെ ക്ലേശിച്ചു ജീവിച്ചിരുന്ന ഹുണന്മാർ, കാഷികവൃത്തികൊണ്ടും മററും സാമാന്യം നല്ലനിലയിൽ കഴിഞ്ഞിരുന്ന ചീനക്കാരുടെ സമ്പത്തുകഠം തട്ടിയെടുക്കാനാണു് ചൈനയിലേയ്ക്കു് തുടരെത്തുടരെ കടന്നുകൊണ്ടിരുന്നതു്. അമ്പും വില്ലും ധരിച്ചു കുതിരപ്പുറത്തു കയറിയായിരുന്നു ആ കൊള്ളക്കാരുടെ വരവും പോക്കും. ഈ ആക്രമണങ്ങളെ തടയാൻവേണ്ടി ചൈനയുടെ അതിർത്തിസംസ്ഥാനങ്ങളിൽ ബി. സി. 215-ാമാണ്ടോടുകൂടി കെട്ടിത്തുടങ്ങിയ ഭിത്തികളാണു് 'ചൈനയുടെ വൻമതിൽ' എന്ന പേരിൽ പില്ക്കാലത്തു് ചരിത്രപ്രസിദ്ധമായിത്തീൎന്നതു്. ഈ വന്മതിൽ ലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നത്രെ.

പുറത്തുനിന്നുള്ള കൊള്ളക്കാരുടെ ശല്യവും, അകത്തുതന്നെയുണ്ടായ ഭരണശൈഥില്യവും, ജനങ്ങളുടെ സദാചാരവൈകല്യവുമെല്ലാം കൊണ്ടു് അസ്വസ്ഥമായിരുന്ന ഒരു കാലഘട്ടത്തിലാണു് കൺഫ്യൂഷ്യസ് എന്ന തത്വജ്ഞാനിയുടെ പ്രബോധനങ്ങഠം ചൈനയ്ക്കു് ലഭിച്ചതു്. അദ്ദേഹം ബി. സി. 550-ാമാണ്ടിൽ ജനിച്ചു; മരണം ബി. സി. 478-ാമാണ്ടിലായിരുന്നു. ജനങ്ങഠംക്കു് ധാർമ്മികമായി ഒരു ഹൃദയപരിവൎത്തനമുണ്ടാവണമെന്നതായിരുന്നു, കൺഫ്യൂഷ്യസിൻെറ മുഖ്യമായ പ്രബോധനം. വ്യക്തിപരമായ സുകൃതംകൊണ്ടു് സാമൂഹ്യവും രാഷ്ട്രീയവുമായ സുസ്ഥിതി കൈവരുത്തണമെന്നു് അദ്ദേഹം നിഷ്കൎഷിച്ചു. മക്കഠം മാതാപി

താക്കളെ മാനിക്കണമെന്ന് അദ്ദേഹം ശക്തിയായി ഉപദേശി ച്ചു. പരേതരായ പൂൎവ്വികരെ ആരാധിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന കാര്യത്തിൽ ചൈനാക്കാൎക്കുണ്ടായിരുന്ന നൈസൎഗ്ഗിക വാസനയെ പരിപോഷിപ്പിക്കുവാൻ ഈ ഉപദേശം വളരെ ഉപ കരിച്ചുകാണും. പൂൎവ്വികന്മാരെ ആരാധിക്കുകയെന്നതു് ചൈനാ ക്കാരുടെ മതാനുഷ്ഠാനങ്ങളിലെ ഒരു മുഖ്യ ഘടകമായിത്തീൎന്നു. കൃ ഷി ചെയ്യാനുള്ള സ്ഥലത്തു് പൂൎവ്വികന്മാരുടെ ഒരു ശവക്കല്ലറയു ണ്ടെങ്കിൽ ചൈനാക്കാരൻ അവിടെ കൃഷിയിറക്കുമായിരുന്നില്ല. അവിടത്തെ മണ്ണു് എത്ര വളക്കൂറുള്ളതാണെങ്കിലും അതു് ഉഴുക്കിമ റിച്ചു് കൃഷി ചെയ്യുന്നതു് പരേതരായ പൂൎവ്വികരോടു കാണിക്കുന്ന ഒരു അനാദരമാണെന്നും, ഭക്ഷണക്ഷാമവും വിശപ്പും സഹിക്കേ ണ്ടിവന്നാലും ആ പാതകം അരുതെന്നുമായിരുന്നു ചൈനാക്കാര ന്റെ മതം. കൺഫ്യൂഷ്യസിന്റെ ഉപദേശങ്ങളിൽ പരസ്നേഹ ത്തിനും കരുണക്കും ഒരു വലിയ സ്ഥാനം കല്പിച്ചിരുന്നു. എത്രയും വിനീതനായ ഒരു തത്വജ്ഞാനിയായിരുന്നു അദ്ദേഹം. താൻ ഒരു പ്രവാചകനോ ധൎമ്മദൂതനോ ആണെന്നു് അദ്ദേഹം ഒരിക്കലും അ വകാശപ്പെട്ടിരുന്നില്ല. ആദ്യമാദ്യം അദ്ദേഹത്തിനു് ശിഷ്യന്മാർ കുറവായിരുന്നുവെങ്കിലും, അന്ത്യഘട്ടമായപ്പോൾ ചൈനയിലെ രാജാക്കന്മാർപോലും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ഉൾ പ്പെട്ടിരുന്നുവെന്നാണു് കാണുന്നതു്. കൺഫ്യൂഷ്യസിനെ കൂടാ തെ ലവോട്സി, മെൻഷ്യസ് മുതലായ വേറെയും പല തത്വ ജ്ഞാനികൾ ചൈനയിലുണ്ടായിരുന്നു. അവരുടെ ധാൎമ്മികോപ ദേശങ്ങൾ ചൈനീസ്ജനതയുടെ സാമൂഹ്യവും വ്യക്തിപരവു മായ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിപ്പോന്നിരുന്നു വെന്നതിനു് സംശയമില്ല.

# IV

# പ്രത്യാക്രമണങ്ങളും കടിയേററവും

## (325 ബി. സി. - 1000 എ. ഡി.)

പേഴ്സ്യൻരാജാക്കന്മാരായ ഡേരിയസ്സും, സെർക്സസ്സും ഇടക്കാലത്തു് ഗ്രീസിനെ ആക്രമിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഗ്രീക്കുകാർ ഇതിനു് യഥാകാലം പ്രതികാരം ചെയ്യാതിരുന്നില്ല. മാസിഡോണിലെ രാജാവായ ഫിലിപ്പിൻെറ (382–336 ബി. സി.) പുത്രനായ അലക്സാണ്ടറാണു് ഈ പ്രത്യാക്രമണം നടത്തിയതു്. ഗ്രീസിലെ ചെറിയ ചെറിയ നഗരരാഷ്ട്രങ്ങളെ ഒന്നൊന്നായി കീഴടക്കി അവിടെ ഏകീകൃതമായ രാജവാഴ്ച നടപ്പാക്കിയ ശേഷം ഫിലിപ്പുതന്നെ പേഴ്സ്യയെ ആക്രമിക്കുവാൻ ഒരുങ്ങിയെങ്കിലും, അതു് നടപടിയിലെത്തിക്കാൻ വീരാഗ്രണിയായ പുത്രൻ തന്നെ വേണ്ടിവന്നു. അലക്സാണ്ടർ ബി. സി. 334-ൽ പേഴ്സ്യൻസാമ്രാജ്യത്തിൻെറ നേക്കുള്ള ആക്രമണം ആരംഭിച്ചു. മിന്നൽവേഗത്തിലായിരുന്നു ആ വീരപുരുഷൻെറ മുന്നേററം. ഗ്രാനിക്കുസ് എന്ന സ്ഥലത്തുവെച്ചു് (334 ബി. സി.) നടന്ന യുദ്ധത്തോടുകൂടി ഏഷ്യാമൈനർ മുഴുവൻ അലക്സാണ്ടർ പിടിച്ചെടുത്തു. ബി. സി. 334–ൽ ഐസ്സസിൽ നടന്ന സമരത്തിൻെറ ഫലമായി സിറിയയും, ഈജിപ്തും അലക്സാണ്ടറിനു് കീഴടങ്ങി. അതിനെ തുടന്നു്, ബി. സി. 331–ൽ, അലക്സാണ്ടറിൻെറ സൈന്യവും പേഴ്സ്യൻസൈന്യവും തമ്മിൽ ആർബീലയിൽ വെച്ചു നടന്ന വിധിനിർണ്ണായകമായ പോരാട്ടത്തോടുകൂടി പേഴ്സ്യൻസാമ്രാജ്യത്തിൻെറ കരാംക്കെട്ടുതന്നെ അലക്സാണ്ടർ തട്ടിത്തകത്തുവെന്നു പറയാം. പേഴ്സ്യൻ സാമ്രാജ്യത്തിലുടനീളം അത്രയേറെ വിജയങ്ങാം നേടിയ ശേഷമാണു് അലക്സാണ്ടർ ഇന്ത്യയിലേയ്ക്കു് കാൽവെച്ചതെന്നു് ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

ദിഗ്വിജയംകൊണ്ടുമാത്രം അലക്സാണ്ടർ തൃപ്തനായില്ല. പാ

ശ്ചാത്യരേയും പൗരസ്ത്യരേയും തമ്മിൽ കൂട്ടിയിണക്കുന്ന ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കണമെന്നും, അതിന്നനുയോജ്യമായ സൽഭരണം സർവ്വത്ര നടപ്പാക്കണമെന്നുമായിരുന്നു അദ്ദേഹത്തിൻെറ മോഹം. താൻ കീഴടക്കിയ വിസ്തൃതമായ ഭൂവിഭാഗത്തിലായിട്ട് അലക്സാണ്ടർ രണ്ടു നഗരങ്ങഠം സ്ഥാപിച്ചു,—ഈജിപ്തിൽ അലക്സാൻഡ്രിയായും, ഇന്ത്യയിൽ സെക്കൻഡ്രാബാദും. രണ്ടും അലക്സാണ്ടറിൻെറ നാമത്തെ അനുസ്മരിപ്പിക്കുന്നവതന്നെ.

അലക്സാണ്ടർ തൻെറ വിപുലങ്ങളായ പരിപാടികഠം പൂർത്തിയാക്കുംമുമ്പ്, ബി. സി. 323-ൽ പെട്ടെന്ന് അന്തരിച്ചു. അതോടെ അദ്ദേഹത്തിൻെറ സാമ്രാജ്യം പല ഭരണകർത്താക്കളുടെ കൈകളിലേയ്ക്ക് പങ്കുവയ്ക്കപ്പെടുകയായി. ആ കൂട്ടത്തിൽ ഏഷ്യയിൽ അലക്സാണ്ടർ കീഴടക്കിയിരുന്ന ഭൂവിഭാഗത്തിൻെറ അവകാശം, ഇറാൻെറയും സിറിയയുടേയും ഭരണത്തലവനായിരുന്ന സെലൂക്കസിനാണ് ലഭിച്ചതു്. പാശ്ചാത്യരേയും പൗരസ്ത്യരേയും ഇണക്കിക്കൊണ്ടുപോകുന്നതിൽ അലക്സാണ്ടർ സ്വീകരിച്ചിരുന്ന നയം തന്നെയാണ് സെലൂക്കസും, അദ്ദേഹത്തെ പിന്തുടൎന്ന സെലൂസൈഡ്രാജവംശക്കാരും ഏറെക്കുറെ അനുവർത്തിച്ചിരുന്നതെന്നു പറയാം. ആ രാജവംശക്കാരുടെ ആധിപത്യം, സഞ്ചാരിവർഗ്ഗക്കാരുടെ ആക്രമണം വീണ്ടും തലപൊക്കിയതോടെ, ക്രമേണ തകന്നുപോയി. കിഴക്കെ ഇറാനിൽ നിന്നു പുറപ്പെട്ട പാർത്തിയാക്കാരായിരുന്നു അത്തവണ ആവർത്തിച്ചാവർത്തിച്ചാക്രമണം നടത്തിയതു്. അവർ സെലൂസൈഡ്രാജവംശത്തെ നാമാവശേഷമാക്കുകയും, പേഴ്സ്യയിൽ ആർസേസിഡസ് എന്ന ഒരു പുതിയ രാജവംശംതന്നെ സ്ഥാപിക്കുകയുമുണ്ടായി. പ്രാചീന ബാബിലോണിയാ മുഴുവൻതന്നെ ആർസസേഡിസ്രാജവംശത്തിൻെറ ഭരണസീമയിൽ ഉഠപ്പെട്ടു. ടെസിഫോണിലായിരുന്നു അവർ തങ്ങളുടെ തലസ്ഥാനപുരി സ്ഥാപിച്ചതു്. ആർസേസിഡസ് രാജവംശം ബി. സി. 224 വരെ നിലനിന്നു.

ഗ്രീക്കുകാർക്കുശേഷം യൂറോപ്പിൽനിന്നു് ഏഷ്യാമൈനറി

ലേയ്ക്കു കടന്നതു് റോമാക്കാരാണ്. ഏഷ്യാമൈനറിൽ ഗ്രീക്കസംസ്കാരത്തിൻെറ സൃഷ്ടിയായിരുന്ന പെർഗാമൺ എന്ന രാജ്യം ബി. സി. 133-ൽ റോമാക്കാർ കീഴടക്കി; പിന്നീട സിറിയയും അനറോലിയായും. പേഴ്സ്യൻവർഗ്ഗത്തിൽപ്പെട്ട ഒരു രാജവംശം ഏഷ്യാമൈനറിൽ അന്നു ശേഷിച്ചിരുന്നു; ആ രാജവംശത്തിലെ ഏററവും പ്രബലനായ ഒരംഗമായിരുന്നു മിത്രിഡേയിററസ് യൂഫേററർ (121-63 ബി. സി.). അദ്ദേഹത്തിൻെറ പേരിന്നു തന്നെ 'നല്ല പിതാവ്'' എന്നാണത്ഥം. ആ രാജാവ് ഏഷ്യയിലേയ്ക്കുള്ള റോമാക്കാരുടെ മുന്നേററത്തെ ചെറുക്കുവാൻ ചെയ്ത ധീരമായ പരിശ്രമം വിഫലമായെങ്കിലും, ഏഷ്യയുടെ ആത്മവീര്യം വെളിപ്പെടുത്തുന്നവയായിരുന്നു അദ്ദേഹം നടത്തിയ പോരാട്ടങ്ങളത്രയും. അദ്ദേഹത്തിൻെറ മരണത്തോടുകൂടി ഏഷ്യാമൈനർ മുഴുവൻേറയും അധിനാഥരായിത്തീരാനുള്ള സൗകര്യം റോമാക്കാക്ക് നിബ്ബാധം ലബ്ധമായി. റോമാക്കാരുടെ ഈ മുന്നേററത്തിനു് പിന്നെ ഒരു തടസ്സമുണ്ടായതു്, ബി. സി. 53-ൽ കാർഹെസ് എന്ന സ്ഥലത്തുവെച്ചുണ്ടായ യുദ്ധംമൂലമായിരുന്നു. ക്രാസ്സസ് എന്ന സൈന്യാധിപൻെറ കീഴിലുണ്ടായിരുന്ന റോമൻസൈന്യമത്രയും ആ യുദ്ധത്തിൽ നശിച്ചുപോയി. എന്നിട്ടും റോമാക്കാർ വിട്ടുകൊടുത്തില്ല. റോമൻ റിപ്പബ്ലിക്കിൻെറ അന്ത്യഘട്ടത്തിൽപോലും ഏഷ്യാമൈനറിൻേറയും മററും ആധിപത്യത്തിനുവേണ്ടി റോമൻനേതാക്കൾതന്നെ പരസ്പരം മത്സരിക്കുകയുണ്ടായി; പോംപെയും ജൂലിയസ് സീസറും, മാക്ക്ആൻറണിയും അഗസ്റ്റസ് സീസറും തമ്മിലുണ്ടായ മത്സരംതന്നെ അതിനു് തെളിവത്രെ. റോമൻ ചക്രവത്തിയായ ടൈററസ് എ. ഡി. 70-ാമാണ്ടിൽ ജറുസലെം കീഴടക്കി. വീരാത്മാവായ ട്രാജൻചക്രവത്തിയാകട്ടെ, പാത്തിയാക്കാരെ തോല്പിച്ച് എ. ഡി. 116-ൽ ടെസിഫോൺ എന്ന തലസ്ഥാനനഗരം പിടിച്ചെടുത്തു. എന്നാൽ ''ഏഷ്യയുടെ സംരക്ഷണത്തിന്നായി അവതരിച്ചിട്ടുള്ളവർ'' എന്നു് അവകാശപ്പെട്ടിരുന്ന പാത്തിയാക്കാർ എ. ഡി. 260-ൽ വലേറിയൻ എന്ന റോ

മൻചക്രവൎത്തിയെ കീഴടക്കി മുറയ്ക്കൊരു പ്രതികാരം നടത്തുകതന്നെ ചെയ്തു. വേറൊരു റോമൻചക്രവൎത്തിയായ ഔറേലിയന്റെ സൈന്യശക്തിയെ വെല്ലുവിളിച്ച സെനോബിയാരാജ്ഞിയുടെ—അറേബിയയിലെ പാൽമയിറാ എന്ന രാജ്യം ഭരിച്ചിരുന്നതു് ഈ രാജ്ഞിയാണു്—വീരതയും ഇവിടെ സ്മരണീയമാണു്.

മഹാനായ അലക്സാണ്ടരും അദ്ദേഹത്തെ അനുഗമിച്ച സെലൂസൈഡ് രാജവംശക്കാരും തുടങ്ങിവെച്ച യവനസംസ്കാരപ്രചരണജോലി റോമാക്കാരും വഴിക്കുവഴി തുടരുകയുണ്ടായി. റോമാക്കാർതന്നെ ഗ്രീക്കുസംസ്കാരത്തിന്റെ സ്വാധീനത്തിനു് വളരെയധികം വശഗരായിക്കഴിഞ്ഞിരുന്നവരാണു്; അവർ ആ സംസ്കാരത്തിന്റെ സ്വാധീനം തങ്ങൾ കീഴടക്കിയ ഏഷ്യൻരാജ്യങ്ങളിലേയ്ക്കും വ്യാപിപ്പിക്കുയായി ഏഷ്യാമൈനറിന്റെ കേന്ദ്രസ്ഥാനങ്ങളായ കപ്പോഡിസിയായും, ഫ്രിജിയായും ഒരായിരം കൊല്ലത്തോളം മേല്പറഞ്ഞ സംസ്കാരത്തിന്റെ സ്വാധീനവലയത്തിൽത്തന്നെ നിന്നിരുന്നു; ബിത്തിനിയാ, ലിഡിയാ എന്നീ പടിഞ്ഞാറൻഭാഗങ്ങൾ പിന്നെയും ഒരഞ്ഞൂറുകൊല്ലംകൂടി ആ സംസ്കാരം പുലൎത്തിപ്പോന്നിരുന്നു. എന്നാൽ റോമാക്കാരുടെ ആക്രമണത്തിന്നിരയായ ഏഷ്യയുടെ ഇതരഭാഗങ്ങൾ ആ സംസ്കാരത്തിനു് അതേപടി വഴങ്ങിക്കൊടുത്തില്ലെന്നുള്ളതും വിസ്മരിച്ചുകൂടാ; ഏഷ്യയിൽ ഉദയംചെയ്ത ഒരു പുതിയ മതത്തിന്റെ സ്വാധീനം പരന്നുതുടങ്ങിയശേഷം വിശേഷിച്ചും.

## ഇന്ത്യയിൽ

അലക്സാണ്ടർ നടത്തിയ ആക്രമണങ്ങൾകൊണ്ടോ, സെലൂസൈഡ് രാജവംശത്തിന്റെ ഭരണംകൊണ്ടോ ഇന്ത്യയിൽ ഗ്രീക്കുസംസ്കാരത്തിന്റെ സ്വാധീനശക്തി ഏറെക്കാലം നിലനിൽക്കാനിടവന്നില്ല. എന്നാൽ അതു് നിലനിന്നേടത്തോളംകാലം ഇന്ത്യയിലെ ശില്പകലയിലും മററും അതിന്റെ പ്രേരകശക്തി ഗണ്യമായി പ്രതിഫലിക്കുകയുണ്ടായി. ബുദ്ധന്റെ ചില പഴയ പ്രതിമകൾ ഇന്ത്യയിൽനിന്നു് കണ്ടുകിട്ടിയിട്ടുള്ളവയിൽ ഗ്രീ

ക്കകലയുടെ പ്രതിഫലനം പ്രകടമായിക്കാണാം. ഇന്ത്യയുടെ വടക്കുപടിഞ്ഞാറുഭാഗത്തുള്ള പർവ്വതപ്രാന്തങ്ങളിൽ ഗ്രീക്കുകാർ സ്ഥാപിച്ച സംസ്ഥാനങ്ങളിൻ ബുദ്ധമതം ഏറെക്കാലം അതിൻെറ സ്വാധീനം ചെലുത്തിപ്പോന്നിരുന്നു. ആ ഭാഗങ്ങളിൽ ഗ്രീക്കുകാർക്കുണ്ടായിരുന്ന ആധിപത്യത്തെ ചോദ്യംചെയ്യാൻ ചന്ദ്രഗുപ്തമൗര്യൻേറയും അശോകൻേറയും കാലശേഷം ശക്തരായ ഭരണകർത്താക്കാം ആരുംതന്നെ ഉണ്ടായില്ല. ബാക്ടീരിയാ എന്ന പേരിൽ ഗ്രീക്കുകാർ സ്ഥാപിച്ച രാജ്യം കാബൂൾതാഴ്വരയും പെഷ്വാറിൻെറ (ഗാന്ധാരത്തിൻെറ) ചുററുമുള്ള പ്രദേശങ്ങളും ഉൾപ്പെട്ടതായിരുന്നു. മിനാൻഡർ എന്ന രാജാവിൻെറ (116–145 ബി. സി:) ഭരണത്തോടുകൂടി അവിടങ്ങളിൽ ബുദ്ധമതത്തിൻെറ സ്വാധീനശക്തി വർദ്ധിക്കുകയാണുണ്ടായത്. മിനാൻഡറിൻെറ രാജധാനിയിൽ നടന്നിരുന്ന മതാത്മകവും തത്വശാസ്ത്രപരവുമായ ചർച്ചകളിൽനിന്നാണ്, 'മിളിന്ദയുടെ ചോദ്യങ്ങൾ' എന്ന വിഖ്യാതകൃതി രൂപംകൊണ്ടതു്. ഗ്രീക്കുസംസ്കാരത്തിൻേറയും ബുദ്ധമത സംസ്കാരത്തിൻേറയും സങ്കരഫലമായിട്ട് ഗാന്ധാരപ്രദേശത്ത് ഒരു പ്രത്യേക ശില്പകലാസമ്പ്രദായം മുളയെടുക്കുകയുംചെയ്തു. 'ഗ്രേയ്കോ–ബുദ്ധിസ്റ്റ്' ശില്പകല എന്നാണ് ഇതിനു് ചരിത്രത്തിൽ നല്കിയിരിക്കുന്ന സംജ്ഞ.

ബുദ്ധമതാവലംബികളായ ഗ്രീക്കുകാരുടെ മേല്പറഞ്ഞ ആധിപത്യം, മദ്ധ്യേഷ്യയിൽനിന്നു വന്ന സിത്തിയൻഗോത്രക്കാരുടെ ആക്രമണംമൂലം പില്ക്കാലത്തു് തകർന്നുപോയി. ശാകന്മാർ എന്ന പേരിൽ അറിയപ്പെടുന്ന ഈ സഞ്ചാരിവർഗ്ഗം ബാക്ടീരിയാരാജ്യത്തുനിന്നു് ഗ്രീക്കുഭരണകർത്താക്കളെ ആട്ടിയോടിച്ചു. പക്ഷേ, ജേതാക്കളായ ആ ശാകന്മാരും ഗ്രീക്കുസംസ്കാരത്തിൻെറ സ്വാധീനവലയത്തിൽപ്പെടുകതന്നെ ചെയ്തു. അവർ കുഷാൻ എന്ന പേരിൽ ഒരു രാജവംശം സ്ഥാപിച്ചു. ആ വംശത്തിലെ രാജാക്കന്മാർ (1–200 എ. ഡി.) കാബൂളിനും പഞ്ചാബിനും ചുററുമുള്ള പ്രദേശങ്ങളിൽ തങ്ങളുടെ ഭരണം നടത്തിപ്പോന്നു. പെഷ്വാറിനു സ

മീപമായിരുന്നു അവരുടെ തലസ്ഥാനം. മികവേറിയ പലേ കലാസൃഷ്ടികളുടെ ഒരു രംഗമായിരുന്നു ആ രാജ്യം. അവിടെനിന്നു് കണ്ടെടുത്തിട്ടുള്ള ചില നാണയങ്ങളിൽ ബുദ്ധൻെറ രൂപവും, ഗ്രീക്കുലിപികളും അടയാളപ്പെടുത്തിയിരിക്കുന്നു. കുഷാൻരാജാക്കന്മാരിൽവെച്ച് ഏററവും പ്രസിദ്ധൻ കനിഷ്കനാണു്; ബുദ്ധസന്യാസികളുടെ ഒരു രക്ഷാധികാരികൂടിയായിരുന്ന അദ്ദേഹത്തിൻെറ ഭരണകാലത്താണു് അശ്വഘോഷൻ എന്ന വിശ്രുതനായ ബുദ്ധസന്യാസി ജീവിച്ചിരുന്നതു്. ബുദ്ധമതത്തിൽ ഹീനയാനം എന്നും മഹായാനം എന്നും രണ്ടു പ്രസ്ഥാനഭേദങ്ങൾ ഉണ്ടായതും കനിഷ്കൻെറ കാലത്തായിരുന്നു.

## ചൈനയിൽ

ചിൻരാജവംശക്കാർ ചൈനയിൽ രാഷ്ട്രീയമായ ഐക്യം സ്ഥാപിച്ചതായി നേരത്തേ പ്രസ്താവിച്ചുവല്ലൊ. ആ വംശത്തിലെ ഏററവും പ്രബലനായിരുന്ന ഷിഹ്വാങ്ടിയുടെ മരണത്തോടുകൂടി (210 ബി. സി.) ചൈനയുടെ ഐക്യം ശിഥിലമാവുകയാണുണ്ടായതു്. കുറേക്കാലം നീണ്ടുനിന്ന അരാജകത്വത്തിനു ശേഷം, സൈനികമേധാവിയായ ലിയുപാങ് അധികാരം പിടിച്ചെടുക്കുകയും, പ്രസിദ്ധമായ ഹാൻരാജവംശം സ്ഥാപിക്കുകയും ചെയ്തു. ഈ രാജവംശമാണു് ബി. സി. 202 മുതൽ എ. ഡി. 1908 വരെയുള്ള ദീർഘമായ കാലഘട്ടം മുഴുവൻ ചൈനയിൽ ഭരണം നടത്തിയതു്. ചെൻസിസംസ്ഥാനത്തിലെ സിഗനാഫൗ എന്ന നഗരമായിരുന്നു ഹാൻരാജവംശക്കാരുടെ തലസ്ഥാനം; എ. ഡി. 20 മുതൽ 200 വരെയുള്ള കാലഘട്ടത്തിൽ ഇവർ ഹോനാൻ എന്ന നഗരവും തലസ്ഥാനമാക്കിയിരുന്നതായിക്കാണുന്നുണ്ടു്. ചൈനയിലെ ഭരണം കാര്യക്ഷമമാക്കുവാൻ ഈ രാജവംശക്കാർ പലവിധത്തിൽ നിഷ്കർഷിച്ചിരുന്നു. നല്ല അറിവുള്ളവരെ മാത്രമേ അവർ ഉദ്യോഗങ്ങളിൽ നിയമിച്ചിരുന്നുള്ളു. സാഹിത്യം, ദേശീയചരിത്രം, സംസ്കാരം എന്നീ വിഷയങ്ങളിൽ ഒരു മ

ത്സരപ്പരീക്ഷ നടത്തിയിട്ടാണ് ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തിരുന്നതു്. ഉദ്യോഗനിയമനങ്ങൾ സംബന്ധിച്ചുള്ള ഈ മത്സരപ്പരീക്ഷാസമ്പ്രദായം, ചൈനാക്കാർ ലോകത്തിനു നല്കിയ മഹത്തായ ഒരു മാർഗ്ഗനിർദ്ദേശമാണെന്നു പറയാം. യൂറോപ്പിൽ അത്തരം മത്സരപ്പരീക്ഷകൾ നടപ്പാകുന്നതിനു് ആയിരംകൊല്ലം മുമ്പാണ് ചൈനയിൽ ആ സമ്പ്രദായം നിലവിൽ വന്നതെന്നു് നാം മനസ്സിലാക്കണം.

സഞ്ചാരിവർഗ്ഗങ്ങളുടെ ആക്രമണത്തിനു് ചൈനാ കൂടക്കൂടെ വിധേയമായിക്കൊണ്ടിരുന്നുവെന്നും, ആ കൂട്ടത്തിൽ ഹൂണന്മാരാണ് ചൈനയെ ആദ്യം ആക്രമിച്ചതെന്നും മുന്നൊരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഹാൻരാജവംശത്തിലെ ഏററവും പ്രബലനായ വൂ-ഡി എന്ന ചക്രവർത്തി (140–87 ബി. സി.) ഈ ആക്രമണത്തിനെല്ലാം ഹൂണന്മാരോടു പ്രതികാരം ചെയ്യാതിരുന്നില്ല. അദ്ദേഹം ഹൂണന്മാരുടെ രാജ്യത്തേയ്ക്കു കടന്നു് അപ്പർമംഗോളിയായിലെ ഗോബിമരുഭൂമി വരെ ശത്രുക്കളെ അനുധാവനംചെയ്തു. രണശൂരനായ ആ ചക്രവർത്തി തന്നെയാണ്, പടിഞ്ഞാറഭാഗത്തുള്ള കാൻസൗ സംസ്ഥാനം ചൈനയോടു കൂട്ടിച്ചേർത്തതും. അദ്ദേഹം തൻെറ സൈന്യങ്ങളെ കിഴക്കെ ടർക്കിസ്ഥാൻ, ടോൻകുചിൻ, കൊറിയാ എന്നീ പ്രദേശങ്ങളിലേയ്ക്കും നയിക്കുകയുണ്ടായി.

മിക്കവാറും മരുപ്രായമായിക്കിടന്നിരുന്ന ടർക്കിസ്ഥാനിൽ അന്നു് ജനവാസമുള്ള പ്രധാന സ്ഥലങ്ങൾ കാഷ്ഗർ, കോട്ടാൻ, യാർക്കണ്ടു് എന്നിവയായിരുന്നു. ഇൻഡോയൂറോപ്യൻഗോത്രത്തിൽപ്പെട്ടവരാണ് ആ പ്രദേശങ്ങളിൽ നിവസിച്ചിരുന്നതു്. അവരുടെ ഭാഷ പേഴ്സ്യൻ, സംസ്കൃതം മുതലായ ഭാഷകളോടു് സാമ്യമുള്ള ഒന്നായിരുന്നു. മരുപ്പച്ചകൾ എന്നു പറയപ്പെടാവുന്ന മേല്പറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് പണ്ടു് ചീനക്കാരുടെ കച്ചവടസ്സംഘങ്ങൾ പേഴ്സ്യയിലേയ്ക്കും ആ വഴി യൂറോപ്പിലേക്കും പട്ടു മുതലായ സാമാനങ്ങൾ എത്തിച്ചുകൊണ്ടിരുന്നതു്. പട്ടുതരങ്ങൾ കൊണ്ടുപോകുന്ന ഈ സഞ്ചാരവീഥിയ്ക്കു്

'സിൽക്ക് റോഡ്'' എന്നാണ് ചരിത്രത്തിൽ നല്കപ്പെട്ടിരിക്കുന്ന പ്രസിദ്ധമായ പേരു്. ഇപ്പറഞ്ഞ സിൽക്ക്റോഡിൽക്കൂടിത്തന്നെയാണ്, പണ്ടുകാലങ്ങളിൽ യൂറോപ്യൻസഞ്ചാരികഠം മദ്ധ്യഏഷ്യയിലെ രാജധാനികളിലേയ്ക്കും മററും വന്നുകൊണ്ടിരുന്നതും. ഈ മാൎഗ്ഗമദ്ധ്യേ പാമീർ എന്ന ദിക്കിൽ 'ശിലാഗോപുരം' എന്നു പറയപ്പെടുന്ന ഒരു സ്ഥാനമുണ്ടായിരുന്നു; അവിടെവെച്ചാണ് ചൈനയിൽനിന്നും ബൈസാൻടിൻ സാമ്രാജ്യത്തിൽനിന്നും വരുന്ന കച്ചവടച്ചരക്കുകഠം പരസ്പരം കൈമാറിയിരുന്നതു്. ഇങ്ങനെ വാണിജ്യപരമായിത്തന്നെ വലിയ പ്രാധാന്യമുണ്ടായിരുന്ന മേല്പറഞ്ഞ പ്രദേശങ്ങളുടെ ആധിപത്യത്തിനുവേണ്ടി ചൈനാക്കാരും ഹൂണന്മാരും തമ്മിൽ ഏതാണ്ടു് ഇരുപത്തഞ്ചുകൊല്ലത്തോളം (73–97 എ. ഡി.) ദീൎഘിച്ച ഒരു സമരം നടന്നതിൽ അത്ഭുതപ്പെടാനില്ല.

ഒടുവിൽ ഹൂണന്മാരുടെ മേൽ ചൈനാക്കാർ നേടിയ വിജയം മദ്ധ്യഏഷ്യയിൽ കുറേക്കാലത്തേയ്ക്കു സമാധാനം പുലൎത്തുവാൻ സഹായിച്ചു; അതോടുകൂടി, ബുദ്ധമതത്തിൻെറ ശാന്തിസന്ദേശം മദ്ധ്യഏഷ്യ മുഴുവൻ പ്രചരിക്കാനിടവരികയുംചെയ്തു. ഉത്തരേന്ത്യയിൽനിന്നും അഫ്ഘാനിസ്ഥാനിൽനിന്നും പുറപ്പെട്ട ബുദ്ധമതോപദേഷ്ടാക്കഠം സിൽക്ക്റോഡിലൂടെ മുന്നോട്ടുകടന്നു് ബുദ്ധൻെറ ധൎമ്മസന്ദേശം പ്രചരിപ്പിച്ചു. ഗാന്ധാരത്തിൽ മുളയെടുത്തതായി മുമ്പു പ്രസ്താപിച്ച 'ഗ്രേയ്ക്കോ–ബുഡിസ്റ്റ്'' ശില്പകലാസമ്പ്രദായം അവിടങ്ങളിലും നടപ്പായി. ആധുനികകാലത്തു നടന്ന ഗവേഷണങ്ങഠം മൂലം ഒത്തരം . അനേകം കലാമാതൃകകഠം ഇപ്പോഠം വെളിക്കു വന്നിട്ടുണ്ടു്. കാഷ്ഗറിൽനിന്നു് ചൈനയിലേയ്ക്കു കയറിയ ബുദ്ധമതസന്യാസികഠം എ. ഡി. 250–ാമാണ്ടോടുകൂടി, ചൈനയുടെ രണ്ടു തലസ്ഥാനങ്ങളിലും ബുദ്ധവിഹാരങ്ങഠം സ്ഥാപിക്കുകയുണ്ടായി. ബുദ്ധമതം ചൈനയുടെമേൽ ചെലുത്തിയ ധാൎമ്മികസ്വാധീനം എന്തായിരുന്നാലും, ആ മതത്തിൻെറ കലാപരമായ സ്വാധീനത്തിനു് ചൈനാക്കാർ പെട്ടെ

ന്നു് വഴങ്ങിക്കൊടുത്തില്ല; അവർ തങ്ങളുടെ പഴയ കലാമാതൃക കളേത്തന്നെ മുറുകെപ്പിടിക്കുകയാണുണ്ടായതു്.

ഹാൻരാജവംശത്തിന്നു് എ. ഡി. 220-ൽ താല്ക്കാലികമായ ഒരു തകൎച്ച നേരിട്ടു. അതോടെ, ചൈനാ മൂന്നു ഖണ്ഡങ്ങളായി പ്പിരിഞ്ഞു. മഞ്ഞനദിയുടെ തടമുൾപ്പെടേയുള്ള ഉത്തരഖണ്ഡം, നാങ്കിങ്ങ് ഉൾപ്പെടേയുള്ള ദക്ഷിണഖണ്ഡം എന്നിവയായിരുന്നു അവയിൽ രണ്ടു വിഭാഗങ്ങൾ; മൂന്നാമത്തേതു് സെച്ചുവാൻ എന്ന പ്രദേശവും. ഇങ്ങനെ ചൈന മൂന്നായിപ്പിരിഞ്ഞുനിന്നിരുന്ന കാലത്തെ ചരിത്രം ഐതിഹ്യരൂപത്തിൽ പല പുരാതനകൃതികളിൽനിന്നും ലഭിക്കുന്നുണ്ടു്. മാടമ്പിമാരുടേയും അവരുടെ കരവാളുകളുടേയും വിളയാട്ടങ്ങളും നേട്ടങ്ങളും ആ കൃതികളിൽ ധാരാരാളം പ്രതിഫലിച്ചുകാണുന്നു.

അകത്തുനിന്നും പുറത്തുനിന്നും ചൈനയ്ക്കു അനുഭവപ്പെട്ട അസ്വാസ്ഥ്യതകൾ എന്തെല്ലാമായിരുന്നാലും, ബുദ്ധമതത്തിൻെറ ശാന്തിയും സമാധാനവും ആ രാജ്യത്തിന്നു് തുടൎച്ചയായി ലഭിച്ചുപോന്നിരുന്നുവെന്നതിന്നു് സംശയമില്ല. മുമ്പു പറഞ്ഞതുപോലെ കരവഴിക്കു മാത്രമല്ല, പിന്നീടു ഇന്ത്യയുടെ കിഴക്കേത്തീരത്തുനിന്നു് കടൽവഴിക്കും ബുദ്ധമതോപദേഷ്ടാക്കൾ ചൈനയിലേക്കു കടക്കുകയുണ്ടായി. ചൈനയുടെ ഉത്തരഖണ്ഡം ഭരിച്ചിരുന്ന ഫൗകിയൻ എന്ന രാജാവും, (357-385 എ. ഡി.) നാങ്കിങ്ങിൽ ഭരണം നടത്തിയിരുന്ന ലിയാങ്ങ് വൗഡി (502-549 എ. ഡി.) എന്ന രാജാവും ശ്രുതിപ്പെട്ട ബുദ്ധമതഭക്തരായിരുന്നു. ഇവരിൽ ഒടുവിൽ പറഞ്ഞ ചൈനീസ് രാജാവു് ഒരു ബുദ്ധഭിക്ഷുവായിത്തീരുകയുമുണ്ടായി.

ഏഷ്യയുടെ ഇനിയത്തെ ചരിത്രഘട്ടത്തിലേയ്ക്കു (250-600 എ. ഡി) കടക്കുമ്പോൾ, പേൎഷ്യയിൽ നാം ഒരു പുതിയ രാജവംശത്തെ കാണുന്നു; സസ്സാനൈഡ് രാജവംശം എന്നാണു് അതിന്നു പേർ. പാൎത്തിയാക്കാരായ ആർസേസിഡസ് രാജവംശക്കാരുടെ തലസ്ഥാനമായിരുന്ന ടെസിഫോൺ തന്നെയായിരു

ന്നു ഈ പുതിയ രാജവംശത്തിന്റേയും തലസ്ഥാനം. അലക്സാണ്ട റം അദ്ദേഹത്തിന്റെ അനന്തരഗാമികളായ സെലൂസൈഡ്വംശ ക്കാരും പ്രചരിപ്പിച്ച ഗ്രീക്കുസംസ്കാരത്തിന്റെ സ്വാധീനശക്തി യെ കഴിയുന്നതും നിരാകരിക്കുവാൻ മേല്പറഞ്ഞ സസ്സാനൈഡ് വംശക്കാർ ശ്രമിച്ചു. അവർ സൊറോസ്റ്ററിന്റെ മതവും, അതി ന്റെ വിശുദ്ധഗ്രന്ഥമായ 'സെൻഡ് അവെസ്ത'യും പൂർണ്ണ പ്രാബ ല്യത്തിൽ കൊണ്ടുവന്നു. സൊറോസ്ട്രിയൻപുരോഹിതന്മാർ ആ മതത്തെ രാഷ്ട്രമതമായി പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതിനകം ക്രി സ്തുമതം ഏഷ്യാമൈനറിലേയ്ക്കും, റോമൻസാമ്രാജ്യത്തിലേയ്ക്കുത ന്നെയും പ്രചരിച്ചുതുടങ്ങിയിരുന്നു. ക്രിസ്തുമതാനുയായികളായി ത ങ്ങളുടെ ഭരണസീമയിലുണ്ടായിരുന്ന ചെറിയ ചെറിയ ക്രൈസ്ത വസമുദായങ്ങളെ സഹിഷ്ണുതാപൂർവ്വം വീക്ഷിക്കുവാനും സംരക്ഷി ക്കുവാനും സസ്സാനൈഡ്രാജവംശക്കാർ വീഴ്ച വരുത്തിയില്ല. ത ങ്ങൾക്കു ഒരു ശല്യമായിത്തീർന്നിരുന്ന അർമ്മേനിയൻസംസ്ഥാന ത്തെ എ. ഡി. 419-ൽ ആ രാജവംശക്കാർ നശിപ്പിച്ചപ്പോഴും, അവർ അവിടത്തെ ക്രൈസ്തവ സഭയെ ദ്രോഹിച്ചില്ലെന്നുള്ളതു് സ്മ രണീയമാണ്. അങ്ങനെ സസ്സാനൈഡ്ഭരണത്തിൻകീഴിൽ സൊറോസ്ട്രിയൻമതസംസ്കാരത്തോടൊപ്പം, ക്രിസ്തുമത സംസ്കാ രവും പുലരുവാൻ തുടങ്ങി. അന്നത്തെ കലാശില്പങ്ങൾ തനി പേ ഴ്സ്യൻ മാതൃകയിലായിരുന്നുതാനും.

സസ്സാനൈഡ്രാജവംശരും മദ്ധ്യഏഷ്യയിൽനിന്നുള്ള സ ഞ്ചാരിവർഗ്ഗങ്ങളുടെ ആക്രമണത്തെ അഭിമുഖീകരിക്കേണ്ടിവന്നു. അഞ്ചാം നൂററാണ്ടിൽ ഹൂണന്മാരിൽനിന്നും, ആറാം നൂററാണ്ടിൽ പടിഞ്ഞാറൻതുർക്കികളിൽ നിന്നുമാണ് അമ്മാതിരി ആക്രമണങ്ങ ളുണ്ടായതു്. അതിനു പുറമെ, പടിഞ്ഞാറ് റോമാക്കാരോടുള്ള പോരാട്ടം തുടരുന്നതിലും ആ പേഴ്സ്യൻരാജവംശക്കാർ വ്യാപൃ തരായിരുന്നു. അവരിൽ കുർസൊ ഒന്നാമൻ എന്ന രാജാവു് (531- 578 എ. ഡി), ആഥെൻസിൽനിന്നു് ജസ്റ്റീനിയൻചക്രവർത്തി ആ ട്ടിപ്പായിച്ച തത്വചിന്തകന്മാർക്ക് തന്റെ രാജധാനിയിൽ അഭ

യം അരുളിയതായും, കൊസ്റോ എന്ന വേറൊരു രാജാവ് (590-628 എ. ഡി) റോമാക്കാരിൽ നിന്നു് സിറിയായും ഏഷ്യാമൈനറും പിടിച്ചെടുത്തതായും, എന്നാൽ ഹെരക്ലിയൂസ് എന്ന റോമൻചക്രവർത്തി (630 എ. ഡി.) പേഴ്സ്യക്കാരെ വീണ്ടും തോല്പിച്ചതായും കാണുന്നുണ്ടു്. പേഴ്സ്യാക്കാരും റോമാക്കാരും തമ്മിൽ നീണ്ടുനിന്ന ഈ സമരങ്ങളത്രയും രണ്ടുകൂട്ടരുടേയും നാശത്തിനു വഴിതെളിക്കുകയാണുണ്ടായതു്.

## ഇന്ത്യയിലെ വികാസങ്ങൾ

ഇന്ത്യയിൽ ഇതിനകം ഗുപ്തസാമ്രാജ്യം എന്ന പേരിൽ ഒരു സാമ്രാജ്യം ഉടലെടുക്കുന്നുണ്ടായിരുന്നു. പല സംസ്ഥാനങ്ങളായി പിരിഞ്ഞുകിടന്നിരുന്ന ഇന്ത്യയെ ഏകച്ഛത്രാധിപത്യത്തിൽ കൊണ്ടുവരുവാൻ ഗുപ്തരാജവംശക്കാർ (200-500 എ. ഡി) നടത്തിയ ഈ ശ്രമം പ്രധാനപ്പെട്ട ഒരു ചരിത്രസംഭവമായിരുന്നുവെന്നു് സമ്മതിച്ചേ കഴിയൂ. ഇന്ത്യയുടെ വടക്കുപടിഞ്ഞാറു ഭാഗത്തു് ഇൻഡോസിത്തിയന്മാരായ ശാകന്മാർ ആധിപത്യം നടത്തിക്കൊണ്ടിരുന്നതോടൊപ്പം ഇന്ത്യയുടെ തെക്കുകിഴക്കേ ഭാഗത്തു് അമരാവതിയെ തലസ്ഥാനനഗരമാക്കിക്കൊണ്ടു് ആന്ധ്രാക്കാരും (200-400 എ. ഡി.) ഭരണം നടത്തിപ്പോന്നിരുന്നു. അങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണു്, എ. ഡി. 320-ൽ, ഗുപ്തന്മാർ മേല്പറഞ്ഞ സാമ്രാജ്യം രൂപീകരിക്കുവാനുള്ള ശ്രമം ദക്ഷിണബീഹാറിലെ മഗധയിൽ ആരംഭിച്ചതു്. ക്രമേണ ഗുപ്തസാമ്രാജ്യം ഗംഗാതടങ്ങളും കടന്നു് മാല്വ, ഗുജറാത്തു്, കത്തിയവാർ മുതലായ പ്രദേശങ്ങളുംകൊള്ളുന്ന മദ്ധ്യഭാരതത്തിലേയ്ക്കും വ്യാപിച്ചു. ഗുപ്തവംശത്തിൽപ്പെട്ട സമുദ്രഗുപ്തൻ (335-385 എ. ഡി.) ചന്ദ്രഗുപ്തൻ (335-414 എ. ഡി.) കുമാരഗുപ്തൻ (414-450 എ. ഡി.) എന്നീ രാജാക്കന്മാർ ഹിന്ദുമതത്തിലേയും ബുദ്ധമതത്തിലേയും നല്ല നല്ല തത്വങ്ങൾ കൂട്ടിച്ചേർത്തു് രണ്ടു മതങ്ങളേയും ഇണക്കിക്കൊണ്ടുപോവാൻ ഒരു പരിശ്രമം നടത്തുകയുണ്ടായി. ഗുപ്തരാജാക്കന്മാരുടെ ഭരണകാലം, ഭാരതീയസംസ്കാരത്തിന്റെ ഒരു സുവർണ്ണഘട്ടം

തന്നെയായിരുന്നു. കാളിദാസൻ ആദിയായ മഹാകവികളും, അസംഗ, വസുബന്ധു മുതലായ ബുദ്ധമതദാർശനികന്മാരും ജീവിച്ചിരുന്നതു് അക്കാലത്താണു്.

ഗുപ്തസാമ്രാജ്യത്തിൻെറ അധഃപതനത്തിനുണ്ടായ പ്രധാന കാരണം, എ. ഡി 475 മുതൽ 534 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ ഭാഗത്തു് ഹൂണന്മാർ നടത്തിയ ആക്രമണങ്ങളായിരുന്നു. അങ്ങനെ ഗുപ്തരാജവംശം തിരോഭവിച്ചശേഷമാണു്, ഹർഷവർദ്ധനൻെറ (606-647 എ. ഡി.) ഭരണം ആരംഭിച്ചതു്. ദൽഹിക്കടുത്തുള്ള താനേശ്വരം അഥവാ കനൗജ് എന്ന നഗരമായിരുന്നു അദ്ദേഹത്തിൻെറ തലസ്ഥാനം. ഗുപ്തന്മാർ ഭരിച്ചിരുന്ന രാജ്യസീമയും കടന്നു്, അദ്ദേഹത്തിൻെറ ഭരണം നർമ്മദയും, ഡെക്കാനുംവരെ വ്യാപിച്ചു. ഇപ്പറഞ്ഞ ഡെക്കാൻപ്രദേശം ചാലൂക്യരാജവംശക്കാരുടെ ഭരണത്തിലായിരുന്നു. അജന്തയിലെ ചുമർചിത്രങ്ങാംകൊണ്ടും, എല്ലോറായിലെ ഗുഹാക്ഷേത്രങ്ങാംകൊണ്ടും പ്രസിദ്ധമാണല്ലൊ, ചാലൂക്യന്മാരുടെ ഭരണകാലം. ഹർഷൻെറ പ്രസിദ്ധി ഒരു രാജാവിൻെറ നിലയിൽ മാത്രമല്ല, സാഹിത്യകാരൻെറ നിലയിലും കൂടിയാണു്. അദ്ദേഹം പല സംസ്കൃതനാടകങ്ങളും എഴുതിയിട്ടുണ്ടു്. ബുദ്ധമതക്കാരുടെ ഒരു രക്ഷാധികാരിയുമായിരുന്നു ഹർഷൻ. ചൈനയിൽനിന്നു് ഹ്യൂയൻസാങ് എന്ന പ്രസിദ്ധനായ ബുദ്ധഭിക്ഷു ഹർഷൻെറ രാജധാനി സന്ദർശിച്ചതായിക്കാണുന്നുണ്ടു്.

ഹർഷൻെറ മരണത്തോടുകൂടി, ബുദ്ധമതം ഇന്ത്യയിൽനിന്നു തിരോഭവിച്ചുവെന്നുതന്നെ പറയാം. പിന്നെയങ്ങോട്ടു് ഹിന്ദുമതത്തിൻെറ പുനരുദ്ധാരണമായി. ശൈവമതം വൈഷ്ണവമതം എന്നീ പേരുകളിൽ ഹിന്ദുമതം സാധാരണക്കാരുടെയിടയിൽ പ്രാബല്യം പ്രാപിച്ചു. ശങ്കരാചാര്യരുടേയും, രാമാനുജൻേറയും മററും സിദ്ധാന്തങ്ങാം അഭിജ്ഞന്മാരുടെയിടയിലും ഹിന്ദുമതത്തിനു് പ്രചാരമരുളുവാൻ പര്യാപ്തങ്ങളായി. ചാലൂക്യരാജവംശക്കാരെ പിന്തുടൎന്നു് ഡക്കാനിൽ പിന്നീടു് ഭരണംനടത്തിയതു് രാഷ്ട്രകൂ

ടവംശക്കാരായിരുന്നു. അതിനും തെക്ക് ചോളപാണ്ഡ്യരാജാക്കന്മാരാണ് ആധിപത്യം നടത്തിയിരുന്നത്. ക്ഷേത്രനിർമ്മാണം സംബന്ധിച്ചുള്ള ശില്പകലയിലും, നാവികവിദ്യയിലും മററും തമിഴന്മാർ വളരെ പ്രസിദ്ധിയാർജ്ജിച്ച ഒരു ഘട്ടമായിരുന്നു ചോളപാണ്ഡ്യരാജാക്കന്മാരുടെ ഭരണകാലം. മഹാബലിപുരം, കാഞ്ചീപുരം, ചിദംബരം, മധുര, തഞ്ചാവൂർ, രാമേശ്വരം മുതലായ സ്ഥലങ്ങളിലുള്ള ക്ഷേത്രങ്ങളിൽ കാണുന്ന ശിലാപ്രതിമകൾ അന്നത്തെ ശില്പകലാപാടവത്തിനും, അന്നു നിലവിലുണ്ടായിരുന്ന ബഹുദൈവവിശ്വാസത്തിനും മതിയായ തെളിവുകളാണ്.

## തുർക്കികൾ ചൈനയിലേയ്ക്ക്

എ. ഡി 200 മുതൽ 400 വരെ ഉത്തര ചൈനയിൽ ആധിപത്യം നടത്തിയിരുന്ന മംഗോൾരാജവംശത്തെ, മദ്ധ്യഏഷ്യയിൽനിന്നും പുറപ്പെട്ട ടാബ്ഘാഷ് എന്ന തുർക്കിഗോത്രക്കാർ ആട്ടിയോടിച്ച് അധികാരം പിടിച്ചെടുത്തു. ആക്രമണത്തിനിറങ്ങിയ ആ പുതിയ കൂട്ടർ ചൈനയുടെ നാഗരികതയും സംസ്കാരവും മാത്രമല്ല, അവിടെ പ്രചരിച്ചിരുന്ന ബുദ്ധമതവും സ്വീകരിക്കാൻ സന്നദ്ധരായി. അതു് അവർ കാണിച്ച ഒരു വിവേകമായിത്തന്നെ കണക്കാക്കണം. ചൈനയിൽ ബുദ്ധമതം സംബന്ധിച്ചുള്ള ശില്പകല അതിന്റെ ഉച്ചകോടിയിലെത്തിയതു് ആ കാലഘട്ടത്തിലായിരുന്നു. അഞ്ചും ആറും ശതാബ്ദങ്ങളിൽ നിർമ്മിക്കപ്പെട്ട ചില പ്രതിമകൾ, ആത്മീയപ്രകർഷത്തിന്റേയും ധ്യാനനിഷ്ഠയുടേയും നിശ്വാസമുൾക്കൊള്ളുന്ന സജീവകലാസൃഷ്ടികളത്രെ.

ചൈനയെ ആക്രമിച്ച തുർക്കിഗോത്രത്തെപ്പററി പറഞ്ഞുവല്ലൊ,—തുർക്കി എന്ന പദം ചരിത്രത്തിൽ ആദ്യമായി വരുന്നതു് ഈ പ്രകൃതത്തിലാണ്. ആ പദത്തിന്റെ അർത്ഥംതന്നെ ശക്തി എന്നാകുന്നു. ചൈനയിലും മററു സ്ഥലങ്ങളിലും തുർക്കികൾ ചരിത്രം സൃഷ്ടിച്ചതധികവും ഭുജബലം കൊണ്ടാണെന്താനും. തുർക്കികൾ 6-ാം ശതാബ്ദത്തിൽ മംഗോളിയാ മുഴവനും ടർക്കിസ്ഥാന്റെ പടിഞ്ഞാറെ ഭാഗവും ഉൾപ്പെട്ട ഒരു സാമ്രാജ്യം സ്ഥാപിക്കു

കയും, അവരുടെ ആധിപത്യം ചൈനയിലെ വൻമതിൽ മുതല്ക്ക് പേഴ്സ്യൻസാമ്രാജ്യത്തിൻെറ അതിരുകഠം വരെ വ്യാപിപ്പിക്കുകയും ചെയ്തിരുന്നു. ഈ തുക്കിസാമ്രാജ്യം കിഴക്കൻതുക്കി എന്നും പടിഞ്ഞാറൻതുക്കി എന്നും രണ്ടു ഖണ്ഡങ്ങളായിട്ടാണ് കിടന്നിരുന്നതു്; അവയിൽ കിഴക്കെ ഖണ്ഡത്തിലുള്ള തുക്കികഠം ചൈനയേയും, പടിഞ്ഞാറെ ഖണ്ഡത്തിലുള്ളവർ പേഴ്സ്യയേയും ആക്രമിച്ചു.

ചൈനയിൽ കടന്നു വാഴ്ചനടത്തിയ ടാബ്ഘാഷ് എന്ന തുക്കിരാജവംശത്തിൻെറ അധികാരം, സിയൗസി എന്നപേരിൽ അവിടെയുണ്ടായിരുന്ന ഒരു രാജവംശക്കാർ എ. ഡി. 500-ൽ കരസ്ഥമാക്കുകയും, ആ വംശക്കാർ നാങ്കിങ്ങ് തലസ്ഥാനമായുള്ള ദക്ഷിണചൈനയുംകൂടി ഉഠംപ്പെടുത്തി ചൈനാസാമ്രാജ്യത്തെ ഏകീകരിക്കുയും ചെയ്തു. സിയൗസിവംശത്തിലെ ഏററവും പ്രബലനായിരുന്ന യാങ്ങ്ടി എന്ന ചക്രവത്തി ചൈനയുടെ ആധിപത്യം, ഹാൻരാജവംശം ചെയ്തിരുന്നതുപോലെ, അതിൻെറ പരമാവധിയിലെത്തിച്ചു. മേല്പറഞ്ഞ സിയൗസിവംശത്തിൻെറ കാലശേഷം താങ്ങ് രാജവംശമാണ് (618-690 എ.ഡി.) ചൈനയുടെ ഭരണം ഏറെറടുത്തതു്. സീഗ്നാഫൗ എന്ന നഗരമായിരുന്നു അവരുടെ തലസ്ഥാനം. താങ്ങ്രാജവംശത്തിലെ രണ്ടാമത്തെ ചക്രവത്തിയായിരുന്ന തയിഡ്സൂങ്ങ് എന്ന വീരപുരുഷൻ (627 -649 എ. ഡി.) മംഗോളിയയിൽ നിന്നു് തുക്കികളുടെ ആധിപത്യം നിശ്ശേഷം തുടച്ചുനീക്കിക്കളഞ്ഞു; അങ്ങനെ അദ്ദേഹം ചൈനീസ്രാജാധിപത്യം, വടക്കു് കാഷ്ഗർ മുതൽ തെക്കു് യാർക്കണ്ടു്, കോട്ടാൻ എന്നിവിടങ്ങഠംവരെ, സിൽക്ക്റോഡ് പ്രദേശങ്ങളിലുടനീളം നടപ്പാക്കുകയായി. മേല്പറഞ്ഞ രാജവംശത്തിലെ മൂന്നാമത്തെ ചക്രവത്തിയായിരുന്ന താങ്ങ്കൗസോങ്ങ് (650-683 എ. ഡി.) ചൈനയുടെ ആധിപത്യം കൊറിയയിലോളം വ്യാപിപ്പിച്ചു; വേറൊരു ചക്രവത്തിയായ ഹിയാൻസോങ്ങ് (712-756 എ. ഡി.) അതു് താഷ്ക്കണ്ട്വരെ എത്തിക്കുകയും ചെയ്തു. ഈ

ഒടുവിൽ പറഞ്ഞ ചക്രവർത്തിയുടെ ഭരണകാലം, ചൈനീസ് സാഹിത്യത്തിനു് ഒരു സുവർണ്ണഘട്ടമായിരുന്നു; തെയ്പോ (701–762) തൗഫൗ (712–770) എന്നി മഹാകവികളുടെ കവനങ്ങൾ ആ വസ്തുതയ്ക്കു തെളിവാണ്.

അക്കാലത്തെ ചൈനീസ്ശില്പകലയിൽ ഗ്രേയിക്കോ–ബുഡിസ്റ്റ് സംസ്കാരങ്ങളോടൊപ്പം ഇന്ത്യയുടെ മതപ്രഭാവവും സ്വാധീനം ചെലുത്തിയിരുന്നതായിക്കാണുന്നുണ്ട്. ഇന്ത്യയിൽനിന്നു് ശങ്കരാചാര്യരുടെ മതസിദ്ധാന്തങ്ങൾ മദ്ധ്യഏഷ്യയിലേയ്ക്കും ചൈനയിലേയ്ക്കും പ്രചരിച്ചിരുന്നതായി ഹ്യൂയൻസാങ് എന്ന ചൈനീസ്സഞ്ചാരി രേഖപ്പെടുത്തിയിട്ടുള്ള വിവരം ഇവിടെ സ്മരണീയമാണ്. ഇന്ത്യയുടെ വേദാന്തവും, ചൈനയിലെ ലവോട്സി എന്ന തത്വചിന്തകൻ സ്ഥാപിച്ച തയോയിസം എന്ന മതവും, സർവ്വോപരി ബുദ്ധമതവുമെല്ലാം കൂടിച്ചേർന്നു് പരസ്പരം സ്വാധീനംചെലുത്തിയതിൻെറ ഫലമായി ഏഷ്യയുടെ മതചിന്ത ഉപര്യുപരി വികസിക്കുകയായി. താങ്ങ്രാജവംശത്തിൻെറ തിരോധാനത്തോടുകൂടി, ചൈനയിൽ അരാജകത്വം നടമാടുകയും സാമ്രാജ്യം പല ചെറുഖണ്ഡങ്ങളായിത്തിരിയുകയും ചെയ്തു.

## V

# നീണ്ടുനിന്ന പടനീക്കങ്ങൾ

## (632-1800 എ. ഡി.)

### ഇസ്ലാം മതത്തിന്റെ ഉദയം

ഏഷ്യയുടെ വടക്കുഭാഗത്തുനിന്നുള്ള സഞ്ചാരിവർഗ്ഗക്കാർ, തെക്കെ ഏഷ്യയിൽ സ്ഥിരവാസമുറപ്പിച്ചിരുന്ന ജനങ്ങളുടെമേൽ ഇടയ്ക്കിടെ നടത്തിക്കൊണ്ടിരുന്ന ആക്രമണങ്ങൾ അപ്പൊഴപ്പോൾ അവസാനിച്ചുപോകുന്ന തരത്തിലുള്ളവയായിരുന്നു. അവർ ആക്രമിച്ചുകീഴടക്കിയ ജനങ്ങളുമായി ഇണങ്ങിച്ചേരുംവരെയ്ക്കു മാത്രമേ ആ ആക്രമണങ്ങൾ നീണ്ടുനിന്നിരുന്നുള്ളുവെന്നർത്ഥം. എന്നാൽ ഇതിനുപരി പറയാൻപോകുന്ന സഞ്ചാരിവർഗ്ഗക്കാരുടെ ആക്രമണങ്ങൾ ഏതാണ്ട് ആയിരം വർഷത്തോളം യാതൊരു സന്ധിയുമില്ലാതെ നിരന്തരം നിലനിന്നിരുന്നുവെന്നു കാണാം. അവരുടെ പ്രവർത്തനങ്ങൾക്കു് ഒരു പുതിയ മതത്തിന്റെ പ്രചോദനവും സഹായവും ഉണ്ടായിരുന്നുതാനും.

പ്രസ്തുത സഞ്ചാരിവർഗ്ഗക്കാരുടെ വരവു് അറേബിയായിൽ നിന്നായിരുന്നു. മദ്ധ്യഏഷ്യയിലേപ്പോലെതന്നെ ഫലശൂന്യമായ പ്രകൃതിയോടുകൂടിയ അറേബിയയിലെ ആ ജനതയും, മുഖ്യമായി കാലക്ഷേപത്തിനുവേണ്ടിയാണു് ദേശാന്തരഗമനം ചെയ്യാൻ പ്രേരിതരായതു്. അറേബിയാ അതിവിശാലമായ ഒരു മരുഭൂമിയാണു്. അതിൽ ഇടയ്ക്കിടെ ചിന്നിച്ചിതറിക്കിടക്കുന്ന പച്ചപിടിച്ച പ്രദേശങ്ങളിൽ മാത്രമേ മനുഷ്യവാസം കാര്യമായുണ്ടായിരുന്നുള്ളു. മരുപ്പച്ചകൾ എന്നു പറയപ്പെടുന്ന ആ പ്രദേശങ്ങൾ ഓരോന്നിനേയും, അറേബിയായെ ആകെക്കൂടി മററു രാജ്യങ്ങളുമായും കൂട്ടിയിണക്കുന്ന സഞ്ചാരമാർഗ്ഗങ്ങൾ അകത്തും പുറത്തുമുള്ള കച്ചവടത്തിന്നും സമ്പർക്കത്തിന്നും മുറയ്ക്കുപകരിച്ചു പോന്നിരുന്നു.

വിഗ്രഹാരാധനയിലും, ബഹുദൈവവിശ്വാസത്തിലും, പ്രാകൃത ങ്ങളായ സാമൂഹ്യാചാരങ്ങളിലും മുഴുകിക്കഴിയുന്ന വിവിധവൎഗ്ഗ ക്കാരായിരുന്നു അറേബിയയിലെ ജനങ്ങൾ. അവരുടെയിടയിൽ നിന്നു് പെട്ടെന്നു് കുശാഗ്രമതിയായ ഒരു പ്രവാചകൻ ആഗതനാ വുകയും, അദ്ദേഹം ചരിത്രപ്രസിദ്ധമായ ഒരു ലോകമഹാമതത്തി ന്റെ സ്ഥാപകനായിത്തീരുകയുംചെയ്തു. മുഹമ്മദ് ആയിരുന്നു ആ പ്രവാചകൻ. മുഹമ്മദ് തനിക്കുണ്ടായ വെളിപാടനുസരിച്ചു്, തന്റെ വൎഗ്ഗക്കാർ ബഹുദൈവങ്ങളെ ഉപേക്ഷിച്ചു് ഏകദൈവ ത്തിൽ വിശ്വസിക്കണമെന്നു് ഉദ്ബോധിപ്പിച്ചു. അദ്ദേഹം സ്ഥാ പിച്ച മതമാണു് ഇസ്ലാംമതം; ഇസ്ലാം എന്ന പദത്തിന്റെ അൎത്ഥം തന്നെ, ദൈവത്തിനുള്ള സമൎപ്പണം എന്നാണു്. ഇസ്ലാംമതത്തി ന്റെ തത്വങ്ങൾ അടങ്ങിയ വിശുദ്ധ ഗ്രന്ഥമാണു് ഖുറാൻ. മനു ഷ്യന്റെ ഭാഗധേയങ്ങളെല്ലാം ദൈവവിധിക്കു് വിധേയങ്ങളാ ണെന്നായിരുന്നു മുഹമ്മദിന്റെ പ്രബോധനം. അദ്ദേഹം തന്റെ ജന്മദേശമായ മെക്കയിലും ചുററിലുമുള്ള അറബിവൎഗ്ഗങ്ങളെ ഒ ന്നൊന്നായി തന്റെ മതത്തിലേയ്ക്കു ചേൎത്തു. മുഹമ്മദ് എ. ഡി. 622-ൽ മദീനയെ അഭയം പ്രാപിക്കുകയും, അവിടെ തന്റെ മത ത്തിന്റെ പതാക ഉയൎത്തുകയും ചെയ്തു. ഹിജറ എന്നു പറയപ്പെടു ന്ന ഇസ്ലാംവത്സരത്തിന്റെ ആരംഭവും മേല്പറഞ്ഞ എ. ഡി. 622 മുതല്ക്കാണു് കണക്കാക്കപ്പെടുന്നതു്. എ. ഡി. 632-ലായിരുന്നു പ്രവാചകന്റെ ദേഹവിയോഗം.

മുഹമ്മദ് ആരംഭിച്ച മതപ്രചാരണം അനന്തരഗാമികളായ കാലിഫുമാർ മുറയ്ക്കു തുടൎന്നു. അറബികൾ തങ്ങളുടെ മതത്തിനു വേണ്ടി നടത്തിയ സമരങ്ങൾമൂലം ചരിത്രത്തിൽ ഒരു പ്രമുഖ സ്ഥാനം അൎഹിക്കുവാനിടയായി. ജിഹാദ് അഥവാ പരിശുദ്ധ സമരം എന്നാണു് അവർ നടത്തിയ യുദ്ധങ്ങൾക്കു് പേർ പറയു ക. യുദ്ധത്തിൽ കീഴടക്കപ്പെട്ടവരെ അവർ തങ്ങളുടെ മതത്തിലേ യ്ക്കു ചേൎക്കുവാൻ ഉത്സാഹിച്ചു. ഏകദൈവത്തിലുള്ള തീവ്രവും ഏ കാഗ്രവുമായ വിശ്വാസം അവരെ വിജയത്തിൽനിന്നു് വിജയ

ത്തിലേയ്ക്കു നയിച്ചുവെന്നു പറയാം. ബഹുദൈവവിശ്വാസത്തിലും വിഗ്രഹാരാധനയിലും അന്ധവിശ്വാസജന്യങ്ങളായ ഭീതികളിലും മുഴുകിക്കഴിഞ്ഞിരുന്ന ഇതരന്മാർക്ക് അവരെ എതിരിടുവാനുള്ള ഏകാഗ്രത കുറവായിരുന്നുതാനും. മുഹമ്മദ്നബി ഉപദേശിച്ച ധർമ്മസംഹിത, തങ്ങൾ അതുവരെ ശീലിച്ചുപോന്നിരുന്നതിനേക്കാളെല്ലാം കർക്കശങ്ങളായിരുന്നുവെങ്കിലും, അതിനെ അനുഷ്ഠിക്കാൻ അറബിവർഗ്ഗങ്ങൾക്ക് വലിയ പ്രയാസം നേരിട്ടില്ല. സങ്കരവും ശിഥിലവുമായിരുന്ന പഴയ വിവാഹസമ്പ്രദായത്തിന്റെ സ്ഥാനത്ത് ബഹുഭാര്യാത്വം അനുവദിച്ചിട്ടാണ് വിവാഹക്രമം ചിട്ടപ്പെടുത്തുവാൻ ഇസ്ലാംമതം ശ്രമിച്ചതു്. ആ മതം തദനുയായികളുടെ ഇടയിൽ രാഷ്ട്രീയവും സാമൂഹ്യവുമായ സമത്വം സ്ഥാപിച്ചു. ദാനധർമ്മങ്ങളെ സംബന്ധിച്ച് ആ മതം സുനിശ്ചിതങ്ങളായ ചില വ്യവസ്ഥകൾ ഏർപ്പെടുത്തി. യുദ്ധത്തിൽ പിടിച്ചെടുക്കുന്ന സ്വത്തുക്കളുടെ അഞ്ചിലൊരംശം പാവങ്ങളുടേയും അനാഥരുടേയും മററും സംരക്ഷണത്തിന്നായി മാററിവയ്ക്കണമെന്നായിരുന്നു ചട്ടം. സ്ത്രീകൾക്ക് സ്വത്തവകാശം അനുവദിക്കപ്പെടുകയുമുണ്ടായി.

ഇസ്ലാംമതത്തിൽ സുദൃഢമായ വിശ്വാസത്തോടുകൂടിയ അറബികൾ മററു രാജ്യങ്ങൾ കീഴടക്കിക്കൊണ്ടു മുന്നേറിത്തുടങ്ങി. ആദ്യത്തെ മൂന്നു കാലിഫ്മാർ—അബുബക്കർ (632–633) ഒമാർ (634–644) ഒത്മാൻ (644–653)—ബൈസാൻറിയൻസാമ്രാജ്യത്തിൽപ്പെട്ട പലസ്തീനയും, സിറിയയും പിടിച്ചെടുത്ത് അവിടങ്ങളിൽ ആദ്യമേ ആധിപത്യം ഉറപ്പിച്ചു. ക്വാദിസ്യായിലേയും (637 എ. ഡി.) നിഹാവെൻഡിലേയും (641) മഹായുദ്ധങ്ങളെ തുടന്ന് ഈജിപ്ത് മുഴുവൻ എ. ഡി. 643-ൽ അവർ കീഴടക്കുകയും, അന്നോളം പാശ്ചാത്യസംസ്കാരത്തിന്റെ ഒരു സിരാകേന്ദ്രമായി വർത്തിച്ചിരുന്ന അലക്സാൻഡ്രിയാനഗരത്തെ മുസ്ലീം സംസ്കാരത്തിന്റെ ഒരു കേന്ദ്രസ്ഥാനമായി മാററുകയുംചെയ്തു. ഇറാനും ഇറാക്കും കീഴടക്കി, അവർ പേഴ്സ്യൻസാമ്രാജ്യം തക

ത്തുകളഞ്ഞു.

ആദ്യത്തെ നാലു കാലിഫ്മാരുടെ കാലശേഷം അവരുടെ പിന്തുടച്ചക്കാരായി വന്ന ഒമയാദ് രാജവംശക്കാർ (660-750) ഡമാസ്കസ്സിൽ തങ്ങളുടെ തലസ്ഥാനം സ്ഥാപിച്ചു. അവിടത്തെ കെട്ടിടങ്ങളും കലാശില്പങ്ങളും പരിശോധിച്ചാൽ, അറബികറം ബൈസാൻറിയൻ കലാമാതൃകകറം അനുകരിച്ചിരുന്നതായിക്കാണാം; ജരുസലേമിലും, സിറിയയിലും അവർ പണികഴിപ്പിച്ച പള്ളികളുടെ ശില്പവിധാനത്തിലും ഇപ്പറഞ്ഞ കലപ്പു കാണുന്നുണ്ട്. ഇതുപോലെതന്നെ, പേഴ്സ്യയിൽ അവർ പേഴ്സ്യൻ കലാമാതൃകകളേയും അനുകരിച്ചുപോന്നിരുന്നു. ഇസ്ലാംമതത്തിൽ ആദ്യമായി ഭിന്നതയുടെ ഒരു ലക്ഷണം ഉണ്ടായതു് പേഴ്സ്യയിലാണ്; മുഹമ്മദ്നബിയുടെ ജാമാതായ ആലി, ഇസ്ലാംമതാനുയായികളുടെയിൽ ഷിയാശാഖ എന്നൊരു വിഭാഗം ഏപ്പെടുത്തിയതോടുകൂടിയായിരുന്നു ആ ഭിന്നത. ഈ ഷിയാശാഖക്കാരിൽ പേഴ്സ്യൻസംസ്കാരത്തിൻെറ സ്വാധീനം വിശേഷിച്ചും വ്യാപിച്ചിരുന്നതിൻെറ ലക്ഷണങ്ങളുണ്ട്.

മേല്പറഞ്ഞ ഒമയാദ്രാജവംശക്കാരെ എ. ഡി. 750-ൽ അബ്ബാസൈഡ് എന്ന വേറൊരു അറബിരാജവംശക്കാർ തട്ടിമാററുകയും, അവർ 13-ാം ശതാബ്ദത്തിൻെറ മദ്ധ്യഘട്ടംവരെ കാലിഫ്സ്ഥാനം വഹിക്കുകയും ചെയ്തു. ആ രാജവംശക്കാർ അറബിസാമ്രാജ്യത്തിൻെറ തലസ്ഥാനം ഇറാക്കിലെ ബാഗ്ദാദ് നഗരത്തിലേയ്ക്കു് മാററി സ്ഥാപിച്ചു. അബ്ബാസൈഡ്രാജവംശത്തിലെ ആദ്യത്തെ നാലു രാജാക്കന്മാരായ അൽമാൻസൂർ (754-775) അൽമാദി (775-785) ഹരൂൺ അൽ റഷീദ് (786-809) മാമൗൺ എന്നിവരുടെ കാലത്താണ് അറബിസംസ്കാരം അതിൻെറ പാരമ്യത്തിലെത്തിയതു്. ബാഗ്ദാദ്നഗരപരിസരങ്ങളെ പശ്ചാത്തലമാക്കിക്കൊണ്ടു് വിരചിതങ്ങളായ ആയിരത്തൊന്നു അറബിക്കഥകറം വിശ്വസാഹിത്യവേദിയിൽ പ്രസിദ്ധങ്ങളാണല്ലോ. ഡമാസ്കസ്നഗരം തലസ്ഥാനമാക്കി ഭരിച്ചിരുന്ന ഒമയാ

ദ്വംശക്കാരായ രാജാക്കാക്കന്മാർ ബൈസാൻറിയൻസംസ്കാര ത്തിന്നാണു് വശഗരായിരുന്നതെങ്കിൽ, ബാഗ്ദാദ്നഗരം ആ സ്ഥാനമാക്കി ഭരിച്ചിരുന്ന അബ്ബാസൈഡ്വംശക്കാർ പേഴ്സ്യയുടെ നാഗരികതയും സംസ്കാരവുമാണു് മുഖ്യമായി സ്വീക രിച്ചതു്. സമാരായിലെ ചുമർചിത്രങ്ങളിലും, സമേറിയയിലും റേയിലുംനിന്നു കണ്ടുകിട്ടിയിട്ടുള്ള മൺപാത്രങ്ങളുടെ നിർമ്മിതിയി ലും പേഴ്സ്യൻകലാമാതൃകകളുടെ കലപ്പു കാണുന്നുണ്ടു്. ഒമയാദ് വംശക്കാർ ചെയ്തിരുന്നതുപോലെ, അറബിസാമ്രാജ്യം ആകെ അ ടക്കിഭരിക്കുവാൻ അബ്ബാസൈഡ്രാജവംശക്കാർക്കു് കഴിഞ്ഞി ല്ല. കാരണം എന്താണെന്നോ? ഒമയാദ്വംശക്കാരുടെ രണ്ടു ശാ ഖകൾ അപ്പൊഴും ഭരണം തുടരുന്നുണ്ടായിരുന്നു—ഒന്നു് സ്പെയി നിലും, മറെറാന്നു് ആഫ്രിക്കയിലെ മാഗ്രബിലും ഈജിപ്തിലും. ഇതിനുംപുറമെ, പേഴ്സ്യൻഗോത്രത്തിൽപ്പെട്ട ബോയിഡ്വംശ ക്കാർ (945-1055) ഇസ്പാൻ, ഷിറാസ് എന്നീ പ്രദേശങ്ങളിലും, ഇറാനിലെ സമനൈഡ് എന്ന പ്രഭുവംശക്കാർ ബൊക്കാറായി ലും സമർക്കണ്ടിലും, വേറൊരു അറേബിയൻ പ്രഭുവംശക്കാർ സി റിയായിലെ അലിപ്പോ എന്ന പ്രദേശത്തും ഭരണം നടത്തുന്നു ണ്ടായിരുന്നു. അറബിസാമ്രാജ്യത്തിൽ ഭരണസംബന്ധമായുണ്ടാ യ ഈ വേർതിരിവുകൾ ബൈസാൻറിയൻസാമ്രാജ്യത്തിൻെറ പു നരുദ്ധാരണത്തിനു് സഹായമായിത്തീർന്നു; എ. ഡി. പത്താം ശ താബ്ദത്തിൽ സിമിസ്കസ് എന്ന ബൈസാൻറിയൻസൈന്യാ ധിപൻ ആ പുനരുദ്ധാരണം ഒട്ടൊട്ടു് സാധിക്കുകയുംചെയ്തു.

അറേബിയൻസാമ്രാജ്യം പല ഖണ്ഡങ്ങളായി ഭരിക്കപ്പെ ട്ടിരുന്ന മേല്പറഞ്ഞ കാലഘട്ടത്തിൽ പേഴ്സ്യൻസംസ്കാരത്തി ൻേറയും അറേബിയൻസംസ്കാരത്തിൻേറയും വേഴ്ചയുടെ ഫലമാ യി തത്വചിന്തകന്മാരുടേയും ഗണിതശാസ്ത്രജ്ഞന്മാരുടേയും ഒരു പുതിയ വിഭാഗംതന്നെ അറേബിയയിൽ ഉടലെടുത്തുവെന്ന വ സ്തുത വിസ്മരിച്ചുകൂടാ. ഇബിൻ-സിനാ (യൂറോപ്യൻഭാഷയിൽ അവിസെന്നി) എന്ന പേരിൽ അറിയപ്പെട്ടുന്ന ഒരു ഇറാനിയൻ

ദാശ്ശനികൻ (980-1037) ഗ്രീക്കതത്വചിന്തകനായ അരിസ്റ്റോട്ട ലിൻെറ പ്രബോധനങ്ങളെ അടിസ്ഥാനമാക്കി ഒരു ഗ്രന്ഥം വി രചിക്കുകയുണ്ടായി. പില്ക്കാലത്തു് സുപ്രസിദ്ധ ക്രൈസ്തവതത്വ ശാസ്ത്രജ്ഞനായ തോമസ് അകചിനാസിൻെറ ആദരത്തിനുപോ ലും ആ ഗ്രന്ഥം പാത്രമാവാതിരുന്നില്ല. തത്വശാസ്ത്രത്തിനു മാത്ര മല്ല, കവിതയ്ക്കും മേല്പറഞ്ഞ കാലഘട്ടം ഒരു സുവൎണ്ണദശതന്നെയാ യിരുന്നു. ഫിർദൗസി (934-1025), ഒമാർ ഖയ്യാം (1132) സാദി 1184-1291) ഹാഫിസ് എന്നീ മഹാകവികളും അവരുടെ കൃതി കളും പ്രകൃതത്തിൽ സവിശേഷം സ്മരിക്കപ്പെടേണ്ടിയിരിക്കുന്നു.

ഏഷ്യയിലെ മുസ്ലിംസാമ്രാജ്യത്തിൻെറ ആധിപത്യം, പേഴ് സ്യൻസംസ്കാരത്തിൻെറ വേഴ്ചയോടുകൂടിയ അബ്ബാസൈഡ് വം ശക്കാരിൽനിന്നു് ഒരു പുതിയ ജനതയായ തുൎക്കികളുടെ പിടിയി ലേയ്ക്കു് 11-ാം ശതകത്തിൽ കൈമാറുകയായി. പടിഞ്ഞാറെ ട ൎക്കിസ്ഥാനിൽനിന്നുവന്ന ഈ തുൎക്കികൾ ഇസ്ലാംമതത്തിലേയ്ക്കു പ രിവൎത്തനം ചെയ്യപ്പെട്ടവരായിരുന്നുവെങ്കിലും, ഏഷ്യയിലെ മു സ്ലിംസാമ്രാജ്യത്തിൻെറ സംസ്ഥാപകരായ അറബികളുടെ ഗോത്ര ത്തിൽനിന്നു് സാമാന്യേന ഭിന്നരായിരുന്നു. ഇപ്പറഞ്ഞ തുൎക്കികളു ടെ ഇടയിലുണ്ടായ ഭരണകൎത്താക്കൾ ഗസനിരാജവംശക്കാർ എ ന്ന പേരിലാണു് അറിയപ്പെടുന്നതു്; ഗസനിപ്പട്ടണത്തിൽനിന്നുട ലെടുത്തതുകൊണ്ടാണു് ഈ രാജവംശത്തിനു് ആ പേരുണ്ടായതു്. പ്രസ്തുത രാജവംശത്തിലെ ഏററവും പ്രബലനായ മഹമ്മദ്ഗസനി (998-1030) അഫ്ഘാനിസ്താൻ മുതലായ സ്ഥലങ്ങൾ പിടിച്ചെ ടുത്തശേഷം, ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ ഭാഗത്തേയ്ക്കു കടന്നു് ഗുജറാത്ത് മുതലായ പ്രദേശങ്ങൾ അതിശക്തിയായി ആക്രമിക്കു കയും സുപ്രസിദ്ധമായ സോമനാഥക്ഷേത്രം കൊള്ളയിടുകയുംചെ യ്തു. സെൽജുക്കസ് എന്നപേരിൽ അറിയപ്പെടുന്ന മറെറാരു തു ൎക്കിവംശക്കാർ ഏഷ്യാമൈനറിൻെറ ഭൂരിഭാഗത്തേയ്ക്കും തങ്ങളുടെ ഭരണം വ്യാപിപ്പിച്ചു് മുസ്ലിംസാമ്രാജ്യം പൂൎവ്വാധികം ശക്തിപ്പെ ടുത്തുകയായി. തുൎക്കികളുടെ ഈ മുന്നേററവും വികാസവും ബൈ

സാൻറിയൻസാമ്രാജ്യത്തിനുമാത്രമല്ല, അതിൻെറ പടിഞ്ഞാറുഭാഗത്തുള്ള യൂറോപ്യൻരാജ്യങ്ങാംക്കും ഒരു വലിയ ഭീഷണിയായിത്തീൻ. പാശ്ചാത്യശക്തികളൊന്നുചേൻ് രൂപീകരിച്ചതും, യൂറോപ്പിൻെറ അദ്ധ്യാത്മികനേതാവായ മാപ്പാപ്പാ തന്നെ ഉൽഘാടനംചെയ്യതുമായ കുരിശുയുദ്ധം മുഖേന, തുക്കികളുടെ തള്ളിക്കയററവും ആധിപത്യവും തടയാനുള്ള ശ്രമം ആരംഭിച്ചു. ക്രിസ്തുമതസ്ഥാപകനോട്ട് ബന്ധപ്പെട്ട സംഭവങ്ങാം നടന്ന പുണ്യസ്ഥലങ്ങളും സ്ഥാപനങ്ങളും വീണ്ടെടുക്കുകയായിരുന്നു, കുരിശുയുദ്ധങ്ങളുടെ അടിയന്തിരമായ ഉദ്ദേശ്യവും പരിപാടിയും. 1092-ൽ മാലിക്ക്ഷായുടെ മരണത്തോടുകൂടി ഏഷ്യാമൈനറിലെ മുസ്ലിം സാമ്രാജ്യം ശിഥിലമായിത്തുടങ്ങിയതു്, ഏഷ്യയിൽ യൂറോപ്യൻ ശക്തികളുടെ പ്രവത്തനത്തിനു് സൗകയ്യമുണ്ടാക്കിക്കൊടുത്തു. 1095-ലായിരുന്നു കുരിശുയുദ്ധങ്ങളുടെ ആരംഭം. ക്രിസ്തുവിൻെറ കബറടക്കം നടന്ന പുണ്യസ്ഥലമുാംപ്പടേയുള്ള ജരുസലെം ക്രൈസ്തവസൈന്യങ്ങാം വീണ്ടെടുക്കുകയും, പന്ത്രണ്ടാംശതകത്തിൻെറ പൂവ്വാദ്ധത്തോടുകൂടി ജരുസലെം, ട്രിപ്പോളി, ആൻറിയോക്ക്, എഡേസാ എന്നിങ്ങനെ നാലു ക്രിസ്ത്യൻസംസ്ഥാനങ്ങാം സ്ഥാപിക്കുകയും ചെയ്തു. കുരിശുയുദ്ധങ്ങളിൽ പരസ്പരം ഏററുമുട്ടിയ വീരാഗ്രണികളിൽ, ക്രിസ്ത്യൻപക്ഷത്തു് ഇംഗ്ലീഷ്‌രാജാവായ റിച്ചാഡ് ഒന്നാമൻേറയും, മുസ്ലിംപക്ഷത്തു് ഈജിപ്തിലെ സുൽത്താനായ സലാഡിൻേറയും പേരുകാം അഗ്രിമസ്ഥാനം അഹിക്കുന്നുണ്ടു്. കുരിശുയുദ്ധക്കാർ ഏഷ്യയിൽ ഏപ്പെടുത്തിയ രാഷ്ട്രീയഭരണം പതിമൂന്നാം ശതാബ്ദത്തിൻെറ ഉത്തരാദ്ധത്തോടെ അവസാനിച്ചുതുടങ്ങിയെങ്കിലും, ആ യുദ്ധങ്ങാം മൂലമുണ്ടായ സംസ്കാരികവും വാണിജ്യപരവുമായ ഫലങ്ങാം കൂടുതൽ ശാശ്വതങ്ങളും പ്രയോജനകരങ്ങളുമായിരുന്നുവെന്നു സമ്മതിക്കണം. യൂറോപ്പിലെ മാഴ്സെയിൽസ്, പിസാ, ബാർസിലോണാ, ജിനോവാ, വെനീസ് എന്നീ നഗരങ്ങളും, ഏഷ്യയിലെ ട്രിപ്പോളി, ടയർ, ജാഫാ മുതലായ നഗരങ്ങളും കച്ചവടംമുഖേന സമ്പന്നങ്ങളായിത്തീൻതു് അ

കാലഘട്ടത്തിലായിരുന്നു. അതുപോലെതന്നെ, യൂറോപ്പിന്റേയും ഏഷ്യയുടേയും സംസ്കാരങ്ങൾ പരസ്പരം പകരുവാനും കുരിശുയുദ്ധങ്ങൾ പ്രകാരാന്തരേണ സഹായിച്ചു. ഏഷ്യാക്കാരുടെ സ്നാനമുറകളും പാചകവിധികളും എന്നുവേണ്ടാ, കിളിവാതില്പകാംക്ഷ കണ്ണാടിച്ചില്ലിടുക, പട്ടുതുണികൾ ഉടുക്കുക മുതലായ സമ്പ്രദായങ്ങളും അന്ന് ഏഷ്യയിൽനിന്നു് യൂറോപ്പിലേയ്ക്കു പകരുകയുണ്ടായത്രെ.

## ഇന്ത്യയിൽ മുസ്ലിംഭരണം

അങ്ങ് കുരിശുയുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കവേ, മുസ്ലിം സാമ്രാജ്യത്തിന്റെ ഇങ്ങേയററത്തുനിന്നു് അഫ്ഘാൻ ഭരണാധികാരികൾ ഇന്ത്യയിലേയ്ക്കുള്ള ആക്രമണങ്ങൾ തുടർന്നുകൊണ്ടിരിക്കയായിരുന്നു. അവരിൽ ഒരുവനായ മഹമ്മദ്ഗോറി (1186-1206) പഞ്ചാബിൽ മുസ്ലിംഭരണം ഉറപ്പിച്ചുകൊണ്ടു് ഗംഗാതടം വരെ തന്റെ ആധിപത്യം വ്യാപിപ്പിക്കുകയായി. മഹമ്മദ്ഗോറിയുടെ ഒരു അനന്തരഗാമി മുഖേനയായിരുന്നു, ഡൽഹിയിൽ മുസ്ലിംഭരണമേധാവിത്വം ആരംഭിച്ചതു്. ഇങ്ങനെ ദൽഹിയിൽ ആസ്ഥാനമുറപ്പിച്ച മുസ്ലിംരാജാക്കന്മാരുടെ ആക്രമണത്തിനു് ചെറിയ ചെറിയ ഹിന്ദുരാജ്യങ്ങൾ പലതും ക്രമേണ ഇരയായിത്തീർന്നു. ആ ഹൈന്ദവരാജ്യങ്ങളുടെ വലിപ്പക്കുറവും ഒരുമക്കുറവും ഓരോ രാജ്യത്തുമുള്ള ജനങ്ങളുടെ സാമൂഹ്യഭിന്നതകളുമെല്ലാം കൂടിച്ചേർന്നപ്പോൾ, മുസ്ലിംരാജാക്കന്മാക്കു് അവയെ കീഴടക്കാൻ വലിയ പ്രയാസമുണ്ടായില്ല. അലാവുദ്ദീൻ ഖിൽജി (1296-1316) മദ്ധ്യഇന്ത്യയിലും ഡക്കാനിലും മററും നടത്തിയ ആക്രമണങ്ങൾ പ്രസിദ്ധങ്ങളാണല്ലൊ. ഇന്ത്യയിലെ ആദ്യത്തെ ഈ മുസ്ലിം രാജവംശം പില്ക്കാലത്തു് പല കൈവഴികളായി ത്തിരിഞ്ഞുവെങ്കിലും, ബേബറിന്റെ നേതൃത്വത്തിൽ ആരംഭിച്ച് അക്ബർ, ഷാജിഹാൻ മുതലായവരാൽ പുലത്തപ്പെട്ട മുഗൾരാജവംശം മുഖേന രണ്ടു നൂററാണ്ടോളം (1500-1700)

മുസ്ലിംഭരണം ഇന്ത്യയിൽ നിലനിന്നു. 'ഇൻഡോസാർസനിക്' എന്ന പേരിൽ അറിയപ്പെടുന്ന ശില്പകലാരൂപങ്ങളം ഇന്ത്യയ്ക്കു മുസ്ലിംഭരണം മൂലമുണ്ടായ ഒരു പുതിയ നേട്ടമത്രെ. ദൽഹിയിലും ആഗ്രായിലും ആ കലാശില്പങ്ങളുടെ മഹനീയ മാതൃകകളം ഇന്നും കാണാം.

## മംഗോളിയർ ചൈനയിലേയ്ക്കു്

എ. ഡി. 907-ൽ താങ്ങ്‌രാജവംശം അധഃപതിച്ചതോടെ, ചൈനയിലുടനീളം അരാജകത്വം നടമാടുവാൻ തുടങ്ങി. ഉത്തര ചൈനയിൽ ക്ഷണികങ്ങളായ പല പല ചെറുരാജവംശങ്ങളം ഉടലെടുത്തു; ദക്ഷിണചൈനയാകട്ടെ, പലേ പ്രാദേശികഗവമ്മെണ്ടുകളായിത്തിരിയുകയുംചെയ്തു. ചൈനയെ ഒട്ടൊട്ടു് അടക്കി ഭരിക്കുവാൻപോരുന്ന ഒരു രാജവംശം പിന്നെ ഉയിരെടുത്തതു് 970-ാമാണ്ടിലായിരുന്നു. സോങ്ങ് എന്ന പേരിൽ അറിയപ്പെടുന്ന ആ രാജവംശക്കാർ മൂന്നു നൂററാണ്ടുകളോളം ചൈനയെ ഭരിച്ചു. ആ വംശത്തിലെ ആദ്യത്തെ രാജാക്കന്മാരായ തഡ്സൂങ്ങ് (960-976) തസിഡ്സൂങ്ങ് (977-997) എന്നിവർ പ്രാദേശികഭരണാധിപന്മാരെ മിക്കവാറും കീഴമർത്തി, ചൈനയുടെ രാഷ്ട്രീയഐക്യം പുനഃസ്ഥാപിച്ചു. എന്നാൽ മുൻപറഞ്ഞ അരാജകത്വത്തിന്നിടയിൽ തലപൊക്കിയ ഭരണസ്ഥാനങ്ങളിൽ ചുരുക്കം ചിലതു് പിന്നെയും നിലനിന്നു; മംഗോളിയയിലെ ഒരു വർഗ്ഗക്കാർ ചൈനയുടെ വടക്കെ അററത്തു് കൈയടക്കിവെച്ചിരുന്ന ഹോപ്പെയിയും ചാൻസിയും, കിററായി മുതലായ മററു ചില വർഗ്ഗക്കാർ കൈവശപ്പെടുത്തിയിരുന്ന കാൻസൗവും ആ കൂട്ടത്തിൽ പെടും. ഇപ്പറഞ്ഞ പ്രദേശങ്ങളൊഴിച്ചുള്ള ചൈനാ മുഴുവനും സോങ്ങ്‌രാജവംശക്കാർ തങ്ങളുടെ തലസ്ഥാനമായ കെയിപ്പോങ്ങിൽനിന്നു ഭരിച്ചുപോന്നിരുന്നു. ഇടക്കാലത്തു് രാഷ്ട്രീയാദർശങ്ങളെച്ചൊല്ലിയുണ്ടായ തീവ്രമായ ഒരു തക്കവും പ്രക്ഷോഭണവും മൂലം സോങ്ങ്‌രാജവംശത്തിനു് സ്വല്പം ഉലച്ചിൽ തട്ടുകയു

ണ്ടായി. വാങ്ങ്നാഗൻ–ചി (1021–1086) എന്ന മന്ത്രിയുടെ നേതൃത്വത്തിലുള്ള ഉല്പതിഷ്ണുക്കളും, ചൈനയിലെ ആദ്യചരിത്രകാരൻ എന്നറിയപ്പെടുന്ന സെയ്യു–മാ–കവ്വാങ്ങിൻെറ നേതൃത്വത്തിലുള്ള യാഥാസ്ഥിതികരും തമ്മിലായിരുന്നു മേല്പറഞ്ഞ സംഘട്ടനം. ഒരു മാതിരി സോഷ്യലിസ്റ്റ്വ്യവസ്ഥിതി കൈവരുത്തുവാൻ പററിയ സാമ്പത്തികവും സാമൂഹ്യവുമായ പരിഷ്കാരങ്ങാം നടപ്പാക്കുന്നതിന്ന് വാങ്ങ്–നാഗൻ–ചി എന്ന മേല്പറഞ്ഞ മന്ത്രി മുതിന്നതിൽവെച്ചാണ് പ്രക്ഷോഭണമുണ്ടായതെന്ന് ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ. സോങ്ങ്രാജവംശത്തിലെ ഒടുവിലത്തെ ചക്രവത്തിയും, നല്ലൊരു ചിത്രകാരനും ചരിത്രഗവേഷകനുമായിരുന്ന ഹവ്വെയ്സോംഗിൻെറ ഭരണകാലത്ത് (1100-1125) മഞ്ചൂറിയായിൽനിന്നു വന്ന ഒരു വഗ്ഗക്കാർ ചൈനയെ ആക്രമിക്കുകയും, അവർ മഞ്ചു എന്ന പേരിൽ ഒരു രാജവംശം സ്ഥാപിക്കുകയും ചെയ്തു. ആ രാജവംശമാണ് ഉത്തരഖണ്ഡം കൂടി ഉാപ്പെടുത്തി പത്തൊമ്പതാം നൂററാണ്ടുവരെ ചൈനയിൽ ഭരണം നടത്തിയതു്. ഒടുവിൽ അതിൻെറ തിരോധാനം ഒരു ജനകീയവിപ്ലവം മൂലമായിരുന്നുതാനും.

സോങ്ങ്രാജവംശം നിലനിന്നിരുന്ന കാലത്ത്, ചൈനീസ്സംസ്കാരത്തിന്നും നാഗരികതയ്ക്കുമുണ്ടായ വികാസം വിസ്മരിക്കാൻ തരമില്ല. ചൗഹി എന്ന ദാശ്നികനും അദ്ദേഹത്തിൻെറ അനുയായികളും മുഖേന തത്വശാസ്ത്രത്തിനുതന്നെ അക്കാലത്ത് പല സംഭാവനകളും ലഭിച്ചു. മേല്പറഞ്ഞ തത്വശാസ്ത്രജ്ഞൻ ചൈനയുടെ ഒരു സാഹിത്യചരിത്രവും രചിക്കുകയുണ്ടായി. സോങ്ങ്രാജവംശക്കാരുടെ ഭരണഘട്ടത്തിൽ പാത്രനിമ്മാണം, ചിത്രവേല മുതലായ കലകാംക്കുണ്ടായ അഭിവൃദ്ധിയും സ്മരണീയം തന്നെ.

മംഗോളിയരാണ് ചൈനയെ ആക്രമിച്ച മറെറാരു സഞ്ചാരിവഗ്ഗം; ഇവർ ഹ്രണന്മാരുടെ അനന്തരഗാമികളായിരുന്നു. കന്നുകാലികളെ വളത്തിയും വേട്ടയാടിയും കാലക്ഷേപംകഴിച്ചിരുന്ന

മംഗോളിയർ കുതിരസ്സവാരിയിലും അസ്ത്രപ്രയോഗത്തിലും സമത്ഥരായിരുന്നു. കുതിരപ്പുറത്തിരുന്നുകൊണ്ടു് എപ്പോഠംവേണമെങ്കിലും അസ്ത്രങ്ങഠം വഷിക്കാൻ ഒരുങ്ങിക്കൊണ്ടായിരുന്നു അവരുടെ സഞ്ചാരം; ആക്രമണം ഫലിച്ചില്ലെങ്കിൽ പാഞ്ഞു രക്ഷപ്പെടാനും അവക്കു ഒരു പ്രത്യേക പാടവമുണ്ടായിരുന്നു. പാഞ്ഞുനടന്നിരുന്ന ഈ മംഗോളിയൻപട, തോക്കിൻേറയും വെടിമരുന്നിൻേറയും പ്രയോഗം നടപ്പിൽവരുംമുമ്പു്, ആക്കും തടുക്കാനും ഒടുക്കാനും പററാത്ത ശക്തിയായിരുന്നുവെന്നതിനു് സംശയമില്ല. ചൈനയും പേഴ്സ്യയും മാത്രമല്ല, റഷ്യാ, പോളണ്ടു്, ഹംഗറി മുതലായ യൂറോപ്യൻരാജ്യങ്ങളും ആ വില്ലാളിപ്പരിഷയെ ഭയപ്പെട്ടാണു് കഴിഞ്ഞിരുന്നതു്.

## ചെങ്കിസ്ഖാൻ

മംഗോളിയക്കു് ചരിത്രപ്രസിദ്ധമായ പേരുണ്ടാക്കിയതു് ചെങ്കിസ്ഖാൻ എന്ന ഒരു സമരവീരനായിരുന്നു —ത്ജ്മിഡിൻ എന്നായിരുന്നു അദ്ദേഹത്തിൻേറ സാക്ഷാൽ പേരു്. ദേശവാഴിത്തമുണ്ടായിരുന്ന ഒരു പ്രഭുവംശത്തിലാണു് ജനിച്ചതെങ്കിലും, ചെങ്കിസ്ഖാൻ കൊടിയ ദാരിദ്ര്യത്തിലാണു് വളന്നതു്. തൻേറ ഇളയ സഹോദരന്മാരും അമ്മയുമൊന്നിച്ചു് അദ്ദേഹം ചെറുപ്പത്തിൽ പലേടത്തും ചുററിത്തിരിഞ്ഞുകഴിയുകയായിരുന്നു. പ്രായപൂത്തിയായപ്പോഠം അദ്ദേഹം കെറീററ് എന്നപേരിൽ അറിയപ്പെടുന്ന ഒരു ടക്കോ മംഗോഠം വഗ്ഗക്കാരുടെ കൂട്ടത്തിൽ ചേരുകയും, ആ വഗ്ഗത്തിൻേറ മേധാവിയുടെ സഹായത്തോടുകൂടി മററു പലേ ചെറുഗോത്രങ്ങളെ കീഴടക്കുകയുമുണ്ടായി. ആ ചെറിയ വഗ്ഗങ്ങളിൽ വെച്ചു് പ്രാധാന്യമഹിച്ചിരുന്ന താത്താരികളെ (അവരും മംഗോളിയരാണു്) ചെങ്കിസ്ഖാൻ 1202-ൽ ഏതാണ്ടു് നാമാവശേഷരാക്കിക്കളഞ്ഞു. അദ്ദേഹം പിന്നെ കെറീററുവഗ്ഗക്കാരോടുതന്നെ ഏററുമുട്ടുകയും, മദ്ധ്യമംഗോളിയയിൽ അവക്കുണ്ടായിരുന്ന സ്ഥലങ്ങളോടുകൂടി 1203-ൽ അവരെ കീഴടക്കുകയുംചെയ്തു. പി

ററേക്കൊല്ലം അദ്ദേഹം പടിഞ്ഞാറേ മംഗോളിയയിലുള്ള നയ്മാൻ എന്ന വേറൊരു തുക്കിഗോത്രക്കാരെ കീഴടക്കി. 1206-ാമാണ്ടായപ്പോഠ, അദ്ദേഹം അപ്പർമംഗോളിയാ മുഴുവൻേറയും അതോടു ബന്ധപ്പെട്ട സമസ്തജനങ്ങളുടേയും പരമാധികാരിയായിത്തീൻ.

അങ്ങനെ മംഗോളിയയേയും അവിടത്തെ ജനങ്ങളേയും ഒററക്കെട്ടായി നിൎത്തിയശേഷം, അദ്ദേഹം ചൈനയെ ആക്രമിക്കാനൊരുമ്പെട്ടു. ചൈന അന്നു് മൂന്നു ഖണ്ഡങ്ങളായി പിരിഞ്ഞുകിടക്കുകയായിരുന്നു. 1211 മുതൽ 1215 വരെ അദ്ദേഹം തുടൎച്ചയായി നടത്തിയ പലേ സമരങ്ങളുടെ ഫലമായി പെക്കിങ്ങ്പ്രദേശമത്രയും മംഗോളിയരുടെ പിടിയിലമൎന്നു. അതിനിടയ്ക്കു് ചെങ്കിസ്ഖാൻേറ സൈന്യം മദ്ധ്യഏഷ്യയിലേയ്ക്കു കടന്നു് ടൎക്കിസ്ഥാൻ കൈവശപ്പെടുത്തുകയുമുണ്ടായി. ചെങ്കിസ്ഖാൻ പിന്നെയും പടിഞ്ഞോട്ടു കയറി കപാരേശം, ട്രാൻസോക്സിയാനി, ഉസ്ബക്കിസ്ഥാൻ, ഇറാൻ, അഫ്ഘാനിസ്ഥാൻ എന്നീ പ്രദേശങ്ങളും പിടിച്ചെടുത്തു. 1221-ൽ ബാഠക്ക്, സമർക്കണ്ട് എന്നീ സ്ഥലങ്ങളും, അക്കൊല്ലവും പിററേക്കൊല്ലവുമായിട്ടു് മെർവ്, ബാഠക്ക്, ഹെറാററ്, ഗസനി എന്നീ നഗരങ്ങളും ചെങ്കിസ്ഖാൻ പടവെട്ടിപ്പിടിച്ചു.

അദ്ദേഹം അതിനകം ഇന്ത്യയിലേയ്ക്കു കടന്നു് സിന്ധുനദീതടംവരെ ഒരു പടയോട്ടം നടത്തുകയുമുണ്ടായി. അപ്പോഠ അദ്ദേഹത്തിൻേറ സേനാനികളായ ജെബിയും സബോട്ടായിയും ഇരുപതിനായിരം കുതിരപ്പടയാളികളോടുകൂടി പേഴ്സ്യയെ ആക്രമിച്ചു് കൗക്കാസൂസ്വഴിക്കു് തെക്കേ റഷ്യയിലേയ്ക്കു കടക്കുകയായിരുന്നു. അവർ ജോർജിയാനഗരം തകൎക്കുകയും, അസോവ് കടൽത്തീരത്തുവെച്ചു് ഒരു റഷ്യൻസേനയെ നിശ്ശേഷം തോല്പിക്കുകയും ചെയ്തു.

ചെങ്കിസ്ഖാൻ നടത്തിയ ആക്രമണങ്ങളെല്ലാം അതിനിഷ്ഠുരങ്ങളായിരുന്നു. പിടിച്ചെടുത്ത ദിക്കുകളിലുള്ള മനുഷ്യരെ മാത്രമ

ല്ല മൃഗങ്ങളേപ്പോലും കൊന്നൊടുക്കിക്കൊണ്ടായിരുന്നു, അദ്ദേഹത്തിൻെറ സൈന്യങ്ങളുടെ മുന്നേററം. പട്ടണങ്ങളും കെട്ടിടങ്ങളും ചുട്ടുപൊട്ടിച്ചതുകൊണ്ടും തൃപ്തിവരാതെ, അവർ നാട്ടിൻപുറങ്ങളിലുള്ള കൃഷിസ്ഥലങ്ങറം, ജലസേചനസജ്ജീകരണങ്ങറം മുതലായവപോലും നശിപ്പിച്ചുകളഞ്ഞു. തങ്ങറം പിടിച്ചെടുത്ത രാജ്യങ്ങളെല്ലാം തങ്ങളുടെ ജന്മഭൂമിയായ സ്റ്റെപ്പീസ് പ്രദേശങ്ങളേപ്പോലെ ശൂന്യപ്രായങ്ങളായിത്തീരണമെന്നായിരുന്നു മംഗോളിയരുടെ മോഹമെന്നു തോന്നിപ്പോകും.

സമരവീര്യംകൊണ്ടു് ഭയങ്കരനായിരുന്നുവെങ്കിലും, ചെങ്കിസ്ഖാൻെറ സ്വഭാവത്തിനു് ചില സവിശേഷതകളുണ്ടായിരുന്നു. നീതിനിഷ്ഠ, സ്നേഹിതന്മാരോടുള്ള കൂറു്, പരാജിതരായ ശത്രുക്കളോടും ചിലപ്പോറം കാണിക്കാറുള്ള ഔദാര്യം എന്നിവയെല്ലാം ഈ കൂട്ടത്തിൽ എടുത്തുപറയേണ്ട വിശേഷങ്ങളത്രെ. ഭരണകാര്യങ്ങളിൽ അദ്ദേഹം സമചിത്തതയും വിവേകവും പാലിച്ചു. മംഗോളിയരുടെയിടയിൽ ഐക്യവും ക്രമവും സംസ്ഥാപിക്കുവാനും, അവരിൽ കുടുംബസ്നേഹവും സദാചാരബോധവും കൈവളർത്തുവാനും അദ്ദേഹം ശ്രമിച്ചു. താൻ കീഴടക്കിയ ചൈനയിലും ടർക്കിസ്ഥാനിലുംനിന്നു് അഭിജ്ഞരായ ആളുകളെ തിരഞ്ഞെടുത്തു് അദ്ദേഹം ഉദ്യോഗങ്ങളിൽ നിയമിച്ചു. ക്രിസ്ത്യാനികറം, ബുദ്ധമതക്കാർ, മുസ്ലീമിങ്ങറം എന്നീ വിവിധ മതക്കാരോടെല്ലാം അദ്ദേഹം അനുഭാവത്തോടുകൂടിയാണു് പെരുമാറിയിരുന്നതു്. അവരിൽ യോഗ്യതയുള്ളവരെ ചുമതലപ്പെട്ട ഉയന്ന ഉദ്യോഗങ്ങളിൽ ജാതിയും മതവുമൊന്നും നോക്കാതെ നിയമിക്കാനും അദ്ദേഹം മടിച്ചില്ല. ചെങ്കിസ്ഖാൻ പലേ യുദ്ധങ്ങറം നടത്തിയെങ്കിലും, മതത്തിൻെറ പേരിൽ അദ്ദേഹം ഒരിക്കലും പടവെട്ടിയില്ലെന്നുള്ളതു് ഒരു പരമാത്ഥമാണു്; ഇതു് മംഗോളിയരെ സംബന്ധിച്ചു പൊതുവിൽ സമ്മതിച്ചുകൊടുക്കേണ്ട ഒരു വസ്തുതയാണുതാനും.

ചെങ്കിസ്ഖാൻ തൻെറ സാമ്രാജ്യം സ്ഥാപിച്ചതു് കുതിരപ്പുറത്തിരുന്നുകൊണ്ടായിരുന്നുവെന്നു പറയാം. പക്ഷേ, കുതിരപ്പുറ

ത്തിരുന്നു് ഒരു സാമ്രാജ്യം ഭരിക്കുക സാദ്ധ്യമല്ലെന്നു് കാലക്രമേണ അനുഭവപ്പെട്ടു. അദ്ദേഹത്തിൻെറ പുത്രനായ ഒഗ്ഡായിഖാൻ (1229-1241) മംഗോളിയായിൽ കാരക്കോരം എന്ന സ്ഥലത്തു് 1235-ൽ സ്ഥിരമായ ഒരു തലസ്ഥാനനഗരം സ്ഥാപിച്ചു. ചെങ്കിസ്ഖാൻെറ മരണശേഷം അദ്ദേഹത്തിൻെറ സാമ്രാജ്യം പുത്രന്മാരുടെയിടയിൽ വിഭജിക്കപ്പെട്ടുവെങ്കിലും, മേല്പറഞ്ഞ പുത്രൻതന്നെയായിരുന്നു സാമ്രാജ്യത്തിൻെറ പരമാധികാരി. അന്നത്തെ പരിഷ്കൃതരാജ്യങ്ങളുടെ ചിട്ടയും മാതൃകയും പിടിച്ചാണു് ഒഗ്ഡായിഖാൻ ഭരണം നടത്തിയതു്. മറുരാജ്യങ്ങൾ വെട്ടിപ്പിടിക്കുന്ന പതിവു് പിന്നെയും തുടർന്നുകൊണ്ടേയിരുന്നു,— അതു് മംഗോളിയരുടെ ഒരു കുലവൃത്തിയായിത്തന്നെ തീർന്നിരുന്നുവെന്നു കരുതാം.

മംഗോളിയൻസൈന്യം ഇറാൻ നിശ്ശേഷം കീഴടക്കുകയും, 1237-നും 1240-നുംമദ്ധ്യേ റഷ്യയിലേയ്ക്കു വീണ്ടും ആക്രമണം അഴിച്ചുവിടുകയുമുണ്ടായി. ഒഗ്ഡായിഖാൻെറ ഭാഗിനേയനായ ബററൗവിൻെറ നേതൃത്വത്തിലായിരുന്നു റഷ്യയിൽ നടന്ന ആക്രമണം. റഷ്യയിലെ റിയസാൻ, വ്ളാഡിമിർ, കീവ് എന്നീ മുഖ്യനഗരങ്ങൾ നശിപ്പിക്കപ്പെടുകയും, 1481 വരെ ഏതാണ്ടു് രണ്ടു നൂററാണ്ടുകളോളം മംഗോളിയരുടെ നുകത്തിൻകീഴിൽ റഷ്യ കഴിച്ചുകൂട്ടേണ്ടിവരികയുംചെയ്തു. പോളണ്ടും മംഗോളിയരുടെ ആക്രമണത്തിനു് വിധേയമായി. 1241-ൽ ഒരു മംഗോളിയൻസൈന്യം പോളണ്ടു് തട്ടിത്തകർത്തു; അക്കൊല്ലംതന്നെ ബററൗവിൻെറ നേതൃത്വത്തിൽ ഒരു വമ്പിച്ച മംഗോളിയൻസേന ഹംഗറിയിലേയ്ക്കു കടന്നു് മൊഹി എന്ന സ്ഥലത്തുവെച്ചു് ഹംഗേറിയൻ സൈന്യത്തെ നിശ്ശേഷം തോല്പിച്ചു; ബററൗവിൻെറ മുന്നണിപ്പട്ടാളം വിയന്നാവരെ സമരപര്യടനം നടത്തുകയുമുണ്ടായി. പോളണ്ടിലും ഹംഗറിയിലും മംഗോളിയർ സ്ഥിരമായി പാർക്കാനൊരുമ്പെട്ടില്ല. റഷ്യയിലെ നാടുവാഴികളെ മംഗോളിയയുടെ സാമന്തന്മാരാക്കുക, വോൾഗാനദിയുടെ കീഴ്ത്തടത്തിലുള്ള സ്റ്റെപ്പി

സ്പ്രദേശത്തിൻെറ ഉടമസ്ഥത നേടുക, ദക്ഷിണറഷ്യയിൽ മംഗോളിയൻ ആധിപത്യം സ്ഥാപിക്കുക—എന്നിവയാണ് ബററൗ നടത്തിയ ആക്രമണംകൊണ്ടുണ്ടായ ഫലങ്ങൾ.

ഒഗ്ഡായിഖാൻെറ മറെറാരനുഗാമിയായ മോംഗ്കാ (1251–1259) ദക്ഷിണചൈനയിൽ സോങ്ങ്രാജവംശക്കാരുടെ സാമ്രാജ്യവും അതിൻെറ തലസ്ഥാനമായ ഹാംഗ്ചൗനഗരവും കീഴടക്കി. മോംഗ്കായുടെ സഹോദരനായ ഹുലിഗുവാണ് ഇറാൻ ഭരിച്ചിരുന്നതു്. അദ്ദേഹം അബാസൈഡ്കാലിഫ്മാരുടെ വാഴ്ചയിലിരുന്നിരുന്ന ഇറാക്ക് കീഴടക്കി, അതിനെ ഇറാനോടു കൂട്ടിച്ചേർത്തു. അങ്ങനെ അവിടെ വികാസം പ്രാപിച്ച ഖാൻ ഭരണത്തിൻെറ പ്രതികരണം ഈജിപ്തിലേയ്ക്കും, സിറിയയിലേയ്ക്കും കൂടി വ്യാപിക്കുകയുണ്ടായി. മാംലൂക്വംശക്കാർ ഭരിച്ചിരുന്ന ഇസ്ലാംസാമ്രാജ്യവുമായി മംഗോളിയർ ഒടുവിൽ ഏററുമുട്ടുകയും, ആ സംഘട്ടനത്തിൽ ഏഷ്യാമൈനറിൽനിന്നുള്ള ക്രിസ്ത്യാനികളും യൂറോപ്പിൽനിന്നുള്ള കുരിശുയോദ്ധാക്കളും മംഗോളിയരെ സഹായിക്കുകയും ചെയ്തു.

മോംഗ്കായുടെ അനന്തരഗാമിയായി ഭരണം നടത്തിയതു് കുബ്ലൈഖാൻ ആയിരുന്നു. അദ്ദേഹത്തിൻെറ ഭരണകാലത്തു് (1250–1294) ചൈന മുഴുവനും മംഗോളിയൻആധിപത്യത്തിൽ വരികയും, അദ്ദേഹം തൻെറ തലസ്ഥാനം പെക്കിങ്ങിലേയ്ക്കു മാററിസ്ഥാപിക്കുകയും ചെയ്തു. അതോടെ, ചെങ്കിസ്ഖാൻെറ സാമ്രാജ്യം ഒരു ചൈനീസ്സാമ്രാജ്യമായിത്തീർന്നുവെന്നു പറയാം. മംഗോളിയൻസാമ്രാജ്യത്തിൻെറ ഇതരഭാഗങ്ങൾ ഭരിച്ചിരുന്ന സ്വന്തം ദായാതികളുടെ മേൽ പരമാധികാരം നടത്താൻ കുബ്ലൈഖാനു് സാധിക്കാതെവന്നതും മേല്പറഞ്ഞ സ്ഥിതിവിശേഷത്തെ സഹായിച്ചു. ചൈനയിലാകട്ടെ, കുബ്ലൈഖാൻെറ ഭരണം മേല്ക്കുമേൽ ഭദ്രമായിക്കൊണ്ടേയിരുന്നു. അദ്ദേഹത്തിൻെറ രാജവംശത്തിനു് ചൈനാക്കാർ യുവാൻ എന്നു പേർ നല്കുകയും, ആ വംശത്തിൽ വാഴ്ചയേല്ക്കുന്ന രാജാവിനെ 'സ്വർഗ്ഗത്തിൻെറ പുത്രൻ'

എന്ന നിലയിൽ ആദരിക്കുകയും ചെയ്തു. മംഗോളിയക്ക് സഹജമായുള്ള മതസഹിഷ്ണുത കുബ്ലൈഖാൻെറ പെരുമാററങ്ങളിൽ നല്ലവണ്ണം പ്രതിഫലിച്ചിരുന്നു. ബുദ്ധമതക്കാരേയും ക്രിസ്ത്യാനികളേയും അദ്ദേഹം ഒരുപോലെ ആദരിച്ചു. യൂറോപ്പുമായി സമ്പക്കം പുലത്തുന്നതിൽ അദ്ദേഹത്തിനു് വലിയ സന്തോഷമാണുണ്ടായിരുന്നതു്. അദ്ദേഹം പോപ്പിൻെറ പ്രതിനിധികളെ തൻെറ രാജധാനിയിലേയ്ക്കു സ്വാഗതം ചെയ്യുകയുണ്ടായി. അങ്ങനെ അദ്ദേഹം സ്വീകരിച്ച പ്രതിനിധികളുടെ കൂട്ടത്തിൽ ഫ്രാൻസിസ്കൻ സന്യാസികളും ഉൾപ്പെട്ടിരുന്നു; കാർപ്പിൻ, റൂബ്രക്ക് എന്നിവരുടെ പേരുകൾ പ്രകൃതത്തിൽ സ്മരണീയങ്ങളത്രെ.

മാർക്കോപോളോ എന്ന വെനീഷ്യൻസഞ്ചാരി ചൈന സന്ദർശിച്ചതു്, കുബ്ലൈഖാൻെറ ഭരണകാലത്തായിരുന്നു. പേഴ്സ്യയും ടർക്കിസ്ഥാനും കടന്നു് കരവഴിക്കാണു് ആ ലോകസഞ്ചാരി ചൈനീസ് രാജധാനിയിലെത്തിയതു്; മടക്കംയാത്ര ഇന്ത്യയിലൂടെ കടൽവഴിക്കായിരുന്നുതാനും. മാർക്കോപോളോ 1275 മുതൽ 1291 വരെ ചൈനയിൽ താമസിച്ചു. അദ്ദേഹം ചൈനയേപ്പററി ധാരാളം പഠിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ടു്. മാർക്കോപോളോയ്ക്കുശേഷം ഫ്രാൻസിസ്കൻ സന്യാസികളായ കത്തോലിക്കാമിഷനറിമാർ ചൈനയിലെത്തി മതപ്രചരണവേല ആരംഭിച്ചു. അവരുടെ നേതാവായ ജോൺ ഓഫ് മോണ്ടികോർവിനൊ എന്ന ദേഹം 1307-ൽ പെക്കിങ്ങിൽ ഒരു അതിരൂപത സ്ഥാപിക്കുകയും, അവിടത്തെ മേത്രാപ്പോലീത്തായായി വാഴ്ചയേല്ക്കുകയും ചെയ്തു. അദ്ദേഹം രാജകൊട്ടാരത്തിന്നഭിമുഖമായിത്തന്നെ ഒരു പള്ളി പണിയിച്ചതായും കാണുന്നുണ്ടു്. മാർക്കോപോളോയേപ്പോലെ അദ്ദേഹവും യാത്രാവിവരണങ്ങൾ പലതും എഴുതുകയുണ്ടായി.

പരസ്പരം വേർതിരിഞ്ഞു പല സ്ഥലങ്ങളിലായി ഭരണം നടത്തിയിരുന്ന മംഗോൾരാജവംശങ്ങൾ ഓരോന്നും, അതതു രാജ്യത്തുള്ള ജനങ്ങളുടെ സംസ്കാരാചാരങ്ങൾ സ്വീകരിച്ചു് അവരു

ടെയിടയിൽത്തന്നെ ക്രമേണ ലയിച്ചുതുടങ്ങി. ചൈനയിലെ മംഗോളിയൻചക്രവത്തി ചൈനീസ്സംസ്കാരത്തിന്ന് കൂടുതൽ കൂടുതൽ വശഗനായിട്ട്, ഒടുവിൽ ചൈനാക്കാരുടെയിടയിൽ നിന്നുതന്നെ ഉയിരെടുത്ത മിങ്ങ്‌രാജവംശത്തിന്ന് വഴിയൊഴിഞ്ഞുകൊടുക്കേണ്ടിവന്നു. ഇറാനിലെ മംഗോളിയൻഭരണകത്താക്കളാകട്ടെ, പേഴ്സ്യൻസംസ്കാരത്തിന്നും, ഇസ്ലാംമതത്തിന്നുമാണ് വഴങ്ങിക്കൊടുത്തതു്; 1335-ാമാണ്ടായപ്പോഴെയ്ക്കു് അവിടത്തെ ഖാൻവംശം ചെറിയ ചെറിയ പല ചേരികളായിത്തിരിയുകയും ചെയ്തു. ടക്കിസ്ഥാനിലെ മംഗോളിയൻഭരണകത്താക്കാം മുസൽമാന്മാരായ തുക്കികളുടെ ആചാരങ്ങളാണ് സ്വീകരിച്ചതു്; അവരും പരസ്പരം പിരിഞ്ഞു് ഒരുതരം ഇടപ്രഭുക്കളുടെനിലയിലായിത്തീന്നു. അങ്ങനെ പിരിഞ്ഞുപോയ കൂട്ടത്തിൽ ട്രാൻസോസ്സിയാനാ എന്നരാജ്യം ഭരിച്ചിരുന്ന ഒരു വംശത്തിൽനിന്നായിരുന്നു ഏഷ്യയുടെ മറെറാരു മഹാജേതാവായ തിമൂറിൻെറ പുറപ്പാട് (1320-1403).

തിമൂർ തുക്കിവംശക്കാരനും മുസ്ലിംമതവിശ്വാസിയുമായിരുന്നു. മുടന്തനായ ആ മനുഷ്യന്ന് തമർലെയിൻ എന്നുകൂടി ഒരു പേരുണ്ട്. സമർക്കണ്ട് എന്ന നഗരമായിരുന്നു അദ്ദേഹത്തിൻെറ തലസ്ഥാനം; അവിടെനിന്നാണ് അദ്ദേഹം തൻെറ ദിഗ്വിജയം ആരംഭിച്ചതു്. തിമൂർ മുസ്ലിംമതസാഹിത്യത്തിലെന്നപോലെ, പേഴ്സ്യൻസാഹിത്യത്തിലും നല്ല അവഗാഹം നേടിയിരുന്നു. ഖുറാൻ അദ്ദേഹത്തിന്ന് മനഃപാഠമായിരുന്നുവെന്ന് പറയാം. ഏതു സന്ദഭത്തിനും പററിയ ഖുറാൻവാക്യങ്ങാം ഉദ്ധരിക്കാൻ അദ്ദേഹത്തിന്ന കഴിഞ്ഞിരുന്നു. ചെങ്കിസ്ഖാനോട് ഒരു കാര്യത്തിൽ മാത്രമേ തിമൂറിന്ന സാമ്യമുണ്ടായിരുന്നുള്ളു,— സമരവീര്യത്തിൻെറ കാര്യത്തിൽ മാത്രം. മുപ്പത്തഞ്ചുകൊല്ലം ദീഘിച്ച തൻെറ ഭരണകാലത്തിനിടയ്ക്കു് തിമൂർ പലേ ദിഗ്വിജയങ്ങാം നേടി. ഇറാൻ, ഇറാക്ക്, അഫ്ഘാനിസ്ഥാൻ മുതലായ മദ്ധ്യപൗരസ്ത്യദേശങ്ങാം മുഴുക്കെപ്പിടിച്ചെടുത്തശേഷം, അദ്ദേഹം 1398-ാ

മാണ്ടിൽ ഇന്ത്യയിലേയ്ക്കു കടന്നു് ദൽഹിയേയും ആക്രമിച്ചു. 1400-ൽ അദ്ദേഹം ഈജിപ്തും സിറിയയും ആക്രമിച്ചു് അലിപ്പോ, ഡമാസ്കസ് എന്നീ നഗരങ്ങൾ നശിപ്പിച്ചു. പിന്നെ അദ്ദേഹം ഏഷ്യാമൈനറിലെ ഓട്ടോമൻസാമ്രാജ്യത്തിലേയ്ക്കു കടന്നു്, അവിടത്തെ രാജാവായ ബാജസററിനെ അങ്കോറായിലെ യുദ്ധത്തിൽവെച്ചു് 1402-ൽ തോല്പിക്കുകയായി. തിമൂറിൻെറ ദിഗ്വിജയം കൂട്ടക്കൊലകളുടെ ഒരു കൂത്തരങ്ങായിരുന്നു. യുദ്ധത്തിൽ വധിക്കപ്പെട്ട പ്രതിയോഗികളുടെ തലയോട്ടുകൾ കുമ്പാരമായി കൂട്ടി 'പിറമിഡ്' നിർമ്മിച്ചുവെന്നു് തിമൂറിനേപ്പററി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടു്.

തിമൂറിൻെറ സാമ്രാജ്യം അദ്ദേഹത്തിൻെറ മരണത്തോടുകൂടി ത്തന്നെ ഛിന്നഭിന്നമായിത്തുടങ്ങി. പടിഞ്ഞാറെ ഇറാൻ 1403-ൽത്തന്നെ നഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ പുത്രന്മാരിൽവെച്ചു് ഏററവും പ്രമുഖനായിരുന്ന ഷാറോക്കു് (1407-1447) കിഴക്കെ ഇറാനും, കൊറാസ്സാൻ, ട്രാൻസോക്സിയാനാ, ഹെറാററ് എന്നീ പ്രദേശങ്ങളും കൈവിടാതെ പിടിച്ചുനിന്നു. ഷാറോക്കും, അദ്ദേഹത്തിൻെറ പുത്രനായ ഉലൗഗ്ബേയ്ഗും (1447-1449) തിമൂറിനേപ്പോലെ സമരപ്രിയരൊന്നുമായിരുന്നില്ല. അവരുടെ ഭരണകാലത്തു് ഹെറാററും, സമർക്കണ്ടും പേഴ്സ്യൻസംസ്കാരത്തിൻെറ കേന്ദ്രങ്ങളായിത്തീൻ. തിമൂറിൻെറ കാലശേഷമുണ്ടായ ഒരു നവോത്ഥാനഘട്ടമായിരുന്നു അതു്. സമർക്കണ്ട്നഗരത്തിൽ അക്കാലത്തു് പലേ സ്മാരകങ്ങൾ പടുത്തുയർത്തപ്പെടുകയുണ്ടായി; അവയിൽ ഏററവും പ്രധാനപ്പെട്ടതു് തിമൂറിൻെറ ശവകുടീരംതന്നെയായിരുന്നു. ഹെറാററിലുണ്ടായിരുന്ന ഒരു വർണ്ണചിത്രകലാലയവും ഈ കൂട്ടത്തിൽ പ്രസ്താവാർഹമത്രെ.

## സെൽജുക്ക്വംശക്കാരും ഓട്ടോമൻതുർക്കികളും

പത്തും പതിമൂന്നും ശതാബ്ദങ്ങൾക്കിടയ്ക്കു് ഏഷ്യാമൈന

റിൽ കടന്നു് രാജ്യങ്ങൾ സ്ഥാപിച്ച തുക്കിഗോത്രങ്ങളിൽപ്പെട്ട ഒന്നാണു് സെൽജ്ജുക്ക്ഗോത്രം. ആ ഗോത്രക്കാർ, ഏഷ്യാമൈന റിലെ അനറേറാലിയൻപീഠഭൂമിയുടെ കിഴക്കുഭാഗത്തും നടുഭാ ഗത്തുമുള്ള കപ്പഡോഷ്യാ, ലൈക്കോണിയാ, ഫ്രിജിയാ എന്നീ പ്രദേശങ്ങളിലാണു് കയറിപ്പററിയതു്. അവർ ബൈസാൻറി യൻഭരണത്തിൽപ്പെട്ടിരുന്ന അമ്മേനിയകൂടി പിടിച്ചെടുക്കുക യും, അൽഫ് അർസലാൻ എന്ന സുൽത്താൻ റോമൻചക്രവർത്തി യായ ഡയോജിനസിനെ 1064-ൽ മാൻസികെട്ടിൽവെച്ചുണ്ടാ യ യുദ്ധത്തിൽ കീഴടക്കുകയുമുണ്ടായി. സെൽജ്ജുക്ക്ഗോത്രത്തിൽ പ്പെട്ട മറെറാരു വിഭാഗക്കാർ പതിനൊന്നാം ശതാബ്ദമായപ്പോ ഴെയ്ക്കു് കോനിയായിൽ ഒരു സുൽത്താൻവംശം സ്ഥാപിക്കുകയും, അതു് മൂന്നു ശതാബ്ദങ്ങളോളം നിലനില്ക്കുകയും ചെയ്തു. കോനി യായിലെ ഈ സുൽത്താൻവംശക്കാരാണു്, അലക്സാണ്ടറിൻെറ കാലം മുതല്ക്കു് ഏഷ്യാമൈനറിൽ നിലനിന്നുപോന്നിരുന്ന ഹെ ല്ലനികസംസ്കാരത്തെ വിപാടനംചെയ്തു് അവിടെ ഇസ്ലാംസംസ്കാ രവും ഭരണവും നടപ്പാക്കിയതു്. അന്നു് അവർ സ്ഥാപിച്ച ടക്കി സ്ഥാൻതന്നെയാണു് ഇന്നത്തെ ടക്കിയുടെ അടിസ്ഥാനവും. കോനിയായിലെ സുൽത്താന്മാർ പേഴ്സ്യൻസംസ്കാരത്തോടു് പല വിധത്തിലും വേഴ്ചയുള്ളവരായിരുന്നു. അവരുടെ രാജധാ നിയിൽ ഉപയോഗിച്ചിരുന്ന ഭാഷതന്നെ പേഴ്സ്യനാണു്. അ ന്നു് പശ്ചിമയൂറോപ്പിൽ ലത്തീൻഭാഷയ്ക്കുണ്ടായിരുന്ന സമുന്നത സ്ഥാനമാണു് ടക്കിഷ്രാജധാനിയിൽ പേഴ്സ്യൻഭാഷയ്ക്കുണ്ടാ യിരുന്നതു്. പേഴ്സ്യയിലെ ഒരു മിസ്റ്റിക്കവിയായിരുന്ന ജലാ ലുദിൻ റൗമി (1207–1273) കോനിയാരാജധാനിയിൽ താമസി ച്ചുകൊണ്ടു് തുക്കികൾക്കായി ഒരു സന്യാസസഭ സ്ഥാപിച്ച വസ്തു തയും ഇവിടെ സ്മരണീയമാകുന്നു.

കോനിയായിലെ സെൽജ്ജുക്ക്സുൽത്താൻവംശം നാമാവ ശേഷമായതോടെ, അനറേറാലിയൻപ്രദേശത്തു് പലേ തുക്കി വംശങ്ങൾ അധികാരത്തിൽ വന്നു. അവയിൽ ഒന്നാണു് ഓട്ടോ

മൻവംശം. അതിൻെറ സ്ഥാപകനായ ഒത്തോമൻ എന്ന ആളിൽനിന്നാണ്‌ ആ പേരുണ്ടായതു്. ആ വംശക്കാർ അനറേറാലിയയുടെ വടക്കുപടിഞ്ഞാറുഭാഗത്താണ്‌ ഭരണം നടത്തിയതു്. പിന്നീടു് ഒത്തോമനും അദ്ദേഹത്തിൻെറ പുത്രനായ ഓർഖാനും (1326-1368) ബൈസാൻറിയൻസാമ്രാജ്യത്തിൽപ്പെട്ട ബിത്തിനിയായിലെ ബ്രൂസാ, നിക്കോമിഡിയാ, നിക്കോഷ്യ മുതലായ പ്രധാന നഗരങ്ങൾ പലതും പിടിച്ചെടുത്തു. മുറാദ്‌ എന്ന പേരായ വേറൊരു സുൽത്താൻ (1360-1389) അനറേറാലിയാ മുഴുവനിലും ഓട്ടോമൻമേധാവിത്വം വ്യാപിപ്പിക്കുകയും, യൂറോപ്പിൽ കടന്നു് അഡ്രിയാനോപ്പിളിൽ കാൽകുത്തുകയും ചെയ്തു. അവിടെനിന്നു് ഓട്ടോമൻവംശക്കാർ മുന്നോട്ടു കടന്നു് റൗമെലി, മാസിഡോണിയാ, സെർബിയാ, ബൾഗേറിയാ എന്നീ രാജ്യങ്ങൾ പിടിച്ചെടുക്കുകയും, 1391-ൽ നിക്കോപ്പോളിസിൽ വെച്ചുണ്ടായ ഒരു യുദ്ധത്തിൽ ബെർഗണ്ടിയുടേയും ഹംഗറിയുടേയും കുരിശുയോദ്ധാക്കളെ തോല്പിക്കുകയും ചെയ്തു. അതിനെ തുടന്നു് 1402-ൽ അങ്കാറായിൽവെച്ചു് നടന്ന യുദ്ധത്തിൽ ഓട്ടോമൻവംശക്കാരെ സംഗതിവശാൽ തിമൂർ അടിച്ചമർത്തിയിരുന്നില്ലെങ്കിൽ അവർ പിന്നെയും മുന്നോട്ടു കടന്നു് ബൈസാൻറിയൻ സാമ്രാജ്യത്തിൻെറ ഒരു കേന്ദ്രസ്ഥാനമായ കോൺസ്റ്റാൻറിനോപ്പിൾപോലും പിടിച്ചെടുക്കുമായിരുന്നു. തിമൂറുമായുണ്ടായ യുദ്ധത്തിൽ നേരിട്ട പരാജയംനിമിത്തം, ഓട്ടോമൻവംശത്തിൻെറ പുരോഗമനം ഏതാണ്ടു് അരനൂററാണ്ടുകാലത്തേയ്ക്കു നിലച്ചുപോയി.

പിന്നെ മുഹമ്മദ്‌ ദ്വിതീയൻ എന്ന ഓട്ടോമൻഭരണാധിപനാണ്‌ (1451-1481) ബൈസാൻറിയൻസാമ്രാജ്യത്തിൻെറ നേർക്കുള്ള ആക്രമണം തുടന്നതു്. അദ്ദേഹം 1453 മെയ്‌ 29-ാംനു- കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചെടുത്തതോടെ, മുസ്ലീങ്ങളുടെ ചിരന്തനസ്വപ്നം ഒരു യാഥാർത്ഥ്യമായി പരിണമിച്ചു. ഓട്ടോമൻ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിളിനു് ഇസ്റ്റാൻബുൾ എന്നു പേർ നല്കുകയും, അനറേറാലിയയിൽ അവരുടെ പൗരാണികതല

സ്ഥാനമായിരുന്ന ബ്രൂസാനഗരത്തിനു പകരം ഇസ്സാൻബൂാം ഓട്ടോമൻസാമ്രാജ്യത്തിൻെറ പുതിയ തലസ്ഥാനമായിത്തീരുകയും ചെയ്തു. മഹമ്മദ് ദ്വിതീയൻ സിറിയായും ഗ്രീസും കൂടി കീഴടക്കിക്കഴിഞ്ഞപ്പോാം, ബാാംകൻപ്രദേശങ്ങാം മുഴുവനും അദ്ദേഹത്തിൻെറ ആധിപത്യത്തിലായി. ഓട്ടോമൻ വംശത്തിലെ മററൊരു ഭരണാധിപനായ സലിം ഒന്നാമൻ (1512–1520) ഈജിപ്തിലേയും സിറിയയിലേയും സുൽത്താൻവംശങ്ങളെ തകൎത്തു്, കാലിഫ് എന്ന സ്ഥാനപ്പേർ കൂടി വഹിച്ചുകൊണ്ടു് ഓട്ടോമൻസാമ്രാജ്യത്തിൻെറ ആദ്ധ്യാത്മികവും ഭൗതികവുമായ ഭരണാധികാരങ്ങാം രണ്ടും കരസ്ഥമാക്കി. അദ്ദേഹത്തിൻെറ അനന്തരഗാമിയായി ഭരണം നടത്തിയ മഹാനായ സുലൈമാൻ, പേഴ്സ്യൻകാരുടെ കൈയിൽനിന്നു് ബാഗ്ദാദും, 1526-ൽ മൊഹാക്സിൽ വെച്ചുനടന്ന യുദ്ധത്തിൻെറ ഫലമായി ഹംഗറിയും പിടിച്ചെടുത്തു് ഓട്ടോമൻസാമ്രാജ്യം പിന്നെയും വികസിപ്പിച്ചു. അദ്ദേഹം ചാാംസ് പഞ്ചമനും ഫ്രാൻസിലെ ഫ്രാൻസിസ് ഒന്നാമനും തമ്മിലുണ്ടായ ഒരു വാദത്തിൽ മാദ്ധ്യസ്ഥ്യം വഹിച്ചുകൊണ്ടു്, യൂറോപ്യൻരാഷ്ട്രീയത്തിൽ എണ്ണപ്പെടേണ്ട ഒരു ശക്തിയായി രംഗപ്രവേശം ചെയ്യുകയുമുണ്ടായി. ടക്കി പതിനേഴും പത്തൊമ്പതും ശതാബ്ദങ്ങാംക്കിടയ്ക്കു് യൂറോപ്പിലെ ഒരു പ്രബലശക്തിയായിത്തീരുകയും, മേധാവിത്വത്തിനുവേണ്ടി മത്സരിക്കുന്ന യൂറോപ്യൻരാജ്യങ്ങളിൽ ഒന്നിനോടല്ലെങ്കിൽ മറെറാന്നിനോടു നിരന്തരം ഏററുമുട്ടേണ്ടതായി വരികയും ചെയ്തു. ഇസ്ലാംമതവും, പേഴ്സ്യൻഅറേബിയൻസംസ്കാരവും സ്വീകരിച്ചിരുന്ന ഓട്ടോമൻതുക്കികാം ഇങ്ങനെ പ്രാബല്യത്തിൽ വന്നതോടുകൂടി, യൂറോപ്യൻ രാഷ്ട്രീയത്തിൽ ഏഷ്യയുടെ കൈ കയറിത്തുടങ്ങി. പണ്ടു് അലക്സാണ്ടർ ഏഷ്യയിലേയ്ക്കു കൈകടത്തിയതിൻെറ ഒരു പ്രതികാരമായിട്ടുകൂടി ഇതിനെ കണക്കാക്കാം.

യൂറോപ്പിലേയ്ക്കു കടന്ന തുക്കിവംശക്കാർ അതേസമയംതന്നെ ഏഷ്യയിലും തങ്ങളുടെ ഭരണം തുടരുകയും വികസിപ്പിക്കു

കയും ചെയ്തുകൊണ്ടേയിരുന്നു. അവരിൽ ഒരു വിഭാഗക്കാർ തിമൂറിന്റെ അനന്തരഗാമിയായ ബേബറിനെ അദ്ദേഹത്തിന്റെ പിതൃഭൂമിയായ സമർക്കണ്ടിൽനിന്നു് ഓടിക്കുകയുമുണ്ടായി. ബേബറാകട്ടെ, അഫ്ഘാനിസ്ഥാനിൽ കടന്നു് തന്റെ ഭാഗ്യം പരീക്ഷിക്കുകയും, അവിടെനിന്നു് 1526-ൽ ഇന്ത്യയെ ആക്രമിക്കുകയും ചെയ്തു. പാനിപ്പത്തിൽവെച്ചു നടന്ന ആദ്യത്തെ യുദ്ധംകൊണ്ടു തന്നെ, മഹമ്മദ് ഗസനിയുടെ അനന്തരഗാമികളായ ദൽഹി സുൽത്താന്മാരുടെ ഭരണത്തിനു് ബേബർ അറുതിവരുത്തിക്കളഞ്ഞു. 1350 മുതൽക്കു് തഴച്ചും വളൎന്നും നിലനിന്നിരുന്ന മേല്പറഞ്ഞ സുൽത്താൻവംശത്തെ ബേബർ അങ്ങനെ കീഴടക്കിയതോടെ, ഇന്ത്യയിൽ മുഗൾരാജവംശത്തിന്റെ ഉദയമായി. ആ വംശത്തിലെ ഏററവും പ്രസിദ്ധനായ ചക്രവൎത്തിയായിരുന്നു, മഹാനായ അക്ബർ. ഡക്കാൻ വരെയുള്ള ഇന്ത്യയുടെ ഉത്തരഖണ്ഡം മുഴുവൻ അദ്ദേഹത്തിന്റെ ആധിപത്യത്തിലായിരുന്നു. സൎവ്വ മതങ്ങളോടും സഹിഷ്ണുത കാണിക്കുക എന്ന നയമാണു് അക്ബർ അനുവൎത്തിച്ചിരുന്നതു്. 'ദീൻ ഇല്ലാഹി' അഥവാ 'ദിവ്യവിശ്വാസം' എന്ന പ്രസ്ഥാനം മുഖേന വിവിധ മതങ്ങൾക്കു് ഒരു ഏകീഭാവം വരുത്തുവാൻ അദ്ദേഹം പരിശ്രമിച്ചു; അതുപോലെതന്നെ, മിശ്രവിവാഹം മൂലവും മററും വിവിധ ജനസമുദായങ്ങളെ തമ്മിൽ കൂട്ടിയിണക്കുവാനും. അക്ബറിന്റെ ഭരണപാടവവും അന്യാദൃശമായിരുന്നു. ആ ചക്രവൎത്തിയുടെ ഭരണത്തിനുണ്ടായിരുന്ന സവിശേഷതകൾ പലതും, അദ്ദേഹത്തിന്റെ മന്ത്രിയായിരുന്ന അബുൾഫാസൽ എഴുതിയ 'എയിനി അക്ബാരി' എന്ന കൃതിയിൽ വിവരിച്ചിട്ടുണ്ടു്.

മുഗൾചക്രവൎത്തിമാർ മുസ്ലിംമതാനുയായികളായിരുന്നുവെങ്കിലും, അവരുടെ സംസ്കാരം പേഴ്സ്യയിൽനിന്നു് ഉയിരെടുത്തതായിരുന്നു. അവരുടെ ഭരണകാലത്തു് നടന്നിട്ടുള്ള ശില്പവേലകളുടെ കലാമൂല്യം ഇന്ത്യക്കു ഒരു വലിയ നേട്ടംതന്നെയാണു്. താജ് മഹാൾ ആ കൂട്ടത്തിൽ ഏററവും പ്രാധാന്യം അൎഹിക്കുന്നു. മദ്ധ്യ

ഏഷ്യയിലേയും പേഴ്സ്യയിലേയും ശില്പമാതൃകകളെ ഹൈന്ദവഭാരതത്തിൻേറതുകളോട്ട് കൂട്ടിയിണക്കി, മുഗൾചക്രവൎത്തിമാർ ദൽഹിയിലും ആഗ്രായിലും പടുത്തുയൎത്തിയിട്ടുള്ള ഗംഭീരസൗധങ്ങൾ ഇൻഡോ-സാർസനിക്കലാരൂപത്തിൻെറ മകുടോദാഹരണങ്ങളത്രെ. ജഹാംഗീറിൻേറയും ഷാജിഹാൻേറയും മററും വൎണ്ണചിത്രങ്ങൾ അക്കാലത്തു വിരചിച്ചിട്ടുള്ളതിലും, ഹൈന്ദവ-മുസ്ലിംകലാരീതികളുടെ കലപ്പ് കാണാം. ഒടുവിലായിട്ട് മുഗൾചക്രവൎത്തിമാരെ ബാധിച്ച സുഖലോലുപതയും, പോരെങ്കിൽ അറംഗസീബിൻെറ അസഹിഷ്ണുതയും ഒക്കെപ്പൊടെ ചേൎന്ന് അവരുടെ സാമ്രാജ്യത്തിൻെറ അധഃപതനത്തിന് വഴിതെളിക്കുകയാണുണ്ടായതു്. മഹാരാഷ്ട്രരുടെ മുന്നേററത്തിന്നും, ഇംഗ്ലീഷുകാരുടെ അധികാരലബ്ധിക്കും ഇടവരുത്തിയതു് ആ സാഹചൎയ്യമായിരുന്നു.

മുഗൾഭരണം രണ്ടിലധികം ശതാബ്ദങ്ങളോളം (1526-1776) ഇന്ത്യയിൽ ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കെ, ഏഷ്യയുടെ മററു ഭാഗങ്ങളിൽ ആഭ്യന്തരമായിത്തന്നെ തുൎക്കികളോടുള്ള എതിൎപ്പ് ബലപ്പെട്ടുവരികയായിരുന്നു. പേഴ്സ്യയിൽ ഉടലെടുത്ത സെഫിവിദ് എന്ന ഷാ രാജവംശം അവിടത്തെ തുൎക്കിഭരണത്തെ തകിടംമറിച്ച് രണ്ടു നൂററാണ്ടോളം (1501-1736) പേഴ്സ്യയെ ഭരിച്ചു. മഹമ്മദ്നബിയുടെ ജാമാതാവായ ആലി മുഖേന ഇസ്ലാംമതത്തിലുണ്ടായ ഷിയാ എന്ന മതവിഭാഗമാണ് പേഴ്സ്യയിലെ രാഷ്ട്രമതമായി അംഗീകരണം പ്രാപിച്ചതു്. പേഴ്സ്യാ മാത്രമല്ല, കൊറോസ്സാനുംകൂടി തുൎക്കിഭരണത്തിൽനിന്നു് വിമുക്തമാവുകയുണ്ടായി. എന്നാൽ സെഫിവിദ്വംശത്തിലെ രണ്ടാമത്തെ ഭരണാധികാരിയായ തഹ്മാസ്പ് (1524-1576) ഇറാക്കും ബാഗ്ദാദും കൈവെടിയേണ്ടിവന്നു. സെഫിവിദ് രാജവംശത്തിൻെറ പ്രാബല്യം അതിൻെറ പാരമ്യത്തിലെത്തിയതു്, അബ്ബാസ് ഷായുടെ (1586-1629) കാലത്തായിരുന്നു. അദ്ദേഹം ഇസ്പഹാൻ എന്ന തൻെറ തലസ്ഥാനനഗരത്തെ അന്നു് ലോകത്തിലുണ്ടായിരുന്ന ഏററവും മനോമോഹനങ്ങളായ നഗര

ങ്ങളിലൊന്നാക്കിത്തീക്കുവാൻ പരിശ്രമിച്ചു. മാർബിഠംഇഷ്ടികകഠംകൊണ്ടു് നിമ്മിച്ച പള്ളികളും കൊട്ടാരങ്ങളും, അവയിൽ വരപ്പിച്ച ലോലസുന്ദരങ്ങളായ ചുമർചിത്രങ്ങളുമെല്ലാം ആ നഗരത്തിലെ മനോഹരകാഴ്ചകളായിരുന്നു. ബിഹസാദ് എന്ന വിശ്രുതചിത്രകാരൻ ഇസ്പഹാൻനഗരത്തിൽ വണ്ണചിത്രകലാപോഷണത്തിന്നായി ഒരു പരിശീലനകേന്ദ്രം സ്ഥാപിച്ചുനടത്തിയിരുന്നതും പ്രകൃതത്തിൽ സ്മരണീയമത്രെ. സെഫിവിദ്‌വംശം ഒടുവിൽ, 1722-ാമാണ്ടോടുകൂടി ടക്കിഷ്അഫ്ഘാൻകാരുടെ ആക്രമണത്തിന്നു വിധേയമാവുകയും, നാദിർഷാ എന്ന പരാക്രമി 1736-ൽ പേഴ്സ്യ കീഴടക്കുകയുംചെയ്തു. പിന്നീടു് 1740-ൽ നാദിർഷാ ഇന്ത്യയിലേയ്ക്കു കടന്നു് മുഗഠംസാമ്രാജ്യം ആക്രമിച്ചു് ദൽഹിനഗരം പിടിച്ചെടുത്തു; 1747-ൽ അദ്ദേഹം സ്വന്തം ഭാഗിനേയൻെറ കൈകൊണ്ടുതന്നെ വധിക്കപ്പെടുകയുംചെയ്തു.

## ചൈനയിലെ മററു ചില രാജവംശങ്ങഠം

പേഴ്സ്യയിലെന്നപോലെ ഏഷ്യയുടെ അങ്ങേയററത്തു് ചൈനയിലും മംഗോളിയക്കെതിരായി ആഭ്യന്തരമായ ഒരു എതിപ്പു് ആരംഭിച്ചുകഴിഞ്ഞിരുന്നു. ദക്ഷിണചൈനയിൽനിന്നു മുളയെടുത്ത ഒരു ദേശീയവിപ്ലവത്തിൻെറ ഫലമായിട്ടു്, ചെങ്കിസ്ഖാൻേറയും കുബ്ലെഖാൻേറയും രാജവംശം 1360-ൽ ചൈനയിൽനിന്നു് നിഷ്കാസനം ചെയ്യപ്പെട്ടു. ആ വിപ്ലവത്തിൻെറ നേതൃത്വം വഹിച്ച ചൗ യുവാൻചാങ്ങ് എന്ന ദേഹം ഹോംഗ് വൗ എന്ന പേരിൽ ചൈനയിലെ ചക്രവത്തിയായിത്തീരുകയും, 1363 മുതൽ 1644 വരെ നിലനിന്ന മിങ്ങ്‌രാജവംശം സ്ഥാപിക്കുകയുംചെയ്തു. ഈ രാജവംശത്തിൻെറ ആദ്യത്തെ തലസ്ഥാനം നാങ്കിങ്ങ് ആയിരുന്നു; 1409-ൽ അതു് പെക്കിങ്ങിലേയ്ക്കു മാററപ്പെട്ടു. പൊതുവായിപ്പറഞ്ഞാൽ, മിങ്ങ്‌രാജവംശം മററു രാജ്യങ്ങളോടു് സമാധാനത്തിലാണു് വത്തിച്ചിരുന്നതു്; മൂന്നാമത്തെ ചക്രവത്തിയായ യോംഗ്‌ലോ എന്നൊരാഠം മാത്രം തൻെറ

ഭരണകാലത്തു് (1403-1424) ചില മറുരാജ്യങ്ങൾ പിടിച്ചെടുക്കാൻ ഒരു വ്യർത്ഥപരിശ്രമം നടത്തുകയുണ്ടായി. മംഗോളിയായിൽനിന്നുള്ള കൊള്ളപ്പരിഷയെ ചെറുത്തു് ചൈനയെ രക്ഷിക്കാൻ, മിങ്ങ്‌രാജവംശക്കാർ നിരന്തരം ശ്രദ്ധിച്ചുപോന്നിരുന്നു. അവരുടെ ഭരണകാലത്തു് ചൈനയിലെ മതപരമായ ചിന്താഗതി അതിൻെറ മൂലസ്ഥാനമായ കൺഫ്യൂഷ്യൻമതത്തിലേയ്ക്കു പിന്തിരിയുകയും, അതോടെ ബുദ്ധമതത്തിന്നു മുമ്പുണ്ടായിരുന്ന പ്രാധാന്യം നഷ്ടപ്രായമാവുകചെയ്തു. കലകളുടെ കാര്യത്തിലും ഇതുപോലെതന്നെ ദേശീയമായ ഒരു തിരിച്ചടിയുണ്ടായി. മൺപാത്രനിർമ്മാണരീതിയിൽത്തന്നെ വലിയ മാററം വന്നു. വെണ്മയും വർണ്ണപ്പകിട്ടും സംബന്ധിച്ചായിരുന്നു ആ മാററങ്ങളധികവും.

ഇതിനിടയ്ക്കു് ടിബത്തിൽ ബുദ്ധമതം പുനരുജ്ജീവനം പ്രാപിക്കുകയായിരുന്നു. തങ്ങൾ ബുദ്ധൻെറ പുനരവതാരങ്ങളാണെന്നാണു് ആ മതത്തിൻെറ അധികാരികളായ ലാമാമാർ അവകാശപ്പെട്ടിരുന്നതു്. ലാസാ എന്ന സ്ഥലമായിരുന്നു ലാമാമാരുടെ തലസ്ഥാനം. ലാമാമാരുടെ വിഹാരങ്ങൾ ബുദ്ധമതം സംബന്ധിച്ചുള്ള കൈയെഴുത്തുഗ്രന്ഥങ്ങളുടെ നിക്ഷേപനിലയങ്ങളായിരുന്നു. ഇന്ത്യയിൽനിന്നു ചെന്ന ബുദ്ധമതസന്യാസികളായ പത്മസാംഭവ്യയും (എ. ഡി. 750) അററീസായും (1050) തിബത്തിൽ ബുദ്ധമതം പ്രസംഗിക്കുകയുണ്ടായിട്ടുണ്ടു്. തിബത്തിലെ ഓട്ടുപ്രതിമകളിൽ, ബങ്കാളിലെ കലാരീതികളുടെ സങ്കരം കാണാം; അതുപോലെതന്നെ, അവിടത്തെ പതാകകളുടെ വർണ്ണങ്ങളിൽ ഇന്ത്യയിലും ബൌദ്ധചൈനയിലും നിലനിന്നിരുന്ന വർണ്ണചിത്രവിദ്യയുടെ മാതൃകകളും കലന്നിട്ടുണ്ടു്.

മിങ്ങ്‌രാജവംശത്തിൻെറ ഭരണകാലത്തും യൂറോപ്യൻസഞ്ചാരികളും മിഷ്യനറിമാരും ചൈനയിലെത്തിയിരുന്നതായിക്കാണുന്നു. മേത്യൂ റിക്കി എന്ന ജെസ്യൂററ്‌വൈദികൻ (1552-1610) അവിടെ 'കാത്തലിക് ചൈനീസ് മിഷ്യൻസ്' എന്ന പേരിൽ ഒരു മതപ്രചാരണകേന്ദ്രം സ്ഥാപിച്ചതു് ആ കാലത്തായിരുന്നു.

മാൻഡ്ചൗ എന്ന പ്രദേശത്തുനിന്നുള്ള മംഗോളം അഥവാ താത്താരി എന്ന വർഗ്ഗക്കാരാണ് ഒടുവിൽ മിങ്ങ്‌രാജവംശത്തെ തട്ടിനീക്കിയതു്. ആ വർഗ്ഗക്കാർ ചൈനാക്കാരുമായി വേഗത്തിൽ സാത്മ്യം പ്രാപിക്കുകയും, അവരിൽപ്പെട്ട ചില ചക്രവർത്തിമാർ ചൈനയിലെ ഏററവും പ്രസിദ്ധരായ ഭരണാധികാരികളായി ത്തീരുകയുംചെയ്തു. ആ കൂട്ടത്തിൽ കാംഗ്ഹി എന്ന ചക്രവർത്തി (1669–1722) കിഴക്കെ മംഗോളിയയിലും ടിബററിലും തൻെറ മേൽക്കോയ്മ സ്ഥാപിച്ചു. അദ്ദേഹത്തിൻെറ പൗത്രനായ കൈൻലോങ്ങ്ചക്രവർത്തി (1736-1796) പടിഞ്ഞാറെ മംഗോളിയയും കാഷ്ഗറുംകൂടി കീഴടക്കുകയുണ്ടായി. മാൻഡ്ചൗവംശക്കാരായ ഈ ചക്രവർത്തിമാർ ചൈനിസ്‌രീതിയിലുള്ള പുതിയ പുതിയ കൊട്ടാരങ്ങളും, വെൺമാടങ്ങളും, മാർബിൾപ്പാലങ്ങളും, മനോഹരങ്ങളായ ഉദ്യാനങ്ങളുംകൊണ്ട് തങ്ങളുടെ തലസ്ഥാനനഗരമായ പെക്കിങ്ങിനെ മോടിപിടിപ്പിച്ചു. അവരുടെ ഭരണകാലത്തു് ചൈനയിലെ മൺപാത്രനിമ്മാണത്തിൽ കടന്നുകൂടിയ വിവിധങ്ങളായ വണ്ണപ്പകിട്ടുകളും ഇവിടെ സ്മരണീയമാണ്. കാംഗ്ഹി ചക്രവത്തിയുടെ ഭരണകാലത്തു് മൺപാത്രങ്ങളുടെ നിറം പച്ചയായിരുന്നെങ്കിൽ, കൈൻലോങ്ങ്ചക്രവത്തിയുടെ കാലത്തു് ഇളംചെമപ്പുവണ്ണത്തിന്നായിരുന്നു പ്രാധാന്യം.

# VI

# ഒററപ്പെട്ടുകിടക്കുന്ന ഏഷ്യൻവിഭാഗങ്ങൾ

## ജപ്പാൻ

ഏഷ്യൻചരിത്രത്തിൻെറ മുഖ്യധാരയിൽപ്പെടാതെ ഒററപ്പെട്ടുകഴിഞ്ഞിരുന്ന ചില ജനതകളുണ്ടായിരുന്നു. അങ്ങനെ ഒററതിരിഞ്ഞുനിന്നു് പലതും പ്രവൎത്തിച്ചവരുടെ കൂട്ടത്തിൽ ഏററവും പ്രധാനപ്പെട്ടവരാണു് ജപ്പാൻകാർ. എയിനു എന്നു പറയപ്പെടുന്ന ഒരു വൎഗ്ഗക്കാരായിരുന്നു ജപ്പാനിലെ ആദിമനിവാസികൾ. പിന്നീടു വന്ന മറെറാരു ജനത ഇപ്പറഞ്ഞ ആദിമനിവാസികളെ ജപ്പാൻദ്വീപസമൂഹത്തിൻെറ ഏററവും വടക്കേ അററത്തേയ്ക്കു് നിശ്ശേഷം തുരത്തിക്കളഞ്ഞു. അങ്ങനെ ജപ്പാനിൽ പുതുതായി കയറിപ്പററിയതു്, ആംടേയോ ടോംഗൗ അഥവാ മംഗോൾ വംശത്തിൻേറയും മലയാ-ഇൻഡോനേഷ്യൻ വംശത്തിൻേറയും കലൎപ്പുള്ള ഒരു വൎഗ്ഗക്കാരായിരുന്നു. അവൎക്കു് ജപ്പാൻകാർ എന്നു പേരുണ്ടായി. ബി. സി. ഏഴാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ജിമ്മു എന്ന ഒരാളാണു് ജപ്പാനിൽ ആദ്യമായി ഒരു രാഷ്ട്രം സ്ഥാപിച്ചതെന്നത്രേ ഐതിഹ്യം. മദ്ധ്യഭാഗത്തുള്ള കിഷു എന്ന ദ്വീപിൽനിന്നു് അദ്ദേഹം ആരംഭിച്ച ആധിപത്യം, ഹോൺഷു എന്ന പ്രധാന ദ്വീപിൻെറ ഭാഗങ്ങളിലേയ്ക്കും ക്രമേണ വ്യാപിച്ചു. ജപ്പാൻകാരുടെ ആദിമമതം പ്രകൃതിശക്തികളെ ആരാധിച്ചുകൊണ്ടുള്ളതായിരുന്നു. ഷിൻേറായിസം (ദൈവങ്ങളുടെ മാൎഗ്ഗം) എന്നാണു് ആ മതത്തിനു് പേർ പറയുക. ജപ്പാൻദ്വീപുകൾ സൃഷ്ടിച്ചതു തന്നെ ഇസനാഗി എന്നൊരു ദേവനും ഇസനാമി എന്നൊരു ദേവിയും കൂടിയാണെന്നും, തങ്ങളുടെ രാജ്യത്തിൻെറ ഭാഗധേയങ്ങൾ സംരക്ഷിച്ചുപോരുന്നതു് സൂൎയ്യദേവതയാണെന്നും, കരയിലും കടലിലുമുള്ള മററസംഖ്യം ദൈവതങ്ങളിൽനിന്നാണു് തങ്ങളുടെ

പിതൃക്കളുടെ മതം ഉത്ഭവിച്ചതെന്നുമായിരുന്നു ജപ്പാൻകാരുടെ വിശ്വാസം.

എ. ഡി. 6-ാം നൂററാണ്ടുവരെ ജപ്പാൻ ഒററപ്പെട്ടതന്നെ കഴിയുകയായിരുന്നു; ഇടയ്ക്കിടെ കൊറിയായിലെ ഇടപ്രഭുക്കാതമ്മിലുള്ള കലഹങ്ങളിൽ പങ്കെടുത്തിരുന്നു എന്നുമാത്രം. ആറാം ശതാബ്ദത്തിൻെറ ഉത്തരാദ്ധത്തിൽ ബുദ്ധമതത്തിൻേറയും ചൈനിസ് സംസ്കാരത്തിൻേറയും പ്രവേശത്തോടുകൂടിയാണ് ജപ്പാൻകാർ ഏഷ്യാവൻകരയിലെ രാഷ്ട്രീയരംഗത്തു് പ്രത്യക്ഷപ്പെട്ടു തുടങ്ങിയതു്. ജപ്പാനിലെ സൂയിക്കോ എന്ന ചക്രവത്തിനിയുടേയും (593-629) അവരുടെ ഭാഗിനേയനായ ഷോട്ടോകു തയ്ഷി എന്ന രാജകുമാരൻേറയും (572-621) പരിശ്രമഫലമായിരുന്നു ജപ്പാൻെറ ആ ഉയച്ച. അവരുടെ കാലത്തു് ജപ്പാനിൽ ചൈനിസ് മാതൃകയിലുള്ള ഭരണസമ്പ്രദായങ്ങൾ നടപ്പാവുകയും, ജനങ്ങളുടെ ജീവിതം ബുദ്ധമതധമ്മങ്ങൾക്കനുസൃതമായ ഒരു പരിവത്തനത്തിനു് വിധേയമാവുകയും ചെയ്തു. സൂയിക്കോചക്രവത്തിനിയുടെകാലത്തു് നിമ്മിക്കപ്പെട്ട ബുദ്ധപ്രതിമകൾ കണ്ടുകിട്ടിയിട്ടുള്ളതിൽ ചൈനിസ്കലയുടെ കരവിരുതും കലപ്പും കാണാം. നാരാ എന്ന സ്ഥലത്തുള്ള ഹൊര്യൂജി എന്ന ബുദ്ധവിഹാരത്തിലെ ചുമർചിത്രങ്ങളിൽ, ഇന്ത്യയിലെ കലാമാതൃകകൾ ഉൾക്കൊള്ളുന്ന മദ്ധ്യഏഷ്യൻചിത്രങ്ങളുടെ പ്രതിഫലനമുണ്ടു്.

യമാറേറായിലെ നാരാ എന്നു പറയപ്പെടുന്ന സ്ഥലം തന്നെയായിരുന്നു ജപ്പാൻെറ തലസ്ഥാനം; അതു് എ. ഡി. 784-വരെ നിലനിന്നിരുന്നതായിക്കാണുന്നു. അവിടം തലസ്ഥാനമാക്കിക്കൊണ്ടു് ഭരിച്ചിരുന്ന ചക്രവത്തികളിൽ എററവും പ്രസിദ്ധൻ ഷോമു ടെന്നോ (724-741)എന്ന ആളായിരുന്നു; ബുദ്ധമതത്തിൽ അതീവശ്രദ്ധാന്തിയുള്ള കൂട്ടത്തിലായിരുന്നു ആ ചക്രവത്തി. നാരായിലെ രാജകീയഭണ്ഡാരത്തിൽ അക്കാലത്തെ പല വിശിഷ്ടവസ്തുക്കളുടേയും മാതൃകകൾ സൂക്ഷിക്കപ്പെട്ടിരുന്നു.

ഹിയാൻക്യൊ അഥവാ മിയാക്കോ എന്ന പറയപ്പെട്ടിരു

ന്ന (ഇപ്പോഴത്തെ കിയോട്ടൊ) എന്ന നഗരമാണ് ജപ്പാൻെറ പി ന്നത്തെ തലസ്ഥാനമായിത്തീൎന്നതു്. എ. ഡി. 794-ൽ കംമ്മു എന്ന ചക്രവൎത്തി (782-806) സ്ഥാപിച്ച ആ തലസ്ഥാനത്തി ൻെറ പേരിലാണ് ജപ്പാൻചരിത്രത്തിൻെറ രണ്ടാമത്തെ ഘട്ടം നിലകൊള്ളുന്നതു്; 794-ാമാണ്ടു മുതൽ 1192 വരെയാണ് പ്രസ്തു ത കാലഘട്ടം. എ. ഡി. 850-ാം വൎഷമായപ്പോഴെയ്ക്കു് ജപ്പാനി ലെ ഭരണാധികാരത്തിൻെറ കാൎയ്യമായ ഭാഗം ചക്രവൎത്തിവംശ ത്തോടു അടുത്തുബന്ധപ്പെട്ടിരുന്ന ഫുജിവാഴ്സ് എന്നൊരു കുടുംബത്തിലേയ്ക്കു് കൈമാറുകയായി. ദെൻഗ്യോദിഷി എന്നും (769-822) കോബോദിഷി എന്നും (774-838) പേരുകളു ള്ള രണ്ടു ബുദ്ധസന്യാസികൾ ബുദ്ധമതത്തിൻെറ മൎമ്മപ്രധാനങ്ങ ങ്ങളായ തത്വങ്ങൾ തിരിഞ്ഞെടുത്തു രൂപീകരിച്ച രണ്ടു ഭക്തപ്ര സ്ഥാനങ്ങൾ മുഖേന മേല്പറഞ്ഞ കാലഘട്ടത്തിൽ ബുദ്ധമതത്തി ന് ജപ്പാനിൽ കൂടുതൽ പ്രാബല്യം സിദ്ധിച്ചു. മുരസഖി ഷിക്കി ബു എന്നും, സാഷൊ നാഗൺ എന്നും പേരുകളുള്ള രണ്ടു സ്ത്രീ കളുടെ സാഹിത്യകൃതികൾകൊണ്ടും പ്രസിദ്ധമായ ഒന്നാണ് ജപ്പാൻചരിത്രത്തിൻെറ രണ്ടാം കാലഘട്ടം. പത്താം ശതാബ്ദ ത്തിൻെറ അന്ത്യപാദത്തിൽ ജീവിച്ചിരുന്ന ആ സ്ത്രീകൾ രണ്ടുപേ രും, ചൈനീസ്പരിഷ്ക്കാരത്തിൻേറയും ബുദ്ധമതസംസ്ക്കാരത്തി ൻേറയും സമ്മിളിതഫലമായി കിയോട്ടോ രാജധാനിയിൽ നില വിലിരുന്ന ജീവിതരീതികൾ തങ്ങളുടെ കൃതികളിൽ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ടു്.

ചക്രവൎത്തിമാരുടെ കീഴിലുള്ള ഭരണസമ്പ്രദായത്തിൻെറ നേ ൎക്കു് ജപ്പാനിൽ ക്രമേണ ഒരു തിരിച്ചടിയുണ്ടായി. സാമുറായി എ ന്നു പേർ പറയപ്പെടുന്ന പോരാളിവൎഗ്ഗക്കാരാണ് അതിൽ മുഖ്യകൈ യെടുത്തതു്. അവർ കേന്ദ്രഭരണക്രമത്തിന്നു പകരം, പല പല ഇട പ്രഭുക്കളുടെ വകയായുള്ള ഫ്യൂഡൽഭരണക്രമത്തിന്നു വഴിതെളി ച്ചു. അതോടെ, രാജ്യം പല ഖണ്ഡങ്ങളായി പങ്കുവെയ്ക്കപ്പെടുകയും ഓരോ പ്രദേശവും ഓരോ പ്രഭുകുടുംബത്തിൻെറ ഭരണത്തിലാവു

കയും ചെയ്തു. ദയിമിയോ എന്നു പറയപ്പെട്ടുന്ന ഈ ഇടപ്രഭു ക്കളുടെ സമൂഹം, പിന്നീട് ടയിരെ എന്നും മിനാമോട്ടോ എന്നും പേരുകളുള്ള രണ്ടു വംശക്കാരുടെ നേതൃത്വത്തിൽ രണ്ടു ചേരികളായി സംഘടിച്ചു. ആ ചേരികൾ രണ്ടും തമ്മിലുണ്ടായ നീണ്ട സമരം (1000–1200) ജപ്പാന്റെ ചരിത്രത്തിലെ ശോക സങ്കലമായ ഒരദ്ധ്യായമത്രെ. മിനാമോട്ടോ വംശത്തിൽപ്പെട്ട യോട്ടോമോ എന്നൊരാൾ ഒടുവിൽ ഇടപ്രഭുക്കളുടെ അനിഷേദ്ധ്യനേതാവായിത്തീരുകയും, സർവ്വസൈന്യാധിപൻ എന്നർത്ഥം വരുന്ന ഷോഗൻ എന്ന സ്ഥാനപ്പേരോടുകൂടി ജപ്പാൻസാമ്രാജ്യം മുഴുവനിലും അധികാരം നടത്തിത്തുടങ്ങുകയുംചെയ്തു. അദ്ദേഹമായിട്ട് ആരംഭിച്ച സൈന്യാധിപഭരണക്രമം, ഇടയ്ക്കിടെ മാഞ്ഞും മറഞ്ഞു മാണെങ്കിലും, 19-ാംശതാബ്ദത്തിന്റെ മദ്ധ്യഘട്ടംവരെ നിലനിന്നു. കാമകുര എന്ന നഗരമായിരുന്നു ഷോഗൻഭരണാധിപന്മാരുടെ തലസ്ഥാനം. ജപ്പാൻ അങ്ങനെ സൈന്യാധിപഭരണത്തി ലൊതുങ്ങിയ കാലത്തു് പഴയ ചക്രവർത്തിവംശത്തിൽപ്പെട്ടവർക്ക് കൊട്ടാരത്തിലെങ്ങാനും അടങ്ങിപ്പാർക്കുകയേ ഗതിയുണ്ടായിരുന്നുള്ളു. 1200 മുതൽ 1334 വരെ സൈന്യാധിപഭരണം നടത്തിയിരുന്ന ഹോജോടോക്കിമൂൺവംശക്കാരുടെ കാലത്തു് ചൈനയിൽനിന്നു് കുബ്ലൈഖാൻ രണ്ടു പ്രാവശ്യം നാവികസേനകളെ അയച്ച് ജപ്പാനെ ആക്രമിക്കുകയുണ്ടായി; ആ ആക്രമണങ്ങൾ രണ്ടും മേല്പറഞ്ഞ ഷോഗൻവംശക്കാർ വിജയപൂർവ്വം തടുക്കുകതന്നെ ചെയ്തു.

ചക്രവർത്തിഭരണം ക്ഷയിച്ച് പ്രഭുക്കളുടേയും സൈന്യാധിപന്മാരുടേയും ഭരണം നടന്നപ്പോഴും, ജപ്പാനിൽ ബുദ്ധമതത്തിന്റെ സ്വാധീനശക്തിക്കു വലിയ കോട്ടമൊന്നും തട്ടിയില്ല. പ്രസിദ്ധരായ പല ബുദ്ധസന്യാസികളും അക്കാലഘട്ടത്തിൽ അവിടെ മതപ്രബോധനം നടത്തിക്കൊണ്ടിരുന്നു. ഹോനെൻ (1133-1212) ഷിൻറാൻ (1174–1263) നിഷിറെൻ (1220–1250) – എന്നിങ്ങനെ പ്രസിദ്ധരായ പല ബുദ്ധമതസന്യാസികളുടേയും പേരു

കരം ആ കൂട്ടത്തിൽ സ്മരണീയങ്ങളാണ്. അവർ ബുദ്ധമതത്തിൽ ചില പ്രസ്ഥാനഭേദങ്ങരം നടപ്പാക്കിയ പരിഷ്കത്താക്കളുമായിരുന്നു. നിഷിറെൻ ഏൎപ്പെടുത്തിയ 'മിസ്റ്റിക് നാഷലിസം' ജപ്പാൻ ജനതയുടെ ക്ഷാത്രവീൎയ്യം വൎദ്ധിപ്പിക്കാൻ സഹായിച്ചു. കാമകുര ഭരണകാലം എന്നുകൂടി പറയപ്പെടുന്ന ഷോഗൻഭരണകാലത്ത് ജപ്പാനിൽ പ്രതിമാനിൎമ്മാണം മുതലായ കലകരംക്ക് ഒരു നവോത്ഥാനമുണ്ടാവുകയും ചെയ്തു.

ഷോഗൻഭരണകൎത്താക്കളുടേയും മററും കയ്യൂക്കുകൊണ്ട് ജപ്പാനിലെ ചക്രവൎത്തിവംശക്കാർ അടങ്ങിക്കഴിയുകയായിരുന്നുവെങ്കിലും, അധികാരം വീണ്ടെടുക്കാൻ അവർ ഇടയ്ക്കിടെ ശ്രമിക്കാതിരുന്നില്ല. ഗോദയിഗോ എന്ന ചക്രവൎത്തിയാണ് (1319-1338) അക്കാൎയ്യത്തിൽ ആദ്യമായി ഒരു വിജയം നേടിയത്. അദ്ദേഹം 1333-ൽ കാമകുരയിലെ ഷോഗൻ തലസ്ഥാനം പിടിച്ചടക്കി. പക്ഷേ, ആ വിജയത്തിൻെറ ഫലം അധികം നീണ്ടുനിന്നില്ല. അഷികാഗ എന്ന ഒരു പ്രഭുവംശക്കാർ ചക്രവൎത്തിയുടെ അധികാരം തടഞ്ഞു് ഷോഗൻവാഴ്ചയെ പുനഃസ്ഥാപിച്ചു; അതു് 1358-മുതൽ 1373-വരെ പിന്നെയും നിൎബ്ബാധം നിലനിന്നു. ചക്രവൎത്തിവംശത്തിൻെറ കീഴുള്ള കേന്ദ്രഭരണം അപ്രത്യക്ഷമായതോടെ, ജപ്പാനിൽ വീണ്ടും ഇടപ്രഭുക്കളുടെ വിളയാട്ടം വൎദ്ധിച്ചു. ഓരോ പ്രദേശവും ഓരോ ഇടപ്രഭുവിൻെറ അധികാരത്തിലായിട്ട്, ഒരു മാതിരി അരാജകത്വംതന്നെ അനുഭവപ്പെട്ടുവെന്നൎത്ഥം. യൂറോപ്പിലെ സ്ഥിതിയും ആ കാലഘട്ടത്തിൽ ഏതാണ്ടിങ്ങനെതന്നെയായിരുന്നുവെന്നു് ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

ഭരണക്കുഴപ്പം എന്തുതന്നെയായിരുന്നാലും, ജപ്പാനിൽ വൎണ്ണചിത്രകലയ്ക്കു വലിയ അഭിവൃദ്ധി സിദ്ധിച്ച ഒരു കാലഘട്ടമായിരുന്നു അതു്. ചൈനീസ്‌രീതിയിലുള്ള വൎണ്ണചിത്രകലയിൽ പരിശീലനം നേടിയ സെസ്ഷു (1420-1906) സെസ്സൺ (1450-1536) സൊയാമി എന്നീ വിശ്രുതരായ കലാകാരന്മാർ ജീവിച്ചിരുന്നതു് ആ കാലയളവിലാണ്. പതിമ്മൂന്നാം ശതാബ്ദ

ത്തിൽ സമാരംഭിച്ച ടെറെയ് വകുപ്പിൽപ്പെട്ട കലാകാരന്മാർ ജപ്പാൻെറ ചരിത്രവും ഐതിഹ്യവുമെല്ലാം അക്ഷയ്യമായ ചിത്രങ്ങളിൽ നേരത്തേ പകർത്തിക്കഴിഞ്ഞിരുന്നു. കാനോ എന്ന മറെറാരു വകുപ്പിൽപ്പെട്ട കലാകാരന്മാർ പിന്നീടും ജപ്പാൻെറ വർണ്ണചിത്രകലയെ ബഹുധാ പരിപോഷിപ്പിക്കുകയുണ്ടായി. ഈ ഒടുവിൽ പറഞ്ഞ ഗണത്തിൽപ്പെട്ടവരാണ് മോട്ടോനോബു (1476-1559) ടാൻയു (1602-1674) എന്നീ സുപ്രസിദ്ധ കലാകാരന്മാർ. പ്രാചീനങ്ങളായ ഐതിഹ്യങ്ങളെ പുരസ്സരിച്ചുള്ള ഗാനനാടകങ്ങളും, നൃത്തങ്ങളും മുതലായവകൊണ്ടും ജപ്പാൻെറ ദേശീയകലാസമ്പത്തിന്നു് അന്നു് വലിയ വികാസമുണ്ടായി.

ഇടപ്രഭുക്കളുടെ കീഴിലുള്ള ഫ്യൂഡൽഭരണസമ്പ്രദായം മാററി ജപ്പാനിൽ ഒരു കേന്ദ്രഗവമ്മെണ്ടുണ്ടാക്കാൻ ശ്രമിച്ചതു്, മുഖ്യമായി നോബുനാഗ, ഹൈദെയോഷി, ടോക്കുഗാവാ അയ്യേസു എന്നീ മൂന്നു പേരാണ്; ആധുനികജപ്പാൻെറ സ്ഥാപകന്മാരാണ് ഇവരെന്നു് പറയാം. ഇവരിൽ നോബുനാഗ (1534-1582) അഷികാഗയിലെ ഷോഗൻവംശത്തെ കീഴടക്കി, ഗോൺദയിനാഗൻ എന്ന സ്ഥാനപ്പേരിൽ ഒരു ഏകാധിപതിയായിത്തീന്നു. പോർത്തുഗീസുനാവികന്മാർ, ജെസ്യൂററ് മിഷ്യനറിമാർ മുതലായ വിദേശികൾക്കു് ജപ്പാനിൽ സ്വാഗതമരുളിയ ഒരു രഭണാധികാരിയായിരുന്നു അദ്ദേഹം. പ്രേഷിതവര്യനായ സെയിൻറ് ഫ്രാൻസിസ് സേവ്യർ ജപ്പാനിൽച്ചെന്നു് ക്രിസ്തുമതം പ്രസംഗിച്ചതു് അദ്ദേഹത്തിൻെറ ഭരണകാലത്തായിരുന്നു. മുൻപറഞ്ഞ ഹൈദെയോഷിയും (1536-1598) ഒരു ഏകാധിപതിയായിട്ടാണ് ഭരണം നടത്തിയതു്; കാംപകു എന്നായിരുന്നു അദ്ദേഹത്തിൻെറ സ്ഥാനപ്പേർ. നല്ലൊരു യോദ്ധാവുംകൂടിയായിരുന്ന ആ നാട്ടുവാഴി 1592-ൽ കൊറിയാ കീഴടക്കാൻ അങ്ങോട്ടു സൈന്യങ്ങളെ അയച്ചതായിക്കാണുന്നുണ്ടു്. മൂന്നാമതായിപ്പറഞ്ഞ അയ്യേസു (1542-1616) എന്ന ദേഹം 1603-ൽ സ്വന്തം കക്ഷിയുടെ പേരിൽ തൻെറ ഭരണം ആരംഭിച്ചു. ടോക്കുഗാവാ എ

ന്ന പേരിൽ ജപ്പാന്റെ ചരിത്രത്തിൽ പ്രതിഷ്ഠ പ്രാപിക്കാനിട യായ ആ കക്ഷിയുടെ ഭരണം 1868–ാമാണ്ടുവരെ നീണ്ടുനില്ക്കുകയു ണ്ടായി. അവർ യേദോ എന്ന ദിക്കിൽ തങ്ങളുടെ തലസ്ഥാനം സ്ഥാപിച്ചു; ആ തലസ്ഥാനനഗരമാണ് പിന്നീട് ടോക്കിയോ എന്ന പേരിൽ പ്രസിദ്ധമായിത്തീന്നതു്. അയ്യേസു തന്റെ ക ക്ഷിയുടെ പേരിൽ സുശക്തവും സമ്പൂർണ്ണവുമായ രാജഭരണമാണ് നടത്തിയതെങ്കിലും, പഴയ ചക്രവർത്തിവംശക്കാരോടു ബഹുമാ നാദരങ്ങൾ കാണിക്കണമെന്ന നിഷ്കർഷക്കാരനായിരുന്നു. ടോക്കു ഗാവാക്കക്ഷിയുടെ ഭരണകാലത്തു് ജപ്പാനു് കലാപരമായുണ്ടായ പ്രധാന പ്രസിദ്ധി കൊത്തുപണികൾ സംബന്ധിച്ചായിരുന്നു. കി യോനാഗ (1742–1815) ഹോക്കുസെയ് (1760–1849) ഹി റോഷിഗി (1792–1858) എന്നിങ്ങനെ പലേ ശില്പിവയ്യന്മാരു ടേയും കൊത്തുപണികൾ ഈ പ്രകൃതത്തിൽ സ്മരണാർഹങ്ങള ത്രെ. മേല്പറഞ്ഞ കാലഘട്ടത്തിൽ ജപ്പാൻസാഹിത്യത്തിനുണ്ടായ പ്രധാന നേട്ടം, യൂറോപ്പിൽ അന്നു പ്രചാരത്തിലിരുന്ന സോണ റ്റ് എന്ന ലഘുകവിതയുടെ മാതൃകയിലുള്ള പദ്യകൃതികളായി രുന്നു.

## തെക്കു - കിഴക്കൻ ഏഷ്യ

ഭൂമിശാസ്ത്രപരമായ കിടപ്പുമൂലം ജപ്പാനു് ഒററപ്പെട്ടുകഴി യാൻ സാധിച്ചുവെന്നു നാം കണ്ടു. എന്നാൽ തെക്കുകിഴക്കൻ ഏ ഷ്യയിലെ മററു രാജ്യങ്ങൾക്കും ജനങ്ങൾക്കും അങ്ങനെ ഒററതി രിഞ്ഞുനില്ക്കാൻ കഴിഞ്ഞില്ല ഏഷ്യാഭൂഖണ്ഡത്തിലെ രണ്ടു പ്രധാ നപ്പെട്ട രാജ്യങ്ങളായ ഇന്ത്യയോടും ചൈനയോടുമുള്ള സാമീ പ്യം നിമിത്തം, അവയിൽ ഒന്നിന്റെ അല്ലെങ്കിൽ മറെറാന്നി ന്റെ സ്വാധീനവലയത്തിൽഉൾപ്പെട്ടു കഴിയുവാനേ, ആ ജനപദ ങ്ങൾക്കും രാജ്യങ്ങൾക്കും സാധിച്ചുള്ളു. അവയിൽ ബർമ്മാ, ക മ്പോഡിയാ, സയാം, ചമ്പാ എന്നീ രാജ്യങ്ങൾ ഇന്ത്യയുടേയും, ടോൺകിൻ, അന്നാം എന്നിവ ചൈനയുടേയും സ്വാധീനപ

രിധിയിലാണ് പെട്ടിരുന്നതു്.

ബമ്മയിൽ ആദ്യം രണ്ടു വഗ്ഗക്കാർ അധിവസിച്ചിരുന്നു. പെഗു എന്ന പേരിൽ അറിയപ്പെട്ടിരുന്ന തെക്കഭാഗത്തു് നിവസിച്ചിരുന്ന മോൺവഗ്ഗക്കാരാണ് അവരിൽ ഒരു കൂട്ടർ; ഇവർ കമ്പോഡിയായിലെ കമെർവഗ്ഗക്കാരോടു് ബന്ധപ്പെട്ടവരത്രെ. തിബത്തുകാരോടു ബന്ധപ്പെട്ടവരും ബമ്മാക്കാർ എന്ന തനിപ്പേരിനാൽ അറിയപ്പെട്ടിരുന്നവരുമായ രണ്ടാമത്തെ വഗ്ഗക്കാരുടെ നിവാസം വടക്കഭാഗത്തായിരുന്നു. ബുദ്ധമതം മുഖേനയാണ് ഇപ്പറഞ്ഞ രണ്ടുകൂട്ടരും ഇന്ത്യയുടെ സംസ്കാരവലയത്തിൽ വരുവാനിടയായതു്. ബുദ്ധമതത്തിലെ ഹീനയാനതത്വങ്ങൾ ആദ്യം സിലോൺവഴിക്കു് പെഗുവിലേയ്ക്കു പ്രവേശിച്ചു. ബമ്മയിലെ അനൗാധൻ എന്ന രാജാവു് പെഗു പിടിച്ചടക്കിയപ്പോൾ, അവിടെ നിലവിലിരുന്ന ബുദ്ധമതം ബമ്മയുടെ മററു ഭാഗങ്ങളിലേയ്ക്കും വ്യാപിക്കുകയായി. ഒരു രാജ്യം കീഴടക്കുന്നവർ, ചിലപ്പോൾ ആ രാജ്യത്തിൻെറ മതത്തിനു് കീഴടങ്ങുന്ന പതിവു് ചരിത്രത്തിൽ അപൂവ്വമല്ലല്ലൊ. പെഗു കീഴടക്കപ്പെട്ടതോടെ ഒന്നായിത്തീൎന്ന ബമ്മയുടെ ആദ്യതലസ്ഥാനമായ പ്രോമിലും, ഒമ്പതാം ശതാബ്ദത്തിൻെറ ആരംഭഘട്ടത്തിൽ തലസ്ഥാനമായിരുന്ന പെഗുവിലും, പിന്നീടു 1364 മുതൽ 1780 വരെ തലസ്ഥാനമായിരുന്ന ആവായിലുമുള്ള ക്ഷേത്രങ്ങളിൽ ബുദ്ധമതത്തിൻെറ ചിരന്തനമായ പാരമ്പയ്യം പരിരക്ഷിക്കപ്പെട്ടുപോന്നിരുന്നതായി കാണാം.

കമ്പോഡിയായിലെ കമെർവഗ്ഗക്കാർ — ഇവർ പെഗുവിലെ ജനങ്ങളോടു് ബന്ധപ്പെട്ടവരാണെന്നു് മുമ്പു് പറഞ്ഞിട്ടുണ്ടല്ലൊ—ഇന്ത്യയിൽനിന്നു കുടിപ്പാപ്പിനു ചെന്ന ഹിന്ദുക്കളും, ബുദ്ധമതക്കാരുമായ ജനങ്ങളുടെ ആചാരസംസ്കാരങ്ങൾക്കു് വശംവദരാവുകയാണുണ്ടായതു്. എന്നുവെച്ചു്, അവർ തങ്ങളുടെ നാട്ടുഭാഷയെ കൈവിട്ടതുമില്ല. കമ്പോഡിയായിലെ രാജവംശക്കാർ ശിവനെ തങ്ങളുടെ കുലദൈവതമായി സ്വീകരിച്ചു; അവർ

തങ്ങളുടെ ശാസനങ്ങൾക്ക് സംസ്കൃതഭാഷ ഉപയോഗിക്കുകയു ണ്ടായി. കമ്പോഡിയാ ആദ്യം രണ്ടു രാജവംശങ്ങളുടെ ഭരണ ത്തിലായിരുന്നുവെങ്കിലും, ആറാം ശതാബ്ദത്തിൽ ഒററ ഭരണത്തി ലായിത്തീൎന്നു. രണ്ടാം ജയവൎമ്മരാജാവിൻെറ (802-869 എ.ഡി.) ഭരണത്തോടുകൂടിയാണ് ആ കാലഘട്ടം ആരംഭിച്ചതു്. ആ രാജാ വു് പുരാതനമഹേന്ദ്രപൎവ്വതം എന്നറിയപ്പെടുന്ന കോയ്ലൻഗിരി യിൽ ഒരു ശിവക്ഷേത്രം പണിയിപ്പിക്കുകയുണ്ടായി. അദ്ദേഹ ത്തിൻെറ അനന്തരഗാമികളിൽ ഒരുവനായ ഒന്നാം യശോധൎവ മ്മ എന്ന രാജാവു് (889-910) തൻെറ തലസ്ഥാനം ആങ്കോർ എന്ന പേരിൽ അറിയപ്പെടുന്ന യശോധരപുരത്തു് സ്ഥാപിച്ചു. ആ നഗരത്തിൻെറ ഉത്തരഭാഗത്തായിട്ടാണ് 960-ൽ ശില്പസുന്ദ രമായ ഈശ്വരപുരക്ഷേത്രം പണിയിക്കപ്പെട്ടതും.

ഒന്നാം സൂൎയ്യവൎമ്മൻ എന്ന രാജാവു് (1002-1049) കമെർ വൎഗ്ഗക്കാരുടെ സാമ്രാജ്യത്തോടു് ദാരാവതി രാജ്യം കൂട്ടിച്ചേൎത്തു്, അതിനെ വിസ്തൃതമാക്കി. സയാമിൻെറ തെക്കേഭാഗത്തു് മോൺ വൎഗ്ഗക്കാരാൽ അധിവസിക്കപ്പെട്ടിരുന്നതാണ് ദാരാവതിരാജ്യം. രണ്ടാം സൂൎയ്യവൎമ്മരാജാവു് (1112-1152) തെക്കേഏഷ്യ പിടിച്ച ടക്കി, കമെർസാമ്രാജ്യം പിന്നെയും വികസിപ്പിച്ചു. അദ്ദേഹം ആങ്കോറിൽ പണികഴിപ്പിച്ച മഹാക്ഷേത്രങ്ങൾ ചരിത്രപ്രസി ദ്ധങ്ങളത്രെ. ഹൈന്ദവരീതിയിൽ മഹാവിഷ്ണുവിനു് പ്രതിഷ്ഠിക്ക പ്പെട്ടിട്ടുള്ള ആ ക്ഷേത്രങ്ങളുടെ ഭിത്തികളിൽ രാമായണത്തിലേയും മഹാഭാരതത്തിലേയും രംഗങ്ങൾ അടങ്ങിയ നിരവധി കൊത്തു പണികൾ കാണാം; കമെർവംശക്കാരായ രാജാക്കന്മാർ നടത്തിയ സമരങ്ങളും ആ കൂട്ടത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ആ ങ്കോറിലെ ബയോൺക്ഷേത്രം ഏഴാം ജയവൎമ്മരാജാവു് പണിക ഴിപ്പിച്ചതായിട്ടാണ് അടുത്തകാലത്തു നടന്ന ഗവേഷണങ്ങൾ മൂലം തെളിഞ്ഞിട്ടുള്ളതു്. ആങ്കോറിലെ ക്ഷേത്രങ്ങളിൽ മയ മുള്ള വെൺകല്ലുകളിൽ കൊത്തിയിട്ടുള്ള ബുദ്ധപ്രതിമകളുടെ മുഖ ത്തു് കളിയാടുന്ന ശാന്തിസംദായകമായ പുഞ്ചിരിയും നിൎവ്വൃതീ

ഭാവങ്ങളും അന്നത്തെ ശില്പകാരന്മാരുടെ കരവിരുതിനെ നിത രാം സ്പഷ്ടമാക്കുന്നുണ്ട്.

പതിമ്മൂന്നാം ശതാബ്ദത്തിൻെറ ഉത്തരാദ്ധത്തിൽ കമെർസാമ്രാജ്യം അധഃപതിച്ചു. ചമ്പായുടെ കിഴക്കുഭാഗത്തുള്ള ജനങ്ങൾ നേരത്തേതന്നെ ഒഴിഞ്ഞുപോയി. തായ്ലണ്ടുകാർ എന്നുകൂടിപറയപ്പെടുന്ന സയാംകാർ സയാമിൻെറ തെക്കുകിഴക്കേ ഭാഗത്തുള്ള പ്രദേശത്തേയ്ക്കു കടന്ന് അവിടം പിടിച്ചടക്കുകയും, പതിനഞ്ചാം ശതാബ്ദമായപ്പോഴെയ്ക്കു് അവർ കമ്പോഡിയായുടെ കേന്ദ്രസ്ഥാനത്തേയ്ക്കുതന്നെ പ്രവേശിക്കുകയും ചെയ്തു.

ഇൻഡോ-ചൈനാ അർദ്ധദ്വീപിൻെറ കിഴക്കുഭാഗത്തുള്ള ചമ്പാ എന്ന പ്രദേശത്ത്, മലയാ പോളിനേഷ്യൻ എന്നൊരു സങ്കരവർഗ്ഗക്കാർ ക്രിസ്തുവർഷാരംഭത്തിൽത്തന്നെ അധിവസിച്ചിരുന്നതായിക്കാണുന്നുണ്ട്; ഇന്ന് അന്നാം എന്നറിയപ്പെടുന്ന പ്രദേശത്തിൻെറ തെക്കൻകടൽത്തീരങ്ങളിലാണ് അവർ നിവസിച്ചിരുന്നത്. കമ്പോഡിയായെപ്പോലെതന്നെ, മേല്പറഞ്ഞ ചമ്പാ പ്രദേശവും ഇന്ത്യയുടെ നാഗരികതയും സംസ്കാരവുമാണ് സ്വീകരിച്ചിരുന്നതെന്നു് കാണുന്നു. അവിടെ ബ്രാഹ്മണരും ബുദ്ധമതക്കാരും ഇടകലർന്നുകഴിഞ്ഞിരുന്നുവെങ്കിലും, ദേശീയമതമെന്ന നിലയിൽ ശൈവമതത്തിന്നായിരുന്നു പ്രാമുഖ്യം. സംസ്കൃതഭാഷയിലാണ് രാജകീയശാസനങ്ങൾ എഴുതപ്പെട്ടിരുന്നതു്; രാജാക്കന്മാർ സംസ്കൃതപ്പേരുകൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഇന്ദ്രപുരി, ശ്രീവിജയ എന്നിങ്ങനെ അവിടത്തെ തലസ്ഥാനനഗരങ്ങൾക്കു് നല്കിയിരുന്ന നാമങ്ങളും ഭാരതീയങ്ങളത്രെ. മിസൌൺ, ടഹേയിൻ എന്നിവിടങ്ങളിലെ ശിവക്ഷേത്രങ്ങൾ ചമ്പായിലെ ശില്പകലാസ്മാരകങ്ങളായി കണക്കാക്കാം. അവിടെ ബുദ്ധമതത്തെ സംബന്ധിച്ചു കാണുന്ന കലാരൂപങ്ങൾ ശാന്തിയേക്കാൾ ശക്തിയേയാണ് പ്രകാശിപ്പിക്കുന്നതെന്നുള്ളതും സ്മരണീയമാകുന്നു. വടക്കുനിന്നു് കമെർവർഗ്ഗത്തിൻേറയും, കിഴക്കുനിന്നു് അന്നാമയിററ്വർഗ്ഗക്കാരുടേയും സമ്മർദ്ദത്തിൽപ്പെട്ടു് ചമ്പാ നിവാസി

കഠം പന്ത്രണ്ടാം ശതാബ്ദത്തോടുകൂടി ചരിത്രത്തിൽനിന്നു് അന്തർദ്ധാനം ചെയ്യുകയാണുണ്ടായതു്.

അന്നാമയിററ്വർഗ്ഗക്കാരുടെ പൂർവ്വികന്മാർ ടോൺകിൻ എന്ന പ്രദേശത്തുനിന്നാണു് വന്നതു്. അവരുടെ ഭാഷ സയാംഭാഷയോടു് സാമ്യമുള്ള ഒന്നായിരുന്നു. ബി. സി. മൂന്നാം നൂററാണ്ടിൽ ആ വർഗ്ഗക്കാരെ ചൈനാക്കാർ കീഴടക്കുകയും, അങ്ങനെ അവർ ചൈനയുടെ കീഴിൽ ദീർഘകാലം കഴിച്ചുകൂട്ടേണ്ടിവരികയും ചെയ്തു. അവർ പിന്നീടു് 939-ൽ ചൈനയുടെ അടിമത്തം തട്ടിനീക്കി, ഒരു സ്വതന്ത്രരാജ്യം സ്ഥാപിച്ചു; ഹാനോയ് ആയിരുന്നു അതിൻെറ തലസ്ഥാനം. ഇങ്ങനെ സ്വാതന്ത്ര്യം പ്രാപിച്ചശേഷവും മേൽപ്പറഞ്ഞ വർഗ്ഗക്കാർ ചൈനയുടെ സംസ്കാരവലയത്തിൽ തന്നെയാണു് വർത്തിച്ചിരുന്നതു്. അന്നാമയിററ്വർഗ്ഗക്കാരുടെ ചരിത്രമത്രയും ചൈനായോടും ചമ്പായോടുമുള്ള ഒരു നിരന്തരസംഘട്ടനമായിരുന്നുവെന്നു പറയാം. എ.ഡി.1407-നും1428-നും മദ്ധ്യേ അവർ ഒരിക്കൽക്കൂടി ചൈനയുടെ ആധിപത്യത്തിനു് വിധേയരായിത്തീർന്നു. ഒടുവിൽ 1428-ൽ അവർ തങ്ങളുടെ രാജാവായ ലിലോയി എന്ന ഒരു ധീരപുരുഷൻെറ നേതൃത്വത്തിൽ ചൈനാക്കാരെ ആട്ടിപ്പായിക്കുകയും, ചമ്പായുടെ തലസ്ഥാനനഗരമായ വിജയ 1471-ൽ പിടിച്ചെടുക്കുകയും ചെയ്തു. പതിനഞ്ചാം ശതാബ്ദത്തിൻെറ ഉത്തരാർദ്ധമായപ്പോഴേയ്ക്കു് അന്നാമിലെ രാജാക്കന്മാരുടെ ശക്തി ക്ഷയിച്ചുതുടങ്ങി; വാസ്തവത്തിൽ, ഭരണാധികാരം കൊട്ടാരംഅധികാരികളുടെ കൈയിലായിത്തീർന്നു. ആ അധികാരികഠം തന്നെ ടിൻഹ് എന്നും ഗ്യയൻ എന്നും രണ്ടു വിഭാഗക്കാരായിത്തിരിഞ്ഞു് രാജാധികാരം പങ്കുവെയ്ക്കുകയുമുണ്ടായി. ആദ്യം പറഞ്ഞ വിഭാഗക്കാർ ഹാനോയിലും, രണ്ടാമതു പറഞ്ഞ കൂട്ടർ ഹ്യൂയിലും തങ്ങളുടെ ആസ്ഥാനങ്ങഠം ഉറപ്പിച്ചു. അവരിൽ ഗ്യയൻവിഭാഗക്കാർ 1697-ൽ ചമ്പായിലേയ്ക്കും, പിന്നീടു് 1898-ൽ കമ്പോഡിയായിലേയ്ക്കും തങ്ങളുടെ ആധിപത്യം വ്യാപിപ്പിച്ചു് ഇന്നത്തെ കൊച്ചിൻ-

ചൈനാ ഭൂപവല്ക്കരിച്ചു; സെയിഗൺ ആയിരുന്നു അതിൻെറ തലസ്ഥാനം. ഇപ്പറഞ്ഞ കൂട്ടരുടെ ഭരണത്തിന്ന് ഇടക്കാലത്തു് കടൽക്കള്ളന്മാരുടെ ആക്രമണംമൂലം താല്കാലികമായി ഒരു സ്തംഭനം നേരിട്ടുവെങ്കിലും, പിഗ്നൃഡിബിഹേയിനി എന്ന ഒരു ഫ്രഞ്ചു് മിഷ്യനറിയുടെ സഹായത്താൽ ഇവർ ഭരണാവകാശം വീണ്ടെടുക്കുകയും, 1945 വരെ അന്നാമും ടോൻകിനും പരമാധികാരത്തോടെ ഭരിച്ചുപോരുകയും ചെയ്തു.

സയാംകാർ അഥവാ തായ്ലണ്ടുകാർ യെനാൻ അതിർത്തിപ്രദേശത്തുള്ള മിനാം താഴ്വരയിൽനിന്നുവന്നു്, സയാമിലെ ആദിമനിവാസികളായ മോൺവർഗ്ഗക്കാരെ കീഴ്പ്പെടുത്തി ആ രാജ്യം കൈവശപ്പെടുത്തുകയാണുണ്ടായതു്. സയാമിലെ ആദ്യത്തെ രാജാവായി ചരിത്രത്തിൽ അറിയപ്പെടുന്നതു് രാമഖാനെംഗ് (1283-1297) എന്ന ദേഹമാണു്; സൊക്കോട്ടായി എന്ന നഗരമായിരുന്നു ആ രാജാവിൻെറ തലസ്ഥാനം. പിന്നീടു് 1351-ൽ അയോദ്ധ്യ എന്ന പേരിൽ ഒരു പുതിയ തലസ്ഥാനനഗരം സ്ഥാപിക്കപ്പെടുകയും, അതു് 1767 വരെ നിലനില്ക്കുകയുമുണ്ടായി. ബുദ്ധമതമായിരുന്നു സയാമിലെ ജനങ്ങളുടെ മതം; ആ മതത്തിലെ ഹീനയാനതത്വങ്ങളാണു് അവർ അനുവർത്തിച്ചിരുന്നതും. സിലോണിൽനിന്നു് ബുദ്ധമതത്തോടൊപ്പം, പാലിഭാഷയും അവർക്കു് ലഭിക്കുകയുണ്ടായി. സയാംരാജാക്കന്മാർ കമ്പോഡിയാ കീഴടക്കിയപ്പോൾ അവിടെ നിലവിലുണ്ടായിരുന്ന ശൈവമതത്തിനു പകരം അവർ ബുദ്ധമതം നടപ്പാക്കി. സയാമും ബർമ്മയും തമ്മിൽ സദാ സംഘട്ടനത്തിലാണു് കഴിഞ്ഞിരുന്നതു്. ബർമ്മക്കാർ 1569-ലും 1763-ലുമായിട്ടു് രണ്ടു പ്രാവശ്യം സയാം കീഴടക്കുകയുണ്ടായി. ഒരിക്കൽ അയോദ്ധ്യാനഗരം തന്നെ അവർ നശിപ്പിച്ചുകളഞ്ഞു. ഒടുവിൽ സയാംകാർ സ്വാതന്ത്ര്യം വീണ്ടെടുത്തശേഷം സ്ഥാപിച്ചതാണു് ബാങ്കോക്കു് എന്ന തലസ്ഥാനം.

ഇന്ത്യൻദ്വീപസമൂഹത്തിൽപ്പെട്ട ദ്വീപുകളിൽ അധിവസിച്ചിരുന്നതു്, മലയാക്കാരും പോളിനേഷ്യൻകാരും ഉൾപ്പെട്ട

ഒരു സങ്കരവർഗ്ഗമാണു്. ആ വർഗ്ഗക്കാർ കടലുമായി ഇടപഴകികഴി യുന്ന കൂട്ടരായിരുന്നു. ക്രിസ്തുവർഷാരംഭത്തിന്നിടയ്ക്കുതന്നെ, ഇന്ത്യയിൽനിന്നുള്ള കുടിപ്പാർപ്പുകാർ ജാവായിലും സുമാട്രായിലും കടന്നുകൂടുകയുണ്ടായി. അവർ മുഖേനയാണു് ബുദ്ധമതവും, ഹിന്ദുമതവും, സംസ്കൃതസാഹിത്യവും, അവയെ അടിസ്ഥാനമാക്കിയുള്ള സംസ്കാരവും അവിടങ്ങളിൽ പ്രചരിക്കുവാനിടയായതു്. സുമാട്രയിൽ പാലംബാംഗ് എന്ന നഗരം തലസ്ഥാനമാക്കിക്കൊണ്ടു് ഭരണം നടത്തിയിരുന്ന ശൈലേന്ദ്രരാജവംശവും, അവരുടെ വകയായി ശ്രീവിജയ എന്ന പേരിൽ അറിയപ്പെടുന്ന രാജ്യവും ഹൈന്ദവസംസ്കാരത്തിനു് വശഗമായിത്തീൎന്നു. എ. ഡി. 760-ാമാണ്ടിനിടയ്ക്കു് ജാവയിൽ ബോറോബുദൂർ എന്ന സ്ഥലത്തു് പണികഴിപ്പിക്കപ്പെട്ട ഗോപുരങ്ങളിലും അവയിലുള്ള കലാമാതൃകകളിലും ഹൈന്ദവച്ഛായ കാണാം. ഒമ്പതാം ശതാബ്ദത്തിൽ പണിയിക്കപ്പെട്ട പാരമ്പാണൻക്ഷേത്രത്തിലും ഹൈന്ദവശില്പകലയുടെ പ്രതിഫലനമുണ്ടു്. എന്നാൽ കിഴക്കേ ജാവയിൽ പതിനഞ്ചാം ശതാബ്ദത്തിൽ നിൎമ്മിക്കപ്പെട്ട ചില ക്ഷേത്രങ്ങളിൽ പോളിനേഷ്യൻ ശില്പകലയുടെ ലക്ഷണങ്ങളാണു് കാണുന്നതു്. ഇന്ത്യൻദ്വീപസമൂഹത്തിൽപ്പെട്ട തുരുത്തുകളുടെ ഭരണാധികാരം പത്താം ശതാബ്ദം മുതല്ക്കു് കിഴക്കേ ജാവയിലേയ്ക്കു് കേന്ദ്രീകരിച്ചുതുടങ്ങുകയും, 1293-ാമാണ്ടിൽ അവിടെ മഡ്ജപഹിത് എന്ന പേരിൽ ഒരു സാമ്രാജ്യംതന്നെ സ്ഥാപിതമാവുകയും ചെയ്തു. പതിനഞ്ചാം നൂററാണ്ടിൽ ഈ തുരുത്തുകളിൽ ഇസ്ലാംമതത്തിനു് പ്രചാരം സിദ്ധിച്ചുവെങ്കിലും, ജാവാക്കാരുടെ സാഹിത്യത്തിലും കലയിലും ഭാരതീയച്ഛായ തുടൎന്നുകൊണ്ടേയിരുന്നു. രാമായണത്തിലേയും മഹാഭാരതത്തിലേയും രംഗങ്ങളുടെ അഭിനയവും, ഭാരതീയസംഗീതവും ജാവയിൽ പ്രചുരപ്രചാരം പ്രാപിച്ചിരുന്നുവെന്നു പറയാം.

# VII

# യൂറോപ്പ് ഏഷ്യയിലേയ്ക്ക്

## പോർത്തുഗീസുകാർ

യൂറോപ്പിൻെറ രൂപവല്ക്കരണത്തിൽ ഏഷ്യ ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഏഷ്യയിൽനിന്നുണ്ടായ ബാർബേറിയൻ ആക്രമണങ്ങൾ തുടങ്ങി, ഏഷ്യയിൽ ഉദയംചെയ്ത ക്രിസ്തുമതത്തിൻെറ ആശയപ്രവാഹംവരെ ഭിന്നങ്ങളായ പല ഘട്ടകങ്ങളും യൂറോപ്യൻസംസ്കാരത്തിനു് രൂപമരുളുവാൻ സഹായിച്ചിരുന്നു. പതിനഞ്ചാം ശതാബ്ദത്തിൻെറ അന്ത്യഘട്ടംവരെ യൂറോപ്യൻജനത അവരുടെ വൻകരയിൽത്തന്നെ ഒതുങ്ങിനിന്നിരുന്നുവെന്നു പറയാം. പിന്നീട് അവർ പുതിയ പുതിയ വിഹാരരംഗങ്ങൾ തേടിത്തുടങ്ങി. മദ്ധ്യധരണ്യാഴിയുടേയും അററ്ലാൻറിക്ക്സമുദ്രത്തിൻേറയും തീരങ്ങളോളം വ്യാപിച്ച ആ ജനതയ്ക്കു് പിന്നെ കടൽസഞ്ചാരംകൊണ്ടേ കാര്യസിദ്ധിയുള്ളൂ എന്ന നിലവന്നു. അതോടെ, കടൽയാത്രയ്ക്കു് അവർ പല പുതിയ വിദ്യകളും പ്രയോഗിക്കുകയായി. കടൽസഞ്ചാരത്തിനുള്ള ഉപകരണങ്ങൾതന്നെ അവർ പല തരത്തിലും പരിഷ്കരിച്ചു. ബോട്ടും കപ്പലും തുഴയാനുള്ള തണ്ടുകൾ തുകൽവാറുകൊണ്ടു കെട്ടിയുറപ്പിക്കുന്ന പഴയ സമ്പ്രദായം മാററി അവ യഥേഷ്ടം തിരിക്കാവുന്ന ഇരുമ്പുകൊളുത്തുകളിന്മേൽ ഉറപ്പിക്കുക, കാന്തസൂചി ഘടിപ്പിച്ച വടക്കുനോക്കിയന്ത്രങ്ങൾ ഉപയോഗിക്കുക, കപ്പലുകളുടെ വലിപ്പവും ഉറപ്പും വദ്ധിപ്പിക്കുക, നാലു പാമരങ്ങൾ ഘടിപ്പിച്ച് ദീർഘസഞ്ചാരത്തിനു പററിയ കപ്പലുകൾ നിമ്മിക്കുക മുതലായി പല പരിഷ്കാരങ്ങളും ഈ കൂട്ടത്തിൽ എടുത്തുപറയുവാനുണ്ടു്.

അങ്ങനെ ലോകത്തിൻെറ വിവിധ ഭാഗങ്ങളിലേയ്ക്കു് കടൽസഞ്ചാരം നടത്താനുള്ള സാദ്ധ്യതയും സൗകര്യവും യൂറോപ്യൻജനത പലവിധത്തിൽ വദ്ധിപ്പിച്ചു. അററ്ലാൻറിക്ക്സമുദ്രത്തി

ലൂടെ പുറരാജ്യങ്ങളിലേയ്ക്കു് ഒരു സഞ്ചാരമാൎഗ്ഗം കണ്ടുപിടിക്കാൻ അന്നു തുനിഞ്ഞവരിൽ ക്രിസ്റ്റോഫർ കൊളംബസിന്റെ പേർ പ്രത്യേകം സ്മരണീയമാണു്. ഇററലിയിലെ ജിനോവ എന്ന സ്ഥലത്തു ജനിച്ചുവളൎന്ന അദ്ദേഹം, തന്റെ സഞ്ചാരസംരംഭത്തിനു് സ്വന്തം നാട്ടുകാരിൽനിന്നു് പ്രോത്സാഹനം ലഭിക്കായ്കയാൽ, സ്പെയിനിലെ ഫെർഡിനാൻഡു് രാജാവിനേയും ഇസബെല്ലാരാജ്ഞിയേയും സമീപിച്ചിട്ടാണു് ആ ഉദ്യമത്തിനുവേണ്ട സാമ്പത്തികസഹായം നേടിയതു്. നമ്മുടെ വിദ്യാൎത്ഥികൾക്കെല്ലാം അറിയാവുന്നതുപോലെ, കൊളംബസ് പുറപ്പെട്ടതു് ഇന്ത്യയിലേയ്ക്കുള്ള കടൽമാൎഗ്ഗം കണ്ടുപിടിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു. പക്ഷേ, ഇന്ത്യയ്ക്കു പകരം അമേരിക്കയിലെ ചില ദ്വീപുകളാണു് അദ്ദേഹം കണ്ടെത്തിയതു്. കൊളംബസ് ആ ദ്വീപസമൂഹത്തിനു് "വെസ്റ്റു് ഇൻഡീസ്" എന്നു പേരിട്ടു. അങ്ങനെ ഏഷ്യൻരാജ്യമായ ഇന്ത്യയെ അന്വേഷിച്ചു പുറപ്പെട്ട കൊളംബസ് അമേരിക്കയിലേയ്ക്കു് തിരിഞ്ഞുപോയെങ്കിലും, പോൎത്തുഗീസ് നാവികന്മാർ ആഫ്രിക്കൻതീരങ്ങളിൽ ചുററിക്കറങ്ങി ഏഷ്യയെ സമീപിക്കുന്നുണ്ടായിരുന്നു. പോൎത്തുഗലിലെ ഹെൻറിരാജകുമാരന്റെ പ്രോത്സാഹനത്തോടുകൂടി സമുദ്രസഞ്ചാരം നടത്തിക്കൊണ്ടിരുന്ന പോൎത്തുഗീസ് കപ്പിത്താന്മാരിൽ ഒരുവനായ ബൎത്തലോമി 1487-ൽ ആഫ്രിക്കയുടെ തെക്കേ അററത്തുള്ള മുനമ്പിലെത്തി. പെരുംകാററിന്റെ മുനമ്പു് എന്നറിയപ്പെട്ടിരുന്ന ആ പ്രദേശത്തിനു് പ്രത്യാശയുടെ മുനമ്പു് എന്നാണു് അദ്ദേഹം സംഗതിവശാൽ പേരിടാനിടയായതു്. പോൎത്തു്ഗീസ് നാവികന്മാർ മൊസാംബിക്കിൽവെച്ചു് ഇന്ത്യയിൽനിന്നുള്ള കച്ചവടക്കാരുമായി പരിചയപ്പെടുകയും, അതിന്നുശേഷം അവർ ഇന്ത്യയിലേയ്ക്കു തിരിക്കുകയും ചെയ്തു. അങ്ങനെ പോൎത്തുഗീസു കപ്പിത്താന്മാരിൽ ഒരുവനായ വാസ്കോഡിഗാമ 1498 മാൎച്ച് 28-ാംനു- കോഴിക്കോട്ടു വന്നുചേൎന്നു. യൂറോപ്പിന്റെ സ്വാധീനശക്തി ഏഷ്യയിൽ പ്രവൎത്തിക്കാൻ തുടങ്ങിയതു് അന്നു മുതല്ക്കാണെന്നു് തീ

ത്തും പറയാം. വാസ്കോഡിഗാമയ്ക്കുശേഷം വന്ന ദുവാർത്തെ പച്ചീക്കോയാണ് (1504) ഇന്ത്യയിൽ പോർത്തുഗീസാധിപത്യം കെട്ടിപ്പടുക്കുവാനുള്ള അടിത്തറ പാകിയതു്. പച്ചീക്കോയെ പിൻതുടർന്ന ഫ്രാൻസിസ് അൽമെയിഡ (1505–1509) ലോറൻസോ അൽമെയിഡ എന്നീ പറങ്കിനേതാക്കൾ കൊച്ചിയിലും, കൊല്ലത്തും, മൊംബാസയിലും മററും പോർത്തുഗീസ്കാരുടെ പിടി ഒന്നുകൂടി ഉറപ്പിച്ചു. അൽഫോൺസൊ ഡി അൽബുക്കർക്ക്(1509–1515) ഏഡൻ, ഓർമസ്, മലാക്കാക്കടലിടുക്കു് എന്നിങ്ങനെ നാവികപ്രാധാന്യമേറുന്ന ചില സ്ഥലങ്ങൾകൂടി പിടിച്ചടക്കിയതോടെ, ഇന്ത്യാസമുദ്രത്തിൻെറ ആധിപത്യം മുഴുവൻതന്നെ പറങ്കികളുടെ കൈയിൽ അമന്നു.

പോർത്തുഗീസുകാർ ഇന്ത്യയിൽ നടത്തിയ ഭരണത്തിലും സമരത്തിലുമെല്ലാം ക്രൂരതയും അസഹിഷ്ണുതയും മുഴച്ചുനില്ക്കുന്നുണ്ടെന്നുള്ളതു് വാസ്തവംതന്നെ. എങ്കിലും ചരിത്രത്തിലെ ആ കറപ്പുടയാളങ്ങൾ കണ്ടിട്ടു്, അവർ നാഗരികതയ്ക്കും സംസ്കാരത്തിനും നല്കിയ സംഭാവനകളെ അവഗണിക്കുന്നതു് ശരിയല്ല. അവർ ജനങ്ങളെ തങ്ങളുടെ സ്വന്തം മതത്തിലേയ്ക്കു് ആകർഷിക്കാൻ പ്രയോഗിച്ച മാർഗ്ഗങ്ങൾ എന്തൊക്കെയായിരുന്നാലും, യൂറോപ്യൻനാഗരികതയും സംസ്കാരവും ഇവിടെ പരന്നതു് അവർ മുഖേനയാണെന്നു് സമ്മതിക്കണം. സെയിൻറ് ഫ്രാൻസിസ് സേവ്യറിനേപ്പോലുള്ള ക്രൈസ്തവധർമ്മദൂതന്മാർ എത്രയും സാത്വികമായ രീതിയിൽ നല്കിയ ധാർമ്മികവെളിച്ചവും ഇക്കൂട്ടത്തിൽ സവിശേഷം അനുസ്മരിക്കപ്പെടേണ്ടതാണു്. ആസ്പത്രികൾ, ആതുരശാലകൾ, വിദ്യാലയങ്ങൾ, അനാഥശാലകൾ എന്നിങ്ങനെ ജനോപകാരപ്രദങ്ങളായ പല സ്ഥാപനങ്ങളും പോർത്തുഗീസുകാർ ഇവിടെ ഏർപ്പെടുത്തി. ഇന്ത്യയിൽ ആദ്യമായി ഒരു മുദ്രണാലയം സ്ഥാപിച്ചതുതന്നെ അവരാണു്. ചില സാമൂഹ്യപരിഷ്കാരങ്ങൾ ഏർപ്പെടുത്താനും പോർത്തുഗീസധികാരികൾ ശ്രദ്ധിക്കാതിരുന്നില്ല. ഇന്ത്യയിൽ പ്രാബല്യത്തിലിരുന്ന സതിസമ്പ്രദായം നിരോധിക്കാൻ അൽ

ഫോൺസൊ അൽബുക്കക്ക് ചെയ്ത ശ്രമം ഇവിടെ സ്മരണീയമാണ്. അതുപോലെതന്നെ വർണ്ണവർഗ്ഗവ്യത്യാസങ്ങളം പരിഗണിക്കാതുള്ള വിവാഹസമ്പ്രദായത്തേയും പോർത്തുഗീസധികാരികരം പ്രോത്സാഹിപ്പിക്കുകയുണ്ടായി; പോർത്തുഗീസുദ്യോഗസ്ഥന്മാരും ഭടജനങ്ങളും നാട്ടുകാരുമായി വിവാഹബന്ധത്തിൽ ഏർപ്പെടാനിടവന്നതു് ആ വഴിക്കായിരുന്നു.

ഇന്ത്യയുടെ വ്യാപാരത്തിനു് പോർത്തുഗീസുകാർ മുഖേന വലിയ വികാസം സിദ്ധിച്ചു. ഇന്ത്യയിൽനിന്നുള്ള കച്ചവടച്ചരക്കുകരം ദൂരസ്ഥിതങ്ങളായ പല രാജ്യങ്ങളിലുമെത്തുവാനിടയായി. പോർത്തുഗീസുകാരുമായുള്ള ബന്ധംകൊണ്ടു് പരിഷ്കൃതരീതിയിലുള്ള പല ഉപകരണങ്ങളും നമുക്കു ലഭിച്ചിട്ടുണ്ടു്. മേശ, കസേര മുതലായ ഉപകരണങ്ങരം പലതും പോർത്തുഗീസുകാരുടെ സംഭാവനകളാണു്. നമ്മുടെ ഒട്ടുമാവു്, കശുമാവു്, അന്നാരച്ചെടി, പപ്പമരം, പുകയിലച്ചെടി എന്നിവയെല്ലാം പോർത്തുഗീസുകാരാണു് ഇവിടെ കൊണ്ടുവന്നതു്.

ഒരുവിധത്തിൽ പറഞ്ഞാൽ ധനസമ്പാദനം, ദിഗ്വിജയം, മതപരിവർത്തനം എന്നിവയായിരുന്നു പോർത്തുഗീസുകാരുടെ പ്രധാന പരിപാടികരം. അതൊക്കെ എങ്ങനെയിരുന്നാലും, ലോകചരിത്രത്തിൽ വലിയ മാററങ്ങരം വരുത്താൻ അവക്കു് സാധിച്ചുവെന്നുള്ള പരമാർത്ഥം നിഷേധിക്കാനാവില്ല. ആഫ്രിക്കൻമുനമ്പിൽനിന്നു് പൗരസ്ത്യദേശങ്ങളിലേയ്ക്കു് അവർ തുറന്ന ഗതാഗതമാർഗ്ഗം ചരിത്രത്തിനുതന്നെ ഒരു പുതിയ സഞ്ചാരപഥം സൃഷ്ടിച്ചുവെന്നു പറയാം. മലാക്ക മുതലായ കടലിടുക്കുകളും കടന്നു് പോർത്തുഗീസുകാരുടെ സ്വാധീനം ചൈനയിലോളം ചെന്നെത്തി. അവർ മുഖേന ഏഷ്യയും യൂറോപ്പും തമ്മിൽ ആരംഭിച്ച സമ്പർക്കം ഇടയ്ക്കിടെ പല ശല്യങ്ങരക്കു കാരണമായെങ്കിലും, ലോകചരിത്രത്തിന്റെ മുൻപന്തിയിലേയ്ക്കു ഏഷ്യയെ തള്ളിവിട്ടതിൽ ആ ബന്ധത്തിനു് ഒരു വലിയ കൈയുണ്ടായിരുന്നുവെന്നു സമ്മതിക്കണം.

ഡച്ചുകാരായിരുന്നു ഏഷ്യയിൽ സ്വാധീനം ചെലുത്തിയ മററൊരു യൂറോപ്യൻശക്തി. പതിനെട്ടാംശതാബ്ദത്തിന്റെ ആരംഭമായപ്പോഠം പോർത്തുഗീസുകാരുടെ ആധിപത്യം അസ്തംഗമിക്കുകയും, അവരുടെ സ്ഥാനത്തു് ഡച്ചുകാരുടെ ആധിപത്യം പ്രാബല്യത്തിലെത്തുകയുമായി. ഡച്ചുകാർ 1619-ൽ ജാവയിലെ ബറേറവിയായിൽ നിലയുറപ്പിച്ചുകൊണ്ടു് ഇന്ത്യൻദ്വീപസമൂഹത്തിൽപ്പെട്ട പല തുരുത്തുകളും പിടിച്ചെടുത്തു. 1638-ൽ അവർ സിലോണിൽ ഒരു ഭരണകേന്ദ്രം സ്ഥാപിക്കുകയും ചെയ്തു.

## ഫ്രഞ്ചുകാർ

പോർത്തുഗീസുകാരേയും ഡച്ചുകാരേയുംപോലെ ഫ്രഞ്ചുകാരും കച്ചവടത്തിന്നായി വന്നവരാണു്. ഫ്രഞ്ചു് ഈസ്റ്റു് ഇന്ത്യാകമ്പനിക്കാർ ആദ്യംതന്നെ ഇന്ത്യയിലും പലേടങ്ങളിൽ പണ്ടകശാലകഠം സ്ഥാപിച്ചു. ഇന്ത്യയുടെ കിഴക്കേ തീരത്തുള്ള പുതുശ്ശേരിയിലും (1674) ബങ്കാളിലെ ചന്ദ്രനഗരിലും (1686) സ്ഥാപിച്ചവയാണു് ആ കൂട്ടത്തിൽ ഏററവും മികച്ച പണ്ടകശാലകഠം. അങ്ങനെ കച്ചവടവുമായിക്കഴിഞ്ഞിരുന്ന ആ വിദേശികളിൽ ദിഗ്വിജയമോഹം അങ്കുരിപ്പിച്ചതു് ഇന്ത്യയിലെ അന്നത്തെ പരിതഃസ്ഥിതികളായിരുന്നു. ദക്ഷിണേന്ത്യയിലെ കലങ്ങിമറിഞ്ഞ രാഷ്ട്രീയസ്ഥിതിഗതികഠംകൊണ്ടു മുതലെടുക്കാമെന്നു് കുശാഗ്രബുദ്ധിയായ ഡ്യൂപ്ലെ കണ്ടുപിടിച്ചു. ഇന്ത്യൻനാട്ടുവാഴികളുടെ അശിക്ഷിതരായ വമ്പിച്ച സേനകളെ, ആയുധബലവും രണതന്ത്രവും കൊണ്ടു് നിഷ്പ്രയാസം തോല്പിക്കാൻ സാധിക്കുമെന്നു് അദ്ദേഹം കണ്ടുമനസ്സിലാക്കി. ഹൈദ്രബാദിലെ നൈസാമിനെയും, കർണ്ണാട്ടിക്കിലെ നവാബിനേയും നേരിട്ടും അല്ലാതെയും എതിരിട്ടു് അദ്ദേഹം ഡക്കാനിൽ ഫ്രഞ്ചുകാരുടെ ആധിപത്യം സ്ഥാപിച്ചു. ഡ്യൂപ്ലെ തുടങ്ങിവെച്ച ഈ വിദ്യയാണു് ഇംഗ്ലീഷുകാക്കും ഇവിടെ ദിഗ്വിജയത്തിനു് മാർഗ്ഗനിർദ്ദേശമരുളിയതെന്നുള്ളതു്, ചരിത്രത്തിൽ പ്രത്യേകം ഗൗനിക്കപ്പെടേണ്ടുന്ന ഒരു വസ്തുതയാണു്. ഇംഗ്ലീ

ഷുകാർ ആ വിദ്യ ഫലത്തിലെത്തിച്ചു; ഫ്രഞ്ചുകാൎക്കു് അതു് സാധി ച്ചില്ല. അതിനുള്ള കാരണം എന്താണെന്നോ? ഇവിടെ ഫ്രഞ്ചുഗ വർണർമാരായി വന്നവർ ആരംഭിച്ച സംരംഭങ്ങൾക്കു് ഫ്രാൻ സിൽനിന്നു് അവരുടെ ഗവൎമ്മെണ്ടിൻെറ പിൻതുണ വേണ്ടത്ര ല ഭിച്ചില്ലെന്നുള്ളതുതന്നെ.

ഇൻഡോചൈനയിൽ ഫ്രഞ്ചുകാർ സ്ഥാപിച്ച ആധിപത്യ മാണു് കുറേക്കൂടി നീണ്ടുനിന്നതു്. പത്തൊൻപതാംശതാബ്ദത്തി ൻെറ ഉത്തരാർദ്ധമായപ്പോഴെയ്ക്കു് ടോൺകിൻ, കൊച്ചിൻചൈന, കമ്പോഡിയാ എന്നിങ്ങനെ പല സ്ഥലങ്ങളും ഫ്രഞ്ചുസേനകൾ പിടിച്ചെടുക്കുകയും, ഹാനോയ് തലസ്ഥാനമാക്കിക്കൊണ്ടു് അ വിടെ ഒരു ഫ്രഞ്ചുസാമ്രാജ്യം സ്ഥാപിതമാവുകയുംചെയ്തു.

## ഇംഗ്ലീഷുകാർ

ഇംഗ്ലീഷുകാരും ഒരു ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ പേരിൽ കച്ചവടത്തിനു വന്നവരാണു്. അവരുടെ കച്ചവടകേന്ദ്രങ്ങൾ മദ്രാ സിലും (1640) ബോംബെയിലും (1661) കൽക്കത്തയിലും (1690) ആയിരുന്നു. പതിനേഴാം ശതാബ്ദത്തിൽ മുഗൾസാമ്രാജ്യത്തിലു ണ്ടായ ഒരുമക്കുറവും ഭരണദൗർബ്ബല്യവുമാണു് ഇന്ത്യയിൽ ഒരു ബ്രിട്ടീഷ്സാമ്രാജ്യം ഉടലെടുക്കാനിടയാക്കിയതു്. ഇംഗ്ലണ്ടിലെ ഭരണാധികാരികളുടെ സജീവമായ പിൻതുണയോടുകൂടി, ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ പ്രവൎത്തകന്മാൎക്കു് ഇന്ത്യയിൽ ഫ്രഞ്ചുകാരേ യും പോൎത്തുഗീസുകാരേയും അപേക്ഷിച്ചു് കൂടുതൽ സ്ഥിരമായ ആധിപത്യം നടപ്പാക്കുവാൻ സാധിച്ചു. ആദ്യം കമ്പനിയുടെ ഒരു ക്ലാൎക്കും പിന്നീടു് സൈന്യാധിപനുമായിത്തീൎന്ന ക്ലൈവും (1757-1760), അതുപോലെതന്നെ ആദ്യം കമ്പനിക്ലാൎക്കും പി ന്നെ ഗവർണരുമായിത്തീൎന്ന വാറൻ ഹേയ്സ്റ്റിംഗ്സും (1772- 1785) മുഖേനയാണു് ഇന്ത്യയിൽ ബ്രിട്ടൻെറ ദിഗ്വിജയം ആരം ഭിച്ചതു്. 1757-ൽ ബങ്കാളും, 1761-ൽ കർണ്ണാടകവും ബ്രിട്ടീ ഷാധിപത്യത്തിലായിത്തീൎന്നു. ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ പ്രവ

ത്തകരിൽ ഒരു പ്രമുഖസ്ഥാനം വഹിച്ചിരുന്ന വെല്ലസ്ലിയുടെ നേതൃത്വത്തിൽ ഹൈദർ ആലിയുടേയും ടിപ്പുവിൻേറയും രാജ്യം കീഴടക്കപ്പെട്ടുകയും, മുഗൾ ചക്രവൎത്തിമാരുടെ തലസ്ഥാനമായ ദൽഹിനഗരം തന്നെയും ബ്രിട്ടീഷാധിപത്യത്തിലൊതുങ്ങുകയും ചെയ്തു. നെപ്പോളിയൻെറ സമരസംരംഭങ്ങൾ നടക്കുന്നതിനിടയ്ക്കു്, ബ്രിട്ടീഷുകാർ ഡച്ചുകാരിൽനിന്നു് സിലോൺ പിടിച്ചെടുക്കുകയും ഉണ്ടായി. മഹാരാഷ്ട്രയുദ്ധങ്ങൾക്കുശേഷം 1820-ൽ പേഷ്വാമാരുടെ രാജ്യവും ബ്രിട്ടീഷാധിപത്യത്തിലൊതുങ്ങുകയും, അതോടെ ബോംബെസംസ്ഥാനം രൂപമെടുക്കുകയുംചെയ്തു. സിക്കുകാരുമായുള്ള യുദ്ധംകഴിഞ്ഞു് 1849-ൽ പഞ്ചാബ്സംസ്ഥാനം സ്ഥാപിതമായി. 1857-ൽ നടന്ന ശിപായിലഹളയെ തുടൎന്നു് ഇന്ത്യയിലെ ഭരണം ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ കൈയിൽനിന്നു് മാററി, ബ്രിട്ടീഷ്ഗവൎമ്മെണ്ടു നേരിട്ടുതന്നെ നടത്തുകയായി.

പോൎത്തുഗീസുകാരെപ്പോലെ ഇംഗ്ലീഷുകാരും ഇന്ത്യയിൽനിന്നു് ചൈനയിലേയ്ക്കു കടന്നു. കറുപ്പുകച്ചവടത്തിൻെറ പേരിലായിരുന്നു ആ പ്രവേശനം. ഒടുവിലത്തെ മഞ്ചു ചക്രവൎത്തിയായ കൈൻ ലോങിൻെറ (1756-1796) കാലംമുതല്ക്കു് ദുൎബ്ബലമായിത്തീൎന്നുകൊണ്ടിരുന്ന ചൈനയിലേയ്ക്കു് ബ്രിട്ടീഷ്കച്ചവടക്കപ്പലുകൾ കടന്നു തുടങ്ങി. അങ്ങനെ കറുപ്പുംകൊണ്ടുചെന്ന ഏതാനും കപ്പലുകളെ ചൈനാക്കാർ തടഞ്ഞു നശിപ്പിച്ചതിൽവെച്ചു് 1841-ൽ ഒരു സംഘട്ടനം നടന്നു. കറുപ്പുയുദ്ധം എന്നറിയപ്പെടുന്ന ആ സംഘട്ടനത്തിൻെറ ഫലമായി ഹോങ്കോങ്ങ് മുതലായ ചില തുറമുഖങ്ങൾ കൈവശപ്പെടുത്താൻ ഇംഗ്ലീഷുകാൎക്കു് സാധിച്ചു. 1860-ൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കൂടി യോജിച്ചു് ചൈനയിൽ പിന്നെയും കുറേ തുറമുഖങ്ങൾ കൈവശപ്പെടുത്തി. യൂറോപ്യൻശക്തികളുടെ കൈ ഇങ്ങനെ കയറിത്തുടങ്ങിയതു് മഞ്ചുചക്രവൎത്തിമാരുടെ ദൗൎബ്ബല്യം മൂലമാണെന്നു് ധരിച്ചു്, ആ രാജവംശത്തെ നിഷ്കാസനം ചെയ്യാൻ തയിപ്പിംഗ് എന്ന വൎഗ്ഗ

ക്കാർ ഒരു വിപ്ലവംതന്നെ നടത്തി. എന്നാൽ ഇംഗ്ലീഷുകാരും അമേരിക്കാക്കാരും കൂടി ആ വിപ്ലവത്തെ ഉടനെ അടിച്ചമർത്തിക്കളഞ്ഞു. ചൈനയുമായുള്ള കച്ചവടത്തിൽ ഇംഗ്ലീഷുകാക്കതന്നെയായിരുന്നു മുങ്കൈ; ഷാങ്ഹായ് തുറമുഖംതന്നെ അതിനു് ഒരു തെളിവാണു്. മററു യൂറോപ്യൻരാജ്യങ്ങളും ചൈനയിൽ ഓരോ സ്ഥലങ്ങരം കൈവശപ്പെടുത്തിത്തുടങ്ങി. ക്രയിഹൗ എന്ന പ്രദേശം 1897-ൽ ജമ്മനി പിടിച്ചെടുത്തു; പോർട്ട്ആർതർ എന്ന തുറമുഖത്തോടുകൂടിയ നാങ്കൗപ്രദേശം റഷ്യ കൈവശപ്പെടുത്തി; വെയി-ഹയ്-വെയി എന്ന നാവികത്താവളം ഇംഗ്ലീഷുകാരുടെ പിടിയിൽത്തന്നെ അമന്നു. വിദേശികളുടെ കൈയേററത്തെ ചെറുക്കാൻ ബോക്സർ ലഹള എന്നപേരിൽ ചൈനാക്കാർ 1900-ാമാണ്ടിൽ മറെറാരു വിപ്ലവംകൂടി നടത്തിനോക്കിയെങ്കിലും, അതും യൂറോപ്യൻശക്തികരംക്കു് കൂടുതൽ നേട്ടമുണ്ടാക്കിക്കൊടുക്കുവാൻ മാത്രമേ ഉപകരിച്ചുള്ളു. ഇതിനിടയ്ക്കു്, ഇംഗ്ലീഷുകാർ സിങ്കപ്പൂർ വരെയുള്ള മലയാ അദ്ധദ്വീപും ബമ്മയുംകൂടി കൈവശപ്പെടുത്തി ഇന്ത്യയുടേയും ചൈനയുടേയും നടുക്കുള്ള വിടവു് നികത്തിക്കഴിഞ്ഞിരുന്നു.

റഷ്യ ഇതിനകം സൈബീരിയായിലേയ്ക്കു കടന്നു് സ്വന്തം സാമ്രാജ്യസീമയെ വികസിപ്പിക്കാൻ ഒരു ശ്രമം നടത്തുന്നുണ്ടായിരുന്നു. കുടിപ്പാപ്പും കൃഷിയുമൊന്നുമില്ലാതെ ഒഴിഞ്ഞുകിടന്നിരുന്ന വിശാലമായ ആ ഭൂവിഭാഗം അങ്ങനെ റഷ്യാക്കാരുടെ പിടിയിലമന്നുതുടങ്ങി. സൈബീരിയായിലെ ടോബ്രുരംസ്ക്കു് എന്ന പ്രദേശത്തു് അവർ 1587-ൽ പ്രവേശിച്ചു. അതിനെ തുടന്നു്, ടോംസ്ക്കു് (1604)ഇക്കുട്സ്ക്കു് (1652) നെർഷിൻസ്ക്കു് (1656) എന്നീ പ്രദേശങ്ങളിലും അവർ വഴിക്കുവഴി കയറിപ്പററി. റഷ്യൻ സാമ്രാജ്യത്തിന്റെ ഈ വികസനം കിഴക്കു കടൽത്തീരത്തുചെന്നാണു് നിലച്ചതു്. അവിടെ വ്ലാഡിവാസ്കൊ എന്ന പേരിൽ 1902-ൽ ഒരു നാവികത്താവളം സ്ഥാപിക്കപ്പെടുകയുമുണ്ടായി. റഷ്യൻഭാഷയിൽ ആ പേരിനു് 'പൗരസ്ത്യാധിപത്യം' എന്നാ

ണാർത്ഥം. കിഴക്കൻപ്രദേശങ്ങൾ കീഴടക്കാൻ റഷ്യയ്ക്കുണ്ടായിരുന്ന മോഹത്തിൻെറ ഒരു സ്മാരകമാണ് ആ നാവികതാവളം. ഏഷ്യയുടെ മററു ചില ഭാഗങ്ങളായ സമർക്കണ്ട്, ബൊക്കാറാ, ഫർഗാന, കീവ് എന്നീ പ്രദേശങ്ങൾ റഷ്യ ഇതിനുമുമ്പുതന്നെ കീഴടക്കിക്കഴിഞ്ഞിരുന്നുവെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

ഏഷ്യയുടെ മേൽ യൂറോപ്യൻരാജ്യങ്ങൾ ചെലുത്തിക്കൊണ്ടിരുന്ന സമ്മർദ്ദങ്ങൾ അങ്ങകലെ ഒററപ്പെട്ടുകിടക്കുന്ന ജപ്പാനേയും ബാധിക്കാതിരുന്നില്ല. കച്ചവടത്തിൻെറ പേരിൽ അമേരിക്കയാണ് അങ്ങോട്ടു കണ്ണും കൈയുമെത്തിക്കാൻ തുടങ്ങിയതു്. കമാൻഡർ പെറി എന്ന അമേരിക്കൻനാവികൻ വെടിമുഴക്കിക്കൊണ്ട് ജപ്പാനിലെത്തി. പക്ഷേ, ചൈനയേപ്പോലെ പെട്ടെന്ന് വഴങ്ങിക്കൊടുക്കുന്ന കൂട്ടത്തിലായിരുന്നില്ല ജപ്പാൻ. വിദേശികളുടെ കൈയേററത്തിൽനിന്ന് ജപ്പാനെ പ്രതിരോധിക്കാൻ തന്നെ അവിടത്തെ ഭരണാധികാരികൾ തീർച്ചയാക്കി. പക്ഷേ, പുറത്തുനിന്നു വന്നവരെ തടയുംമുമ്പ്, അവർക്ക് അകത്തുതന്നെ ചില ക്രമീകരണങ്ങൾ ചെയ്യുവാനുണ്ടായിരുന്നു. ജപ്പാനിലെ ഭരണാധികാരം തന്നെ ശരിയായ അവകാശികളുടെ കൈയിൽ ഉറപ്പിക്കേണ്ടതായിരുന്നു ഒന്നാമത്തെ ആവശ്യം. മെയ് ടെന്നോ എന്ന പേരിനാൽ പിന്നീട് അറിയപ്പെട്ട മുസ്സിഹിതോചക്രവർത്തി (1866-1912), ചോഷു എന്നും സ്റ്റാസുമാ എന്നും പറയപ്പെട്ടുന്ന ഗോത്രക്കാരുടെ സഹായത്തോടുകൂടി ടോക്കുഗാവായിലെ ഷോഗൻഭരണാധികാരികളെ കീഴടക്കി, പഴയ രാജവംശത്തിൻെറ ഭരണം പുനഃസ്ഥാപിച്ചു. എന്നാൽ ഇപ്പറഞ്ഞ ഭരണമാററം കൊണ്ടുമാത്രം കാര്യമായില്ല; യൂറോപ്യൻശക്തികളെ ഫലപ്രദമായി തടയണമെങ്കിൽ അതിനു പററിയ സജ്ജീകരണങ്ങൾ കൂടി ചെയ്യേണ്ടിയിരുന്നു. അതിനുവേണ്ടി, യൂറോപ്യൻരീതിയിൽ തന്നെയുള്ള സൈന്യസജ്ജീകരണങ്ങളും മററും ജപ്പാൻ ആരംഭിച്ചു. യൂറോപ്പിനെ യൂറോപ്പിൻെറ ആയുധങ്ങൾകൊണ്ടു വെല്ലുവാനായിരുന്നു അവരുടെ വട്ടം. ജപ്പാൻെറ തലസ്ഥാനം കിയോട്ടോ

യിൽനിന്നു് ടോക്കിയോയിലേയ്ക്കു മാററിസ്ഥാപിച്ചു. പാർലിമെൻറും, കാബിനെററും, നീതിന്യായാസനങ്ങളുമെല്ലാം യൂറോപ്യൻമാതൃകയിൽ സംഘടിപ്പിക്കപ്പെട്ടു. യൂറോപ്യൻരീതിയിലുള്ള കടൽസൈന്യവും കരസൈന്യവും രൂപീകൃതങ്ങളായി. സയൻസും, സാങ്കേതികവിജ്ഞാനവും അദ്ധ്യയനവിഷയങ്ങളായിത്തീൻ. പഞ്ഞിയും പട്ടുനൂലുംകൊണ്ടുള്ള വൻകിടവ്യവസായങ്ങളും, കനത്ത യന്ത്രസാമഗ്രികളും നാട്ടിലെങ്ങും നടപ്പായി.

ഇങ്ങനെ പല വിധത്തിലും പുരോഗതിയും പ്രാബല്യവും പ്രാപിച്ചുതുടങ്ങിയപ്പോറം, ജപ്പാനു് തൻെറ സൈന്യശക്തി പരീക്ഷിക്കാൻ മോഹമുണ്ടായതിൽ അത്ഭുതപ്പെടുവാനില്ല. കൊറിയായ്ക്കുവേണ്ടി 1894-ൽ ചൈനയോടു ജപ്പാൻ യുദ്ധത്തിനു പുറപ്പെട്ടു. പോട്ട്ആർതർ, തെക്കെ മഞ്ചൂറിയാ, ഫൊർമോസാ എന്നീപ്രദേശങ്ങറം ജപ്പാൻ പിടിച്ചെടുത്തുവെങ്കിലും, യൂറോപ്യൻശക്തികളുടേയും അമേരിക്കയുടേയും ഇടപെടൽനിമിത്തം ഫൊർമോസാ ഒഴിച്ചു് മറെറല്ലാം വിട്ടുകൊടുക്കേണ്ടതായും വന്നു.

മററു യൂറോപ്യൻരാജ്യങ്ങറം കച്ചവടവും അതിനുള്ള തുറമുഖങ്ങളും നാവികത്താവളങ്ങളും തജ്ജന്യമായ സ്വാധീനശക്തിയും കൊണ്ടു തൃപ്തിപ്പെട്ടുകഴിഞ്ഞപ്പോറം, റഷ്യയാകട്ടെ ചൈനയുടെ ഭൂവിഭാഗങ്ങളിന്മേൽത്തന്നെ കൈവെച്ചുതുടങ്ങി. റഷ്യയുടെ ഈ സാമ്രാജ്യവികസനസംരംഭത്തിൽ, ജപ്പാനുമായിട്ടാണു് ഏററമുട്ടലുണ്ടായതു്. മഞ്ചൂറിയായെസ്സംബന്ധിച്ചു് റഷ്യയും ജപ്പാനും തമ്മിൽ 1904-ൽ ഒരു യുദ്ധംനടന്നു. ഒമ്പതുമാസം നീണ്ടുനിന്ന ആ സമരത്തിൽവെച്ചു് റഷ്യൻസൈന്യത്തിനു് വമ്പിച്ച പല പരാജയങ്ങളുംനേരിട്ടു. ജനറൽ ഒയാമാ എന്ന ജപ്പാൻസൈന്യാധിപൻ 1904-ആഗസ്റ്റ്, സെപ്തമ്പർ എന്നീമാസങ്ങളിൽ ലിയോയാങ്ങിൽവെച്ചും, ജനറൽ നോഗി എന്ന മറെറാരു സൈന്യാധിപൻ 1905 ഫെബ്രുവരി – മാർച്ച് മാസങ്ങളിൽ മൂക്ഡനിൽവെച്ചും റഷ്യൻസേനകളെ കഠിനമായി തോല്പിച്ചു. ഇതിനെതുടൎന്നു്, അഡ്മിറൽ ടോഗോ എന്ന ജപ്പാൻ നാവികസൈന്യാ

ധിപൻ മെയ് 27-28 എന്നീ തിയതികളിൽ റഷ്യയുടെ നാവിക സൈന്യത്തെ നിശ്ശേഷം തോല്പിച്ച് ഒരു വമ്പിച്ച വിജയംനേടുകയുമുണ്ടായി. 1905 സെപ്തമ്പർ 15-ാംനു- പോർട്ട്സ്മത്തിൽ വെച്ചുനടന്ന സന്ധിയുടമ്പടിപ്രകാരം കൊറിയായുടേയും തെക്കൻ മഞ്ചൂറിയായുടേയും മേലുള്ള സകല അവകാശങ്ങളും വിട്ടുകൊടുത്തിട്ടാണ് റഷ്യ ആ യുദ്ധത്തിൽനിന്നു് തലയൂരിയതു്. ജപ്പാന്റെ സംരക്ഷണത്തിൽ ഏല്പിക്കപ്പെട്ട കൊറിയാ, 1910-ൽ ജപ്പാന്റെ സ്വന്തമായിത്തീൎന്നു. പോർട്ട് ആർതർ, ഡാൽനിഡേരിയൻ എന്നീസ്ഥലങ്ങൾ ജപ്പാന്റെ താവളങ്ങളായി മാറുകയും ചെയ്തു.

# VIII

## ഏഷ്യയുടെ തിരിച്ചടി

### ( 1860 - 1945 )

റഷ്യയുടെമേൽ ജപ്പാൻ നേടിയ വിജയം, ഏഷ്യൻ രാജ്യങ്ങളിലെല്ലാം പ്രത്യാശയുടെ പുളകം ചാത്തുകയായി. സ്വന്തം ശക്തി വദ്ധിപ്പിക്കാൻ ജപ്പാൻ സ്വീകരിച്ച മാഗ്ഗങ്ങൾ അനുധാവനം ചെയ്യുന്നപക്ഷം, ജപ്പാനെപ്പോലെ വിജയിക്കുവാൻ സാധിക്കുമെന്നുള്ള ഒരു ബോധം ഏഷ്യൻരാജ്യങ്ങളിൽ പരന്നു. യൂറോപ്യൻ രീതിയിലുള്ള വികാസവും ശക്തിയും സമ്പാദിച്ച് യൂറോപ്യൻശക്തികളെ ചെറുക്കുകയെന്ന നയമാണല്ലൊ ജപ്പാൻ സ്വീകരിച്ചതു്. ജപ്പാൻെറ അയൽവാസിയായ ചൈനാതന്നെ ഈ നയം ആദ്യം അനുകരിക്കാനൊരുങ്ങി. 1911-ൽ സൺയാത് സെൻ അവിടെ കൂമിന്താങ്ങ് എന്നപേരിൽ ഒരു വിപ്ലവപ്രസ്ഥാനം ആരംഭിച്ചു. അതിൻെറ ഫലമായിട്ട് പഴയ മഞ്ചുരാജവംശം 1913-ൽ സ്ഥാനമൊഴിയുകയും, ചൈന ഒരു ജനാധിപത്യരാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടുകയും ചെയ്തു.

ചൈനായുടെ വടക്കുഭാഗത്തു് നിലവിലിരുന്ന അരാജകത്വത്തിൻെറ തക്കംപടിച്ച് ജപ്പാൻ പിന്നെയും ചൈനയിൽ ദിഗ്വിജയം നടത്താനൊരുമ്പെട്ടു. 1931-ൽ ജപ്പാൻ വീണ്ടും മുക്ഡനിൽ പ്രവേശിക്കുകയും, മഞ്ചുക്കോ എന്ന പേരിൽ മഞ്ചൂറിയായെ തങ്ങളുടെ ഒരു പ്രൊട്ടക്റ്ററേയ്റ്റാക്കിത്തീക്കുകയുംചെയ്തു. 1936-ൽ ചൈനയോടു് ഒരു തുറന്ന സമരംതന്നെ ജപ്പാൻ പ്രഖ്യാപിച്ചു. പെക്കിങ്ങിലും, നാങ്കിങ്ങിലും മറുതീരപ്രദേശങ്ങളിലും ജപ്പാൻ സൈന്യം പ്രവേശിച്ചപ്പോൾ ചിയാങ് കെയ്ഷെക്ക് സെച്ചവാനിലെ ഉൾപ്രദേശത്തേയ്ക്കു മാറി. രണ്ടാംലോകമഹായുദ്ധത്തിൽ (1939-1945) സിങ്കപ്പൂർ, മലയാ, ബമ്മാ ഫിലിപ്പൈൻസ് എന്നിവ ജപ്പാൻ പിടിച്ചെടുക്കുകയും, 1941-ൽ പേൾഹാർബർ പെ

ട്ടെന്നു് ആക്രമിച്ചതോടെ അമേരിക്കൻഐക്യസംസ്ഥാനങ്ങറം ആ യുദ്ധത്തിൽ പങ്കെടുക്കാനിടവരുത്തുകയും ചെയ്തു. ലോകമഹായുദ്ധം തങ്ങളുടെ വിജയത്തിൽ കലാശിച്ചപ്പോറം അമേരിക്കയും ഇംഗ്ലണ്ടും ജപ്പാൻ പിടിച്ചടക്കിയ സ്ഥലങ്ങളെല്ലാം നിഷ്പ്രയാസം വീണ്ടെടുത്തു; മാത്രമല്ല, ജപ്പാനെ ഒരുവക സൈനികനിയന്ത്രണത്തിൽ വയ്ക്കുകയുമുണ്ടായി. പിന്നീടു് 1950-ലാണു് ജപ്പാനു് സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും ലഭിച്ചതു്.

ബ്രിട്ടീഷാധിപത്യത്തിൽ കുടുങ്ങിയിരുന്ന ഇന്ത്യയും സ്വാതന്ത്ര്യത്തിന്നായി അടരാടുകയായിരുന്നു. ബ്രിട്ടീഷുഭരണംതന്നെ അവക്കു് അതിനുള്ള കഴിവുകറം നേടിക്കൊടുത്തിരുന്നുവെന്നു് സമ്മതിക്കണം. വിദ്യാലയങ്ങളും കോളേജുകളും മുഖേന ഇന്ത്യയ്ക്കുണ്ടായ വിജ്ഞാനവികാസം, നിയമസഭകളും മററും കൊണ്ടുണ്ടായ ഉത്തരവാദിത്വഭരണപരിശീലനം, സ്വതന്ത്രങ്ങളായ നീതിന്യായാസനങ്ങറം മൂലമുണ്ടായ നിയമവാഴ്ച, പരിഷ്കൃതങ്ങളായ ഭരണക്രമങ്ങളുടെ പ്രവത്തനം — എന്നിവയെല്ലാം ഇന്ത്യയെ സ്വയംഭരണപഥത്തിലേയ്ക്കു് പതുക്കെപ്പതുക്കെയാണെങ്കിലും അടിപതറാതെ പുരോഗമിപ്പിക്കുകയായിരുന്നു. മഹാത്മഗാന്ധിയുടെ നേതൃത്വത്തിൽ ഉയിരെടുത്ത സ്വാതന്ത്ര്യസമരം ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയെ ത്വരിപ്പിക്കുകയുംചെയ്തു. 1947 ആഗസ്റ്റ് 15-ാം നു- ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചു. ഇന്ത്യ, പാക്കിസ്ഥാൻ എന്ന രണ്ടു ഖണ്ഡങ്ങളിലായിട്ടാണെങ്കിലും ഇന്ത്യയ്ക്കു ലഭിച്ച സ്വാതന്ത്ര്യം ഏഷ്യയിൽ ജനാധിപത്യഭരണക്രമത്തിനു കൈവന്ന മഹത്തായ ഒരു നേട്ടമായിത്തന്നെ കണക്കാക്കണം. ബമ്മയും 1947-ൽത്തന്നെ സ്വാതന്ത്ര്യം പ്രാപിച്ചു; മലയയും സിങ്കപ്പൂരും 1957-ലാണു് സ്വാതന്ത്ര്യം നേടിയതു്.

ദേശീയവിപ്ലവങ്ങളും, അമേരിയുടെ പിന്തുണയുംകൊണ്ടു് ഡച്ചു് ഈസ്റ്റു് ഇൻഡീസും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുകയാണു്. ജപ്പാൻ, രണ്ടാം ലോകമഹായുദ്ധത്തിലുണ്ടായ അനുഭവങ്ങളുടേയും അതിനെത്തുടന്നുണ്ടായ സഖ്യകക്ഷിഭരണത്തിൻേറയും വെളിച്ച

ത്തിൽ ഇപ്പോഠം ജനാധിപത്യമാഗ്ഗത്തിലൂടെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സൈനികവിജയംകൊണ്ടുണ്ടായ ഏകീകരണത്തെ അടിസ്ഥാനമാക്കി, ചൈനാ കമ്മ്യൂണിസ്റ്റ്മാഗ്ഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ഇൻഡോ–ചൈനാ അദ്ധ്ദ്വീപിൽ ഫ്രഞ്ചുകാരുടെ ആധിപത്യം അവസാനിച്ചുവെങ്കിലും, കൊറിയായിലെപ്പോലെതന്നെ അവിടെയും ചേരിതിരിവു് അവസാനിച്ചിട്ടില്ല. ടക്കി അതിൻെറ ആധുനികവിധാതാവായ കെമാൽ അത്താത്തുക്കിൻെറ നേതൃത്വത്തിൽ ജനാധിപത്യസ്വാതന്ത്ര്യം നേടിയതിനുപുറമെ, യൂറോപ്യൻരീതിയിലുള്ള നാഗരികത സ്വീകരിച്ചു മുന്നേറുകയുമാണു്.

# IX

## ഏഷ്യയും യൂറോപ്പും

ഏഷ്യയും യൂറോപ്പും തമ്മിലുണ്ടായിരുന്ന പൂർവ്വബന്ധങ്ങളിലേയ്ക്കു് ഒരെത്തിനോട്ടം കൂടി നടത്തിയിട്ടു് ഈ പുസ്തകം അവസാനിപ്പിക്കാം. പുരാതനറോമയുടേയും ഗ്രീസിൻേറയും മേൽ ഏഷ്യാ അതിൻെറ സ്വാധീനമുദ്ര പതിച്ചിരുന്നു. ഏഷ്യാമൈനറിലെ ലിഡിയായിൽനിന്നാണു് വെള്ളിയും സ്വർണ്ണവും കൊണ്ടുണ്ടാക്കപ്പെട്ട നാണയങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെട്ടതു്; ഗ്രീസ് അവയെ അനുകരിച്ചുവെന്നുമാത്രം. സാധനങ്ങൾ മാത്രമല്ല, ആശയങ്ങളും ഏഷ്യയിൽനിന്നു് പുരാതനയൂറോപ്പിലേയ്ക്കു് പകർന്നിരുന്നു. ഇന്ത്യയുടെ തത്വശാസ്ത്രം പ്രാചീന ഗ്രീസിലും അറിയപ്പെട്ടിരുന്നതായിക്കരുതണം. പൈത്തഗോറസിൻെറ തത്വശാസ്ത്രത്തിൽ കാണുന്ന പുനർജ്ജന്മസിദ്ധാന്തം, ഇന്ത്യൻ തത്വശാസ്ത്രത്തിലെ കർമ്മസിദ്ധാന്തത്തോടു് കടപ്പെട്ടിട്ടുണ്ടെന്നു് അനുമാനിക്കാം. യവനചിന്തകനായ സീനോയുടെ 'സ്റ്റോയിസിസ'ത്തിലെ തത്വങ്ങൾ ഗ്രീസിലും റോമിലുമെത്തുംമുമ്പുതന്നെ ഏഷ്യാമൈനറിൽ വിഭാവനം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. ഗണിതശാസ്ത്രത്തിലെ അക്കങ്ങളും, ദശാംശചിഹ്നങ്ങളും ഇന്ത്യയിൽനിന്നു് അറബികൾ മുഖേനയാണു് യൂറോപ്പിനു് ലഭിച്ചതു്. റോമിലെ റിപ്പബ്ലിക്ക് വാഴ്ചക്കാലത്തുതന്നെ ഏഷ്യയും യൂറോപ്പും തമ്മിൽ വ്യാപാരബന്ധം ദൃഢപ്പെട്ടിരുന്നു. രത്നങ്ങൾ, പട്ടുതരങ്ങൾ, സുഗന്ധദ്രവ്യങ്ങൾ മുതലായ പല സാധനങ്ങളും ഏഷ്യയിൽനിന്നാണു് റോമൻസാമ്രാജ്യത്തിനു് ലഭിച്ചിരുന്നതു്; ആ വകയിൽ റോമിൽനിന്നു് ഇന്ത്യയിലേയ്ക്കു് ധാരാളം പണം പ്രവഹിക്കുകയും ചെയ്തിരുന്നു.

പട്ടുതരങ്ങളുടെ നാടായ ചൈനയേക്കുറിച്ചുള്ള വിവരങ്ങൾ ക്രിസ്ത്വബ്ദത്തിനുമുമ്പുതന്നെ ഗ്രീസിലേയും റോമിലേയും ലിഖി

ത്തങ്ങളിൽ സ്ഥലം പിടിച്ചുകഴിഞ്ഞിരുന്നു. ചൈനയോടു ബന്ധപ്പെട്ടിരുന്ന സിൽക്ക്റോഡ് പിന്നീട് പല ശതാബ്ദങ്ങളോളം പൗരസ്ത്യദേശങ്ങളേയും റോമൻസാമ്രാജ്യത്തേയും തമ്മിലിണക്കുന്ന ശൃംഖലയായിരുന്നുതാനും. ആ വഴിയിൽക്കൂടി പട്ടുതരങ്ങൾ മാത്രമല്ല, വേറെയും പല സാധനങ്ങൾ യൂറോപ്പിലേയ്ക്കു കടന്നിരുന്നു. സ്ട്രാബോ, ടോളമി മുതലായ ദേശസഞ്ചാരികൾ ചൈനയേക്കുറിച്ച് അന്നു് നല്കിയിരുന്ന ഭൂമിശാസ്ത്രപരമായ വിവരങ്ങളും, ചൈനയ്ക്കു് യൂറോപ്പുമായുണ്ടായിരുന്ന ബന്ധങ്ങളെയാണ് തെളിയിക്കുന്നതു്. ഒമ്പതാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു മുസ്ലിം ഗ്രന്ഥകാരൻ, ചൈനയിൽനിന്നു് യൂറോപ്പിലേയ്ക്കു കടന്നിരുന്ന സാധനങ്ങളുടേയും മററും ഒരു നീണ്ട പട്ടിക രേഖപ്പെടുത്തിക്കാണുന്നുണ്ടു്. പട്ടുതരങ്ങൾ, മൺപാത്രങ്ങൾ, മഷി, ജീനി, രോമം, കറുവപ്പട്ട, ഫലമൂലങ്ങൾ, സ്വർണ്ണം, വെള്ളി, വീട്ടുസാമാനങ്ങൾ, ഔഷധങ്ങൾ, ജലശക്തികൊണ്ടു നടത്തുന്ന യന്ത്രങ്ങൾ മുതലായ പല സാധനങ്ങളും ആ പട്ടികയിൽ കാണാം. കൂടാതെ, വീട്ടുജോലി ചെയ്യുവാനുള്ള അടിമപ്പെണ്ണുങ്ങളേയും അന്തഃപുരങ്ങളിൽ കാവൽ നില്ക്കാൻപററിയ ഷണ്ഡന്മാരേയും ചൈനയിൽനിന്നു് കൊണ്ടുപോയിരുന്നതായും ആ ഗ്രന്ഥകാരൻ പറയുന്നുണ്ടു്. പതിനേഴാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ലെയിബ്നിററ്സ് എന്ന ജർമ്മൻതത്വചിന്തകൻ ചൈനയുടെ പ്രാമാണ്യത്തേക്കുറിച്ചു പറയുന്ന കൂട്ടത്തിൽ, ഔഷധവിജ്ഞാനത്തിലും ചികിത്സാപാടവത്തിലും ചൈനാ യൂറോപ്പിനേക്കാൾ മുൻപന്തിയിലാണു് നിന്നിരുന്നതെന്നു് പ്രസ്താവിച്ചിട്ടുള്ള വസ്തുതയും ഇവിടെ സ്മരണീയമാണു്. രാജ്യഭരണം സംബന്ധിച്ചും ചൈനയിൽനിന്നു് ചില പാഠങ്ങൾ യൂറോപ്യൻരാജ്യങ്ങൾ സ്വീകരിക്കുകയുണ്ടായിട്ടുണ്ടു്. ഉദ്യോഗനിയമനത്തിനു് മത്സരപ്പരീക്ഷ നടത്തുന്ന സമ്പ്രദായം തന്നെ ചൈനയിൽനിന്നാണു് മററു രാജ്യങ്ങൾ പകർത്തിയതെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മതവിജ്ഞാനത്തിലും തത്വശാസ്ത്രത്തിലും യൂറോപ്പിന്നു് ഏ

ഷ്യ നല്കിയിട്ടുള്ള സംഭാവനകൾ വലുതാണ്. സ്പിനോസാ, ഹെഗൽ മുതലായ പല പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാരും ഏഷ്യയുടെ തത്വശാസ്ത്രത്തോടു കടപ്പെട്ടവരാകുന്നു. മതസഹിഷ്ണുത എന്നതു് ഏഷ്യ യൂറോപ്പിനു് നല്കിയിട്ടുള്ള മഹത്തായ ഒരു ദാനവുമത്രെ.

യൂറോപ്പിൽനിന്നു് ഏഷ്യയ്ക്കും ഓരോരോ കാലഘട്ടങ്ങളിൽ പലേ സംഭാവനകൾ ലഭിച്ചിട്ടുണ്ടു്. ദിഗ്വിജയത്തിന്നും കുടിയേററത്തിന്നും വേണ്ടി യൂറോപ്യൻരാജ്യങ്ങൾ ഏഷ്യയുടെ നേർക്കു് നടത്തിയിട്ടുള്ള ആക്രമണങ്ങൾതന്നെയും, ഒരത്ഥത്തിൽ പറഞ്ഞാൽ, ഏഷ്യയുടെ മാന്ദ്യവും മരവിപ്പും മാററി ഒരു നവജീവൻ പ്രാപിക്കുന്നതിനു് പ്രേരകമായിത്തീരുകയാണുണ്ടായിട്ടുള്ളതു്. സ്വാതന്ത്ര്യം, സമത്വം, അഭ്യുന്നതി എന്നിവ സംബന്ധിച്ചു് ഏഷ്യയ്ക്കു യൂറോപ്പിൽനിന്നു ലഭിച്ചിട്ടുള്ള പ്രചോദനം അപാരമത്രെ. ആദ്യം ഏഷ്യയിൽനിന്നു് യൂറോപ്പു പഠിക്കുവാനിടയായ ശാസ്ത്രത്തിൻേറയും, വ്യവസായത്തിൻേറയും വികസിതരൂപങ്ങൾ പിന്നീടു് യൂറോപ്പാണു് ഏഷ്യയെ പഠിപ്പിച്ചതു്. യൂറോപ്പിൽനിന്നു വന്ന നാവികശക്തികളായ പോർത്തുഗീസുകാരും, ഡച്ചുകാരും, ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരുമെല്ലാം തെക്കുകിഴക്കൻ ഏഷ്യയിലെ ജനങ്ങളുടെ നാവികപാരമ്പര്യത്തെ തട്ടിയുണർത്തുകയും, ഇന്ത്യാസമുദ്രത്തെ കച്ചവടത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും ഒരു രാജവീഥിയാക്കിത്തീക്കുകയുമുണ്ടായി. യൂറോപ്യൻശക്തികളുടെ സമ്മർദ്ദംകൊണ്ടുണ്ടായ പ്രത്യാഘാതങ്ങൾതന്നെയും, ഏഷ്യയ്ക്കു് ഉണവ്വും ഉന്മേഷവുമരുളി വിജയലക്ഷ്യത്തിലെത്താൻ അവളെ ഉത്തേജിപ്പിച്ചതേയുള്ളു.


## ഇനിയത്തെ കർത്തവ്യം

ഇപ്പോൾ ഏഷ്യയിലെ മിക്കരാജ്യങ്ങളും സ്വാതന്ത്ര്യം പ്രാപിച്ചു് യൂറോപ്പും ഏഷ്യയും സമനിലയിലെത്തിയിരിക്കുന്നതു

കൊണ്ടു് ഇനിയങ്ങോട്ടുള്ള കത്തവ്യം സ്വന്തം സ്വന്തം അഭിവൃദ്ധിക്കും ലോകത്തിൻെറ ഭദ്രതയ്ക്കുംവേണ്ടി ഇരുകൂട്ടരും പരസ്പരം സഹായിച്ചു് ഒരുമയിൽ വത്തിക്കുകയാണു്. ഏഷ്യയും യൂറോപ്പും കഴിഞ്ഞ കാലങ്ങളിൽ എങ്ങനെയെല്ലാം പരസ്പരം കടപ്പെട്ടിട്ടുണ്ടെന്നു നാം കണ്ടുകഴിഞ്ഞു. ഒരു അമ്മ തൻെറ മകൾക്കെന്നോണം, ഏഷ്യ പണ്ടു് യൂറോപ്പിനു് മതം, തത്വശാസ്ത്രം, നാഗരികത, സംസ്കാരം എന്നിവയിലെല്ലാം പരിശീലനം നല്കിപ്പോന്നിരുന്നു. ഇപ്പോൾ അമ്മ വാദ്ധ്യകൃത്തിലെത്തിയിരിക്കെ, മകൾ അമ്മയുടെ അന്തികത്തിലണഞ്ഞു് മതം, തത്വശാസ്ത്രം, രാജ്യതന്ത്രം, ശാസ്ത്രം എന്നിവയിലെല്ലാം താൻ നേടിയ പുതിയ അറിവു് പ്രയോഗിച്ചു് അമ്മയെ വീണ്ടും യുവതത്വത്തിലേയ്ക്കു് ആനയിക്കുവാൻ ശ്രമിക്കുകയാണെന്നു പറയാം.

യൂറോപ്പും ഏഷ്യയും സമാധാനത്തിനുവേണ്ടി സമാധാനത്തിൽ ഒന്നിച്ചുകഴിയുകയും പ്രയത്നിക്കുകയും ചെയ്യുവാനുള്ള ഒരു സുവണ്ണകാലമാണു് ഇപ്പോൾ ആഗതമായിരിക്കുന്നതു്. ഏഷ്യയും യൂറോപ്പും തമ്മിൽ ഇനി പടവെട്ടിക്കഴിയേണ്ട യാതൊരു കാരണവുമില്ല. യൂറോപ്പിനു് പിടിച്ചെടുക്കാൻ പററിയ യാതൊരു ഭൂവിഭാഗവും ഏഷ്യയിലില്ല; അങ്ങനെ എന്തെങ്കിലും പിടിച്ചെടുക്കേണ്ട ആവശ്യം യൂറോപ്പിനുമില്ല. മേലാൽ പുറത്തുനിന്നുള്ള ബാർബേറിയന്മാരുടെ ആക്രമണം അങ്ങുമിങ്ങും ഉണ്ടാകുമെന്നു യൂറോപ്പും ഏഷ്യയും ഭയപ്പെടുകയും വേണ്ടാ; ബാർബേറിയന്മാർ ഇനിയുണ്ടാകുമെങ്കിൽ, അവർ ആഹാരത്തിനും അതുപോലുള്ള മററു ആവശ്യങ്ങൾക്കും വേണ്ടിയല്ല അക്രമണം നടത്താനിടയുള്ളതും. നേരേമറിച്ചു്, അവർ കേവലം അധികാരത്തിനും സ്വേച്ഛാധിപത്യപരമായ ഒരു പ്രത്യയശാസ്ത്രത്തിനും വേണ്ടിയായിരിക്കും ആക്രമണം അഴിച്ചുവിടുക. അങ്ങനെയുണ്ടായേക്കാവുന്ന പൊട്ടിത്തെറിക്കലുകളൊഴിച്ചാൽ, ലോകത്തിനു് സമാധാനത്തിൻേറതായ ഒരു സുന്ദരയുഗമാണു് ഇപ്പോൾ ദശിക്കുവാൻ കഴിയുന്നതു്. സ്ഥലവിസ്തൃതിയിലും ജനസംഖ്യയിലും ലോകത്തിൻെറ മൂന്നിൽ

രണ്ടു ഭാഗം വരുന്ന ഏഷ്യയും യൂറോപ്പും സമാധാനത്തിലും ഒരുമയിലും കഴിഞ്ഞാൽത്തന്നെ, അതു് ലോകത്തിൻെറ പൊതുസമാധാനത്തിന്നും ഐശ്വര്യത്തിന്നും മഹത്തായ ഒരു സംഭാവനയും സഹായവുമായിരിക്കും.



# സൂചിക

അമേരിക്ക 11, 30, 99, 106, 107, 110
അറബിക്കടൽ 12
അക്കേഡിയന്മാർ 17
അമോറിയൻ 18
അക്കാഡ് 18, 20
അമ്മദൈവം 20, 23
അക്കേഡിയൻഭാഷ 20
അരിക്കമേഡു 22
അറേബിയാ 28, 47, 59, 60, 63, 64, 112
അബ്രാഹം 28
അസ്സീറിയാ 29, 30, 31, 32, 33, 34
അസൂർബാനിപ്പാൾ 31
അർമ്മേനിയ 33, 53, 77
അനറ്റോലിയ 33, 46, 77, 78
അഗ്നിദേവൻ 35
അശോകൻ 39, 48
അലക്സാണ്ടർ 44, 45, 47, 53, 77, 79
അലക്സാൻഡ്രിയ 45, 61
അഗസ്റ്റസ് സീസർ 46
അശ്വഘോഷൻ 49
അപ്പർമംഗോളിയ 50, 70
അഫ്ഘാനിസ്ഥാൻ 51, 64, 66, 70, 75, 80
അമരാവതി 54
അസംഗ 55
അജന്ത 55
അറബിവർഗ്ഗങ്ങൾ 60, 61
അബൂബക്കർ 61
അബ്ബാസൈഡ് രാജവംശം 63, 64, 73
അലിപ്പോ 63, 76
അരിസ്റ്റോട്ടൽ 64
അലാവുദ്ദീൻ ഖിൽജി 66
അക്ബർ 66, 80
അസോവ് 70
അൽഫ് അർസലാൻ 77
അഡ്രിയാനോപ്പിൾ 78
അങ്കാറ 78
അബുൾഫാസൽ 80
ഔറംഗസീബ് 81
അബ്ബാസ് ഷാ 81
അററീസാ 83
അഷിക്കാഗ 89, 90
അയ്യേസു 90, 91
അന്നാം 91, 94, 95, 96
അനുരാധൻ 92
അയോദ്ധ്യ 96
അററ്ലാൻറിക് സമുദ്രം 98
അൽഫോൺസൊ ഡി അൽബുക്കർക്ക് 100
അഡ്മിറൽ ടോംഗോ 107
ആഫ്രിക്കാ 29, 63, 99
ആര്യന്മാർ 35, 36, 37

ആസ്ക്കാർ 36, 54
ആർബീല 44
ആർസേസിഡസ് 45, 52
ആഥെൻസ് 53
ആൻറിയോക്ക് 65
ആഗ്രാ 67, 81
ആലി 81
ആററേയോ ടോംഗൗ 85
ആവാ 92
ആങ്കോർ 93
ഇന്ത്യാസമുദ്രം 12, 14, 100, 114
ഇന്ത്യ 14, 21, 22, 23, 32, 35, 36, 37, 38, 39, 40, 45, 47, 48, 54, 55, 58, 66, 67, 70, 74, 76, 80, 81, 82, 83, 86, 91, 92, 94, 97, 99, 101, 102, 104, 105, 110, 112
ഇൻഡോചൈന 14, 94, 103, 111
ഇറാൻ 14, 33, 45, 61, 63, 70, 72, 73, 75, 76
ഇൻഡോ–യൂറോപ്യൻ 32, 33, 34, 35
ഇന്ദ്രൻ 35
ഇൻഡോ–സിത്തിയന്മാർ 54
ഇസ്ലാംമതം 60, 61, 64, 75, 79, 80
ഇസ്ലാംവത്സരം 60
ഇറാക്ക് 61, 73, 75, 81
ഇബിൻ–സിനാ 63
ഇൻഡോസാർസനിക 67, 81
ഇസ്ലാംസംസ്കാരം 77
ഇസ്റ്റാൻബൂൾ 78, 79
ഇസ്പഹാൻ 63, 81, 82
ഇസനാഗി 85
ഇസനാമി 85
ഇസബെല്ലാരാജ്ഞി 99
ഇക്കട്സ്ക് 105
ഈജിപ്റ്റ് 28, 31, 44, 45, 61, 63, 65, 73, 76, 79
ഈശ്വരപുരക്ഷേത്രം 93
ഈസ്റ്റിന്ത്യാകമ്പനി 103, 104
ഇംഗ്ലണ്ട് 11, 81, 102, 103, 104, 105, 110, 114
ഉത്തരധ്രുവം 13
ഉർക്ക് 17
ഉസ്ബക്കിസ്ഥാൻ 70
ഊർ 16, 28
എവറസ്റ്റ് 12
എൻലിൽ 20
എൻറീമീനാ 20
എല്ലോറ 55
എഡേസാ 65
എയിനി അക്കബാരി 80
എയിനു 85

ഏഷ്യാമൈനർ 33, 44, 45, 46, 47, 53, 54, 64, 65, 73, 76, 77, 112
ഏഡൻ 100
'ഐഡിയോഗ്രാഫ'' 25
ഐസ്സസ് 44
ഒക്കോട്ടഷ് ഉറംക്കടൽ 12
ഒറോൻ 36
ഒറിയാക്കാർ 36
ഒമാർ 61
ഒത്മാൻ 61
ഒമയാദ് 62, 63
ഒമാർഖയ്യാം 64
ഒഗ്ഡായിഖാൻ 72, 73
ഒലൗഗ്‌ബേയ്ഗ് 76
ഒത്തോമൻ 77
ഒന്നാം സൂര്യ്യവമ്മൻ 93
ഓട്ടോമൻസാമ്രാജ്യം 76, 77, 79
ഓർഖാൻ 78
ഓർമസ് 100
ഔഡ് 38
ഔറേലിയൻ 47
കപിലവസ്തു 38
കൺഫ്യൂഷിയസ് 42, 43
കപ്പഡോഷ്യ 47, 77
കനിഷ്കൻ 49
കത്തിയവാർ 54
കനൂജ് 55
കൺഫ്യൂഷ്യൻമതം 83
കമ്പോഡിയാ 91, 92, 93, 94, 95, 96, 103
കമെർവഗ്ഗം 92, 93, 94
കണ്ണാട്ടിക്ക് 102
കൽക്കത്ത 103
കമാൻഡർ പെറി 106
കാരക്കോരം 12, 72
കാൻസൗ 25, 50, 67
കാൽഡിയാ 28
കാത്തേജ് 29
കാംബിസസ് 34
കാളി 37
കാർഹെസ് 46
കാബൂരം 48
കാഷ്ഗർ 50, 51, 57
കാളിദാസൻ 55
കാഞ്ചീപുരം 56
കാലിഫുമാർ 60, 61, 62
കാർപ്പിൻ 74
കാത്തലിക്ക്ചൈനീസ് മിഷ്യൻസ് 83
കാംഗ്ഹി 84
കാമകുര 88, 89
കാനോ 90
കിഷ്നഗരം 20
കിററായി 67
കിഷു 85
കിയോട്ടൊ 87, 106

കിയോനാഗ 91
കീവ് 72, 106
കുഷാൻ 48, 49
കുർസോ ഒന്നാമൻ 53
കുമാരഗുപ്തൻ 54
കുരിശുയുദ്ധം 65, 66
കുരിശുയോദ്ധാക്കാം 73, 78
കുബ്ലൈഖാൻ 73, 74, 82, 88
കുമിന്താങ് 109
കെയിപ്പ്ലോ 67
കെറീററ്വഗ്ഗ് 69
കെമാൽ അത്താത്തുക്ക് 111
കൈൻലോങ് 84, 104
കൊറിയാ 50, 57, 90, 107, 108, 111
കൊസ്റോ 54
കൊറാസ്സാൻ 76, 81
കൊച്ചിൻ–ചൈന 95, 103
കൊച്ചി 100
കൊല്ലം 100
കോട്ടാൻ 50, 57
കോനിയാ 77
കോൺസ്റ്റാൻറിനോപ്പിാം 78
കോബോഡിഷി 87
കോയുലൻഗിരി 93
കോഴിക്കോട്ട് 99
കൗക്കാസ് 12
കൗക്കാസ്സസ് 70
കാഡിസ്യാ 61
കാരേശം 70
ക്രയിഹൗ 105
ക്രാസ്സസ് 46
ക്രിസ്സസ് 33
ക്രിസ്തുമതം 53
ക്രിസ്ത്യാനികാം 71, 73, 74
ക്രിസ്റ്റോഫർ കൊളംബസ് 99
ഖാൻവംശം 75
ഖുറാൻ 60, 75
'ഗന്ധർവ്വനഗരങ്ങാം' 22
ഗസ്നി 64, 70
ഗാന്ധാരപ്രദേശം 48
ഗിൽഗമേഷ് 18
ഗുപ്തസാമ്രാജ്യം 54, 55
ഗുജറാത്ത് 54, 64
ഗുർജാരർ 36
ഗൃയൻ 95
ഗോബിമരുഭൂമി 50
ഗോദയിഗോ 89
ഗോൺദയിനാഗൻ 90
ഗംഗാസമതലം 36, 54, 66
ഗ്രീസ് 34, 45, 79, 112
ഗ്രീക്ക് 35
ഗ്രീക്കസംസ്കാരം 47, 48, 53
ഗ്രീക്കലിപികാം 49
ഗ്രീക്കകല 48
ഗ്രേയ്ക്കോബുഡിസ്റ്റ് 48, 58
ചന്ദ്രഗുപ്തമൗര്യൻ 48
ചന്ദ്രഗുപ്തൻ 54

ചമ്പാ 91, 94, 95
ചന്ദ്രനഗരം 102
ചാങ്ങ് 40
ചാലൂക്യന്മാർ 55
ചാൻസി 67
ചിൻരാജവംശം 41, 49
ചിദംബരം 56
ചിയാങ്ങ്കെയ്ഷെക്ക് 109
ചെൻസിസംസ്ഥാനം 49
ചെങ്കിസ്ഖാൻ 69, 70, 71, 72, 73, 75, 82
ചൈന 13, 23, 24, 25, 26, 40, 41, 42, 43, 49, 50, 51, 52, 55, 56, 57, 67, 68, 70, 71, 74, 75, 82, 84, 89, 91, 95, 104, 105, 106, 107, 108, 111, 112, 113
ചൈനയുടെ വന്മതിൽ 42
ചോളപാണ്ഡ്യരാജാക്കന്മാർ 56
ചോഷു 106
ചൗഹരി 68
ജപ്പാൻ 14, 85, 86, 87, 88, 89, 90, 91, 106, 107, 108, 109, 110
ജരുസലെം 29, 46, 65
ജസ്റ്റീനിയൻ 53
ജലാലുദിൻറൂമി 77
ജഹാംഗിർ 81
ജയവർമ്മരാജാവു് 93
ജർമ്മനി 105
ജനറൽ ഒയാമോ 107
ജനറൽ നോഗി 107
ജാവ 40, 97, 102
ജാഫ 65
ജാവാമനുഷ്യൻ 40
ജിഹാദ് 60
ജിനോവ 65, 99
ജിമ്മു 85
ജൂലിയസ്സീസർ 46
ജെബി 70
ജൈനമതം 38
ജോർജിയാ 70
ജോൺ ഓഫ് മോണ്ടി കോർവിനൊ 74
ടർക്കിസ്ഥാൻ 14, 50, 56, 64, 71, 74, 75, 77
ടയർ 20, 29, 65
ടർക്കോ- മംഗോൾ 69
ടാമ്പ്ലാഷ് 56, 57
ടാജ്മഹാൾ 80
ടാൻയൂ 90
ടിപ്പു 104
ടെസിഫോൺ 45, 46, 52
ടോൺകചിൻ 50, 91, 95, 96, 103

ടോക്കിയോ 91, 107
ടോക്കഗാവ 106
ടോബ്യൂംസ്ക് 105
ടോം 105
ടോളമി 113
ടൈഗ്രിസ് 16
ടൈററസ് 46
ട്രാജൻ 46
ട്രാൻസോക്സിയാന 70, 75, 76
ട്രഹേയിൻ 94
ട്രിപ്പോളി 65
ട്രിൻഹ് 95
ഡക്കാൻ 36, 55, 66, 80
ഡമാസ്കസ് 62, 76
ഡയോജിനസ് 77
ഡച്ചുകാർ 102, 104, 114
ഡച്ച് ഈസ്റ്റ് ഇൻഡീസ് 110
ഡാൽനിദേരിയൻ 108
ഡേവിഡ് 29
ഡേരിയസ് 34, 44
ഡ്യൂപ്ലെ 102
തമിഴ്നാട്ട് 23
തമിഴർ 36
തഞ്ചാവൂർ 56
തയിഡ്സൂങ് 57
തയോസിസം 58
തസിഡ്സൂങ് 67
ത്ജ്മിഡിൻ 69
തമർലെയിൻ 75
തയ്പിങ് 104
താനേശ്വരം 55
താങ്ങ്‌രാജവംശം 57, 58, 67
താങ്ങ്കൗസോങ്ങ് 57
താഷ്ക്കണ്ട് 57
താത്താരികം 69, 84
തായ്ലണ്ട് 94, 96
തിബത്ത് 12, 40, 83, 84, 92
തിഗലത്ത്ഫലാസർ 30
തിമൂർ 75, 76, 78, 80
തുന്ദ്രാപ്രദേശം 13
തുർക്കിഗോത്രക്കാർ 56, 70, 75, 77
തുർക്കി 57, 64, 81
തെയ്പോ 58
തോമസ് അക്വിനാസ് 64
തൗഫൗ 58
ദൽഹി 39, 55, 66, 67, 76, 80, 81, 82
ദയിമിയോ 88
ദാരാവതി 93
ദിൻ ഇല്ലാഹി 80
ദ്വൂവാത്തെ പച്ചീക്കൊ 100
ദെൻഗ്യോദിഷി 87
ദൗർ ചൗക്കി 31
ദ്രാവിഡവംശക്കാർ 22, 36, 37
നബോപ്പൊലാസർ 33

നർമ്മദ 55
നവാബ് 102
നാങ്കിങ്ങ് 52, 57, 82, 109
നാദിർഷാ 82
നാരാ 86
നാങ്കൗ 105
നിനെവെ 31
നിഹാവെൻഡ് 61
നിക്കോമിഡിയാ 78
നിക്കോപ്പൊളിസ് 78
നിഷിറെൻ 88, 89
നെപ്പോളിയൻ 104
നെർഷിൻസ്ക് 105
പള്ളിയർ 23
പലസ്തീനാ 29, 61
പഞ്ചാബ് 35, 48, 66, 104
പഞ്ചനദീതടങ്ങൾ 35
പത്മസാംഭ്വ 83
പാമീർ 12, 51
പാഴ്സികൾ 35
പാർത്തിയാക്കാർ 45, 46, 52
പാൽമയിറാ 47
പാശ്ചാത്യശക്തികൾ 65
പാനിപ്പത്ത് 80
പാലിഭാഷ 96
പാലംബാംഗ് 97
പാരബാർണൻക്ഷേത്രം 97
പാക്കിസ്ഥാൻ 110
പിത്തിക്കാന്ത്രോപ്പസ് 40
പിസാ 65
പിറമിഡ് 76
പിഗ്‌ന്യൂഡി ബിഹേയിനി 96
പുലയർ 23
പെയ്റ്റ്‌ചിലി ഉൾക്കടൽ 12
പെഴ്സിപ്പൊലിസ് 34
പെക്കിങ്ങ് 40, 73, 74, 82, 84, 109
പെക്കിങ്ങ്മനുഷ്യൻ 40
പെർഗാമൺ 46
പെഷവാർ 48
പെഗു 92
പേഴ്സ്യൻഉൾക്കടൽ 12, 17
പേഴ്സ്യ 33, 34, 35, 44, 45, 46, 50, 52, 53, 54, 57, 61, 63, 69, 70, 74, 77, 79, 80, 81, 82
പേഴ്സ്യൻമതം 35
പേഴ്സ്യൻ 35, 50, 77
പേഴ്സ്യൻസംസ്കാരം 63, 64, 75, 76, 77
പേഴ്സ്യൻസാഹിത്യം 75
പേൾഹാർബർ 109
പൈത്തഗോറസ് 112
പോണ്ടിച്ചേരി 22, 102
പോംപെ 46

പോളണ്ടു് 69, 72
പോൎത്തുഗീസ് 99, 100, 101, 102, 104, 114
പോൎട്ട് ആർതർ 105, 107, 108
പോൎട്ട്സ്മത്ത് 108
പോളിനേഷ്യൻ 94, 96, 97
പ്രോം 92
ഫർഗാന 106
ഫിനീഷ്യ 20, 21, 29
ഫിലിപ്പ് 44
ഫിർദൗസി 64
ഫിലിപ്പൈൻസ് 109
ഫൂജിവാഴ്സ് 87
ഫെർഡിനൻറ് രാജാവു് 99
ഫോർമോസ 107
ഫ്യൂഡൽ 87, 90
ഫൗകിയൻ 52
ഫ്രഞ്ചുമിഷ്യനറി 96
ഫ്രഞ്ചു് ഈസ്റ്റിന്ത്യാക്കമ്പനി 102
ഫ്രാൻസ് 11, 79, 102, 103, 114
ഫ്രാൻസിസ്കൻസന്യാസികൾ 74
ഫ്രാൻസിസ് ഒന്നാമൻ 79
ഫ്രാൻസിസ് അൽമേയിഡ 100
ഫ്രിജിയാ 47, 77
ബങ്കാൾഉൾക്കടൽ 12, 36
ബഹറിംഗ് കടലുകൾ 12
ബൎമ്മ 14, 91, 92, 96, 105, 109, 110,
ബറൗ 72
ബൾഗേറിയ 78
ബങ്കാൾ 83, 102
ബയോൺക്ഷേത്രം 93
ബൎത്തലോമി 99
ബാബിലോണിയാ 18, 20, 29, 31, 33 34, 45
ബാർഹട്ട് 39
ബാക്ടീരിയാ 48
ബാഗ്ദാദ് 63, 79, 81
ബാർസിലോണ 65
ബാൾക്ക് 70
ബാജസറർ 76
ബാൾക്കൻ 79
ബാങ്കോക്ക് 96
ബിഹിലർ 23, 36
ബിത്തിനിയ 47, 78
ബിഹസാദ് 82
ബുദ്ധമതം 38, 39, 40, 48, 51, 54, 55, 56, 58, 83, 85, 87, 88, 89, 92, 94, 96, 97
ബുദ്ധൻ 38, 47, 51, 83
ബുദ്ധമതസംസ്ഥാരം 48, 87
ബുദ്ധസന്യാസികൾ 49, 51, 55, 83, 87, 88
ബുദ്ധമതവിഹാരങ്ങൾ 38, 51, 86
ബുദ്ധഭിക്ഷു 55
ബുദ്ധമതക്കാർ 71, 74
ബെനാറിസ് 38
ബെർഗണ്ടി 78
ബൊക്കാറ 63, 106
ബേബർ 66, 80
ബോയിഡ് വംശം 63
ബോറോബുദ്ദൂർ 97

ബോംബെ 103, 104
ബോക്സർലഹള 105
ബ്രഹ്മപുത്ര 36
ബ്രാഹ്മണർ 37, 94
ബ്രൂസാ 78, 79
മലയാ 14, 94, 96, 105, 109, 110
മദ്ധ്യധരണ്യാഴി 17, 30, 98
മഹാവീരൻ 38
മഗധ 38, 54
മഹായാനം 49
മഹാബലിപുരം 56
മധുര 56
മദീന 60
മഹമ്മദ് ഗസ്നി 64, 80
മഹമ്മദ് ഗോറി 66
മഞ്ചൂറിയാ 68, 107, 108
മഞ്ചു 68, 109
മഹാനായ സുലൈമാൻ 79
മലയാ-ഇൻഡോനേഷ്യൻ 85
മഹേന്ദ്രപർവ്വതം 93
മഹാവിഷ്ണു 93
മഡ്ജപഹിത് 97
മലാക്ക 100
മദ്രാസ് 103
മഞ്ചുക്കോ 109
മഹാത്മാഗാന്ധി 110
മാർഡൂക്ക് 18
മാറട്ടാ 29
മാസിഡോണിയ 29, 44, 78
മാർക്ക് ആൻറണി 46
മാല്യ 54
മാഗ്രബ് 63
മാപ്പാപ്പാ 65, 74
മാലിക്ക്ഷാ 65
മാഴ്സെയിൽസ് 65
മാർക്കോപോളോ 74
മാൻസിക്കെർട്ട് 77
മാൻചൗ 84
മാംലൂക് വംശം 73
മിനാസർ 23
മിത്രിഡേയിററസ് യൂഫേററർ 46
മിനാൻഡർ 48
'മിളിന്ദയുടെ ചോദ്യങ്ങൾ' 48
മിങ്ങ് രാജവംശം 75, 82, 83, 84
മിയാക്കോ 86
മിനാമോട്ടോ 88
മിസൗൺ 94
മീഡിയാക്കാർ 32, 33
മുൺഡാ 36
മുരുകൻ 37
മുഹമ്മദ് 60, 61, 81
മുസ്ലിംസംസ്കാരം 61
മുസ്ലിംസാമ്രാജ്യം 64,65,66,73
മുഗൾരാജവംശം 66, 80, 81, 82, 104
മുസ്ലിംഭരണം 66, 67
മുസ്ലിങ്ങൾ 71, 78
മുസ്ലിംസാഹിത്യം 75, 113
മുറാദ് 78
മുഹമ്മദ് ദ്വിതീയർ 78, 79
മുസ്സിഹിതോ 106
മുരസഖി ഷികിബു 87
മുക്ഡൻ 107, 109
മെസൊപ്പൊട്ടേമിയ 16, 17, 18, 20, 21, 23, 30, 31

മെർമ്നേയ്ഡ് 33
മെൻഷ്യൂസ് 43
മെർവ് 70
മെയ്ടെന്നോ 106
മേതൃറിക്കി 83
മൈസൂർ 39
മൊസൂൾ 30
മൊഹി 72
മൊഹാക്സ് 79
മൊസംബാക്ക് 99
മൊംബാസ 100
മോഹൻജോദാരോ 21, 22
മോംഗ്കാ 73
മോട്ടോനോബു 90
മോൺവസ്ക്കം 92, 93, 96
മംഗോളിയാ 14, 40, 56, 57
67, 70 72, 73, 83
മംഗോളിയർ 42, 68, 69, 71,
73, 74, 82, 85
മംഗോൾരാജവംശം 56, 74,
75
യമാറേറാ 86
യശോധർവർമ്മ 93
യശോധരപുരം 93
യാങ്ടിസികിയാങ്ങ് 23
യാദവർ 36
യാക്കണ്ട് 50, 57
യാങ്ടി 57
യുവാൻ 73
യുവാൻചാങ്ങ് 82
യൂറോപ്പ് 12, 32, 45, 50,
65, 66, 73, 74, 78, 79, 89,
91, 92, 99, 101, 107,
108, 112, 113, 114, 115
യൂഫ്രറ്റീസ് 16
യൂദന്മാർ 29, 30, 31
യൂറോപ്യൻരാജ്യങ്ങൾ 64, 69
104, 105, 106
യെനാൻ 96
യേദോ 91
യേശുക്രിസ്തു 30, 65
യോംഗ്ലോ 82
യോട്ടോമോ 88
രാമാനുജൻ 35
രാഷ്ട്രകൂടവംശക്കാർ 55
രാമേശ്വരം 56
രാമഖാനെംഗ് 96
രുദ്രൻ 35
ലഗാഷ്നഗരം 20
ലവോട്സി 43, 58
ലാററിൻ 35, 77
ലാമാമാർ 83
ലാസാ 83
ലിഡിയാ 33, 47, 112
ലിയുപാങ്ങ് 49
ലിയാങ്ങ്വൗഡി 52
ലിയോയി 95
ലിയോയാങ്ങ് 107
ലൂഗൽസാഗസി 17
ലെയിബ്നിററ്സ് 113
ലൈക്കോണിയ 77
ലോറൻസോ അൽമെയിഡ
100
വരുണൻ 35
വലേറിയൻ 46
വസുബന്ധു 55
വാങ്നാഗൻ–ചി 68
വാസ്കോഡിഗാമ 99, 100

വിജയ 95
വൃ-ഡി 50
വെനീസ്൦ 65
വെനീഷ്യൻസഞ്ചാരി 74
വെസ്റ്റ്൦ ഇൻഡീസ്൦ 99
വെല്ലസ്ലി 104
വെയി-ഹയ്൦-വെയി 105
വൈശ്യർ 37
വൈഷ്ണവമതം 55
വോറംഗാനദി 72
വ്൦ളാഡിമിർ 72
വ്൦ലാഡിവാസ്൦കോ 105
ശങ്കരാചാര്യർ 55, 58
ശാന്തസമുദ്രം 12
ശാകന്മാർ 48, 54
ശിവൻ 37,92
'ശിലാഗോപുരം' 51
ശിവക്ഷേത്രം 93, 94
ശിപായിലഹള 104
ശൂദ്രർ 37
ശൈലേന്ദ്രരാജവംശം 97
ശൈവമതം 55, 94, 96
ശ്രാവണർ 38
ശ്രീവിജയ 94, 97
ഷാജിഹാൻ 66, 81
ഷാറോക്ക്൦ 76
ഷാങ്൦ഹായ്൦ 105
ഷി-ഹ്വാങ്൦ടി 41, 49
ഷിറാസ്൦ 63
ഷിയാ 81
ഷിൻേറായിസം 85
ഷിൻറാൻ 87
ഷോട്ടോകു തയ്൦ഷി 86
ഷോമു ടെന്നോ 86
ഷോഗൻ 88, 89, 90, 106
സലാമിസ്൦ 34
സമേരിയാ 31, 63
സയാം 40, 91, 93, 94, 96
സസ്സാനൈഡ്൦ 52, 53
സമുദ്രഗുപ്തൻ 54
സമനൈഡ്൦ 63
സമർക്കണ്ട്൦ 63, 70, 75, 76, 80, 106
സലാഡിൻ 65
സബോട്ടായി 70
സലിം ഒന്നാമൻ 79
സയാംഭാഷ 95
സൺയാത്൦സെൻ 109
സാർഗൺ 17
'സാൻബറയിലെ ന്യൂറ കോട്ടകം 22
സാർഗൺ രണ്ടാമൻ 31
സാർഡിസ്൦ 33
സാന്തൽ 36
സാഞ്ചി 39
സാഷൊനാഗൺ 87
സാമൂറായി 87
സിൻലിംഗ്൦ 12
സിഡൺ 20
സിറിയ 30, 31, 44, 45, 46, 54, 61, 63, 73, 76, 79
സിമ്മേരിയക്കാർ 32
സിത്തിയാ 32, 48
സിന്ധുനദീതടങ്ങൾ 35, 36, 70
സിലോൺ 39, 92, 96, 102, 104
സിഗ്൦നാഫൌ 49, 57

സിൽക്ക്റോഡ് 51, 57, 113
സിയൗസി 57
സിമിസ്ഥസ് 63
സിങ്കപ്പൂർ 105, 109, 110
സിനോ 112
സുമേരിയാ 16, 18, 20
സുമേരി-അക്കേഡിയൻസം
സ്കാരം 17, 20, 30, 31, 32, 34
സുമേരിയൻഭാഷ 20
സുമാട്ര 97
സൂസാനഗരം 31, 34
സൂര്യൻ 35, 85
സൂയിക്കോ 86
സൂര്യവമ്മരാജാവു് 93
സെമിററിക്കവർഗ്ഗക്കാർ 17, 18, 28, 30, 32
സെന്നാക്കറീബ് 31
സെർക്സസ് 34, 44
സെൻഡ് അവെസ്ത 35, 53
സെക്കൻഡ്രാബാദ് 45
സെലൂക്കസ് 45
സെലൂസൈഡ്രാജവംശം 45, 47, 53
സെനോബിയാരാജ്ഞി 47
സെച്ചവാൻ 52
സ്പെയിൻ 63, 99
സെൽജ്ജൂക്കസ് 64
സെയു-മാ-കവ്വാങ് 63
സെൽജ്ജൂക്ക്ഗോത്രം 77
സെർബിയ 78
സെഫിവിഡ് 81, 82
സെസ്ഷു 89
സെസ്സൺ 89
സെയിൻറ് ഫ്രാൻസിസ് സേവ്യർ 90, 100
സെയിഗൺ 96
സൈപ്രസ് 29
സൈയാക്സറെസ് 33
സൈൻ ആന്ത്രോപ്പെസ് 40
സൈബീരിയ 105
സൈറസ് 33
സൊറാസ്റ്റർ 35, 53
സൊയാമി 89
സൊക്രോട്ടായി 96
സോളമൻ 29
സോറാസ്ട്രിയൻമതം 35
സോമനാഥക്ഷേത്രം 64
സോങ്ങ്രാജവംശം 67, 68, 73
സോഷ്യലിസ്റ്റ്വ്യവസ്ഥിതി 68
സോണററ് 91
'സ്വർഗ്ഗത്തിൻെറ പുത്രൻ' 73
സ്റ്റാസുമ 106
സ്റ്റെപ്പീസ്പ്രദേശം 13, 27, 32, 71, 72
സ്റ്റോയിസം 112
സ്ട്രാബോ 113
സ്പിനോസ 114
ഹമ്മുറബി 18, 20
ഹസാർഹഡൻ 31
ഹർഷവർദ്ധനൻ 55
ഹവ്വെയ്സോംഗ് 68
'ഹമ്മുറബിയുടെ നിയമസംഹിത' 18
ഹാരപ്പ 21, 22
ഹാങ്ഹോ 23
ഹാലിസ്നദി 33

ഹാൻരാജവംശം 49, 50, 57
ഹാഫിസ് 64
ഹാങ്ചൗ 73
ഹാനോയ് 95, 103
ഹിന്ദുകുഷ് 12, 35
ഹിമാലയം 12
ഹിറാം ഒന്നാമൻ 29
ഹിന്ദുമതം 38, 54, 55, 97
ഹിയ 40
ഹിയാംസോങ് 57
ഹിജറ 60
ഹിയാൻക്യൊ 86
ഹിരോഷിഗി 91
ഹിബ്രുവർഗ്ഗക്കാർ 28, 29 30
ഹിനയാനം 49, 92
ഹ്യുയൻസാങ് 55, 58
ഹൂ 95
ഹുലിഗു 73
ഹൂണന്മാർ 42, 50, 51, 55, 68
ഹെരിക്ലിറ്റസ് 54
ഹെറാററ് 70, 76
ഹെല്ലനിക്സംസ്കാരം 77
ഹെൻടിരാജകുമാരൻ 99
ഹെഗൽ 114
ഹൈദെയോഷി 90
ഹൈന്ദവസംസ്കാരം 97
ഹൈദ്രാബാദ് 102
ഹൈദർആലി 104
ഹൊര്യൂജി 86
ഹോപ്പെയി 67
ഹോംഗ്വൗ 82
ഹോൺഷു 85
ഹോജോടോക്കിമൂൺ 88
ഹോനെൻ 88
ഹോക്കസെയ് 91
ഹോങ്കോങ് 104
ഹംഗറി 69, 72, 78, 79
റഷ്യ 11, 13, 32, 69, 70, 72, 105, 106, 107, 108, 109
റിച്ചാഡ് ഒന്നാമൻ 65
റിയസാൻ 72
റൂബ്രക്ക് 74
റോമാ 22, 30, 46, 53, 54, 112, 113
റോമൻചക്രവർത്തി 47, 54, 77
റൗമെലി 78
ക്ഷത്രിയർ 37

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 900 Acc. No. 11692

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 29 JUL 2012 | | |
| 10 NOV 2013 | | |
| 29 SEP 2022 | | |
| 4 JUL 202 | | |
| 3 AUG | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

900
RET- A

11692

രത്നസ്വാമി. എം.

ഋഷിയുടെ ചരിത്രം.

KOTTAYAM PUBLIC LIBRARY
Call No. 900 RET-A Acc. No. 11692
Author രത്നസ്വാമി. ഹെ
Title ഭൂമിയുടെ ചരിത്രം

Indic Digital Archive Foundation
gpura.org